## പുറക്കാട് ഗ്രാമ പഞ്ചായത്ത്

അധികാരം ജനങ്ങളിലേക്ക്

# വികസനരേഖ

# ഗ്രാമപഞ്ചായത്ത് സാരഥികൾ



ശ്രീമതി പ്രഭാശുഭദേവൻ
പ്രസിഡന്റ്



ശ്രീ. കെ. സുകുമാരൻ
വൈസ് പ്രസിഡന്റ്



ശ്രീ. ജി. ഗംഗാദത്തൻ
സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ

ശ്രീമതി ആർ. ഹേമലത (പഞ്ചായത്ത് അംഗം)
ശ്രീ. എം. എച്ച്. വിജയൻ "
ശ്രീ. എ. കെ. ബേബി "
ശ്രീ. എസ്. സുബാഹു "
ശ്രീ. റ്റി. എ. ഹാമിദ് "
ശ്രീമതി വത്സമ്മ തോമസ് "
ശ്രീ. കെ. ശ്യാമളൻ "
ശ്രീമതി ആനന്ദവല്ലിയമ്മ "

*"ഇന്ത്യയുടെ ഹൃദയം കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണ്"*

*- ഗാന്ധിജി*


**എഡിറ്റോറിയൽബോർഡ്**

**എസ്. മധുകുമാർ**
**ബി. ഹരിദാസ്**
**എസ്. അനിൽകുമാർ**
**എസ്. രാധാകൃഷ്ണൻ**
**റ്റി. വേണുഗോപാൽ.**
**എസ്. സജയകുമാർ**
**രവികുമാർ**

**എഡിറ്റിംഗ്, ലേ ഔട്ട്**

റ്റി. വേണുഗോപാൽ
എസ്. അനിൽകുമാർ
എസ്. രാധാകൃഷ്ണൻ
ബി. ഹരിദാസ്

**ഭൂപടങ്ങൾ**

പ്രസാദ് തോട്ടപ്പള്ളി

**ചിത്രങ്ങൾ**

കെ. സ്വാമിനാഥൻ

**വികസനരേഖയ്ക്കുപിന്നിൽ പ്രവർത്തിച്ചവർ**

1. റ്റി. കെ. രഘു
2. പ്രശോഭ
3. ശോഭന
4. ബിന്ദു
5. ഗോപാലൻ
6. തോമസ്
7. ബാബു
8. സുലഭ
9. സനിത
10. മണി
11. രാജേന്ദ്ര
12. നടരാജൻ
13. രാജപ്പൻ
14. കൃഷ്ണൻകുട്ടി
15. ശ്രീകുമാർ
16. അനിൽകുമാർ
17. മോഹൻ സി.
18. സോമൻ
19. കുട്ടൻ
20. മുരുകൻ
21. ബിജു
22. ശ്യാംജിത്ത്
23. എ. എം. സാലി
24. ഉദയൻ
25. ചിത്രഭാനു
26. ശ്രീകുമാർ
27. ശ്യാംകുമാർ
28. പ്രദീപ്.


ADMINISTRATIVE MAP
N
S
XI
X
IX
VIII
VI
VII
V
I
III
IV
I
II
I
Jn.
Jn
Jn.

# ASSET MAP




**LEGEND**

- N.H. 47
- TAR ROAD
- ■ ■ ■ GRAVEL ROAD

1 GOVT. L.P.S. KAROOR
2 NEW L.P.S. KAROOR
3 PANCHAYAT OFFICE
4 S.N.M.H.S. PURAKKAD
5 A S M LPS PURAKKAD
6 KARILAND DEVELOPMENT AUTHORITY OFFICE
7 KRISHIBHAVAN
8 VILLAGE OFFICE
9 S.V.D. U.P.S. PURAKKAD
10 GOVT. L.P.S. THOTTAPPALLY
11 MATHERY HOSPITAL
12 TELEPHONE EXCHANGE
13 GOVT. U.P.S. NALUCHIRA
14 K.S.E.B. OFFICE
15 FISHING HARBOUR
16 FISHERIES OFFICE (MATSYA BHAVAN)
17 HARBOUR ENGG. OFFICE
18 IRRIGATION OFFICE
19 POST OFFICE - THOTTAPPALLY
20 CANAL OFFICE
21 P.H. CENTRE, THOTTAPPALLY
22 P.H. CENTRE, PURAKKAD
23 PANCHAYAT MINI STADIUM
24 P.W.D.(N.H.) A.E'S OFFICE
25 POST OFFICE, PURAKKAD

# SOIL CONDITION MAP



# WATER TABLE MAP




**LEGEND**

W.L.A. - WATER LOGGED AREA
W/D - WATER DEPTH
YACHAL /THODU

## പൊതു വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്ത് | - | പുറക്കാട് |
| വില്ലേജ് | - | പുറക്കാട് |
| ബ്ലോക്ക് | - | അമ്പലപ്പുഴ |
| താലൂക്ക് | - | അമ്പലപ്പുഴ |
| ജില്ല | - | ആലപ്പുഴ |
| നിയമസഭാ മണ്ഡലം | - | അമ്പലപ്പുഴ |
| പാർലമെന്റ് മണ്ഡലം | - | ആലപ്പുഴ |
| വിസ്തീർണ്ണം | - | 23.19 ച.കി.മീ. |
| ജനസംഖ്യ | - | 27912 |
| പാർലമെന്റ് അംഗം | - | ശ്രീ. വി.എം. സുധീരൻ |
| നിയമസഭാംഗം | - | ശ്രീമതി. സുശീലാ ഗോപാലൻ |
| ജില്ലാ പഞ്ചായത്തംഗം | - | ശ്രീ. ജി. മുകുന്ദൻപിള്ള |
| ബ്ലോക്ക് പഞ്ചായത്തംഗങ്ങൾ | - | ശ്രീ. അഹമ്മദ് അമ്പലപ്പുഴ,<br>ശ്രീമതി പ്രഭാ പ്രഭാകരൻ |
| പഞ്ചാ. പ്രസിഡന്റ് | - | ശ്രീമതി പ്രഭാ ശുഭദേവൻ |
| വൈസ് പ്രസിഡന്റ് | - | ശ്രീ. കെ. സുകുമാരൻ |
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | - | ശ്രീ. ജി. ഗംഗാദത്തൻ |

## കമ്മിറ്റി അംഗങ്ങൾ

ശ്രീമതി ആർ. ഹേമലത

ശ്രീ. എം.എച്ച്. വിജയൻ

ശ്രീ. എ.കെ. ബേബി

ശ്രീ. എസ്. സുബാഹു

ശ്രീ. റ്റി.എ. ഹാമീദ്

ശ്രീമതി വത്സമ്മ തോമസ്

ശ്രീമതി ആനന്ദവല്ലിയമ്മ

ശ്രീ. കെ. ശ്യാമളൻ

## LAND USE MAP



# ഉള്ളടക്കം

## ഭാഗം – ഒന്ന്


| | | പേജ് |
|---|---|---|
| 1. | ആമുഖം | 1 |
| 2. | ചരിത്ര പശ്ചാത്തലം | 4 |
| 3. | ഭൂപ്രകൃതിയും, വിഭവങ്ങളും | 9 |
| 4. | പരിസ്ഥിതി | 11 |


## ഭാഗം – രണ്ട്


| | | |
|---|---|---|
| 1. | കൃഷി, ജലസേചനം | 14 |
| 2. | മത്സ്യബന്ധനം | 26 |
| 3. | മൃഗസംരക്ഷണം | 31 |
| 4. | വിദ്യാഭ്യാസം | 33 |
| 5. | പൊതുജനാരോഗ്യം, കുടിവെള്ളം | 40 |
| 6. | വ്യവസായം | 43 |
| 7. | ഗതാഗതം, ഊർജ്ജം, വിപണി | 46 |
| 8. | പാർപ്പിടം, സാമൂഹ്യക്ഷേമം | 51 |
| 9. | സംസ്ക്കാരം | 54 |
| 10. | വനിത | 56 |
| 11. | സഹകരണസംഘങ്ങൾ | 58 |
| 12. | പട്ടികജാതി പട്ടികവർഗ്ഗക്ഷേമം | 60 |
| 13. | ടൂറിസം | 62 |
| 14. | വിഭവസമാഹരണം | 64 |
| 15. | ഉപസംഹാരം | 69 |

# ആമുഖം

പങ്കാളിത്തമുള്ള ജനാധിപത്യത്തിലേയ്ക്ക് നാം മെല്ലെ ചുവടു വയ്ക്കുകയാണ്. സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന വേളയിലെങ്കിലും രാഷ്ട്രപിതാവിന്റെ സ്വപ്ന സാക്ഷാത്ക്കാരത്തിന് തുടക്കം കുറിക്കുവാൻ കഴിഞ്ഞതിൽ നമുക്കഭിമാനിക്കാം. ഒരിക്കൽക്കൂടി ഈ കൊച്ചു കേരളം ഭാരതത്തിന് മുൻപേ ചിന്തിക്കുകയാണ്. വീണ്ടുമൊരു മാറ്റത്തിന് ചാലകശക്തിയാകുവാൻ ചരിത്രം നമ്മോട് ആവശ്യപ്പെടുന്നു. ഇന്ത്യയെ സ്നേഹിച്ചവരെല്ലാം മനസ്സിൽ താലോലിച്ച - ഗ്രാമീണ സ്വയം പര്യാപ്തത - ഗ്രാമസ്വരാജ് യാഥാർത്ഥ്യമാവുന്നു. കഴിഞ്ഞ പഞ്ചവത്സര പദ്ധതികളുടെ നേട്ടങ്ങളും കോട്ടങ്ങളും വിവിധ തലങ്ങളിൽ വിലയിരുത്തപ്പെട്ടതിന്റെ പശ്ചാത്തലത്തിലാണ് ജനകീയ പദ്ധതി എന്ന ആശയം രൂപപ്പെട്ടത്. പൗരനെ നികുതിദായകനും ഗുണഭോക്താവുമായി മാത്രം നിലനിർത്തിക്കൊണ്ട് വികസന മേഖലകളിൽ നമുക്ക് ബഹുദൂരം മുന്നോട്ടു പോകുവാൻ കഴിയില്ല. ആസൂത്രണ നിർവ്വഹണ പ്രക്രിയകളിൽ ജനങ്ങളുടെ നേരിട്ടുള്ള ഇടപെടൽ അനിവാര്യമാക്കും വിധം സാമൂഹിക ബോധം വളർന്നുകഴിഞ്ഞു.

നമ്മുടെ നാട് എട്ട് പഞ്ചവത്സര പദ്ധതികൾ പിന്നിടുകയാണ്. പഞ്ചവത്സര പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ രാജ്യത്തിന്റെ സമഗ്രവികസനമായിരുന്നു രാഷ്ട്രനേതാക്കൾ മനസ്സിൽ കണ്ടിരുന്നത്. സ്വാശ്രയ ഭാരതം കെട്ടിപ്പടുക്കുന്നതിന് അടിത്തറ പാകുവാൻ പഞ്ചവത്സര പദ്ധതികളിലൂടെ രാഷ്ട്രശിൽപിയായ ജവഹർലാൽ നെഹ്റുവിന് സാധിച്ചു. നാലാം പദ്ധതി മുതൽ ജനപങ്കാളിത്തം ആഗ്രഹിച്ചെങ്കിലും ഫലത്തിൽ അതുണ്ടായില്ല. പകരം ഉദ്യോഗസ്ഥന്മാരിലൂടെ പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുന്ന ശൈലിയാണ് കാണുവാൻ കഴിഞ്ഞത്. ഇത് ഡിപ്പാർട്ടുമെന്റലിസത്തിന് വഴിതെളിച്ചു. എട്ട് പഞ്ചവത്സര പദ്ധതികൾ പൂർത്തിയായ ഈ സമയത്ത് ഒരു തിരിഞ്ഞുനോട്ടം നടത്തിയാൽ കുറെയധികം മേഖലകളിലുള്ള വികസനവും നേട്ടങ്ങളും കാണുവാൻ കഴിയും. സൂക്ഷ്മനിരീക്ഷണം നടത്തിയാൽ ചില പോരായ്മകളും ഉണ്ടെന്നു കാണാം. ഇതിൽ പ്രധാനപ്പെട്ട ഒരു പോരായ്മയാണ് വികസനത്തോടൊപ്പം സമ്പത്തിന്റെ നീതിപൂർവ്വകമായ വിതരണം നടത്തുവാൻ കഴിയാതിരുന്നത്. വികസന പദ്ധതികൾ ജനോപകാര പ്രദമാകണമെങ്കിൽ അധികാരം, ആസൂത്രണം, നിർവ്വഹണം എന്നിവ വികേന്ദ്രീകൃതവും സുതാര്യവുമാകണം.

ഈ സവിശേഷതകൾ മനസ്സിലാക്കിക്കൊണ്ടാണ് കേരളം 9ാം പദ്ധതിയിലേയ്ക്ക് പ്രവേശിക്കുന്നത്. ഇതര സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തതകളുള്ള പ്രദേശമാണ് കേരളം. കുറഞ്ഞ വരുമാനത്തിലും ഉയർന്ന ജീവിതഗുണമേന്മയാണ് നാം പുലർത്തുന്നത്. സാമൂഹിക രാഷ്ട്രീയ മുന്നേറ്റങ്ങളിലൂടെയാണ് കേരളത്തിന് ഈ നേട്ടം കൊയ്യുവാനായത്. ഇതിനെ കേരള മോഡൽ എന്ന പേരിൽ ലോകമെമ്പാടും അറിയപ്പെടുകയും ചെയ്തു. പക്ഷെ കേരള മോഡൽ ഇന്ന് ചോദ്യം ചെയ്യപ്പെടുകയാണ്. ആരോഗ്യ വിദ്യാഭ്യാസാദി സേവന മേഖലകളിലെ ഗുണനിലവാര തകർച്ച പ്രകടമാകുന്നു. കൂടാതെ കാർഷിക വ്യാവസായിക മേഖലകളിലും നാം പിന്നോട്ടു പോവുകയാണ്. ജീവിതഗുണനിലവാരം വളരുന്നെങ്കിലും അതിനനുസൃതമായ സാമ്പത്തിക വളർച്ച ഉണ്ടാവുന്നില്ല. ഈ പ്രതിസന്ധി പരിഹരിച്ച് ജീവിതഗുണമേന്മ നിലനിർത്താൻ ആസൂത്രണ നിർവ്വഹണരംഗത്ത് പുത്തൻ പാതകൾ കണ്ടെത്തേണ്ടതുണ്ട്. പുതിയ പഞ്ചായത്ത് രാജ് നിയമം വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വളരെയധികം അധികാരം ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യം പരമാവധി പ്രയോജനപ്പെടുത്തി വികസനരംഗത്ത് ഒരു പുത്തൻ രാഷ്ട്രീയ സംസ്ക്കാരത്തിന് തുടക്കം കുറിക്കണം. 9ാം പദ്ധതി ജനകീയ പദ്ധതിയാക്കുന്നതിന് ചിട്ടയായ പ്രവർത്തനങ്ങളാണ് നമ്മുടെ പഞ്ചായത്തിൽ നടന്നത്. ജനകീയ ആസൂത്രണത്തിന്റെ ഒന്നാം ഘട്ട പരിശീലനത്തിനു ശേഷം ഗ്രാമസഭ ചേരേണ്ട തീയതികൾ മുൻകൂട്ടി നിശ്ചയിച്ചു. ഗ്രാമസഭകൾ ചേരുന്നതിനാവശ്യമായ പ്രചരണ പ്രവർത്തനങ്ങളും സ്വാഗത സംഘരൂപീകരണങ്ങളും കാലേക്കൂട്ടി പൂർത്തി

യാക്കി. സെപ്തംബർ 22ാം തീയതി മുതൽ ഒക്ടോബർ 13 വരെയുള്ള ദിവസങ്ങളിലെ അവധിദിവസങ്ങളിൽ 2 ഗ്രാമസഭ വീതം സമ്മേളിച്ചു. ഗ്രാമസഭകളിലെ പങ്കാളിത്തത്തെ സംബന്ധിച്ച പൊതുവിവരം താഴെ ചേർക്കുന്നു.

| വാർഡ് | പുരുഷന്മാർ | സ്ത്രീകൾ |
|---|---|---|
| 1 | 76 | 28 |
| 2 | 73 | 26 |
| 3 | 77 | 19 |
| 4 | 84 | 13 |
| 5 | 75 | 16 |
| 6 | 83 | 22 |
| 7 | 206 | 68 |
| 8 | 93 | 46 |
| 9 | 286 | 79 |
| 10 | 93 | 42 |
| 11 | 201 | 212 |

ഗ്രാമസഭകളിൽ ഓരോ വിഷയത്തെക്കുറിച്ചും സജീവമായ ചർച്ചകളാണുണ്ടായത്. ഗ്രാമസഭകളോടൊപ്പം തന്നെ ദ്വിതീയ വിവരശേഖരണവും ആരംഭിച്ചെങ്കിലും ലഭിച്ച കണക്കുകൾ പലതും വിശ്വാസയോഗ്യമായിരുന്നില്ല. ഇത് പരിഹരിക്കുവാൻ പഞ്ചായത്ത് തലത്തിൽ ഒരു പ്രാഥമിക വിവരശേഖരണ സർവ്വെ ആസൂത്രണം ചെയ്തു. സർവ്വെ പൂർത്തിയാക്കുവാൻ നിരവധി പേർ സഹായിച്ചു. നവംബർ 19 ാം തീയതി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റിന്റെ നേതൃത്വത്തിൽ ആസൂത്രണ പ്രവർത്തകരുടെയും ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ പഠനപര്യടനം നടത്തുകയും വിദഗ്ദ്ധ സഹായത്തോടെ വിഭവഭൂപടം തയ്യാറാക്കുകയും ചെയ്തു. ഗ്രാമസഭാ റിപ്പോർട്ടുകളുടെയും വിവര ശേഖരണത്തിന്റെയും അടിസ്ഥാനത്തിൽ വിദഗ്ദ്ധരുമായി ചർച്ച ചെയ്താണ് ഈ വികസനരേഖ തയ്യാറാക്കിയിട്ടുള്ളത്.

ഭരണചരിത്രം

വണ്ടാനം – തോട്ടപ്പള്ളി അപ്ലിഫ്റ്റിന്റെ ഭാഗമായിരുന്നു പുറക്കാട്. കുമരന്റെ പറമ്പിൽ വേലായുധൻ, അഴിയ്ക്കകത്ത് ചന്ദ്രശേഖരൻ എന്നിവർ അപ്ലിഫ്റ്റിന്റെ ഭരണത്തിന് നേതൃത്വം നൽകി. 1953 ലാണ് പുറക്കാട് പഞ്ചായത്ത് രൂപം കൊള്ളുന്നത്. 8 1153 ൽ ശ്രീ. ഫ്രാൻസിസ് നെറോണയുടെ നേതൃത്വത്തിലുള്ള ഭരണസമിതി സ്ഥാനമേറ്റു. ആദ്യകാലത്ത് ആറ് വാർഡുകളായിരുന്നു ഉണ്ടായിരുന്നത്.

പ്രഥമ ഭരണ സമിതി (19531963)

ശ്രീ. ഫ്രാൻസിസ് നെറോണ (പ്രസിഡന്റ്)
ശ്രീ. പി.എ. അബ്ദുൾ ഹമീദ്
ശ്രീ. പി. പരമേശ്വരൻ
ശ്രീ. കെ. ഗോപാലൻ
ശ്രീ. വി. ചന്ദ്രശേഖരൻ
ശ്രീ. കെ. കുഞ്ഞൻ
ശ്രീ. സാന്ദ്രാനന്ദൻ

19631978 കാലത്തെ ഭരണസമിതി.

ശ്രീ. പപ്പു അരയൻ (പ്രസിഡന്റ്)
ശ്രീ. വി. ചന്ദ്രശേഖരൻ (വൈസ് പ്രസിഡന്റ്)
ശ്രീ. ജി. രാമൻ
ശ്രീ. പരമേശ്വരൻ
ശ്രീ. വി.വി. പുരുഷോത്തമൻ
ശ്രീമതി കെ.ജെ. പൊന്നമ്മ
ശ്രീ. പി.കെ. ഗോപാലപിള്ള
ശ്രീ. ഇ. ഗംഗാധരൻ
ശ്രീ. പി.സി. ചാക്കോ
ശ്രീ. ഫ്രാൻസിസ് നെറോണ

19791984 കാലത്തെ ഭരണസമിതി

ശ്രീ. ദേവദത്ത്. ജി. പുറക്കാട് (പ്രസിഡന്റ്)
ശ്രീ. കെ. തങ്കപ്പൻ (വൈ. പ്രസിഡന്റ്)
ശ്രീ. ജി. ഗംഗാദത്തൻ
ശ്രീ. കെ. രവീന്ദ്രനാഥ്
ശ്രീമതി. പി. കാർത്തിക
ശ്രീ. പി. ഗോപാലകൃഷ്ണൻ
കെ. കാർത്തികേയൻ
' പി.കെ. രാഘവൻ
' പി.കെ. ഗോപാലൻ
' അമ്പലപ്പുഴ ഗോപകുമാർ

1988 മുതൽ 1995 വരെയുള്ള ഭരണസമിതി

ശ്രീ. വി.വി. പുരുഷോത്തമൻ (പ്രസിഡന്റ്)
ശ്രീ. കെ. പുരുഷൻ (വൈ. പ്രസിഡന്റ്)
ശ്രീമതി മണിയമ്മ രാമചന്ദ്രൻ
ശ്രീമതി പി. സാവിത്രി
ശ്രീ. എ. കെ. ബേബി
ശ്രീ. എം. എച്ച്. വിജയൻ
ശ്രീ. ആർ. രാമചന്ദ്രൻ നായർ
ശ്രീ. ബി. ശ്രീകുമാർ
ശ്രീ. പി. ഗോപാലകൃഷ്ണൻ
ശ്രീ. ദേവദത്ത് ജി. പുറക്കാട്
ശ്രീ. കെ. ചെല്ലപ്പൻ





വികസനരേഖ ചർച്ച - പുറക്കാട ഗ്രാമപഞ്ചായത്ത സമിതി 19-12-1996



സാമൂഹ്യ സാമ്പത്തിക സർവ്വേ - ക്രോഡീകരണം

# ചരിത്രം



പ്രാചീനകാലത്ത് തിരുവല്ല, ചങ്ങനാശ്ശേരി, കോട്ടയം താലൂക്കുകളുടെ പടിഞ്ഞാറതിർത്തിയോളം കയറിക്കിടന്നിരുന്ന കടൽ എ.ഡി. നാലാംശതകത്തോടെ പിൻമാറിയാണ് അമ്പലപ്പുഴ, ചേർത്തല താലൂക്കുകൾ ഉണ്ടായത് എന്ന് ഭൂവിജ്ഞാനികൾ അനുമാനിക്കുന്നു. അമ്പലപ്പുഴ താലൂക്കിന്റെ തെക്കേയറ്റത്താണ് പുറക്കാട്.

ആദ്യകാലത്ത് കേരളത്തിലുണ്ടായിരുന്ന മൂന്ന് പ്രധാന പ്രകൃതിദത്ത തുറമുഖങ്ങളിൽ പ്രഥമ സ്ഥാനമായിരുന്നു 'ബറക്കാ', 'ബറക്കേ' എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്ന പുറക്കാടിന്. യൂറോപ്യൻ രേഖകളിൽ ബറക്കാ, പെർക്കാ എന്നാണ് രേഖപ്പെടുത്തിയിരുന്നത്. ഇതിൽ നിന്നാണ് പുറക്കാട് എന്ന പേര് നിലവിൽവന്നിട്ടുള്ളത്.

ആദ്യകാല ചേരന്മാരുടെ കാലത്തുതന്നെ പുറക്കാട് പ്രാധാന്യം നേടിയിരുന്നു. ആയ് രാജാവായിരുന്ന വിക്രമാദിത്യവരഗുണന്റെ കാലത്ത് വളരെ പ്രശസ്തമായിരുന്ന 'തൃക്കുന്നപ്പുഴയ്ക്കും അമ്പലപ്പുഴയ്ക്കും ഇടയ്ക്കുള്ളതും കടലോരത്തു സ്ഥിതിചെയ്യുന്നതുമായ ശ്രീമൂലവാസം' എന്ന് പരാമർശിച്ചിട്ടുള്ളത് ഈ പ്രദേശമാണെന്ന് കണക്കാക്കപ്പെടുന്നു. പാലിയം ശാസനത്തിലും പരാമർശച്ചിട്ടുള്ളത് ഈ പ്രദേശമാണെന്ന് കണക്കാക്കപ്പെടുന്നു. 'ഗാന്ധാരത്തിൽനിന്നുലഭിച്ച ബുദ്ധപ്രതിമയിൽ കാണുന്ന' 'ദക്ഷിണപാഥേ മൂലവാസേ ലോകനാഥാ' എന്ന ലിഖിതം ശ്രീമൂലവാസത്തിനുണ്ടായിരുന്ന പ്രശസ്തിയിലേയ്ക്കും പ്രാധാന്യത്തിലേയ്ക്കും വെളിച്ചം വീശുന്നു. ഈ ബൗദ്ധതീർത്ഥാടനകേന്ദ്രം എ.ഡി. പത്താം ശതകംവരെ പ്രശസ്തമായിത്തന്നെ നിലനിന്നിരുന്നു. അമ്പലപ്പുഴയിലെ കരുമാടിയിൽ സ്ഥാപിച്ചിരിക്കുന്ന 'കരുമാടിക്കുട്ടൻ' എന്ന ബുദ്ധ പ്രതിമ പുറക്കാട്ടെ തോട്ടപ്പള്ളിക്കു സമീപം നിന്ന് കണ്ടെടുക്കപ്പെട്ടിട്ടുള്ളതാണ്.

റോമാസാമ്രാജ്യവുമായി വ്യാപാര ബന്ധമുണ്ടായിരുന്ന പ്രാചീന തുറമുഖങ്ങളിലൊന്നാണ് ഇത്. പുറക്കാട് തുറമുഖ പട്ടണത്തിന് പേർഷ്യ, അറേബ്യ തുടങ്ങിയ രാജ്യങ്ങളുമായും വ്യാപരബന്ധം ഉണ്ടായിരുന്നു. ഈ പ്രദേശത്തിന്റെ സമ്പൽ സമൃദ്ധിയെക്കുറിച്ചും വ്യാപാരാഭിവൃദ്ധിയെക്കുറിച്ചും പ്ലിനിയും ടോളമിയും, പെരിപ്ലസ് കർത്താവും അവരുടെ കൃതികളിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. സുഗന്ധദ്രവ്യങ്ങളുടെ കയറ്റുമതിയിൽ ലോകത്തിൽ ഒന്നാംതരമെന്ന ഖ്യാതിനേടിയിരുന്നു പുറക്കാട്. വൈഡൂര്യം, പവിഴം, ചെമ്പ്, തകരം, ഈയം, വീഞ്ഞ് തുടങ്ങിയവ ഇവിടെ ഇറക്കുമതി ചെയ്തിരുന്നു. വാസ്കോഡിഗാമയുടെ രണ്ടാമത്തെ പര്യടനവേളയിൽ (1502) പോർച്ചുഗീസുകാർ ആലപ്പുഴയുമായി ബന്ധം സ്ഥാപിച്ചത് പുറക്കാട് വഴിയാണ്. ഈ കാലത്ത് കേരളം സന്ദർശിച്ച ലുഡോവിക്കോ-ദേ-വർതേമ, ദുവാർ-തെ-ബാർബോസ തുടങ്ങിയവരുടെ യാത്രാക്കുറിപ്പുകളിൽ ഈ തുറമുഖപട്ടണത്തെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. പിന്നീട് ഡച്ചുകാരും ഇംഗ്ലീഷുകാരും തങ്ങളുടെ വ്യാപാര കേന്ദ്രങ്ങൾ ഇവിടെ സ്ഥാപിക്കുകയുണ്ടായി.

ചേരസാമ്രാജ്യത്തിനുശേഷം തെക്കുംകുറിന്റെ സാമന്ത രാജാവായിരുന്ന പുറക്കാട്ട് അടിക

ളായിരുന്നു ഭരണകർത്താവ്. തികഞ്ഞ സാത്വിക നായിരുന്ന പുറക്കാട്ട് അടികൾ അക്കാലത്തെ ഏറ്റവും പ്രസിദ്ധമായിരുന്ന പുറക്കാട്ടെ വാസുദേവ പുരം ശ്രീകൃഷ്ണസ്വാമിക്ഷേത്രത്തിലെ പൂജാരിയും ആയിരുന്നു. ഇന്ന് അണ്ണായി മഠം എന്നറിയപ്പെടുന്ന സ്ഥലത്താണ് ഈ നാടുവഴികൾ വസിച്ചിരുന്നത്.

ഈ കാലഘട്ടത്തിൽ കോട്ടയത്ത് കുമാരന ല്ലൂർ ക്ഷേത്രത്തിലെ ഊരാണ്മക്കാരനായിരുന്ന ഒരു ദരിദ്ര ബ്രാഹ്മണബാലൻ അവിടെ നാടുവാഴിയായി ത്തീർന്നു. ഈ സംഭവം പുറക്കാടിന്റേയും പരിസര പ്രദേശങ്ങളുടേയും ചരിത്രത്തിൽ വളരെ വലിയ സ്വാധീനമാണ് ചെലുത്തിയിട്ടുള്ളത്. ദേശാടകരായി എത്തിയ ഒരു സംഘം പടയാളികൾ സമ്പന്ന ബ്രാഹ്മ ണർ വസിക്കുന്ന ഒരു ഇല്ലത്ത് എത്തി ഭക്ഷണം ചോദിച്ചു. എന്നാൽ പുളിക്കൽ ചെമ്പകശ്ശേരി എന്ന ദരിദ്ര ഇല്ലത്തെ ആക്ഷേപിക്കുവാൻ, ഇല്ലക്കാർ പട യാളികളെ ഭക്ഷണത്തിനായി അങ്ങോട്ട് പറഞ്ഞയ ച്ചു. പടയാളികൾക്ക് ഭക്ഷണം നല്കുവാൻ നിവൃ ത്തിയില്ലാതിരുന്ന പുളിക്കൽ ചെമ്പകശ്ശേരി ഇല്ലത്തെ ബ്രാഹ്മണ ബാലൻ തന്റെ വീട്ടിലുണ്ടായിരുന്ന ആഭ രണങ്ങൾ ഭക്ഷണം വാങ്ങുന്നതിലേയ്ക്കായി പടയാ ളികൾക്കു നല്കി. ഇതുവാങ്ങി ഭക്ഷണം കഴിച്ച പട യാളികൾ ഇല്ലത്തിന്റെ നിജസ്ഥിതി ബോദ്ധ്യപ്പെട്ട പ്പോൾ ബ്രാഹ്മണബാലന് എന്തുസഹായവും നല്കു വാൻ സന്നദ്ധത പ്രകടിപ്പിച്ചു. ഈ പടയാളികളേയും കൂട്ടി തെക്കുംകൂർ രാജാവിനോട് കുറെ സ്ഥലം ദാന മായി ആവശ്യപ്പെട്ട ബാലനോട് ഒരു ദിവസം കൊണ്ട് വെട്ടിപ്പിടിയ്ക്കാവുന്ന സ്ഥലം വെട്ടിപ്പിടിച്ചുകൊ ള്ളാൻ രാജാവ് ഉത്തരവായി. അങ്ങിനെ ഉടവാൾ കൊണ്ട് വെട്ടിപ്പിടിച്ച സ്ഥലം ഉടവാളൂരും പിന്നീട് കുടമാളൂരും ആയി അറിയപ്പെട്ടു. കുടമാളൂർ നാടു വാഴിയായി ഭരണം തുടങ്ങിയ ഇദ്ദേഹത്തിന്റെ സീമന്ത പുത്രൻ തന്റെ സൈന്യവുമായി വെമ്പലനാട് (ഇന്നത്തെ വേമ്പനാട്ടുകായലിന്റെ തീര പ്രദേശങ്ങൾ) ആക്രമിച്ചു ജയിച്ച് പുറക്കാട്ടേയ്ക്കു നീങ്ങുകയും പുറക്കാട്ട് അടികളെ കീഴ്പ്പെടുത്തി പുറക്കാടിന്റെ ഭരണം പിടിച്ചെടുക്കുകയും ചെയ്തു. ഇതോടെയാണ് അദ്ദേഹത്തിന്റെ ഇല്ലപ്പേരായ ചെമ്പകശ്ശേരി എന്ന പേരിലും ഈ നാട് അറിയപ്പെടുവാൻ തുടങ്ങിയത് എന്നൊരു അനുമാനമുണ്ട്. എന്നാൽ ചെമ്പകമര ങ്ങൾ വളരെയധികമുണ്ടായിരുന്ന ഈ പ്രദേശം ചെമ്പകനാട് എന്നും അറിയപ്പെട്ടിരുന്നുവെന്നും അതിൽനിന്നുമാണ് ചെമ്പകശ്ശേരി എന്ന പേർ സിദ്ധി ച്ചതെന്നും മറ്റൊരു വാദഗതിയും നിലവിലുണ്ട്. പുരാ തനകാലത്ത് വള്ളം, ഉരുക്കൾ എന്നിവ നിർമ്മിക്കു ന്നതിന് ചെമ്പക മരങ്ങളാണത്രേ ഇവിടെ ഉപയോഗ പ്പെടുത്തിയിരുന്നത്.

പരമ സാത്വികനും പൂജാരിയുമായിരുന്ന പുറ ക്കാട്ട് അടികളെ കീഴ്പ്പെടുത്തി ഭരണം പിടിച്ചെടുത്ത് രാജാവായിത്തീർന്ന പൂരാടം പിറന്ന ദേവനാരായ ണന്റെ കാലത്ത് രാജ്യത്ത് പലവിധ ദുരിതങ്ങളും കഷ്ടതകളുമുണ്ടായി. രാജ്യത്തിന്റെ പടിഞ്ഞാറു ഭാഗം കടൽ കയറിനഷ്ടപ്പെട്ടു. പുറക്കാട്ട് അടികൾ പൂജാരിയായിരുന്ന പ്രസിദ്ധമായ വാസുദേവപുരം ശ്രീകൃഷ്ണ സ്വാമിക്ഷേത്രം കടലിലായി. ഈ ക്ഷേത്രത്തിലെ ശ്രീകൃഷ്ണവിഗ്രഹം സമീപത്തുണ്ടാ യിരുന്ന ഒരു കാവിൽ സ്ഥാപിക്കുകയും അത് മലയ രയന്മാർ ഏരുമേലിയിലേക്ക് കൊണ്ടുപോകുകയും ചെയ്തു.

ശ്രീകൃഷ്ണ ഭക്തനായിരുന്ന പുറക്കാട്ട് അടി കളെ പരാജയപ്പെടുത്തിയതിലുള്ള ദൈവകോപമാണ് രാജ്യത്തുണ്ടാകുന്ന ശൈഥില്യത്തിനുകാരണമെന്നു ധരിച്ച രാജാവ് വില്വമംഗലം സ്വാമിയെ വരുത്തി പ്രശ്നംവയ്ക്കുകയും പ്രശ്നവിധിയിൽ ദൈവ കോപം സപ്ഷ്മാകുകയും ചെയ്തു. പൂർണ്ണമായും കൃഷ്ണനെ ആശ്രയിക്കുവാനായിരുന്നു വില്വമംഗ ലത്തിന്റെ ഉപദേശം.

ചെമ്പകശ്ശേരി രാജാവ് ബ്രാഹ്മണശ്രേഷ്ഠ നായ വില്വമംഗലവുമായി ആലോചിച്ച് ഒരു പുതിയ ശ്രീകൃഷ്ണസ്വാമി ക്ഷേത്രം നിർമ്മിയ്ക്കുന്നതിനുള്ള ശ്രമം ആരംഭിച്ചു. രാജാവും വില്വമംഗലവും കൂടി ഇതിനായി സഞ്ചരിയ്ക്കെവെ അമ്പനാട്ടു പണി യ്ക്കർ എന്നറിയപ്പെട്ടിരുന്ന ഈഴവ പ്രമാണിയുടെ വകസ്ഥലത്ത് ശ്രീകൃഷ്ണസാന്നിദ്ധ്യം വില്വമംഗലം തിരിച്ചറിയുകയും ക്ഷേത്രനിർമ്മിതിയ്ക്കായി ഈ സ്ഥലം നിശ്ചയിയ്ക്കുകയും ചെയ്തു. ഇതോടെ പുറ ക്കാട്ട് രാജ്യത്തിലെ അപ്രധാന സ്ഥലമായിരുന്ന ഈ പ്രദേശം അമ്പലപ്പുഴ എന്ന പേരിൽ ചരിത്രത്തിൽ സ്ഥാനം പിടിയ്ക്കുകയായി. രാജാവ് പുറക്കാട്ടെ നവ രാക്കൽ ക്ഷേത്രത്തോടുചേർന്ന ചാക്യാർകുന്നിൽ താമസിച്ചുകൊണ്ട് ക്ഷേത്രം, കൊട്ടാരം എന്നിവയുടെ പണി പൂർത്തിയാക്കി. ലക്ഷണമൊത്ത ഒരു വിഗ്രഹം സ്ഥാപിയ്ക്കുന്നതിലേയ്ക്കായി കുറിച്ചി വലിയ മഠം കുടുംബക്കാർ ആരാധിച്ചിരുന്ന വിഗ്രഹം കൊണ്ടു വന്നു എന്നാണ് വിഗ്രഹ പ്രതിഷ്ഠ സംബന്ധിച്ച് രേഖ പ്പെടുത്തിക്കണ്ടിട്ടുള്ളത്. ക്ഷേത്രത്തിന്റേയും അതോ ടനുബന്ധിച്ച കൊട്ടാരത്തിന്റേയും പൂർത്തീകരണ ത്തോടെ രാജാവ് തലസ്ഥാനം പുറക്കാട്ടുനിന്നും അമ്പലപ്പുഴയിലേക്ക് മാറ്റുകയും ചെയ്തു. ചെമ്പകശ്ശേരി രാജാക്കന്മാർ തികഞ്ഞ ശ്രീകൃഷ്ണ ഭക്തരായി രാജ്യം ഭരിക്കുകയും ചെയ്തു.

എന്നാൽ വലിയമഠം കുടുംബത്തിന് ഈ ശ്രീകൃഷ്ണവിഗ്രഹം ലഭിച്ചിട്ടുള്ളത് ഏരുമേലിയിൽ നിന്നാണെന്ന് കാണാം. വലിയ മഠം കുടുംബക്കാർ ആരാധിച്ചു പോന്നിരുന്ന ശ്രീകൃഷ്ണവിഗ്രഹം പുറക്കാട് വാസുദേവപുരം ക്ഷേത്രത്തിലേതാണെന്നും ഇതുസംബന്ധിച്ച അറിവ് രാജാവിന് ഉണ്ടായിരുന്നുവെന്നും കരുതേണ്ടിയിരിക്കുന്നു. ഈ അനുമാനത്തിലേയ്ക്കു നയിക്കുന്ന നിരവധി ശക്തവും യുക്തിസഹവുമായ ദൃഷ്ടാന്തങ്ങളുണ്ട്.

രാജാവിനെ ക്ഷേത്രനിർമ്മാണത്തിനു പ്രേരിപ്പിച്ചതുതന്നെ വാസുദേവപുരം ക്ഷേത്രത്തിന്റെ നാശവും അതോടനുബന്ധിച്ച് നാട്ടിലുണ്ടായ കെടുതികളുമാണ്. ശ്രീകൃഷ്ണക്ഷേത്രം തന്നെ സ്ഥാപിക്കുവാൻ നിശ്ചയിച്ചതിനു പിന്നിലെ സ്വാധീനവും മറ്റൊന്നല്ല. നഷ്ടപ്പെട്ടുപോയ ക്ഷേത്രത്തിനു പകരം മറ്റൊന്ന് നിർമ്മിച്ചപ്പോൾ അവിടെ സ്ഥാപിക്കുവാനുള്ള ലക്ഷണയുക്തമായ വിഗ്രഹം നിർമ്മിയ്ക്കുവാനും വില്വമംഗലവുമായി അടുപ്പമുണ്ടായിരുന്ന രാജാവിന് പ്രയാസമില്ല. എന്നാൽ വലിയ മഠം കുടുംബക്കാർ ആരാധിച്ചിരുന്ന വിഗ്രഹം തന്നെ വേണമെന്നു നിശ്ചയിച്ചതും അതിനായി ആ കുടുംബത്തെ സർവ്വവിധ സംരക്ഷണവും നല്കി സ്വാധീനിച്ച് അമ്പലപ്പുഴയിൽ എത്തിച്ചതിനു പിന്നിലെ പ്രേരണ ഏതു വിധത്തിലും നഷ്ടപ്പെട്ടുപോയ വിഗ്രഹം പുന:സ്ഥാപനം നടത്തുക എന്നതുതന്നെ ആയിരിക്കണം. വിഗ്രഹം കൊണ്ടുവന്നതുമായി ബന്ധപ്പെട്ട് നിലവിൽവന്ന ചമ്പക്കുളം മൂലം വള്ളംകളിക്കു ലഭിച്ച പ്രാധാന്യത്തിന് ഒരു കാരണം അത് ഒരു തിരിച്ചുവരവിന്റേയും കൂടി ഉത്സവമായി എന്നതാവണം. തന്ത്രികൾ വിഗ്രഹത്തിനു കല്പിച്ച അശുദ്ധിയും മറ്റും ഇതോടുബന്ധപ്പെട്ടുതന്നെ കാണാവുന്നതാണ്.

ചെമ്പകശ്ശേരി രാജാവിന്റെ പ്രജകളോടുള്ള സമീപനത്തിലും ക്ഷേത്രസ്ഥാപനം സംബന്ധിച്ച പ്രതിഫലനങ്ങൾകാണാം. വാസുദേവപുരം ക്ഷേത്രനാശം വഴി നാട്ടിലുണ്ടായ കെടുതികളും ദൈവകോപവും പരിഹരിക്കപ്പെടുന്നതിന് വേണ്ടിയാവണമല്ലോ പുതിയ ക്ഷേത്ര നിർമ്മാണം വേണ്ടിവന്നത്. ഈ ക്ഷേത്രത്തിന്റെ നിർമ്മിതിക്ക് സ്ഥലം നൽകുന്നതു മുതൽ വിഗ്രഹപ്രതിഷ്ഠ നടത്തുന്നതുവരെ വിവിധ ജാതിമതസ്ഥർ സഹായവും സഹകരണവും നല്കിയിട്ടുണ്ടെന്നു കാണാം. ഇതായിരിയ്ക്കണം ഉത്സവ സമയത്ത് നാനാജാതി മതസ്ഥർക്ക് ചില അവകാശങ്ങൾ കല്പിച്ചുകൊടുക്കുവാൻ രാജാവിനെ പ്രേരിപ്പിച്ചിട്ടുള്ളത്. ഈ കൂട്ടായ്മയും സഹകരണവും ഇവിടുത്തെ സാമൂഹ്യ ജീവിതത്തിനും സംസ്ക്കാരത്തിനും അളവറ്റ സംഭാവനകൾ നല്കിയിട്ടുണ്ടുതാനും.

ചെമ്പകശ്ശേരി രാജാവിന് "പുറക്കാട്ട് അരയന്റെ" നേതൃത്വത്തിൽ ശക്തമായ ഒരു കപ്പൽ പട ഉണ്ടായിരുന്നു. ഈ സേന ചെമ്പകശ്ശേരിക്കുവേണ്ടി നിരവധിയുദ്ധങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. ഈ നാവികസേനയുടെ ആവശ്യത്തിലേയ്ക്കായി ആണ് ആദ്യമായി ചുണ്ടൻ, വെപ്പ് തുടങ്ങിയ വള്ളങ്ങൾ രൂപകല്പന ചെയ്ത് നിർമ്മിച്ചിട്ടുള്ളത്. പുറക്കാട്ട് അരയന്റെ നേതൃത്വത്തിലുള്ള ചെമ്പകശ്ശേരിയുടെ നാവികസേന അക്കാലത്ത് വളരെ മെച്ചപ്പെട്ടതായിരുന്നു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അവസാനം വരെ ചെമ്പകശ്ശേരി രാജാവിനോടൊപ്പം നിന്ന പുറക്കാട്ട് അരയന് ചെമ്പകശ്ശേരിയുടെ പതനത്തിനുശേഷം എന്തു സംഭവിച്ചു എന്ന് ചരിത്ര രേഖകളിലില്ല.

ചെമ്പകശ്ശേരി രാജാവ് പോർച്ചുഗീസുകാരേയും ഡച്ചുകാരേയും മാറിമാറി സഹായിച്ചിരുന്നു. ആദ്യം ചെമ്പകശ്ശേരിയും പോർച്ചുഗീസുകാരുമായി സൗഹൃദത്തിലായിരുന്നു. പോർച്ചുഗീസ് വൈസ്രോയ് ആയിരുന്ന ഹെന്റിക്-ദെ-മെനസസ് പുറക്കാട്ട് അരയനെ വെടിവെച്ചു പരിക്കേൽപിച്ചതിനെ തുടർന്ന് 1525-ൽ പോർച്ചു ഗീസുകാരുമായി ചെമ്പകശ്ശേരി ഏറ്റുമുട്ടി. 1528-ൽ രാജാവ് സ്ഥലത്തില്ലാതിരുന്ന അവസരത്തിൽ പോർച്ചുഗീസുകാർ പുറക്കാട് ആക്രമിച്ച് കൊള്ളയടിക്കുകയും രാജ്ഞിയേയും സഹോദരിയേയും ബന്ധനസ്ഥരാക്കുകയും ചെയ്തു. വലിയൊരു തുക മോചന ദ്രവ്യം നല്കിക്കൊണ്ട് രാജാവ് രാജ്ഞിയേയും സഹോദരിയേയും വീണ്ടെടുത്തു. ചേർത്തല പ്രദേശങ്ങളുടെ ഭരണാധികാരികളായിരുന്ന കരപ്പുറം കൈമൾമാരുടെ സഹായത്തോടെ പോർച്ചുഗീസ് കപ്പലുകൾ രാജാവ് പിടിച്ചെടുക്കുകയും പിന്നീട് പോർച്ചുഗീസുകാരുമായി സന്ധിയിലേർപ്പെട്ടുകയും ചെയ്തു.

1642 മെയ് മാസത്തിൽ ഡച്ചുകാർ ഇഞ്ചിയും കുരുമുളകും കയറ്റുമതി സംബന്ധിച്ച് പുറക്കാട്ടു രാജാവുമായി ഉടമ്പടിയിലായി. പുറക്കാട്ട് ഒരു പണ്ടകശാല സ്ഥാപിക്കുവാനുള്ള അവകാശവും ഡച്ചുകാർക്ക് ലഭിച്ചു. അവരുമായി 1643-ൽ വീണ്ടും പുതിയ ഉടമ്പടി ഉണ്ടാക്കി. ഇരുമ്പ്, തകരം, കറുപ്പ്, ചന്ദനത്തടി തുടങ്ങിയവയ്ക്കുപകരമായി പുറക്കാട്ട് തുറമുഖത്തുനിന്നും കുരുമുളക് കയറ്റി നല്കണം എന്നതായിരുന്നു വ്യവസ്ഥ. 17-ാം ശതകത്തിന്റെ

രണ്ടാം പകുതിയിൽ ബ്രിട്ടീഷുകാരും പുറക്കാട്ട് വ്യാപാര കേന്ദ്രങ്ങൾ പണിയുവാനുള്ള അവകാശം രാജാവിൽ നിന്ന് സമ്പാദിച്ചെടുത്തു. ഡച്ചുകാരും രാജാവുമായുള്ള വ്യാപാര ബന്ധിമൂലം പുറക്കാട്ടെ ബ്രിട്ടീഷ് വ്യാപാരത്തിന് മാന്ദ്യം സംഭവിച്ചു. 1605-ൽ ഡച്ചുകാരും ബ്രിട്ടീഷുകാരും തമ്മിൽ യുദ്ധമുണ്ടാകുകയും പുറക്കാട്ടെ ബ്രിട്ടീഷ് വാണിജ്യകേന്ദ്രം ഡച്ചുകാർ പിടിച്ചെടുക്കുകയും ചെയ്തു. 18-ാം ശതകത്തിൽ പുറക്കാട്ട് ഡച്ചുകാർ ശക്തൻമാരായിരുന്നു. കുരുമുളകു വ്യാപാരത്തിന്റെ കുത്തകയായിരുന്നു അവരുടെ ലക്ഷ്യമെങ്കിലും ഭരണത്തിലും അവർക്ക് ശക്തമായ സ്വാധീനം ഉണ്ടായിരുന്നു. ഈ അവസരത്തിലാണ് തിരുവിതാംകൂർ മാർത്താണ്ഡവർമ്മയുടെ കീഴിൽ ശക്തിപ്രാപിച്ചുവന്നത്.

അറബികളുമായി വ്യാപാരബന്ധം തുടങ്ങിയ കാലം മുതൽക്ക് ഇസ്ലാം മതത്തിന്റെ സാന്നിധ്യം ഇവിടെ ഉണ്ടായി. പ്രാചീനമായ മുസ്ലീം പള്ളികളുമായി ബന്ധപ്പെട്ട് നിരവധി ഐതിഹ്യങ്ങൾ നിലനില്ക്കുന്നു. ഇന്നത്തെ പ്രധാന മുസ്ലീം പള്ളി മുമ്പ് കടൽ കയറിയ ഭാഗത്തുനിന്നും മാറ്റി സ്ഥാപിച്ചിട്ടുള്ളതാണ്. ഇവിടുത്തെ മഖ്ബറ സന്ദർശിക്കുവാൻ ദൂരദേശങ്ങളിൽ നിന്നുപോലും വിശ്വാസികൾ എത്തിച്ചേരാറുണ്ട്.

പുറക്കാട്ടെ ആദ്യത്തെ ക്രിസ്ത്യുമത ദേവാലയം പോർച്ചുഗീസുകാരാണ് സ്ഥാപിച്ചിട്ടുള്ളത്. മുമ്പ് ഈ ദേവാലയം സ്ഥിതി ചെയ്തിരുന്ന സ്ഥലം കടൽ കയറിയപ്പോൾ ഇപ്പോൾ നില്കുന്ന സ്ഥലത്തേക്ക് മാറ്റി സ്ഥാപിച്ചിട്ടുള്ളതാണ്. ക്രിസ്തുമതത്തിന് ചെമ്പകശ്ശേരി രാജാക്കന്മാർ പലവിധ സഹായവും ചെയ്തുകൊടുത്തിരുന്നതായി ചരിത്രരേഖകളിൽ കാണുന്നു.

17-ാം ശതകത്തിലാണ് ഗൗഡ സാരസ്വത ബ്രാഹ്മണർ ഗോവയിൽ നിന്നും പുറക്കാട്ട് എത്തിച്ചേർന്നത്. ചെമ്പകശ്ശേരി രാജാവിന്റെ അനുമതിയോടെ അവർ ഇവിടെ കുടിയേറി വ്യാപാരങ്ങളിൽ ഏർപ്പെട്ടു. അവർ നിർമ്മിച്ച ശ്രീ വേണുഗോപാല സ്വാമി ക്ഷേത്രം വളരെ പ്രസിദ്ധമാണ്

നൂറ്റാണ്ടുകളായി സൗഹൃദത്തോടെ കഴിയുന്ന വിവിധ മതവിഭാഗങ്ങളും തൊട്ടുരുമ്മി സ്ഥിതി ചെയ്യുന്ന ആരാധനാലയങ്ങളും പുറക്കാടിന്റെ പ്രത്യേകതകളായി ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്.

ഡച്ചുകാരുടേയും, ഇംഗ്ലീഷുകാരുടേയും സഹായത്തോടെ മാർത്താണ്ഡവർമ്മ ധർമ്മരാജാ കായംകുളം രാജ്യം ആക്രമിച്ച് കീഴ്പ്പെടുത്തിയപ്പോൾ കായംകുളത്തിന്റെ ആയുധശാലയിൽ ദേവനാരായണൻ എന്ന് രേഖപ്പെടുത്തിയ ആയുധങ്ങൾ കണ്ടെത്തി. ഇത് കായംകുളം രാജ്യത്തെ, ചെമ്പകശ്ശേരി സഹായിച്ചതായി അനുമാനിക്കുവാൻ കാരണമായി.

1746-ൽ മാർത്താണ്ഡവർമ്മ ചെമ്പകശ്ശേരി ആക്രമിച്ചു. ഡച്ചുകാരനായ ഡിലനോയി, രാമയ്യൻ തുടങ്ങിയവരായിരുന്നു തിരുവിതാംകൂറിന്റെ പട നയിച്ചത്. ചെമ്പകശ്ശേരിയുടെ സൈന്യത്തെ നയിച്ചിരുന്ന മാത്തൂർ പണിക്കർ, തെക്കേടത്തു ഭട്ടതിരി എന്നിവർ ചെമ്പകശ്ശേരിയോട് കൂറ്മാറി തിരുവിതാംകൂറിന്റെ പക്ഷം ചേർന്നു. തിരുവിതാംകൂർസൈന്യം ചെമ്പകശ്ശേരി കീഴടക്കി തിരുവിതാംകൂറിനോടുചേർത്തു. രാജാവിനെ തടവുകാരനായി പിടിച്ചെങ്കിലും പിന്നീട് അടുത്തൂൺ അനുവദിച്ച് കുടമാളൂരിൽ പാർപ്പിച്ചുവെന്നും, അതല്ല വധിച്ചുവെന്നും രണ്ട് പക്ഷമുണ്ട്. ഇതോടെ ചെമ്പകശ്ശേരിയിലുൾപ്പെട്ട പഞ്ചായത്ത് പ്രദേശവും തിരുവിതാംകൂറിന്റെ ഭാഗമായി.

കൊച്ചി രാജ്യത്തിന്റെ സൈന്യം 1753-ൽ തിരുവിതാംകൂർ ആക്രമിച്ച് പുറക്കാട്ട് എത്തി നിലയുറപ്പിച്ചു. രാമവർമ്മ, രാമയ്യൻ, ഡിലനോയ് എന്നിവരുടെ നേതൃത്വത്തിൽ തിരുവിതാംകൂർ സൈന്യം തോട്ടപ്പള്ളിയിലെ, പിൽക്കാലത്ത് പാളയത്തിൽ കുന്ന് എന്ന് അറിയപ്പെട്ട പ്രദേശത്ത് തമ്പടിച്ചു. 1754 ജനുവരി 3-ാം തീയതി ആനന്ദേശ്വരത്തുവച്ചുനടന്ന യുദ്ധത്തിൽ കൊച്ചിസൈന്യം അമ്പലപ്പുഴയിലേയ്ക്ക് പിൻമാറുകയും പിന്നീട് തിരുവിതാംകൂറിനോട് പരാജയപ്പെടുകയും ചെയ്തു. അങ്ങനെ പുറക്കാട് വീണ്ടും തിരുവിതാംകൂറിനോട് ചേർക്കപ്പെട്ടു. 1795-ലെ ഉടമ്പടിപ്രകാരം തിരുവിതാംകൂർ ബ്രിട്ടീഷ് മേൽക്കോയ്മ അംഗീകരിച്ചതോടുകൂടി നാമും വിദേശാധിപത്യത്തിൽ കീഴിലായി.

വേലുത്തമ്പി, ദളവായായിരുന്ന കാലത്ത് കൊല്ലത്തുനിന്നും ആലപ്പുഴയിലേയ്ക്ക് യാത്രചെയ്തിരുന്ന സായ്പൻമാരായ മൂന്നു ബ്രിട്ടീഷ് പട്ടാള ഓഫീസർമാർ പന്ത്രണ്ട് പട്ടാളക്കാർ എന്നിവരേയും മുപ്പത്തിമൂന്നുനാട്ടുകാരായ ബ്രിട്ടീഷ് പട്ടാളക്കാരേയും പുറക്കാട്ടുവച്ച് പിടികൂടുകയും കുറേപ്പേരെ പുറക്കാട്ട് കടലിലും ശേഷിച്ചവരെ പള്ളാത്തുരുത്തി ആറ്റിലും മുക്കിക്കൊല്ലുകയുണ്ടായി. ഈ സംഭവം വേലുത്തമ്പിയോട് ബ്രിട്ടീഷുകാർക്ക് പക വർദ്ധിക്കുവാൻ ഒരു പ്രധാന കാരണമാണ്.

1862-ൽ രാജാ കേശവദാസൻ ആലപ്പുഴ തുറമുഖം സ്ഥാപിച്ചതോടെ പുറക്കാട് തുറമുഖത്തിന്റെ പ്രാധാന്യം കുറഞ്ഞുവന്നു. ആലപ്പുഴ അഭിവൃദ്ധി പ്രാപിച്ചതോടുകൂടി. പുറക്കാടിന്റെ പ്രതാപ ഐശ്വര്യങ്ങൾ ക്ഷയിച്ചു. തിരുക്കൊച്ചി സ്റ്റേറ്റ് രൂപീകരണവും പിന്നീട് ഐക്യകേരളവും നിലവിൽവന്നതിനുശേഷം പുറക്കാട് തോട്ടപ്പള്ളി വണ്ടാനം അഫ്ഹോൾഡിന്റെ ഭാഗമായും പിന്നീട് 1953-ൽ ഒരു പഞ്ചായത്ത് ആയും രൂപപ്പെട്ടു.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യകാലത്ത് ആഗോളതലത്തിലും ദേശീയ തലത്തിലും ഉണ്ടായ സംഭവവികാസങ്ങളുടെ അനുരണനങ്ങൾ ഈ പ്രദേശത്തുണ്ടായിട്ടുണ്ട്. ഒന്നും രണ്ടും ലോകമഹായുദ്ധങ്ങളിലും 1720-ലെ അഫ്ഗാൻ യുദ്ധത്തിലും നമ്മുടെ പഞ്ചായത്തിൽനിന്നും യോദ്ധാക്കളുണ്ടായിരുന്നു. ശ്രീമൂലം പോപ്പുലർ അസംബ്ലിയിൽ അംഗമായിരുന്ന ശ്രീ. എൻ. ജെ. ജോഷ (ഭാഗീരഥപ്പെരുമാൾ) നമ്മുടെ നാട്ടുകാരനാണ്. 1920-കളുടെ ആദ്യപകുതിയിൽ പഞ്ചായത്തിലെ ഇല്ലിച്ചിറയിൽ മനുഷ്യവാസയോഗ്യമല്ലാതിരുന്ന ചതുപ്പുനിലം. പാടശേഖരങ്ങളാക്കിമാറ്റി അതിന്റെ ചിറകളിൽ താമസമുറപ്പിച്ചിരുന്ന പട്ടികജാതികാർക്ക് ഭൂമി അനുവദിച്ചു നല്കുന്നതിൽ അദ്ദേഹം അശ്രാന്തപരിശ്രമം നടത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ശ്രമഫലമായി ശ്രീമൂലം പോപ്പുലർ അസംബ്ലി 2.11.1923-ലെ നിയമസഭാ നടപടി 16-ാം വാല്യം 241-ാം പേജിൽ വിവരിയ്ക്കുന്ന തീരമാനപ്രകാരം 317 ഏക്കർ 29 [illegible] വസ്തു പട്ടികജാതിക്കാർയ്ക്ക് നല്കുന്നതിലേയ്ക്കായി തീരുമാനിയ്ക്കപ്പെട്ടു. ഒരു പക്ഷേ ഭാരതത്തിന്റെ ചരിത്രത്തിൽ തന്നെ പട്ടികജാതിക്കാരുടെ പുനരധിവാസത്തിനായി ആദ്യമായി ഭൂമി പതിച്ചു നല്കിയ നടപടി ഇതായിരിക്കും. വസ്തു അനുവദിപ്പിയ്ക്കുന്നതിനും, പിന്നീട് ഈ വസ്തുവിൻമേൽ അവകാശം മുന്നയിച്ച് കയ്യടക്കാൻ ശ്രമംനടത്തിയ ജന്മിമാർക്കെതിരെ വിവിധ കോടതികളിൽ നാലപതോളം വർഷങ്ങൾ അദ്ദേഹം നടത്തിയ നിയമയുദ്ധം അന്നത്തെ പട്ടികജാതിക്കാരുടെ സാമൂഹ്യാവസ്ഥ പരിഗണിയ്ക്കുമ്പോൾ ധീരോദാത്തമെന്നേ പറയാനാവൂ. ഇദ്ദേഹമാണ് നമ്മുടെ ഗ്രാമത്തിൽ പട്ടികജാതിക്കാരിൽ നിന്നും ആദ്യം മെട്രിക്കുലേഷൻ പാസ്സായത് എന്നും അനുമാനിയ്ക്കുന്നു.

ഇദ്ദേഹത്തിന്റെ പുത്രനായ ശ്രീ. ഉണ്ണിപ്പെരുമാൾ ഒന്നാം ലോകമഹായുദ്ധവുമായി ബന്ധപ്പെട്ട് സിങ്കപ്പൂർ, സിലോൺ, ജപ്പാൻ എന്നീ സ്ഥലങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

സ്വാതന്ത്ര്യ സമരത്തിലും എളിയനിലയിലെങ്കിലും പ്രവർത്തിച്ച കുറേപ്പേർ നമ്മുടെ നാട്ടിലുണ്ടായിരുന്നു. ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ടു നടന്ന മദ്യവർജ്ജന പിക്കറ്റിംഗ്, ജാതിവിരുദ്ധസമരം തുടങ്ങിയവയിലൊക്കെ പങ്കാളിത്തമുണ്ടായിട്ടുണ്ട്. ശ്രീ നാരായണഗുരുദേവനും നമ്മുടെ ഗ്രാമത്തിന്റെ ആതിഥ്യം സ്വീകരിച്ചിട്ടുണ്ട്. സ്വാമി വാഗ്ഭടാനന്ദന്റ നേതൃത്വത്തിലുണ്ടായിരുന്ന ആത്മവിദ്യാസംഘത്തിന്റെ പ്രധാന പ്രവർത്തനകേന്ദ്രങ്ങളിലൊന്നായിരുന്നു തോട്ടപ്പള്ളി. ആത്മവിദ്യാസംഘത്തിന്റെ ഹെഡ് ഓഫീസും തോട്ടപ്പള്ളിയിലാണ്.

സാമൂഹ്യമാറ്റത്തിനുവേണ്ടി ഉണ്ടായ ജനകീയ മുന്നേറ്റങ്ങളെ നമ്മുടെ ഗ്രാമവും ആവേശപൂർവ്വം സ്വീകരിച്ചിട്ടുണ്ട്. അവ ഉയർത്തിയ അവകാശബോധം ആഴത്തിൽ ഉൾക്കൊള്ളുവാനും നമുക്കു കഴിഞ്ഞു. സുബാഷ് ചന്ദ്രബോസിന്റെ ഐ. എൻ. എയിൽ ഉയർന്ന സമിതികളിൽ പ്രവർത്തിച്ചിട്ടുള്ളയാളും പ്രശസ്ത പത്രപ്രവർത്തകനുമായിരുന്നു. ശ്രീ. ശിവറാം നമ്മുടെ നാട്ടുകാരനാണ്. ഇദ്ദേഹത്തിന്റെ സ്മരണയ്ക്കാണ് പ്രശസ്ത പത്രപ്രവർത്തനത്തിലുള്ള ശിവറാം അവാർഡ് ഏർപ്പെടുത്തിയിട്ടുള്ളത്.

നമ്മുടെ ഗ്രാമത്തിൽ നിന്നുള്ള ആദ്യ ഐ. എ. എസ്. കര[illegible]ക്കിയ ശ്രീമതി. കെ. ബി. വത്സലാകുമാരിയ്ക്കും ഈ നാടിന്റെ ചരിത്രത്തിൽ തന്റേതായ ഒരു സ്ഥാനമുണ്ട്. പത്തനംതിട്ടജില്ല കളക്ടർ എന്ന നിലയിൽ ശബരിമല ക്ഷേത്രത്തിന്റെ ചുമതല വഹിക്കാൻ അവസരം ലഭിച്ച ആദ്യവനിതാ ഉദ്യോഗസ്ഥയായ അവർ ഇപ്പോൾ സംസ്ഥാന വനിത കമ്മീഷന്റെ ആദ്യസെക്രട്ടറിയായി സേവനമനുഷ്ടിക്കുന്നു.

ദേശീയ പ്രസ്ഥാനത്തിനുശേഷം ആബാലവൃദ്ധം ജനങ്ങൾ ബന്ധപ്പെട്ട ഒരു മഹാപ്രസ്ഥാനമായിരുന്നു നമ്മുടെ ഗ്രാമത്തിലെ സാക്ഷരത പ്രവർത്തനങ്ങൾ. നിരക്ഷരതാ നിർമ്മാർജനം നമ്മുടെ ഗ്രാമജീവിതത്തിന്റെ എല്ലാതുറകളിലും ഗുണപരമായ വ്യതിയാനങ്ങൾ വരുത്തിയിട്ടുണ്ട്.

സംഭവബഹുലവും സങ്കീർണ്ണവുമായ ഒരു പാരമ്പര്യത്തിന്റെ പിൻതുടർച്ചക്കാരാണ് നാം. ചരിത്രത്തിന്റെ അനിവാര്യതകളെ മനസ്സാ അംഗീകരിയ്ക്കുവാനും അവയോട് പൊരുത്തപ്പെടുവാനും കഴിഞ്ഞതിന്റെ ചരിത്രം കൂടിയാണത്. നാം ഇന്നു നേരിടുന്ന വെല്ലുവിളികളെ തരണം ചെയ്യുന്നതിന് അനുഭവസമ്പന്നമായ ഭൂതകാലത്തിൽ നിന്നും ഊർജ്ജം ഉൾക്കൊള്ളുവാൻ നമുക്ക് കഴിയണം.

# ഭൂപ്രകൃതിയും വിഭവങ്ങളും

## ഭൂപ്രകൃതി

നമ്മുടെ നാട് തീരസമതലത്തിൽപ്പെടുന്ന പ്രദേശമാണ്. കാർഷിക കാലാവസ്ഥാ മേഖലയിൽ ഇത് കോസ്റ്റൽ സാൻഡി സോണിൽ പെടുന്നു. എൻ. ആർ. എ. പി. വിഭജനത്തിൽ ഈ പ്രദേശം പ്രൊബ്ളം ഏരിയാ സോണിൽപ്പെടും. 23.29 ചതുരശ്ര കി. മീ. വിസ്തൃതിയുള്ള പഞ്ചായത്ത് പ്രദേശത്തിന്റെ 16.22 ചതുരശ്ര കി. മീ. പ്രദേശവും പാടശേഖരങ്ങളും ചതുപ്പുകളും ജലാശയങ്ങളും ആണ്. കരപ്രദേശം 6.97 ചതുരശ്ര കി. മീ മാത്രമേ വരൂ. പഞ്ചായത്തിന്റെ പടിഞ്ഞാറേ അരികിൽ സമുദ്രതീരത്തോടുചേർന്നു തെക്കുവടക്കായി ഒരു നാടപോലെ കരപ്രദേശം സ്ഥിതിചെയ്യുന്നു. കിഴക്കുഭാഗത്ത് പാടശേഖരങ്ങളും പടിഞ്ഞാറുനിന്നും കിഴക്കോട്ടു ഭൂമിക്ക് ചെറിയ ചരിവുണ്ട്. പാടശേഖരങ്ങൾ സമുദ്രനിരപ്പിൽ നിന്നും 0.6 മുതൽ 2.2 വരം താഴ്ചയിലാണ്. പഞ്ചായത്തിന്റെ തെക്കേയറ്റത്ത് കുറച്ച് ചതുപ്പുപ്രദേശങ്ങളുണ്ട്. കര പ്രദേശത്തുനിന്നും നിരവധി നീർച്ചാലുകൾ കിഴക്കോട്ട് പാടശേഖരങ്ങളിലേക്ക് ഒഴുകുന്നു. മഴക്കാലത്ത് ഈ നീർച്ചാലുകളിലൂടെ വെള്ളം ഒഴികി പാടശേഖരങ്ങളിലെ തോടുകളിലും അവിടെനിന്നും പ്രധാനതോടുകളിലേക്കും എത്തുന്നു. 9 കിലോമീറ്റർ കടൽ തീരമാണ് പഞ്ചായത്തിലുള്ളത്.

## കാലാവസ്ഥ

ജില്ലയിലെ പൊതുവെയുള്ള കാലവസ്ഥയിൽ നിന്നും വ്യത്യസ്ഥമായി എടുത്തുപറയത്തക്ക സവിശേഷതകൾ ഒന്നും കാലാവസ്ഥയിൽ ഇല്ല. തെക്കു കിഴക്കൻ മൺസൂണിൽ നമുക്ക് 1511 മില്ലിമീറ്റർ മഴ ലഭിച്ചിരുന്നു. 1990-ന് ശേഷം ഇതിൽ വർദ്ധനവ് കാണാം. വടക്കുകിഴക്കൻ മൺസൂൺ സമയത്ത് സാധാരണ ലഭിക്കുന്ന മഴ 632 മില്ലീമീറ്ററാണ്. 90, 91 വർഷങ്ങളിൽ ഇതിൽ കുറവു വന്നിട്ടുണ്ട്. 92 മുതൽ സാധാരണ ലഭിക്കേണ്ട മഴയേക്കാൾ കൂടുതൽ പെയ്യുന്നു.

## ജലലഭ്യത

ജലാശയങ്ങളാൽ സമ്പന്നമാണ് പുറക്കാട് പഞ്ചായത്ത്. പമ്പ, മണിമല, അച്ചൻകോവിൽ എന്നീ നദീകളിൽ കൂടി ഒഴുകിയെത്തുന്ന ജലം പഞ്ചായത്തിലെ തോട്ടപ്പള്ളി സ്പിൽവേയിലൂടെ കടലിലേയ്ക്കൊഴുക്കുന്നു. ഈ സാഹചര്യം മറ്റ് പ്രദേശങ്ങളിലെ അമിത വർഷപാതം ഇവിടുത്തെ ജലനിരപ്പ് ഉയരുന്നതിന് **കാരണമാ**കുന്നു.

## മണ്ണ്

മൂന്ന് വിഭാഗത്തിൽപ്പെടുന്ന മണ്ണാണ് ഇവിടെയുള്ളത്. മണൽമണ്ണ് ചെളികലർന്ന മണൽമണ്ണ് കരിമണ്ണ് എന്നിവ

സമുദ്രതീരത്തിലുടനീളം വീതികുറഞ്ഞ ഒരു ബെൽറ്റുപോലെ മണൽ മണ്ണ് കാണപ്പെടുന്നു. ഈ മണ്ണിന് നൈട്രജൻ, ഫോസ്ഫറസ്, പോട്ടാഷ്, കാൽസ്യം, ജൈവപദാർത്ഥങ്ങൾ എന്നിവയുടെ പൂർണ്ണമായ അഭാവമുണ്ട്. പൊതുവെ അമ്ലഗുണമുള്ളതാണ്. ഈ മണ്ണിന്റെ പി. എ. എച്ച് 6 മുതൽ 6.8വരെയാണ്. ജൈവ-രാസവളങ്ങൾ ഉപയോഗിച്ച് കൃഷി നടത്തിയാൽ ഈ മണ്ണിൽ തെങ്ങ്, കമുക്, കശുമാവ് തുടങ്ങിയവ സമൃദ്ധിയായി വളരും. മണൽ മണ്ണിനും കരിമണ്ണിനും ഇടയ്ക്കുള്ള ചെറിയ പ്രദേശത്ത് സാന്റി ലോം വിഭാഗത്തിൽപ്പെട്ട മണ്ണ് കാണപ്പെടുന്നു. ഏകദേശം 40%വരെ ചെളിഇതിൽ കലർന്നിട്ടുണ്ടാകും. ജലസംഗ്രഹണശേഷികൂടുതലാണ്. താഴ്ച പ്രദേശങ്ങളിൽ വെള്ളക്കെട്ട് ഉണ്ടാക്കും. തെങ്ങ്, കമുക്, വാഴ, പച്ചക്കറികൾ തുടങ്ങിയ കൃഷികൾക്ക് അനുയോജ്യമാണ്.

നല്ല കറുപ്പുനിറത്തിലുള്ള കരിമണ്ണ് പാടശേഖരങ്ങളിൽ കാണപ്പെടുന്നു. ഇതിൽ 20% മുതൽ 40 %വരെ ജൈവഘടകങ്ങളാണ്. ഫോസ്ഫറസ്, കാൽസ്യം എന്നിവ ഈ മണ്ണിൽ കുറവാണ്. ഈ മണ്ണിന്റെ പി. എച്ച്. മൂന്നിനും നാലിനും ഇടയ്ക്കാണ്. ജലസംഗ്രഹണശേഷിവളരെകൂടുതലും ജല നിർഗ്ഗമനശേഷി വളരെ കുറവുമാണ്. നെല്ല്, തെങ്

തുടങ്ങിയവ ഈ മണ്ണുള്ള പ്രദേശത്ത് കൃഷിചെയ്തു വരുന്നു.

## ഭൂവിനിയോഗം

23190 ഹെക്ടർ വിസ്തീർണ്ണമുള്ള പഞ്ചായത്തിലെ 16220 ഹെക്ടർ സ്ഥലവും പാടശേഖരങ്ങളുമാണ്. ഇതിൽ 1047 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നു. തരിശായികിടക്കുന്ന പാടശേഖരങ്ങൾ 350– ഓളം ഹെക്ടർ ഉണ്ട്. 657 ഹെക്ടർ വരുന്ന കര പ്രദേശം പാർപ്പിട ആവശ്യങ്ങൾക്കും കരകൃഷിക്കും ഉപയുക്തമാണ്. ഭൂപ്രകൃതിയുടെ പ്രത്യേകതകൊണ്ടു തന്നെ ഇവിടെ കരപ്രദേശത്ത് വിസ്തൃതമായ തരിശോ, മൈതനങ്ങളോ ഇല്ല. ആകെ 46 കി. മീറ്റർ റോഡ് നിർമ്മിക്കപ്പെട്ടിട്ടുണ്ട്. 64 ഓളം ചെറിയ കാവുകൾ പഞ്ചായത്തു പ്രദേശത്തുണ്ട്. നെല്ല്, തെങ്ങ്, വാഴ, കവുങ്ങ്, പച്ചക്കറികൾ എന്നിവയാണ് പഞ്ചായത്തിലെ പ്രധാന കൃഷിയിനങ്ങൾ.

## മനുഷ്യവിഭവം

1991–ലെ സെൻസസ് കണക്കുകളനുസരിച്ച് പഞ്ചായത്തിലെ ജനസംഖ്യ 27912 ആണ് എന്നാൽ ഇപ്പോൾ അത് നാല്പതിനായിരത്തോളം എത്തിയിട്ടുണ്ടെന്ന് കണക്കാക്കപ്പെടുന്നു. പഞ്ചായത്തിന്റെ മൊത്തം വിസ്തൃതി കണക്കിലെടുക്കുമ്പോൾതന്നെ ജനസാന്ദ്രത സംസ്ഥാന ശരാശരിയേക്കാൾ ഉയർന്നതാണ്. ലഭ്യമായ വാസയോഗ്യസ്ഥലത്തെ അടിസ്ഥാനപ്പെടുത്തിയാൽ ജനസാന്ദ്രത വളരെകൂടുതലാണ്. കർഷകത്തൊഴിലാളികളും മത്സ്യത്തൊഴിലാളികളുമാണ് ജനസംഖ്യയിൽ ബഹുഭൂരിപക്ഷവും.

### വിവിധ മേഖലകളിൽ

### പ്രവർത്തിയെടുക്കുന്നവരുടെ കണക്ക്.

| കൂലി | കൃഷി | മത്സ്യബന്ധനം | വ്യപാരം | കമ്പനി | സർക്കാർ |
|---|---|---|---|---|---|
| 2265 | 3796 | 2983 | 633 | 196 | 564 |

ആകെ 13221

നമ്മുടെ പഞ്ചായത്തിൽ നിന്നും 170 പുരുഷന്മാരും 97 സ്ത്രീകളും അന്യ സംസ്ഥാനത്ത് ജോലി ചെയ്യുന്നു. 326 പുരുഷന്മാരും 46 സ്ത്രീകളും വിദേശത്ത് ജോലിചെയ്യുന്നുണ്ട്. ആകെ 5923 പേർ വിവിധ ക്ഷേമപദ്ധതികളിൽ അംഗങ്ങളായിട്ടിണ്ട്.



# പരിസ്ഥിതി

നമ്മുടെ ഗ്രാമത്തിൽ പരിസ്ഥിതി തുലനാവസ്ഥ വളരെ നേർത്തതും അനുദിനം ശോഷിച്ചുകൊണ്ടിരിക്കുന്നതുമാണ്. ഇനിയും പരിസ്ഥിതിയിലേല്പ്പിക്കുന്ന ചെറിയ ആഘാതംപോലും വളരെവലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചേക്കും.

സമുദ്രനിരപ്പിലുണ്ടായ വ്യതിയാനങ്ങൾക്കനുസരിച്ച് ജലായശങ്ങളിൽ എക്കൽ അടിഞ്ഞ് ഉണ്ടായിട്ടുള്ളതാണ് പഞ്ചായത്തിന്റെ ഭൂവിസ്തൃതിയിൽ നാലിൽ മൂന്നു ഭാഗത്തോളം വരുന്ന പാടശേഖരങ്ങൾ. കരപ്രദേശമാകട്ടെ, പാടശേഖരങ്ങൾക്കരികിൽ ഒരു നേർത്തരേഖപോലെ കടലിൽ നിന്നുള്ള മണ്ണ് നിക്ഷേപംമൂലവും. മനുഷ്യർ കൃഷി ചെയ്തു തുടങ്ങും മുൻപ് പാടശേഖരങ്ങൾ ചതുപ്പുവനങ്ങളും കണ്ടൽ വനങ്ങളുമായിരുന്നു. കരപ്രദേശത്ത് നിത്യഹരിതവനങ്ങളും. മഴക്കാലത്ത് ഒഴുകിയെത്തുന്ന ജലത്തെ കടലിലേയ്ക്ക് പ്രവഹിപ്പിക്കുവാനും ഈ ചതുപ്പുകളിൽ കെട്ടിനില്ക്കുന്ന വെള്ളം വേനൽകാലത്ത് പരിസരപ്രദേശങ്ങളിലെ ഭൂഗർഭജലം വറ്റിപ്പോകാതെ നിലനിർത്തുവാനും പര്യാപ്തമായി. ആദ്യകാല കുടിയേറ്റക്കാർ തങ്ങളുടെ പാർപ്പിട-കാർഷിക ആവശ്യങ്ങൾക്കായി ഭൂമിയിൽ പലമാറ്റങ്ങളും വരുത്തിയെങ്കിലും ജലനിർഗ്ഗമനത്തിനുള്ള ചാലുകളെല്ലാം അവർ ബുദ്ധിപൂർവ്വം നിലനിർത്തി. സമുദ്രനിരപ്പിലുള്ള 6.97 ചതുരശ്രകിലോമീറ്റർ കരഭൂമിയും സമുദ്രനിരപ്പിൽ നിന്നും 2 മീറ്ററിൽ കൂടുതൽ താഴ്ചയുള്ള പാടശേഖരങ്ങളും ജലസേചന തോടുകളുമായി 14.89 ചതുരശ്രകിലോമീറ്ററും, 3.33 ചതുരശ്രകിലോമീറ്റർ ജലശയങ്ങളുമാണ്. കര പ്രദേശത്തെ മഴവെള്ളം നിരവധി ചെറിയ ചാലുകളായി പാടശേഖരങ്ങളിലെ ഇടത്തോടുകളിലേയ്ക്കും അവിടെ നിന്നും കനാലുകൾ വഴി കടലിലേയ്ക്കും ഒഴികിപ്പോകുന്നു. എന്നാൽ ഈ നീർച്ചാലുകളിൽ പലതും ഗ്രാവൽ ഉപയോഗിച്ചു നികത്തിക്കഴിഞ്ഞു. പലനീർച്ചാലുകൾക്കു കുറുകെയും യാത്രാസൗകര്യത്തിനായി മുട്ടുകൾ ഇട്ട് ജലനിർഗ്ഗമനം തടസ്സപ്പെടുത്തിയിട്ടുണ്ട്. ഇതേ തുടർന്ന് മഴക്കാലത്ത് പരിസരപ്രദേശങ്ങളിൽ വെള്ളക്കെട്ട് ഉണ്ടാക്കുകയും ഇങ്ങനെ കെട്ടിനില്ക്കുന്ന ജലം വൃക്ഷങ്ങൾക്കും വിളകൾക്കും, മണ്ണിലെ സൂക്ഷ്മജീവികൾക്കും ഹാനിവരുത്തുകയും ചെയ്യുന്നു. ഉപരിതലത്തിലൂടെയുള്ള ജല പ്രവാഹം ദുഷ്ക്കരമാവുന്നത് ഭൂഗർഭജലപ്രവാഹവും സാവധാനമാക്കുകയും അങ്ങിനെ പലലോഹങ്ങളും വെള്ളത്തിൽ കൂടുതൽ കലരുവാൻ ഇടയാക്കുകയും ചെയ്യുന്നു. നമ്മുടെ പ്രദേശത്തെ പല കിണറുകളിലേയും ജലം മലിനമായിരിക്കുന്നതിന്റെ ഒരു കാരണം ഇതുതന്നെയാണ്. ഭൂമിയുടെ ലഭ്യത, സാമൂഹ്യസാമ്പത്തിക സാഹചര്യങ്ങൾ, ജനാഭിലാഷം എന്നിവ കണക്കിലെടുക്കുമ്പോൾ പാടശേഖരങ്ങളിലും നീർച്ചാലുകളിലും ആഘാതമേല്പിക്കുന്നതുപാടേ ഒഴിവാക്കാൻ ബുദ്ധിമുട്ടുണ്ടാകും. അനിവാര്യമായ സാഹചര്യങ്ങളിൽ ഇത്തരം പ്രവൃത്തികൾ ചെയ്യുമ്പോൾ ജലനിർഗ്ഗമന സൗകര്യങ്ങൾ നിലനിർത്തിക്കൊണ്ട് വിഭാവനം ചെയ്യപ്പെടേണ്ടതുണ്ട്.

കാവുകൾ

സഹസ്രാബ്ദങ്ങളായുള്ള പ്രകൃതി നിർദ്ധാരണത്തിലൂടെയും അനുരൂപണത്തിലൂടെയും ഉച്ചകോടി പ്രാപിച്ച നിത്യഹരിതവനങ്ങളുടെ ഘടനാവിശേഷങ്ങളാണ് കാവുകൾ നിലനിർത്തുന്നത്. വനം അതിന്റെ പരിസ്ഥിതിയെ എങ്ങിനെ ബാധിക്കുന്നുവോ അതേവിധത്തിൽതന്നെ കാവും അതിന്റെ പച്ചിലപ്പർപ്പുകളുടെ സുഖശീതളിമയും സൂക്ഷ്മകാലാവസ്ഥയും സസ്യജന്തുജാലങ്ങൾക്ക് പ്രദാനം ചെയ്യുന്നു. കാവിനോടനുബന്ധിച്ച കുളങ്ങളും നീർച്ചാലുകളും വറ്റാത്ത ജലസ്രോതസ്സുകളാണ്. കാവിലെ ഉയർന്ന ജൈവാംശം അലിഞ്ഞിറങ്ങി സമീപകൃഷിയിടങ്ങളെ ഫലഭൂയിഷ്ഠമാക്കുന്നു.

പഞ്ചായത്തു പ്രദേശത്തെ കാവുകളുടെ എണ്ണത്തിലും വിസ്തൃതിയിലും അതിഭീമമായ കുറവാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. കാവിലെ ദൈവസാന്നിദ്ധ്യം ആവാഹിച്ച് മാറ്റാമെന്നും അങ്ങനെ അവ വെട്ടിത്തെളിയ്ക്കാമെന്നുള്ള സ്ഥിതിവിശേഷം വന്നതോടുകൂടി കാവുകൾ ക്ഷേത്രങ്ങളായോ പൊതുസ്ഥലങ്ങളായോ കൃഷി ഇടങ്ങളായോമാറ്റപ്പെ

ടുന്നു പ്രകൃതി സംരക്ഷണാതിഷ്ഠിതമായ ഗ്രാമദേവതാ സങ്കൽപത്തെ പുതിയതലമുറഉൾക്കൊള്ളുന്നില്ല എന്നതും ഒരു കാരണമാണ്. ഇന്നു നിലവിലുള്ളത് ആകെ 64 ചെറുകാവുകൾ മാത്രം.

കാവുകളുടെ നാശത്തോടുകൂടി കാവുകൾ നിലനിർത്തിയിരുന്ന മരങ്ങളും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. പാല, ഇലഞ്ഞി, നീർമരുത്, നാല്പാമരങ്ങൾ, വേങ്ങ, കാര തുടങ്ങിയവ ഏതാണ്ട് അപ്രത്യക്ഷമായി എന്നുതന്നെ പറയാം. കാവുകളിൽ പടർന്ന് കയറിയിരുന്ന ചുണ്ണാമ്പു വള്ളി, ആനത്തൂടലി, കാക്കക്കൊടി, പെരും കുരുമ്പ തുടങ്ങിയ വള്ളികളും അന്യംനിന്നു തുടങ്ങി. ചെറുകാര, കട്ടാര, കൊട്ടങ്ങ, കൊട്ട, പൊൻകൊട്ട, കൺകദളി, ശിവഅരുളി, കദളി, കാട്ടുചെത്തി മുതലായി കാവുകളുടെ അടിക്കാടുകളായിരുന്ന കുറ്റിച്ചെടികളും പൂർണ്ണമായി ഇല്ലാതായിക്കൊണ്ടിരിക്കുന്നു. മുൻകാലങ്ങളിൽ ധാരാളമായി ഉണ്ടായിരുന്ന പൈൻ, നെല്ലി, മഞ്ചാടി, ആറ്റുവഞ്ചി, അശോകം തുടങ്ങിയ മരങ്ങൾ ഇപ്പോൾ അത്യപൂർവ്വമാണ്. സസ്യവൈവിധ്യങ്ങളുടെ ഈ ഉന്മൂലനം അതിനെ ആശ്രയിച്ചുകഴിയുന്ന ജീവജാലങ്ങളുടെ അപ്രത്യക്ഷമാകലിനും കാരണമായി.

പക്ഷികളുടെ എണ്ണത്തിലും സാരമായകുറവു വന്നിട്ടുണ്ട്. നാട്ടിൻ പുറത്ത് സർവ്വസാധാരണമായിരുന്ന പല പക്ഷികളേയും ഇപ്പോൾ കാണാനില്ല. കുറ്റിക്കാടുകളേയും വള്ളിപ്പടർപ്പുകളേയും ആശ്രയിച്ചു കഴിയുന്നവയുടെ എണ്ണത്തിലെ കുറവ് വളരെ ശ്രദ്ധേയമാണ്. വെരുക്, കുറുക്കൻ തുടങ്ങിയ ചെറുമൃഗങ്ങൾ ഉന്മൂലനം ചെയ്യപ്പെട്ടു. വൻതോതിലുണ്ടായിരുന്ന ഗരുഡൻ, പരുന്ത്, കൃഷ്ണപരുന്ത് തുടങ്ങിയവയുടെ എണ്ണത്തിലും സാരമായ കുറവുണ്ട്. നമ്മുടെ പാടശേഖരങ്ങളിൽ ഓരോ കൃഷിക്കും ഉദ്ദേശം 744.5 ടൺ രാസവളങ്ങൾ ഉപയോഗിക്കപ്പെടുന്നു. ആവശ്യാനുസരണം പാടശേഖരങ്ങളിലേയ്ക്ക് വെള്ളം കയറ്റുകയും ഇറക്കുകയും ചെയ്യുമ്പോൾ ഇതിൽ നല്ലൊരു ഭാഗം വെള്ളത്തിൽ ലയിച്ച് തോടുകളിൽ എത്തുന്നു. ജലത്തിന്റെ അമിതപോഷണത്തിനും കളകളുടെ സമൃദ്ധമായ വളർച്ചയ്ക്കും ഇത് വഴിയൊരുക്കുന്നു. കീടനാശിനികളുടേയും കളനാശിനികളുടെയും ഉപയോഗമാകട്ടെ യഥാക്രമം 600 ലിറ്ററും 2975 കിലോഗ്രാമും വരും വളരെക്കാലം മണ്ണിൽ നിലനില്ക്കുന്നതും തരിരൂപത്തിലുള്ളതുമായ കീടനാശിനികൾവരെ ഉപയോഗപ്പെടുത്തുന്നു. അമിതമായ കീടനാശിനിപ്രയോഗം വരുത്തിവച്ചിട്ടുള്ള ദുരന്തങ്ങൾ നിരവധിയാണ്. ഏതു ജീവികളുടേയും എണ്ണം ക്രമാതീതമാകാതെ നിലനിർത്തുന്നത് പരിസ്ഥിതിയാണ്. അമിത വിഷപ്രയോഗം മിത്രകീടങ്ങളുടെ ഉന്മൂലനം നടത്തിയിരിക്കുന്നു. ചുറ്റുപാടിലെ ശത്രു-മിത്ര കീടങ്ങളുടെ തുലനം തകിടം മറിഞ്ഞു. ശത്രുകീടങ്ങളാവട്ടെ കീടനാശിനികൾക്കെതിരെ പ്രതിരോധശേഷി ആർജ്ജിക്കുകയും ചെയ്യുന്നു. ശത്രു-മിത്ര കീടങ്ങളുടെ തുലനാവസ്ഥ അമിത കീടനാശിനി പ്രയോഗംമൂലം നഷ്ടപ്പെടുകവഴി പാടങ്ങളുടെ നൈസർഗ്ഗികമായ പ്രതിരോധ ശേഷി പൂർണ്ണമായും ഇല്ലാതായി. കീടങ്ങൾക്ക് വളരെകുറച്ചു സമയം കൊണ്ട് വളരെയധികം പ്രദേശത്ത് വളർന്നു പെരുകുവാനും അപ്രധാനങ്ങളായിരുന്ന പല കീടങ്ങൾക്കും നാശനഷ്ടങ്ങൾ ഉണ്ടാക്കിവയ്ക്കുവാൻ ശേഷിയുള്ള പ്രധാന കീടങ്ങളായി മാറുവാനും കഴിഞ്ഞു ഈ പ്രതിസന്ധി പരിഹരിക്കുവാൻ കർഷകർ വീണ്ടും സ്വീകരിക്കുന്ന മാർഗ്ഗം കൂടുതൽ അളവിൽ കീടനാശിനി പ്രയോഗിക്കുക എന്നതുമാത്രമാണ്. റബ്ബർപോലുള്ള വാണിജ്യ-വൃക്ഷവിളകൾക്ക് ശുപാർശ ചെയ്യപ്പെടുന്ന കൊടും വിഷങ്ങൾവരെ നെൽപാടങ്ങളിൽ പ്രയോഗിക്കുന്നു. ഫലത്തിൽ പാടശേഖരങ്ങളിലെ കൃഷി രാസവളം, കീടനാശിനി, കളനാശിനി എന്നിവയുടെ മിശ്രിതത്തിലെ കൃഷിയായിരിയ്ക്കുന്നു.

ചെടികൾ ഉപയോഗിക്കപ്പെടാതെ വെള്ളത്തിൽ കലർന്ന് ജലാശയങ്ങളിലേക്കെത്തിച്ചേരുന്ന ഈ മാലിന്യങ്ങൾ പുറമേയുള്ള പരിസ്ഥിതിയേയും ആകെ തകിടംമറിക്കുന്നു. ഈ ജലം മനുഷ്യരും കന്നുകാലികളും കുടിക്കുവാനും കുളിക്കുവാനും ഉപയോഗപ്പെടുത്തുന്നു. ചെറിയ ജലജീവികൾ പലതും പാടേ അപ്രത്യക്ഷ്യമായിട്ടുണ്ട്. ജലാശയങ്ങളിൽ സുലഭമായിരുന്ന പല മത്സ്യങ്ങളും തീരെ ഇല്ലാതായി. **മഞ്ഞക്കൂരി**, കോല, പൂഞ്ഞാൻ, ഊപ്പ തുടങ്ങിയവ **അപ്രത്യക്ഷ**മായിക്കഴിഞ്ഞു. (പൂഞ്ഞാൻ പ്രതിദിനം 270 കൊതുകൂലാർവകളെവരെ തിന്നു നശിപ്പിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.)

അടുത്തകാലത്തുണ്ടായ മത്സ്യരോഗത്തിന്റെ യാഥാർത്ഥകാരണം വെളിയിൽ വന്നിട്ടില്ലെങ്കിലും ജലമലിനീകരണത്തിന് ഈ കാര്യത്തിലുള്ള പങ്ക് അനിഷേദ്ധ്യമാണ്. നീർക്കോലി, ആമ എന്നിവ വൻതോതിൽ ചത്തൊടുങ്ങുകയും എണ്ണത്തിൽ കുറയുകയും ചെയ്തു.

കടലാക്രമണം തുടരെയുണ്ടാകുന്ന ഒരു ദുരന്തമാണ്. നമ്മുടെ പഞ്ചായത്തിന്റെ തീരപ്രദേശം

പൂർണ്ണമായി കല്ലുകെട്ടി സംരക്ഷിച്ചിട്ടുണ്ട്. എന്നാൽ കടൽ ഭിത്തിയുടെ പടിഞ്ഞാറുവശം കരതെളിയുന്ന ഭാഗങ്ങളൊക്കെ കൈയ്യേറപ്പെടുന്നു. തന്മൂലം ഓരോ കടലാക്രമണത്തിലും വളരെയധികം നാശനഷ്ടങ്ങളും ഉണ്ടാകുന്നുണ്ട് തീരത്ത് വച്ചു പിടിപ്പിച്ച മരങ്ങൾ കൂടി കൈയ്യേറ്റത്തിൽ നഷ്ടപ്പെടുന്നു. അനധികൃത കൈയ്യേറ്റം കടൽഭിത്തിക്കു പടിഞ്ഞാറുവശം ചേരി വല്ക്കരണം പൂർത്തിയാക്കുകയും അത് പലവിധ സാമൂഹ്യപ്രശ്നങ്ങൾക്കും വഴിവയ്ക്കുകയും ചെയ്യും.

മത്സ്യസമ്പത്തിന്റെ അപകടകരമായ ചൂഷണം വിവിധ മത്സ്യങ്ങൾ തമ്മിലുള്ള തുലനാവസ്ഥയേയും തകിടം മറിക്കുന്നു. മുറിവള്ളം, ട്രോളർ, യന്ത്രവൽകൃത ബോട്ടുകൾ, കണ്ണിയകലം കുറഞ്ഞ അടക്കം കൊല്ലി വലകൾ എന്നിവയുപയോഗിച്ച് പ്രജനനകാലത്തുപോലും മത്സ്യചൂഷണം നടത്തുകവഴി പലമത്സ്യങ്ങളുടേയും നിലനില്പ് അപകടത്തിലാക്കുന്നു. ഔട്ട് ബോർഡ് എഞ്ചിനുകളും മറ്റും വ്യാപകമായതോടെ മാലിന്യവും മറ്റും വർദ്ധിച്ചു. നമ്മുടെ മത്സ്യസമ്പത്ത് സംരക്ഷിക്കുവാനുള്ള അടിയന്തിരശ്രമങ്ങൾ ഉണ്ടായേ പറ്റൂ.

സാദ്ധ്യതകൾ

1. വികസന പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുമ്പോൾ പരിസ്ഥിതിക്ക് മുന്തിയ പരിഗണന നല്കുക.
2. കാവുകളെക്കുറിച്ചും കാവുകളുടെ പ്രാധാന്യത്തെകുറിച്ചും ബോധവല്ക്കരണം നടത്തുക.
3. നിലവിലുള്ള കാവുകളെ ജനപങ്കാളിത്തത്തോടെ അഭിവൃദ്ധിപ്പെടുത്തുക.
4. കാവുകളോടനുബന്ധിച്ച നാടൻ കലകളെ പ്രോത്സാഹിപ്പിക്കുക.
5. സാമൂഹ്യ വനവല്ക്കരണ പരിപാടിയിൽ നാടൻ വൃക്ഷങ്ങൾ മാത്രം ഉൾപ്പെടുത്തുക.
6. ജൈവ വളപ്രയോഗം പ്രോത്സാഹിപ്പിക്കുകയും ജൈവവള നിർമ്മാണ കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്യുക.
7. കീടനാശിനികളുടെ വിപത്തിനെക്കുറിച്ച് ബോധവല്ക്കരണം നടത്തുക.
8. ജൈവ കീടനാശിനികൾക്ക് പ്രചാരം നല്കുക, മിത്രകീടങ്ങളെ കൂടുതൽ പ്രചരിപ്പിക്കുക
9. നാടൻ മത്സ്യങ്ങളുടെ പ്രജനനശാലകൾ തുടങ്ങുക.
10. പരിസ്ഥിതിയെക്കുറിച്ചും ജൈവവൈവിദ്ധ്യങ്ങളുടെ പരസ്പരബന്ധത്തെക്കുറിച്ചും അവബോധം വളർത്തുക



# കൃഷിയും ജലസേചനവും

പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളും കൃഷിയേയും അനുബന്ധ പ്രവർത്തനങ്ങളേയും ആശ്രയിച്ചു ജീവിക്കുന്നു. നെല്ലാണ് പ്രധാന കൃഷി. തെങ്ങ്, വാഴ, കമുക്, പച്ചക്കറികൾ തുടങ്ങിയവയും കൃഷിചെയ്തുവരുന്നു.



## കാർഷിക ചരിത്രം

പുറക്കാട് ഗ്രാമപഞ്ചായത്തിലെ പാടശേഖരങ്ങൾ 'കരിനില'ങ്ങളിൽ പെടുന്നു. ഇവിടെ കൃഷി തുടങ്ങിയിട്ട് 91 വർഷങ്ങളേ ആയിട്ടുള്ളൂ. 1940 വരെ ഒന്നിടവിട്ട വർഷങ്ങളിലേ നെൽകൃഷി ചെയ്തിരുന്നുള്ളൂ. പഴനില കൃഷി എന്നാണ് ഈ കൃഷിരീതി അറിയപ്പെട്ടിരുന്നത്. ഇരുപതുമാസത്തോളം വെള്ളത്തിനടിയിൽ തരിശായി കിടക്കുന്നതുമൂലം കൃഷിസമയത്ത് മണ്ണ് നല്ല വളക്കൂറുള്ളതായി തീരുന്നതും അമ്ലരസം കുറയുന്നതുമായിരുന്നു ഈ രീതി തുടരുവാൻ പ്രേരിപ്പിച്ചിരുന്നത്. 1939-ൽ 2-ാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടതോടുകൂടി രൂക്ഷമായ ഭക്ഷ്യക്ഷാമം ഉണ്ടായി. ഈ ചുറ്റുപാടിൽ പഴനില കൃഷി പോരെന്നും വർഷാവർഷാകൃഷി ചെയ്യണമെന്നും നിയമം വന്നു. ആരംഭകാലം മുതലേ ചക്രങ്ങൾ വച്ച് ചവുട്ടി പാടശേഖരങ്ങളിലെ വെള്ളം വറ്റിച്ചാണ് കൃഷി ചെയ്തിരുന്നത്. ഒന്നാം ലോകമഹായുദ്ധകാലത്ത് ശ്രീ. ജോർജ് ബ്രണ്ടൻ എന്ന ബ്രിട്ടീഷ് എൻജിനീയർ മണ്ണെണ്ണകൊണ്ട് പ്രവർത്തിക്കുന്ന ഏതാനും എൻജിനുകൾ ഇംഗ്ലണ്ടിൽ നിന്നുകൊണ്ടുവന്ന് അതിനോട് പെട്ടിയും പറയും സംവിധാനം ചെയ്ത് കോൺട്രാക്റ്റ് വ്യവസ്ഥയിൽ വെള്ളം വറ്റിച്ചുകൊടുക്കുന്ന ഏർപ്പാട് ആരംഭിച്ചിരുന്നു.

കൊല്ലംതോറും കൃഷി ചെയ്യുന്നതിന് പ്രചോദനമായും നെൽകൃഷിയക്ക് കർഷകരെ പ്രേരിപ്പിക്കുവാനും വെള്ളം വറ്റിക്കുന്ന ചെലവിന്റെ നാലിലൊന്ന് സർക്കാർ സഹായമായി നല്കുന്നതിന് ഏർപ്പാടുണ്ടായി. പമ്പിംഗ് സബ്സിഡി എന്നപേരിൽ അത് ഇന്നും തുടരുന്നു.

കുട്ടനാട് പ്രദേശത്തെ വെള്ളപ്പൊക്കത്തിന് സ്ഥായിയായ പരിഹാരം കാണണമെന്ന് 1934 മുതൽക്കേ തിരുവിതാംകൂർ സർക്കാർ ആലോചിക്കുന്നുണ്ടായിരുന്നു. 1937-ൽ സർക്കാർ നിയോഗിച്ച രണ്ട് ഇറ്റാലിയൻ എൻജിനീയർമാർ ആര്യാട് ഭാഗത്ത് വേമ്പനാട്ടു കായലിൽ നിന്നും കടലിലേക്ക് വെള്ളം ഒഴുകിപ്പോകുവാൻ ഒരു ചാല് കീറണമെന്ന് നിർദ്ദേശിച്ചു. 1939-ൽ തോട്ടപ്പള്ളിയിൽ ഒരു സ്പിൽവേ സ്ഥാപിക്കണമെന്ന് ജലസേചന വകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയറായിരുന്ന ശ്രീ ഐ സി. ചാക്കോ നിർദ്ദേശം വച്ചു. 1951-ൽ 40ഷട്ടറുകളുള്ള സ്പിൽവേയുടെ പണി ആരംഭിക്കുകയും 1955-ൽ 5582000 രൂപ ചെലവിൽ പൂർത്തിയാക്കുകയും ചെയ്തു. സ്പിൽവേ തോടിന്റെ നീളം 43000 അടിയും വീതി 1200 അടിയുമാണ്. കാലവർഷം പാരമ്യത്തിലെത്തുന്ന ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ സെക്കന്റിൽ 57600 ഘനമീറ്റർ ജലം ഇവിടെ ഒഴുകിയെത്തുന്നു. സ്പിൽവേ വഴി ഏകദേശം 19500 ഘനമീറ്റർ വെള്ളം സെക്കന്റിൽ ഒഴുക്കാമെന്നാണ് കരുതിയിരുന്നത്. എന്നാൽ സ്പിൽവേ തുറന്നപ്പോൾ സെക്കന്റിൽ ഏതാണ്ട് 5000 ഘനമീറ്റർ വെള്ളം മാത്രമേ കടലിലേയ്ക്കു ഒഴുകിയുള്ളു. അതുലം സ്പിൽവേയുടെ

നിർമ്മാണംകൊണ്ട് കുട്ടനാട്ടിലെ വെള്ളപ്പൊക്കത്തിന കാര്യമായ പരിഹാരം ഉണ്ടായില്ല.

പഞ്ചായത്തിലെ മുഖ്യകൃഷി നെല്ലാണ് കരിനിലങ്ങളെന്നറിയപ്പെടുന്ന പഞ്ചായത്തിലെ പാടശേഖരങ്ങൾ സമുദ്രനിരപ്പിൽനിന്നും 0.6 മുതൽ 2.2 മീറ്റർ വരെ താഴെയാണ്. കൃഷിയില്ലാത്ത സമയങ്ങളിൽ പാടശേഖരങ്ങൾ അത്രയും ജലം നിറഞ്ഞുകിടക്കുകയാണ്. കൃഷി ചെയ്യണമെങ്കിൽ പുറം ബണ്ടുകൾ കേടുപാടുകൾ തീർത്ത് ബലപ്പെടുത്തി വെള്ളം വറ്റിച്ച് കൃഷിയിടം ഒരുക്കണം. ഈ പ്രദേശത്ത് മണ്ണിനടിയിൽ പണ്ടുകാലത്തെ മരങ്ങളുടെ ജീർണ്ണാവശിഷ്ടങ്ങൾ ധാരളം ഉള്ളതിനാൽ വയലിലെ മണ്ണിന് ശരിയായ അമ്ലരസമുണ്ട്. ഇത് നിർവ്വീര്യമാക്കുവാൻ മണ്ണിൽ നീറ്റുകക്ക ചേർക്കേണ്ടിവരുന്നു. ഈവിധ പ്രവർത്തനങ്ങൾ മറ്റ് പ്രദേശങ്ങളിലെ കൃഷിയെ അപേക്ഷിച്ച് ഇവിടത്തെ കൃഷി ചെലവ് 40% അധികമാക്കുന്നു.

പാർപ്പിടങ്ങളോടനുബന്ധിച്ച പുരയിടങ്ങളിൽ തെങ്ങു കൃഷി ധാരാളമായി ഉണ്ട്. കടൽ തീരത്തോടടുത്ത മണൽപ്രദേശത്തും വയലുകളോടനുബന്ധിച്ച ചിറകളിലും തെങ്ങ് സമൃദ്ധിയായി വളരുന്നു. തെങ്ങിൻ പുരയിടങ്ങളിലെ ഇടവിളകളായി നെല്ലൊഴിച്ചുള്ള മറ്റെല്ലാകൃഷികളും ചെയ്തുവരുന്നു. എല്ലാ നിലങ്ങളിലും അധികം കൃഷി ചെയ്യുന്നതിനും ഉല്പാദനക്ഷമതവർദ്ധിപ്പിക്കുന്നതിനും നിരവധി പ്രശ്നങ്ങൾ പരിഹരിയ്ക്കപ്പെടേണ്ടതുണ്ട്.

കരിനിലത്തിൽ കൃഷിചെയ്യുന്നതിന് മണ്ണിന്റെ സ്വാഭാവിക അമ്ലത കുറയ്ക്കേണ്ടതുണ്ട്. ഇത് കുറയ്ക്കുന്നതിന് നീറ്റുകക്കയും, ഡോളോമൈറ്റ് എന്ന രാസവസ്തുവുമാണ് ഉപയോഗിച്ചുവരുന്നത്. ഏക്കറിന് രണ്ടു തവണയായി 200 കി. ഗ്രാം. നിറ്റുകക്ക ഉപയോഗിച്ചുവരുന്നു. മഴക്കാലത്ത് മണ്ണിലെ അമ്ലത കുറയുമ്പോഴാണ് കൃഷി ഇറക്കുക, നിറ്റുകക്കയുടെ വിലക്കൂടുതലും കൃഷിചിലവ് കുറയ്ക്കവാനുള്ള കർഷകരുടെ ത്വരയും ആവശ്യമായ അമ്ലതാനിയന്ത്രണത്തെ പ്രതികൂലമായി ബാധിക്കാറുണ്ട്. ഇത് ഉല്പാദനക്ഷമതകുറയ്ക്കുന്നു. പാടശേഖരങ്ങൾക്കുള്ളിലെ ചാലുകളും തോടുകളും ഊളയും പായലും നിറഞ്ഞ് പുല്ലുകൾ വളർന്ന് ജലസംഭരണശേഷി കുറഞ്ഞിട്ടുണ്ട്. തോടുകളുടെ ആഴവും വീതിയും കൂട്ടുകയും കാലകാലങ്ങളിൽ ഊളവാരി മാറ്റുകയും ചെയ്താൽ പാടശേഖരത്തെ അമ്ലത കലർന്ന നീർവാർച്ച ഈ തോടുകളിലേയ്ക്ക് ഉണ്ടാകുകയും നിലത്തിന്റെ ഉല്പാദനശേഷി വർദ്ധിക്കുകയും ചെയ്യും. ആകെയുള്ള പാടശേഖരത്തിന്റെ വളരെകുറച്ചുസ്ഥലത്തുമാത്രമേ രണ്ടു കൃഷിചെയ്യുന്നുള്ളു. ബഹുഭൂരിഭാഗം വരുന്ന പാടശേഖരങ്ങൾ ഒരു കൃഷിയ്ക്കുശേഷം തരിശായി കിടക്കുന്നു

പുറംബണ്ട് നിർമ്മാണത്തിനും സംരക്ഷണത്തിനുമായി ഭീമമായ തുക സർക്കാർ ഏജൻസികളും കർഷകരും ചിലവഴിക്കുന്നുണ്ട്. വളരെ നീളമുള്ള പുറംബണ്ടിന്റെ ഒരു ഭാഗം മാത്രം ചെളിയിട്ട് ഉയർത്തുക എന്ന പ്രവൃത്തിയാണ് സാധരണയായി ഏറ്റെടുക്കാറ്. ബണ്ടിന്റെ ബഹുഭൂരിപക്ഷം വരുന്ന ഭാഗത്തെ പ്രവൃത്തികൾ ഏറ്റെടുക്കാറില്ല. തന്മൂലം ചുരുങ്ങിയ സമയങ്ങളിൽ നന്നാക്കിയ ഭാഗംകൂടി നഷ്ടപ്പെടുകയും ഇതിനുവേണ്ടി ചെലവാക്കിയ മുഴുവൻ തുകയും പാഴാകുകയും ചെയ്യുന്നു. ബണ്ടു നിർമ്മാണത്തിന് അനുവദിക്കുന്ന മുഴുവൻ തുകയും ബണ്ട് കല്ലുകെട്ടി സംരക്ഷിക്കുന്ന പ്രവൃത്തികൾക്ക് അനുവദിച്ചാൽ മാത്രമേ ബണ്ടുനിർമ്മാണത്തിലെ പാഴ്ചിലവ് ഒഴിവാക്കുവാൻ കഴിയു.

ഓരോകൃഷിക്കുവേണ്ടിയും വെള്ളം പമ്പു ചെയ്തുകളയുന്നതിനുള്ള ചുമതല ലേലത്തിനു നൽകുകയാണ് ചെയ്യുന്നത്. ലേലത്തിൽ നിശ്ചയിക്കുന്നതുകൂടാതെ കർഷകരും ഒരു തുക നൽകേണ്ടതുണ്ട്. ലേലക്കാരൻ വാടകയ്ക്കു ലഭിക്കുന്ന പമ്പ് സ്ഥാപിച്ച് വെള്ളംവറ്റിക്കുന്നതുവരെ പാടശേഖരത്തെ എല്ലാ കർഷകരും കൃഷിപ്പണിക്കു കാത്തുനില്ക്കേണ്ടിവരുന്നു. ഓരോ കൃഷികഴിയുമ്പോഴും അടുത്ത ലേലം നിശ്ചയിച്ചു നൽകി പ്രവർത്തനം തുടങ്ങുന്നതുവരെ കൃഷിപ്പണി നടത്തുവാനും നിർവ്വാഹമില്ല. പമ്പിംഗ് സബ്സിഡി നൽകൽ വർഷങ്ങളോളം താമസിക്കാറുള്ളതിനാൽ ലേലക്കാരൻ പമ്പിംഗിന് ആത്മാർത്ഥത കാണിക്കാറില്ല. പമ്പിങ്ങിനായി വൈദ്യുതി ബോർഡ് താല്ക്കാലിക കണക്ഷനാണ് നൽകുക. ഓരോ പാടശേഖരത്തിനും പമ്പിംഗ് സബ്സിഡി ഇനത്തിലും, ഈ ഇനത്തിലുള്ള കർഷകരുടെ വിഹിതമായും നാലോ അഞ്ചോ വർഷം ചെലവഴിക്കപ്പെടുന്ന തുക മതിയാകും പാടശേഖരങ്ങൾക്ക് സ്വന്തമായി മോട്ടോർ തറകൾ നിർമ്മിക്കുന്നതിന്. ഇത്തരം തറകൾക്ക് സ്ഥിരമായി വൈദ്യുതി കണക്ഷൻ ലഭ്യമാക്കുവാനും കഴിയും. പമ്പിംഗ് സംവിധാനം സ്വന്തമാകുന്നതോടുകൂടി ഏതു സമയത്തും പാടശേഖരം കൃഷിക്ക് ഉപയുക്തമാക്കുവാൻ കഴിയുന്നതും ഇരുപ്പൂകൃഷിക്കോ ഇടവിളകൾക്കോ ഉള്ള സാദ്ധ്യത തെളിയുന്നതുമാണ്

പാടങ്ങളിൽ നിന്ന് തോടുകളിലേയ്ക്ക് ഒഴുക്കി വിടുന്ന ജലത്തിൽ അമ്ലതവളരെ കൂടുതലായിരിക്കും. ജലസേചനത്തിനും നിർഗ്ഗമനത്തിനും പ്രത്യേകം തോടുകളില്ലാത്തതിനാൽ ഈ ജലം തന്നെ വീണ്ടും പാടങ്ങളിലേയ്ക്ക് കയറ്റേണ്ടി വരുന്നത് കൃഷിയെ സാരമായി ബാധിക്കുന്നു.

പാടങ്ങളിൽ പ്രതിവർഷം ഉദ്ദേശം 7400 ടൺ രാസവളങ്ങൾ ഉപയോഗിക്കുന്നതായി കണക്കാക്കപ്പെടുന്നു. ജൈവവളങ്ങളുടെ പ്രയോഗത്തിന്റെ സാദ്ധ്യതകൾ പരിഗണിക്കപ്പെടുന്നതേയില്ല. ഹെക്ടറിന് 2.5ടണ്ണോളം ജൈവവളം പ്രയോഗിക്കാതെ മണ്ണിന്റെ ഗുണമേന്മ നിലനിർത്തുവാൻ കഴിയില്ല എന്ന വസ്തുത നിലനില്ക്കെ പതിറ്റാണ്ടിലധികമായി ജൈവവളങ്ങൾ പ്രയോഗിച്ചിട്ടില്ലാത്ത പാടശേഖരങ്ങളാണ് നമുക്കുള്ളത്. ജൈവവള ദൗർലഭ്യവും, വളരെ വിസ്തൃതമായ പാട ശേഖരങ്ങൾക്കുള്ളിൽ ഇത് എത്തിക്കുവാൻ വേണ്ടി വരുന്ന ചിലവും കർഷകരെ രസവളം ഉപയോഗിക്കുവാൻ നിർബന്ധിതരാക്കുന്നു. ജൈവ വളങ്ങളിൽ ലഭ്യമായത് ചാണകം മാത്രമാണ്. ഇത് നേരിട്ട് വയലുകളിൽ ഉപയോഗിക്കുമ്പോൾ കളകൾ വർദ്ധിക്കാൻ കാരണമാകും. ചാണകവും പച്ചിലയും മറ്റ് ജൈവാവശിഷ്ടങ്ങളും ഉപയോഗിച്ച് കമ്പോസ്റ്റ് നിർമ്മിക്കുവാനുള്ള പദ്ധതികൾ നമ്മുടെ പ്രദേശത്ത് നിലവിലില്ല. കൂടാതെ ജൈവവളം പാടശേഖരത്ത് എത്തിക്കുന്നതിനുള്ള ഗതാഗതസൗകര്യങ്ങൾ പര്യാപ്തമല്ല. രാസവളങ്ങളെമാത്രം അടിസ്ഥാനമാക്കി കൃഷി ചെയ്യുന്നത് മണ്ണിന്റെ ഉത്പാദനക്ഷമത മോശമാക്കിയിട്ടുണ്ട്. രാസവളങ്ങളുടെ അമിതപ്രയോഗം ജലത്തിന്റെ പോഷണം വർദ്ധിപ്പിച്ച് കളകളുടെ വളർച്ചയ്ക്ക് സഹായകമാകാറുണ്ട്.

കീടനാശിനികൾ, കളനാശിനികൾ, കുമിൾ നാശിനി, എലിവിഷം തുടങ്ങിയ രാസവസ്തുക്കളുടെ ഉപയോഗം മാത്രമാണ് വിള സംരക്ഷണത്തിനായി കർഷകർ പ്രയോഗിക്കുന്നത്. കീടനാശിനി കമ്പനികളുടെ വിപണനതന്ത്രങ്ങളും അമിത ഉപയോഗത്തിന് കർഷകരെ പ്രേരിപ്പിക്കുന്നു.

ഇവിടുത്തെ നെൽകൃഷിയെ ബാധിക്കുന്ന പ്രധാനകീടങ്ങൾ, തണ്ടുതുരപ്പൻ പുഴു, ഗാളീച്ച മുഞ്ഞ, ഓലചുരുട്ടിപുഴു, കുഴൽ പുഴു, ചാഴി, കാരവണ്ട്, കതിർവെട്ടി പുഴു തുടങ്ങിയവയാണ്. കുലവാട്ടം, പോളരോഗം, പുള്ളികുത്ത്, രോഗം പോളകരിച്ചിൽ, കുഴൽരോഗം, ഇലകരിച്ചിൽ, തുംഗ്രു തുടങ്ങിയവ നെൽച്ചെടിയെ ബാധിക്കുന്ന പ്രധാനരോഗങ്ങളാണ്. പാടശേഖരങ്ങളിലെ പ്രധാന കളകൾ കവട, വരിനെല്ല്, പടർപ്പൻ പുല്ല്, മുത്തങ്ങ, കോരപ്പുല്ല്, മുട്ടിപ്പുല്ല്, കണ്ടത്തിൽ കാന്താരി, കരിംകുവളം നാഗപ്പോള തുടങ്ങിയവയാണ്. കീടനാശിനികളുടെ പ്രയോഗം നാൾക്കുനാൾ വർദ്ധിച്ചിട്ടും രോഗനിയന്ത്രണ സാധ്യമാകുന്നില്ല. ഉപയോഗിക്കുന്ന രാസവസ്തുക്കൾക്കെതിരെ കീടങ്ങൾ പ്രതിരോധ ശേഷി ആർജിക്കുന്നു. പല അപ്രധാന കീടങ്ങളും പ്രധാനകീടങ്ങളായി നാശനഷ്ടം വരുത്തിവെയ്ക്കുന്ന അവസ്ഥയും ഉണ്ട്. അനിയന്ത്രിതമായ രാസവസ്തു പ്രയോഗം മിത്രകീടങ്ങളുടെ നാശത്തിന് കാരണമായി തീരുകയും ചെയ്തു. ജൈവകീടനാശിനികളുടെ പ്രയോഗം നിലവിലില്ല. മണ്ണിനും കാലാവസ്ഥയ്ക്കും യോജിച്ച പ്രതിരോധശക്തിയുള്ള വിത്തുകളുടെ ദൗർലഭ്യം ഏറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. അത് അത്യുൽപാദനശേഷി ഉണ്ടെന്ന പേരിൽ അവതരിപ്പിക്കപ്പെടുന്ന വിത്തുകൾ കീടരോഗബാധകൾക്ക് വേഗം വിധേയമാകുന്നതായി കാണാം. പ്രദേശത്തിന് യോജിച്ച നാടൻ വിത്തിനങ്ങൾ ഇന്ന് അപ്രത്യക്ഷമായിരിക്കയാണ്.

ആവശ്യത്തിന് തൊഴിലാളികളെ കിട്ടാത്തത് ഒരു പ്രശ്നമാണ്. പ്രത്യേകിച്ച് എല്ലാ ഭാഗത്തും ഒരേ സമയത്ത് കൃഷിയിറക്കുമ്പോൾ. മുൻകാലങ്ങളിൽ ഓര്, ജലലഭ്യത എന്നിവയ്ക്കനുസരിച്ച് വിവിധ പാടശേഖരങ്ങളിൽ വ്യത്യസ്തസമയങ്ങളിലാണ് കൃഷിയിറക്കിയിരുന്നത്. അതുകൊണ്ട് കർഷകതൊഴിലാളികളുടെ ആവശ്യം ഓരോ പ്രദേശത്തും വിവിധ സമയങ്ങളിൽ ആയിരുന്നു. എന്നാൽ റഗുലേറ്റർ വന്നതോടെ ഒരു ക്ലിപ്തകാലയളവിൽ എല്ലായിടത്തും കൃഷി ഇറക്കുന്ന രീതി വന്നു. ഇത് തൊഴിലാളികളുടെ ആവശ്യവും ഒരു ക്ലിപ്തസമയത്താക്കി. ആധുനിക വിത്തിനങ്ങളുടെ വ്യാപനത്തോടെ വിവിധ വിത്തിനങ്ങൾ ഉപയോഗിക്കുന്ന രീതി അപ്രത്യക്ഷമാവുകയും വിളവെടുപ്പ് എല്ലായിടത്തും ഒരുപോലെയാവുകയും ചെയ്തത് തൊഴിലാളികളുടെ ദൗർലഭ്യത്തിന് കാരണമായി. മറ്റുമേഖലകളെ അപേക്ഷിച്ച് കാർഷികമേഖലയിലുള്ള അദ്ധ്വാന കൂടുതലും കുറഞ്ഞ കൂലിനിരക്കും ഈ രംഗത്തെ അനാകർഷകമാക്കുന്നു. ജാതീയമായ തൊഴിൽ വിഭജന രീതി അവസാനിച്ചതോടെ കാർഷിക രംഗത്ത് നിന്ന് തൊഴിലാളികൾ ഇതരരംഗത്ത് തൊഴിൽ തേടി പോയി. എന്നാൽ ഇതു പരിഹരിക്കത്തക്ക വിധത്തിൽ ഈ രംഗത്തേയ്ക്ക് മറ്റു മേഖലകളിൽ നിന്ന് തൊഴിലാളികളുടെ ഒഴുക്ക് ഉണ്ടായില്ല. വിളവെടുപ്പിന് പ്രതിഫലം നിശ്ചയിക്കുന്നത് അദ്ധ്വാനത്തിന്റെ അളവ് അനുസ

രിച്ചായതിനാൽ ഉൽപാദനക്ഷമത കുറഞ്ഞ പാടശേഖരങ്ങളിൽ തൊഴിലാളികളെ കിട്ടാത്ത അവസ്ഥ നിലവിൽ ഉണ്ട്. ലഭ്യമായ കൃഷി ഭൂമി തരിശ് ഇടുകയും വയലുകൾ മറ്റാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതുമായ പ്രവണത കണ്ടുവരുന്നുണ്ട്. ആകെ നെൽകൃഷിചെയ്യാവുന്ന 850 ഏക്കർ ഭൂമി നമ്മുടെ പഞ്ചായത്തിൽ തരിശ് കിടക്കുന്നു. ഇതിൽ 490 ഏക്കർ വ്യക്തികളുടെ ഉടമസ്ഥതയിൽ ഉള്ളതും 360 ഏക്കറോളം സ്മൃതി വനം പദ്ധതിക്കായി സർക്കാർ ഏറ്റെടുത്തിട്ടുള്ളതുമാണ്. ലഭ്യമായ കൃഷിഭൂമിയുടെ ഗണ്യമായ ഭാഗം പാഴായി കിടക്കുന്നത് നമ്മുടെ കാർഷിക ഉത്പാദനത്തെയും പരിസ്ഥിതിയെയും സാരമായി ബാധിച്ചിട്ടുണ്ട്. പാടശേഖരങ്ങളിൽ നിന്ന് കട്ടയെടുത്ത് കൃഷിഭൂമി നഷ്ടപ്പെടുത്തുന്ന രീതിയും കർശനമായി നിയന്ത്രിക്കേണ്ടതാണ്.

### തെങ്ങ്

കരപ്രദേശം വളരെ കുറവായതിനാൽ താമസസ്ഥലത്തോടനുബന്ധിച്ച് മാത്രമാണ് തെങ്ങുകൃഷി ഉള്ളത്. വിശാലമായ തെങ്ങിൻ തോപ്പുകളോ പുരയിടങ്ങളോ വളരെ കുറവാണ്. തെങ്ങ് നടുവാൻ കാണിക്കുന്ന നൈസർഗിക വാസന തെങ്ങ് സംരക്ഷണത്തിൽ പുലർത്തുന്നില്ല. പാർപ്പിടങ്ങളോട് അനുബന്ധിച്ച് ഇനിയും വളരെ യധികം തെങ്ങുകൾ വച്ചുപിടിപ്പിക്കുവാനുള്ള സാദ്ധ്യതയുണ്ടെങ്കിലും അത് വേണ്ട രീതിയിൽ പ്രയോജനപ്പെടുത്തിയിട്ടില്ല.

തീരത്തോടടുത്ത മണൽപ്രദേശങ്ങളിലെ തെങ്ങുകൾ ഉത്പാദനക്ഷമതയിലും ഗുണമേന്മയിലും അല്പം പിന്നിലാണെങ്കിലും ഈ പ്രദേശങ്ങളിൽ രോഗാതുരത വളരെ കുറവാണ്. ഇട പ്രദേശങ്ങളിൽ ഉല്പദാന ക്ഷമത കുറവും രോഗാതുരത കൂടുതലുമാണ്. ചെളിനിറഞ്ഞ ചിറകളിലെ തെങ്ങുകൾ ഉല്പദാനക്ഷമത, ആരോഗ്യം തേങ്ങയുടെ ഗുണമേന്മ എന്നീവയിൽ മികച്ചു നിൽക്കുന്നു. രോഗാതുരത ഇല്ലെന്ന് പറയാൻ ആവില്ല.

നെൽകൃഷിക്ക് ലഭിക്കുന്ന പരിചരണം തെങ്ങിന് ലഭിക്കുന്നതായി കാണുന്നില്ല ശാസ്ത്രീയമായ വളപ്രയോഗം രോഗപ്രതിരോധ നടപടികൾ, ആധുനിക ജലസേചന സൗകര്യങ്ങൾ എന്നിവ തെങ്ങ് കൃഷിയുടെ കാര്യത്തിൽ കൂടുതൽ കാര്യക്ഷമമായി നടപ്പക്കേണ്ടതുണ്ട്.

തെങ്ങിനെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ കാറ്റുവീഴ്ച്ച, കൂമ്പു ചീയൽ, ഇലകരിയൽ, ഇലമഞ്ഞളിപ്പ് തുടങ്ങിയവയാണ്. നീർക്കെട്ടുള്ള പ്രദേശങ്ങളിൽ വേരിനും രോഗബാധ കാണുന്നു. തേങ്ങുകളെ ബാധിച്ചു കാണുന്ന പ്രധാന കീടങ്ങൾ കൊമ്പൽചെല്ലി, ചെമ്പൻചെല്ലി, തെങ്ങൊലപ്പുഴു, വേരുതീനിപുഴു, എലി എന്നിവയാണ്.

തെങ്ങുകൾക്കിടവിളയായി വാഴ കൃഷി ചെയ്യുന്നുണ്ടെങ്കിലും ഇത് വളരെ വിരളമായേ‌ഉള്ളൂ. പഞ്ചായത്ത് പ്രദേശത്ത് ഉപയോഗിക്കുന്ന വാഴപ്പഴങ്ങളിൽ ഏതാണ്ട് 98% അന്യസംസ്ഥാനങ്ങളിൽനിന്നും എത്തുന്നു. തെങ്ങുകൾക്കിടയിലെല്ലാം വാഴകൾ നടുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തിയാൽ വാഴപ്പഴത്തിന്റെ ഉല്പാദനത്തിൽ സ്വയം പര്യാപ്തത നേടുവാൻ കഴിയും.

മാവ്, പ്ലാവ്, പുളി, മുരിങ്ങ, പപ്പായ തുടങ്ങിയവ വീട്ടുവളപ്പിൽ നിന്നും വൻതോതിൽ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു മാർക്കറ്റിൽ ലഭിക്കുന്ന പച്ചക്കറികളുടെ ഉപഭോഗം ഒരു പരിധിവരെയങ്കിലും നിയന്ത്രിച്ചിരുന്ന ഈ വിളകൾ കൂടുതൽ വച്ചുപിടിപ്പിക്കുവാനുള്ള നടപടികൾ ആവശ്യമാണ്.

പച്ചക്കറികളുടെ ഉല്പാദനം നാമമാത്രമാണ്. വില്പനക്കെത്തിച്ചേരുന്ന പച്ചക്കറികളെല്ലാം മറ്റ് പ്രദേശത്ത് ഉല്പാദിപ്പിക്കുന്നവതന്നെ. പച്ചക്കറി ഉല്പാദനത്തിനുള്ള വിപുലമായ സാധ്യതകൾ ഇനിയും പ്രയോജനപ്പെടുത്തേണ്ടിയിരിക്കുന്നു.

### ജലസേചന സൗകര്യങ്ങൾ

നെൽകൃഷിയുടെ ജലസേചനം ചാലുകളെയും തോടുകളെയും ആശ്രയിച്ചിരിക്കുന്നു. പഞ്ചായത്തിലെ പാടശേഖരങ്ങൾക്കുള്ളിൽ തലങ്ങും വിലങ്ങും തോടുകളുണ്ട്. തെങ്ങ്, ഇടവിളകൾ തുടങ്ങിയവ ബഹുഭൂരിപക്ഷവും കോരിനനയെ ആശ്രയിക്കുന്നു. മോട്ടോർ പമ്പുകൾ ഉപയോഗിച്ചുള്ള ജലസേചനം കൂടുതൽ വിപുലപ്പെടുത്തേണ്ടിയിരിക്കുന്നു.

### വിപണന സൗകര്യങ്ങൾ

കാർഷികഉല്പന്നങ്ങൾ വില്പ്പന നടത്തുന്നതിന് യാതൊരു സൗകര്യവും നിലവിലില്ല. ഏകീകൃത വിപണന കേന്ദ്രത്തിന്റെ അഭാവം കാർഷികമേഖലയെ വല്ലാതെ ബുദ്ധിമുട്ടിക്കുന്നുണ്ട്. ധാന്യങ്ങൾ സംഭരിച്ചുവയ്ക്കുന്നതിനുള്ള സൗകര്യമില്ലായ്മ, വിളവെടുപ്പുസമയത്ത് കൃഷിക്കളത്തിൽ വച്ചുതന്നെ

ഉല്പന്നങ്ങൾ വിറ്റഴിക്കുവാൻ നിർബന്ധിതരാകുന്ന ഈ സാഹചര്യം പുറത്തു നിന്ന് എത്തുന്ന വ്യാപാരികൾ മുതലെടുക്കുന്നുണ്ട് ഉല്പന്നത്തിന്റെ മേൽ ഉൽപാദകനുള്ള വിലപേശൽശേഷി പൂർണ്ണമായും നഷ്ടപ്പെടുന്നു.

**കാർഷിക ബന്ധങ്ങൾ**

വൻകിട കർഷകർ ഇവിടെ വളരെ കുറവാണ് നാമമാത്ര കാർഷകരാണ് ബഹുഭൂരിപക്ഷവും മെച്ചപ്പെട്ട തൊഴിൽ ബന്ധങ്ങളാണ് നിലവിലുള്ളത് കാർഷികമേഖലയിലെ തകർച്ച കാർഷകരെയും തൊഴിലാളികളെയും ഒരുപോലെ ബാധിക്കുന്നെണ്ടെങ്കിലും ഈ പ്രതിസന്ധി മറികടക്കുവാൻ ഇരുകൂട്ടരും യോജിച്ചുകൊണ്ടുള്ള ഒരു നീക്കം ഉണ്ടായിട്ടില്ല. കാർഷിക മേഖലയുടെ നിലനിൽപ്പുതന്നെ അത്തരം ഒരു സമീപനം അനിവാര്യം ആക്കുംവിധം സന്നിഗ്ധമാണ്. കർഷകരും കർഷകത്തൊഴിലാളികളും സംഘടിതരായിരിക്കുന്നതിനാൽ ഈ കാര്യത്തിൽ കൂടുതൽ പ്രതീക്ഷയ്ക്ക് വകയുണ്ട്

കർഷകതൊഴിലാളികളുടെ കൂലി നിരക്ക് (നെൽപ്പാടങ്ങളിൽ)

പുരുഷൻ 70 രൂപ, സ്ത്രീ 40 രൂപ

കൊയ്ത്ത് പതം 7 ന് 1
പതത്തിന്റെ 4ൽ ഒന്ന് തീർപ്പ്.

വളരെ വിശാലമായ പാടശേഖരങ്ങളിലെ ഭൂനിരപ്പിലുള്ള ഉയർച്ച വ്യത്യാസം ജലസേചന- നിർഗ്ഗമന സൗകര്യങ്ങളിൽ സമാനത പുലർത്തുന്നതിന് സഹായകരമല്ല. ഇത് ഒരേസമയത്ത് കൃഷിപ്പണികൾ നടത്തുന്നതിന് സാദ്ധ്യമല്ലാതാക്കുന്നു. ഉയർച്ച താഴ്ച നിരപ്പിനനുസരിച്ച് വിഭജനം നടത്തിയാൽ കൃഷി കൂടുതൽ സൗകര്യപ്രദമാകുകുയും ഒരോ പാടശേഖരങ്ങളിലെയും കൃഷി ഒരേസമയത്ത് നടത്തുവാനും കഴിയും.

പാടശേഖരത്തിലേയ്ക്ക് വിത്ത്, വളം, ട്രാക്ടർ എന്നിവ എത്തിക്കുന്നതിനും കാർഷികോത്പ്പന്നങ്ങൾ തിരികെ കൊണ്ടുപോകുവാനും വളരെ ബുദ്ധിമുട്ടനുഭവപ്പെടുന്നു. പഞ്ചായത്തിലെ റോഡുകൾ പലതും പാടങ്ങളെ വേർതിരിക്കുന്ന തോടുകൾക്കു സമീപം അവസാനിക്കുന്നവയാണ്. ഈ റോഡുകളും പാടശേഖരങ്ങളുമായി ബന്ധപ്പെടുത്തി ട്രാക്ടർ ബ്രിഡ്ജുകൾ നിർമ്മിക്കേണ്ടതാണ് പാടശേഖരങ്ങൾക്കുള്ളിലും കൈത്തോടുകൾകൊണ്ട് വേർതിരിക്കപ്പെട്ട പ്രദേശങ്ങൾ തമ്മിൽ ട്രാക്ടർ ബ്രിഡ്ജ് കൊണ്ട് ബന്ധിപ്പിക്കണം.

അത്യുല്പാദനശേഷിയും രോഗപ്രതിരോധശക്തിയുമുള്ള തെങ്ങിൻതൈകളുടെ ലഭ്യതകുറവാണ്. വ്യാപകമായ രോഗംമൂലം കായ്ഫലമുള്ള തെങ്ങുകൾ നഷ്ടപ്പെടുന്നത്, കർഷകർക്ക് സാമ്പത്തിക നഷ്ടമുണ്ടാക്കുകയും തെങ്ങ്കൃഷിയോടുള്ള താല്പര്യം കുറയ്ക്കുകയും ചെയ്യുന്നു. രോഗബാധയുള്ള തെങ്ങുകൾ മുറിച്ചു മാറ്റി നല്ലയിനം തൈകൾ വെച്ചുപിടിപ്പിക്കുന്നതിന് മതിയായ സാമ്പത്തിക സഹായം നൽകാതെ തെങ്ങ് കൃഷിവ്യാപനം ഫലപ്രദമാകില്ല.

തരിശ് കിടക്കുന്ന ഭൂമിയിലെ കർഷകരെയും തൊഴിലാളികളെയും സംഘടിപ്പിച്ചുകൊണ്ട് തരിശ്നിലകൃഷി വ്യാപന സഹ:സംഘം രൂപീകരിക്കുന്നത് നെൽകൃഷിവ്യാപനത്തെ വളരെയധികം സഹായിക്കും. തരിശ് കിടക്കുന്ന ഭൂമി പാട്ടത്തിനോ മറ്റ് വ്യവസ്ഥകളിലോ ഏറ്റെടുത്ത് ഫലപ്രദമായി കൃഷി നടത്തികൊണ്ട് പോകുവാൻ ഇത്തരം സംഘങ്ങൾക്കു കഴിയും. കൃഷിഭൂമികൾക്ക് സമീപവും ചതുപ്പ് പ്രദേശങ്ങളിലും ജലം കെട്ടിനിൽക്കുന്ന പാഴ്സ്ഥലങ്ങൾ ഗണ്യമായരീതിയിലുണ്ട്. ഇവിടെ താമര, ആമ്പൽ തുടങ്ങിയവ കൃഷിചെയ്യുവാൻ അനുയോജ്യമാണ്. ഈ സാധ്യത ഇനിയും പ്രയോജനപ്പെടുത്തേണ്ടിയിരിക്കുന്നു. ഇതോടനുബന്ധിച്ച് സാധ്യമായ സ്ഥലങ്ങളിലെല്ലാം മത്സ്യകൃഷിയും നടത്താവുന്നതാണ്. മത്സ്യ-പൂവ് സമ്മിശ്ര കൃഷിക്കും സാധ്യതകളേറെയാണ്.

വെള്ളപ്പൊക്കംമൂലം നെൽകൃഷിനഷ്ടപ്പെടുന്നത് സാധാരണമാണ്. കനാലുകളിലേയും തോടുകളിലേയും ജലസമ്മർദ്ദം താങ്ങാനാവാതെ ബണ്ടുകൾ തകർന്നും കൃഷിനഷ്ടം ഉണ്ടാകുന്നു. ഇത് മടവീഴ്ചഎന്നപേരിൽ അറിയപ്പെടുന്നു. വെള്ളപ്പൊക്കകെടുതികൾ പലപ്പോഴും ഒഴിവാക്കാൻ കഴിയുന്നതാണ് എന്നതാണ് വസ്തുത. പമ്പ, മണിമല, അച്ചൻകോവിൽ എന്നീ ആറുകളിൽ കൂടി ഒഴുകിയെത്തുന്ന വെള്ളം സ്പിൽവേ വഴി കടലിലേയ്ക്ക് ഒഴുകിപ്പോകേണ്ടതുണ്ട്. സ്പിൽവേ ഷട്ടറുകൾ യഥാസമയം തുറക്കാത്തും പൊഴി മുറിക്കാത്തതും മൂലം വളരെ കുറഞ്ഞ സമയത്തിനുള്ളിൽ പഞ്ചായത്തു പ്രദേശത്തെ മാത്രമല്ല കുട്ടനാട്ടിലെ തന്നെ ജലനിരപ്പ് ക്രമാതീതമായി ഉയരുകയും വ്യാപകമായ നാശനഷ്ടങ്ങൾ ഉണ്ടാകുകയും ചെയ്യുന്നു. സ്പിൽവേ തുറക്കുന്നതുസംബന്ധിച്ച് തീരുമാനം എടുക്കുന്നതിലെ കാലതാമസവും സാങ്കേതികത്വവും വളരെയധികം

പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

സ്പിൽവേ ചാനലിൽ അടിഞ്ഞുകയറുന്ന മണ്ണ് ചാനലിന്റെ ജലസംഭരണ-നിർഗ്ഗമന ശേഷികുറയ്ക്കുന്നുണ്ട്. അതോടൊപ്പംതന്നെ ചില ഭാഗങ്ങളിലുള്ള അനധികൃത മണ്ണുവാരൽ മറ്റു ചില പരിസ്ഥിതി പ്രശ്നങ്ങളും സൃഷ്ടിക്കുന്നു. ചാനലിൽ അടിഞ്ഞുകയറുന്ന മണ്ണ് പരിസ്ഥിതിക്കു കോട്ടം വരാത്ത വിധത്തിൽ നീക്കം ചെയ്യുവാനുള്ള ക്രമീകരണം ഉണ്ടാകേണ്ടിയിരിക്കുന്നു.

നെൽകൃഷിക്ക് പ്രകൃതിക്ഷോഭവും മറ്റും ഉണ്ടാക്കുന്ന അനിശ്ചിതത്വവും അപ്രതീക്ഷിത നാശനഷ്ടങ്ങളും കൃഷി കൂടുതൽ അനാകർഷകമാക്കുന്നു. നെൽകൃഷിക്ക് വിള ഇൻഷുറൻസ് പദ്ധതിഏർപ്പെടുത്തുന്നത്. കർഷകർക്ക് കൂടുതൽ ആത്മവിശ്വാസവും മുതൽ മുടക്കുവാനുള്ള പ്രേരണയും നല്കും.

നെൽകൃഷികൊണ്ടുമാത്രം നാമമാത്ര ചെറുകിട കർഷകർക്ക് നിലനില്ക്കുവാനാവില്ല. കൃഷി ഇടവേളകളിൽ, പയറുവർഗ്ഗങ്ങളും വെള്ളം കയറിക്കിടക്കുന്ന സമയങ്ങളിൽ മത്സ്യകൃഷിയും പരിഗണിക്കാവുന്നതാണ്

കർഷകർക്ക് വായ്പ ലഭിയ്ക്കുവാനുള്ള സംവിധാനങ്ങൾ കൂടുതൽ വിപുലപ്പെടേണ്ടിയിരിക്കുന്നു. സാമ്പത്തിക ഞെരുക്കം കാർഷിക മേഖലയെ വളരെ ദോഷകരമായി ബാധിക്കുന്നുണ്ട്. ഈ ദുഃസ്ഥിതി പരിഹരിക്കുന്നതിന് പര്യാപ്തമായ വിധം സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനം വിപുലപ്പെടേണ്ടതുണ്ട്. പഞ്ചായത്തിലുള്ള ഏകദേശ സാൽകൃതബാങ്ക് ആവശ്യമായ തുകയുടെ ഒരു ചെറിയ അംശംമാത്രമാണ് ഈ ഇനത്തിൽ വായ്പ നല്കുന്നത്.

### കരിനില വികസന ഏജൻസി

ഗ്രാമപഞ്ചായത്തിലെ മുഴുവൻ പാടശേഖരങ്ങളും കരിനിലവികസന ഏജൻസിയുടെ പരിധിയിൽ വരുന്നതാണ്. കൂടാതെ കരുവാറ്റ, തകഴി, അമ്പലപ്പുഴ എന്നീ പഞ്ചായത്തുകളിലെ പാടശേഖരങ്ങളും ഇതിന്റെ പരിധിയിൽ വരും. കരിനില വികസന ഏജൻസിയുടെ പ്രവർത്തന പരിധിയിൽ വന്നതിനാൽ പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതിപ്രകാരമുള്ള ബണ്ടു നിർമ്മാണവും മറ്റും പഞ്ചായത്ത് പ്രദേശത്ത് നടന്നിട്ടില്ല. കരിനില വികസന ഏജൻസി വഴി പ്രതീക്ഷിച്ച അഭിവൃദ്ധിപ്പണികൾ നടന്നില്ല എന്നതുമാത്രമല്ല മറ്റു പദ്ധതി പ്രകാരം ലഭിക്കുമായിരുന്ന ആനുകൂല്യങ്ങൾ കൂടി നഷ്ടപ്പെടുകയും ചെയ്തു.

### പ്രശ്നങ്ങൾ

1. പാടശേഖരങ്ങളിലെ അമ്ലത കുറയ്ക്കുന്നതിനുള്ള കക്കയുടെ വിലക്കൂടുതൽ
2. കൃഷിക്ക് ഉപയുക്തമായ ഭൂമിതരിശിട്ടിരിക്കുന്നു.
3. ജലനിർഗ്ഗമന-ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്.
4. ഒന്നിൽ കൂടുതൽ കൃഷി ഭൂരിപക്ഷം പാടശേഖരങ്ങളിലും നടക്കുന്നില്ല.
5. കീടബാധ നിയന്ത്രണാധീനമല്ല.
6. നെൽ വിത്തുകൾ വിതസമയത്ത് ആവശ്യാനുസരണം ലഭ്യമല്ല.
7. കരപ്രദേശങ്ങളിലെ നീർക്കെട്ട് തെങ്ങിനും ഇടവിളകൾക്കും ഭീഷണിയാകുന്നു.
8. ഉൽപാദനക്ഷമത ഉയർത്തുവാൻ കഴിയുന്നില്ല.
9. ജൈവവളങ്ങളുടെ ലഭ്യതക്കുറവും അവ ഉപയോഗിക്കുമ്പോഴുണ്ടാകുന്ന അധികച്ചെലവും.
10. തൊഴിലാളികളുടെ അപര്യാപ്തത.
11. കർഷകരുടെ താല്പര്യക്കുറവ്.
12. ഭൂവികസനത്തിലെ യന്ത്രവല്ക്കരണത്തിന്റെ അഭാവം
13. ഉല്പന്നങ്ങളുടെ വിലക്കുറവും സംഭരണ സൗകര്യങ്ങളുടെ അപര്യാപ്തതയും.
14. വായ്പാ സൗകര്യമില്ലായ്മ.
15. ഉല്പന്നങ്ങൾ പ്രാദേശികമായി സംസ്ക്കരിക്കപ്പെടുന്നില്ല.

**സാദ്ധ്യതകൾ**

1. തോട്ടപ്പള്ളിയിൽ ബാർജ്ജ് കടന്നുപോകുവാൻ വേണ്ടി പൊളിച്ചുമാറ്റിയ ലോക്ക്-കം-റഗുലേറ്ററിനു പകരം പുതിയത് നിർമ്മിച്ച് ഓരുവെള്ളം തടയുക.
2. പാടശേഖരങ്ങൾക്ക് സ്വന്തമായി പമ്പിംഗ് സംവിധാനവും സ്ഥിരമായി വൈദ്യുത കണക്ഷനും ലഭ്യമാക്കുക.
3. ആവശ്യത്തിന് കക്ക സൗജന്യമായി വിതരണം ചെയ്യുക.
4. പാടശേഖരങ്ങളിൽ നെൽകൃഷിക്കുശേഷം ഇടവിളകളോ മത്സ്യമോ കൃഷിചെയ്യുക.
5. ജലസേചന-നിർഗ്ഗമനത്തോടുകൾ പ്രത്യേകമാക്കുക.
6. പാഴ്നിലങ്ങളിൽ താമര, മത്സ്യം എന്നിവ വളർത്തുക.
7. നെൽവിത്തുകൾ വിതസമയത്ത് ലഭ്യമാക്കുക.
8. പാടശേഖരങ്ങളിലേയ്ക്ക് വിത്തും വളവും കൊണ്ടുപോകുന്നതിനും ഉല്പന്നങ്ങൾ തിരികെ കൊണ്ടുവരുന്നതിനും ട്രാക്ടർ റോഡുകൾ നിർമ്മിക്കുക.
9. ജൈവവളനിർമ്മാണശാല സ്ഥാപിക്കുക.
10. തോടുകളുടെ ആഴംകൂട്ടുന്നതിന് യന്ത്രവല്ക്കരണം നടപ്പാക്കുക.,
11. കാർഷികോല്പന്നങ്ങൾക്ക് സംഭരണശാലകൾസ്ഥാപിക്കുക.
12. വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുക.
13. സഹകരണ സംഘങ്ങൾ വഴി കാർഷിക ഉല്പന്നങ്ങൾ വിപണനം ചെയ്യുക.
14. കാർഷികോല്പന്നസംസ്ക്കരണ ശാലകൾ സ്ഥാപിക്കുക.
15. കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റിപകരം തൈവയ്ക്കുന്നതിന് സഹായം നല്കുക.
16. പാടശേഖരങ്ങളുടെ പുറംബണ്ട് കല്ലുകെട്ടി ബലപ്പെടുത്തുക.
17. നല്ലയിനം തെങ്ങിൻ തൈകൾ ലഭ്യമാക്കുക.
18. വിത്ത്, വളം, കീടനാശിനി എന്നിവ സൗജന്യനിരക്കിൽ നല്കുക.
19. സ്പിൽ വേ ഷട്ടറുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുക.
20. മണയ്ക്കൽ പാടശേഖരം കൃഷിക്ക് ഉപയുക്തമാക്കുക.
21. റ്റി. എസ്സ്. കനാലിന്റെ തീരത്തുള്ള പാട ശേഖരങ്ങളുടെ ബണ്ടുകൾ കല്ലുകെട്ടി സംരക്ഷിക്കേണ്ടതാണ്.
22. പൊക്കവ്യത്യാസമനുസരിച്ച് വലിയ പാടശേഖരങ്ങൾ വിഭജിക്കുക.
23. കരിനിലവികസന ഏജൻസിയുടെ ഭരണസമിതിയിൽ കർഷകർക്ക് പ്രാതിനിധ്യം നല്കുക

അനുബന്ധം: കരിനില വികസന ഏജൻസിയിലൂടെയും പുറക്കാട് കൃഷിഭവനിലൂടെയും നടപ്പിലാക്കിയ പദ്ധതികളിലൂടെ വിവരണം. (1992 മുതൽ 1996 വരെ)

# PHYSICAL AND FIANANCIAL ACHIEVEMENT, YEARWISE ITEM WISE OF KARI LAND DEVELOPMENT

| Sl. | Item | 1992-93 Physical Area Benefitted | Qty. | Financial Rs. | 1993-94 Physical Area Benefitted | Qty | Financial Rs. |
|---|---|---|---|---|---|---|---|
| 1. | പുറം ബണ്ടുനിർമ്മാണം | 300 ha | - | 2166600 | 350 ha | - | 3022768 |
| 2. | നീറ്റുകക്ക | 3500 ha | 772 | 540392 | 3500 ha | 1446 MT | 745092 |
| 3. | നെൽ വിത്ത് | 570 ha | 57 | 171181 | 450 ha | 45 | 35000 |
| 4. | ഓരു മുട്ടു നിർമ്മാണം | 1.No. | 9554 | - | 1 No. | 10027 | |
| 5. | മട വീഴ്ചയ്ക്ക് ധനസഹായം | Nil | Nil | Nil | 1800 ha | 18 Nos. | 697911 |
| 6. | കർഷക പരിശീലന പരിപാടി | 450 | 5100 | - | 400 | 3500 | |
| 7. | കാർഷിക ഉപകരണങ്ങളുടെ വിതരണം | Nil | Nil | Nil | - | Nil | Nil |
| | G. Total | | | 923027 | | 4609298 | |
| Allotments received | | | | 5000000 | | 5000000 | |

| Sl. | Item | 1994-95 Physical Area Benefitted | Qty. | Financial Rs. | 1995-96 Physical Area Benefitted | Qty | Financial Rs. |
|---|---|---|---|---|---|---|---|
| 1. | പുറം ബണ്ടുനിർമ്മാണം | 375ha | - | 3176304 | 112 | - | 7396765 |
| 2. | നീറ്റുകക്ക | 3000ha | 429MT | 300295 | 100 | 104 | 7275 |
| 3. | നെൽ വിത്ത് | 620ha- | 62 | 186000 | 2720ha | 272 | 1004913 |
| 4. | ഓരു മുട്ടു നിർമ്മാണം | - | 1 No | 10737 | - | 1 No | 5685 |
| 5. | മട വീഴ്ചയ്ക്ക് ധനസഹായം | - | - | - | - | - | - |
| 6. | കർഷക പരിശീലന പരിപാടി | - | 800 | 7825 | - | 800 | 8000 |
| 7. | കാർഷിക ഉപകരണങ്ങളുടെ വിതരണം | - | - | - | - | 56 Sprayers | 34150 |
| | G. Total | | | 3632806 | | | 8456791 |
| Allotments received | | | | 5000000 | | | 7500000 |

| Sl. | Item | 1996-97 Physical Area Benefitted | Qty. | Financial Rs. | |
|---|---|---|---|---|---|
| 1. | പുറം ബണ്ടുനിർമ്മാണം | 140 ha | - | 2026396 | |
| 2. | നീറ്റുകക്ക | - | - | - | |
| 3. | നെൽ വിത്ത് | 2720 ha | 272 | 134408 | |
| 4. | ഓരു മുട്ടു നിർമ്മാണം | - | - | - | |
| 5. | മട വീഴ്ചയ്ക്ക് ധനസഹായം | - | - | - | |
| 6. | കർഷക പരിശീലന പരിപാടി | - | - | - | |
| 7. | കാർഷിക ഉപകരണങ്ങളുടെ വിതരണം | - | - | - | |
| | G. Total | | | 2160804 | 19782724 |
| Allotments received | | | | 22500000 | |

## 1992/93 മുതൽ പുറക്കാട് കൃഷിഭവനിലൂടെ നടപ്പിലാക്കിയ പദ്ധതികൾ

1. ഗ്രൂപ്പ് ഫാമിംഗ് നെൽകൃഷികൾ

**കീടനാശിനി സസ്യസംരക്ഷണ മരുന്ന് വിതരണം**
സബ്സിഡി അനുവദിച്ചത് - 50%
വിതരണം ചെയ്ത കീടനാശിനി -1632. ലിറ്റർ
കർഷകരുടെ എണ്ണം - 262
സ്ഥലത്തിന്റെ വിസ്തീർണ്ണം -272 ഹെക്ടർ

**കളനാശിനി വിതരണം**
50% സബ്സിഡി നിരക്കിൽ
കളനാശിനിയുടെ അളവ് -272കി.ഗ്രാം
വിസ്തീർണ്ണം - 272 ഹെക്ടർ
കർഷകരുടെ എണ്ണം - 262

**സംയോജിത നെൽകൃഷി വികസന പദ്ധതി**
**സസ്യസംരക്ഷണ ഉപകരണ വിതരണം**
സ്പ്രെയർ വിതരണം ചെയ്തത് -14 എണ്ണം
ആകെ തുക - 12250
സബ്സിഡി - 6118

**ഗ്രൂപ്പ് മാനേജ്മെന്റ് തെങ്ങുകൃഷിയിൽ**
**മഗ്നീഷ്യം സൾഫേറ്റ് വിതരണം**
വിതരണം ചെയ്ത അളവ് - 5949 കി. ഗ്രാം
വില - 23796.00
സബ്സിഡി - 10399.00
തെങ്ങിന്റെ എണ്ണം 2975.00

**എലി വിഷം**
സിങ്ക് ഫോസ്ഫൈഡ് - 4.5 കിലോഗ്രാം
വില 945.00
സബ്സിഡി - 450

**പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതി**
സബ്സിഡി നിരക്ക് - 85 ശതമാനം
പവ്വർ ടില്ലർ - 8 എണ്ണം
നെല്ലുല്പാദക സമിതികൾ - 7 എണ്ണം
പമ്പുസെറ്റ് വിതരണം - 3 എണ്ണം
സബ്സിഡി - 3000.00

**പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ**

| പാടശേഖരം | അനുവദിച്ച തുക | സബ്സിഡി |
|---|---|---|
| 1. നാലുചിറ വടക്കു പടിഞ്ഞാറ് | 3,56,000 | 2,81,209 |
| 2. ചെയിൻ തോട് | 4,46,000 | 3,39,209 |

**പച്ചക്കറി കൃഷിവികസന പദ്ധതികൾ**
**ഓണം പച്ചക്കറി കിറ്റ് വിതരണം**
കിറ്റിന്റെ എണ്ണം - 550
ആനുകൂല്യം ലഭിച്ചവർ - 550

**സ്കൂളികളിൽ പച്ചക്കറിത്തോട്ടം**
തിരഞ്ഞെടുത്ത സ്ക്കൂൾ - എസ്.എൻ. എം. എച്ച്. എസ്സ്. പുറക്കാട്
പച്ചക്കറി വിത്ത് - 150-00
കാർഷിക ഉപകരണങ്ങൾ - 350.00

**വിദ്യാർത്ഥികളുടെ വീട്ടുവളപ്പിൽ പച്ചക്കറി കൃഷി**
വിതരണം ചെയ്ത് കിറ്റ് - 1001

**പട്ടികജാതി പട്ടികവർഗ്ഗ വികസന പദ്ധതി**
നാലുചിറ ഐ.എച്ച്.ഡി.പി. കോളനി

| ആനുകൂല്യം | അളവ് കി.ഗ്രാം | തുക |
|---|---|---|
| 1. തെങ്ങിൽ രാസവളം | 405 | 2600 |
| 2. തെങ്ങിൻ തൈ വിതരണം | 140 | 1400 |
| 3. ജലസേചനത്തിനുള്ള കുടം | 36 | 2164 |
| 4. തെങ്ങിന് രാസവളം വിതരണം | 476 | 1904 |
| 5. ധാന്യ സംഭരണി | 18 | 9000 |
| 6. മാവ് ഗ്രാഫ്റ്റ് വിതരണം | 36 | 432 |

കരിച്ചിറ ഐ.എച്ച് ഡി.പി. കോളനി

| | | |
|---|---|---|
| 1. തെങ്ങിൻ തൈ വിതരണം | 16 | 220 |
| 2. തെങ്ങിന് രാസവളം | 231 | 577 |
| 3. ജലസേചന കുടം | എണ്ണം 36 | 1980 |

**കുറ്റിമുല്ല വിതരണം**
സൗജന്യമായി വിതരണം ചെയ്തത് 500
കർഷകരുടെ എണ്ണം 25

**കാർഷിക ഉപകരണങ്ങളുടെ വിതരണം**
സ്റ്റീൽ വെഡ്ജ്- 6 എണ്ണം
റോപ്പ് 6 എണ്ണം
ഹാമർ - 6 എണ്ണം

**കശുമാവ് മാതൃകത്തോട്ടം**
തിരഞ്ഞെടുത്ത കർഷകർ - 3
വിതരണം ചെയ്ത ഗ്രാഫ്റ്റ് - 300 എണ്ണം
വിസ്ത്രീർണ്ണം - 1.2 ഹെക്ടർ

**കിഴങ്ങുവർഗ്ഗ വിളകളുടെ വികസന പദ്ധതി**
മരച്ചീനി, ചേന, ചേമ്പ് കാച്ചിൽ
തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങൾ അടങ്ങിയകിറ്റ്
വിതരണം ചെയ്തത് - 13 എണ്ണം
കർഷകരുടെ എണ്ണം - 13

**പയറുവർഗ്ഗകൃഷി വികസന പദ്ധതി**
ചെറുപയർ വിത്ത് - 20 കിലോഗ്രാം
ഉഴുന്ന്- 80 കിലോഗ്രാം
കർഷകരുടെ എണ്ണം - 50
വിസ്ത്രീർണ്ണം - 5 ഹെക്ടർ

**രജിസ്ട്രേഡ് വിത്ത് ഉല്പാദനം**
നെൽവിത്ത് വിതരണം ചെയ്തത് - 3000 കിലോ
കർഷകരുടെ എണ്ണം - 18
വിസ്ത്രീർണ്ണം - 37.5

**ഫാം ട്രയൽ**
വഴുതിന, തക്കാളി എന്നീ പച്ചക്കറിയുടെ ഇനങ്ങൾ വാട്ടരോഗ പ്രതിരോധ ശക്തി പരിശോധിയ്ക്കുന്നതിനുവേണ്ടി ട്രയർ നടത്തുകയുണ്ടായി.

**കരിനില വികസന ഏജൻസി വഴി നടപ്പിലാക്കിയത്**

നെൽവിത്ത് വിതരണം - സബ്സിഡി 3 രൂപ കിലോ
ജ്യോതി - 5 ടൺ
സബ്സിഡി 45,000.00
നീറ്റുകക്ക വിതരണം (0.75 പൈസ കിലോഗ്രാമിന്)
വിതരണം ചെയ്തത് - 285.6
വില- 34270.00
സബ്സിഡി - 1,71,360.00

1993-94
സംയോജിത നെൽകൃഷി വികസന പദ്ധതി

**സസ്യസംരക്ഷണ മരുന്ന് വിതരണം**
കീടനാശിനിയുടെ അളവ് - 609.6 ലിറ്റർ
വിസ്ത്രീർണ്ണം - 1016 ഹെക്ടർ
സബ്സിഡി - 24383.00

**കളനാശിനി വിതരണം**
2, 4- വിതരണം - 382 കിലോഗ്രാം
വിസ്ത്രീർണ്ണം - 382 ഹെക്ടർ
തുക - 21010.00
കർഷകരുടെ എണ്ണം - 1229.00

**സസ്യസംരക്ഷണ ഉപകരണം**
നാപ്ഡാക്ക് സ്പ്രെയർ - 7 എണ്ണം
സബ്സിഡി - 2940.00
കർഷകരുടെ എണ്ണം - 1229.00

**ഗ്രൂപ്പ് മാനേജ്മെന്റ് നെൽകൃഷിയിൽ**
**തെങ്ങിൻ തടത്തിൽ ചെളിയിടീൽ**
തെങ്ങിന്റെ എണ്ണം - 9520
കർഷകരുടെ എണ്ണം - 293
സബ്സിഡി - 47600.00

**പരിശീലന പരിപാടി**
പരിശീലനങ്ങളുടെ എണ്ണം - 12
ചിലവായ തുക- 2400

**പ്രാദേശിക വിളകളുടെ വികസന പദ്ധതി**

| വിളവിസ്തീർണ്ണം | കർഷകർ | തുക |
|---|---|---|
| 1. മഞ്ഞൾ 0.4 ഹെക്ടർ | | 2010000.00 |
| 2. കച്ചോലം0.12 ഹെക്ടർ | | 3000.00 |

**പച്ചക്കറി കൃഷി വികസന പദ്ധതി**
**ഓണം പച്ചക്കറി കിറ്റ് വിതരണം**
വിതരണം ചെയ്ത കിറ്റ് - 150
**സ്കൂൾ വിദ്യാർത്ഥികളുടെ വീട്ടുവളപ്പിൽ പച്ചക്കറി കൃഷി.**
വിതരണം ചെയ്ത കിറ്റ് - 700
**ജൈവവള കൃഷി വികസന പദ്ധതി**
വളപയർ വിത്ത് വിതരണം -1000 കിലോ
വിസ്ത്രീർണ്ണം - 50 ഹെക്ടർ
പരിശീലന പരിപാടി - 4 എണ്ണം
ചിലവായ തുക- 800

**കരിനില വികസന ഏജൻസി വഴി നടപ്പിലാക്കിയത്**
നെൽവിത്ത് വിതരണം വിത്തിന്റെ അളവ്- 24 ടൺ
സബ്സിഡി -72,000
നീറ്റുകക്ക വിതരണം അളവ് - 383.321 ടൺ
സബ്സിഡി - 2,68,324

1994-95
സമഗ്ര നാളികേര വികസന പദ്ധതി

| ഇനം | എണ്ണം | സബ്സിഡി തുക |
|---|---|---|
| 1. കുഴൽ കിണർ | 9 | 4000 |
| 2. കിണർ | 6 | 7500 |
| 3. പമ്പ് സെറ്റ് | 29 | 57500 |
| 4. റോക്കർ സ്പ്രെയർ | 1 | 1000 |
| 5. പരിശീലന പരിപാടി | 2 | 250 |
| 6. ശില്പശാല | 1 | 200 |

ജൈവവള കൃഷി വികസന പദ്ധതി
വളപയർ വിത്ത് വിതരണം - 1500 ടൺ
സബ്സിഡി - 4500
വിസ്തീർണ്ണം - 75
കമ്പോസ്റ്റ് കുഴി നിർമ്മാണം
നിർമ്മിച്ച കുഴികളുടെ എണ്ണം - 205
ഇൻസെന്റീവ് തുക - 5125.00
പരിശീലന പരിപാടി - 12 എണ്ണം
ചിലവായ തുക- 2400.00
കശുമാവ് തോട്ടങ്ങളുടെ ഊർജ്ജിത പരിപാടി
വിസ്തീർണ്ണം - 5 ഹെക്ടർ
സബ്സിഡി തുക- 7500
നെൽകൃഷിയ്ക്കുള്ള പ്രൊഡക്ഷൻ ഇൻസെന്റീവ്
രണ്ടാം കൃഷി 1993-94
വിസ്തീർണ്ണം - 684,407 ഹെക്ടർ
തുക - 1,71,102.00
പറമ്പുകൃഷി 93-94
വിസ്തീർണ്ണം - 93.94 ഹെക്ടർ
തുക - 23485.00
പച്ചക്കറി കൃഷി വികസന പദ്ധതി
സ്കൂളുകളിൽ പച്ചക്കറിത്തോട്ടം സ്ഥാപിക്കൽ
തിരഞ്ഞെടുത്ത സ്കൂൾ 1
വിത്ത് - 150.00
കാർഷിക ഉപകരണങ്ങൾ - 350.00
പയറുവർഗ്ഗകൃഷി വികസനം
പയർവിത്ത്- 10 കിലോഗ്രാം
കർഷകരുടെ എണ്ണം -10
കരിനില വിക ഏജൻസിയുടെ പദ്ധതി
നെൽവിത്ത് വിതരണം - 49.25 ടൺ
സബ്സിഡി തുക - 1,47,750.00
സസ്യസംരക്ഷണ ഉപകരണം - 28 എണ്ണം
സബ്സിഡി തുക- 17250.00
സുഗന്ധവിളകളുടെ സംയോജിത വികസന പദ്ധതി
(കേന്ദ്ര ഗവ. പദ്ധതി)
മഞ്ഞൾ കൃഷിയുടെ മാതൃക തോട്ടം
തിരഞ്ഞെടുത്ത കർഷകൻ - 1
സബ്സിഡി - 825.00
വിസ്തീർണ്ണം- 0.1 ഹെക്ടർ
വേരുപിടിപ്പിച്ച കുരുമുളകു വള്ളി വിതരണം
വിതരണം ചെയ്തത് - 2000
1995-96
സമഗ്രനാളികേര വികസന പദ്ധതി

| ഇനം | എണ്ണം | സബ്സിഡി |
|---|---|---|
| 1. കുഴൽകിണർ | 29 | 22000 |
| 2. കിണർ | 3 | 4050 |
| 3. പമ്പ് സെറ്റ് | 22 | 46900 |
| 4. തെങ്ങുകയറുന്നതിനുള്ള ഉപകരണം | 1 | 500 |
| 5. റോക്കർ സ്പ്രെയർ | 1 | 1000 |
| 6. പരിശീലന പരിപാടി | 2 | 500 |
| 7. പച്ചിലവള വിത്ത് | 130 കിലോ | 650 |

തെങ്ങിന് രാസവള വിതരണം

| | | | |
|---|---|---|---|
| വിതരണം(തെങ്ങിന്) | 5 | 10 | 20 |
| ചെയ്ത കിറ്റ് | 330 | 445 | 235 |

തെങ്ങിന്റെ എണ്ണം - 10800.00
സബ്സിഡി തുക - 86400.00

തെങ്ങിന്റെ രോഗ നിയന്ത്രണ പദ്ധതി
വിതരണം ചെയ്ത സസ്യ സംരക്ഷണ മരുന്നുകൾ
നീറ്റുകക്ക - 110 കിലോ
തുരിശ് -110 കിലോ
ബി.എച്ച്.സി. - 250 കിലോ
തെങ്ങിന്റെ എണ്ണം - 5000
ജൈവവള കൃഷി വികസന പദ്ധതി
പച്ചിലവള വിത്ത് വിതരണം - 750 കിലോ
സബ്സിഡി - 2250.00
വിസ്തീർണ്ണം - 37.5
കമ്പോസ്റ്റ് കുഴി - 150 എണ്ണം
ഇൻസെന്റീവ് തുക - 3750.00

പരിശീലന പരിപാടി 7
ചിലവായ തുക1400
പച്ചക്കറി കൃഷി വികസന പദ്ധതി
സ്കൂൾ വിദ്യാർത്ഥികളുടെ വീട്ടുവളപ്പിൽ പച്ചക്കറി കൃഷി വിതരണം ചെയ്ത കിറ്റ് - 920
ഫലവർഗ്ഗ കിറ്റ് വിതരണം
തൈകൾ വിതരണം ചെയ്തത് - 398
കർഷകരുടെ എണ്ണം - 48
ഫലപച്ചക്കറി കൃഷി വികസന പദ്ധതി
(കേന്ദ്രവിഷ്കൃതം)
വിത്ത് വിതരണം - 2 കിറ്റ്
തുക - 100.00
സസ്യസംരക്ഷണ മരുന്ന് - 200.00
...ർഗ്ഗ കൃഷി വികസന പദ്ധതി
ചെറുപയർ വിത്ത് - 40 കിലോ
വൻപയർ - 40 കിലോ
കർഷകരുടെ എണ്ണം - 20

കശുമാവിൻ തോട്ടങ്ങളുടെ ഊർജിതപരിപാലനം
വിസ്തീർണ്ണം - 5 ഹെക്ടർ
സബ്സിഡി തുക- 7500രൂപ

നെൽകൃഷിക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ്

| | | വിസ്തീർണ്ണം | തുക |
|---|---|---|---|
| 1994-95 | രണ്ടാം കൃഷി - | 551.16 | 1,37,79000 |
| ,, | പുഞ്ചകൃഷി - | 509.216 | 1,27,304-00 |

കരിനില വികസന ഏജൻസിയുടെ പദ്ധതി

നെൽവിത്ത് വിതരണം വിത്തിന്റെ അളവ് 57 ടൺ
സബ്സിഡി- 1.71,000-00

സുഗന്ധവിളകളുടെ സംയജിത വികസനപദ്ധതി
(കേന്ദ്ര ഗവ: പദ്ധതി)
മഞ്ഞൾ കൃഷിയുടെ മാതൃകത്തോട്ടം സ്ഥാപിയ്ക്കൽ
തിരഞ്ഞെടുത്ത കർഷകർ - 2
സബ്സിഡി - 1650-00
വിസ്തീർണ്ണം - 0.2 ഹെക്ടർ

ഇഞ്ചികൃഷിയുടെ മാതൃകതോട്ടം
തിരഞ്ഞെടുത്ത കർഷകർ - 2
സബ്സിഡി - 2400-00
വിസ്തീർണ്ണം - 0.2 ഹെക്ടർ

സസ്യ സംരക്ഷണ ഉപകരണം
സ്പ്രയർ വിതരണം ചെയ്തത് -3 എക്കർ
സബ്സിഡി - 1500

വേരുപിടിപ്പിച്ച കുരമുളക്കു തൈ വിതരണം
വിതരണം ചെയ്തത് - 4000
1996-97
പൂർത്തിയാക്കിയ പദ്ധതികൾ

1. നെൽവിത്ത് വിതരണം
(കരിനില വികസന ഏജൻസിവഴി)
വിത്തിന്റെ അളവ് - 62 ടൺ
സബ്സിഡി - 1,89,000-00
2. നെല്ല് വിത്ത് മിനികിറ്റ്
വിതരണം ചെയ്ത കിറ്റുകൾ (540 കി. ഗ്രാം)120 കിറ്റ്
കർഷകരുടെ എണ്ണം -120
3. സംയോജിത സുഗന്ധവിള വികസന പദ്ധതി കേന്ദ്ര തഗവ: പദ്ധതി
മഞ്ഞൾ കൃഷിയുടെ മാതൃകാതോട്ടം സ്ഥാപിക്കൽ
നിരഞ്ഞെടുത്ത കർഷകർ - 2
വിസ്തീർണ്ണം - 6.2 ഹെക്ടർ
സബ്സിഡി - 1650-00
ഇഞ്ചികൃഷിയുടെ മാതൃകാതോട്ടം
തിരഞ്ഞെടുത്ത കർഷകർ - 1

വിസ്തീർണ്ണം - 0.1 ഹെക്ർ
സബ്സിഡി - 1200-00
വേരുപിടിപ്പിച്ച കുരമുളക് വള്ളി വിതരണം
വിതരണം ചെയ്ത വള്ളികൾ - 4000

കശുമാവിൻ തോട്ടങ്ങളുടെ തീവ്രപരിപാലനം
വിസ്തീർണ്ണം - 5 ഹെക്ടർ
രാസവള/കീടനാശിനി സബ്സിഡി -74499-00

കശുമാവ് കൃഷി വികസന പദ്ധതി
വിസ്തീർണ്ണം - 5 ഹെക്ടർ
കശുമാവ് ഗ്രാഫ്റ്റ് വിതരണം ചെയ്തത് - 160 എണ്ണം

ഫാം ട്രയൽ

പുതിയ നെൽവിത്തിനങ്ങളുടെ അനുയോജ്യത അറിയുന്നതിനായി 2 ഇനങ്ങളുടെ പരീക്ഷണം തിരഞ്ഞെടുത്ത കർഷകന്റെ നിലത്തിൽ നടത്തുകയുണ്ടായി.
നടപ്പിലാക്കികൊണ്ടിരിക്കുന്ന പദ്ധതികൾ
സമഗ്ര നാളികേര വികസന പദ്ധതി

ലക്ഷ്യം

| | | |
|---|---|---|
| 1. കുഴൽ കിണർ സ്ഥാപിക്കൽ | 41 | 32800.00 |
| 2. കിണർ | 8 | 20000.00 |
| 3. കിണർ (പട്ടികജാതി-പട്ടികവർഗ്ഗത്തിന്) | 1 | 10000.00 |
| 4. പമ്പ് സെറ്റ് | 40 | 1,00,000.00 |
| 5. കമ്യൂണിറ്റി ഇറിഗേഷൻ | 5 ഹെ. | 75000.00 |
| 6. തെങ്ങുകയറുന്ന ഉപകരണം | 2 എണ്ണം | 500.00 |
| 7. റോക്കർ സ്പ്രെയർ | 2 എണ്ണം | 2000.00 |
| 8. പരിശീലനം | 2 എണ്ണം | 500.00 |

തെങ്ങിന് രാസവള വിതരണം
ലക്ഷ്യമിട്ടിരിയ്ക്കുന്നത്
5 പാംകിറ്റ് - 250
10 പാംകിറ്റ് - 250
20 പാംകിറ്റ് - 450

പച്ചക്കറി/ഫലവർഗ്ഗവികസന പദ്ധതി
(കേന്ദ്ര ഗവ:പദ്ധതി)
പച്ചക്കറിപാക്കറ്റുവില - 2 എണ്ണം
വില - 100.00
കീടനാശിനി - 200.00

# മത്സ്യബന്ധനം



പരമ്പരാഗത മത്സ്യ തൊഴിലാളികൾ തിങ്ങി പ്പാർക്കുന്ന ഈ ഗ്രാമത്തിൽ 9 കിലോമീറ്റർ സമുദ്ര തീരമുണ്ട്. വളരെ അടുത്തകാലം വരെ പരമ്പരാഗത മത്സ്യബന്ധന രീതിയാണ് ഉണ്ടായിരുന്നത്. അഞ്ചു മുതൽ പതിന്നാല് ആളുകൾ വരെ കയറിയിരുന്ന വള്ളങ്ങളിൽ തണ്ടുവലിച്ച് മത്സ്യക്കൂട്ടങ്ങളുടെ സാന്നിദ്ധ്യം തിരിച്ചറിഞ്ഞ് കോരിയെടുക്കുകയോ നീട്ടു വലകളുപയോഗിച്ച് മത്സ്യങ്ങളെ കുടുക്കിലാക്കുകയോ ആണ് ചെയ്തിരുന്നത്. 1981 വരെ അയില വല, ചാള വല ...ലി വല, താങ്ങു വല, കമ്പാ വല തുടങ്ങി പരുത്തി നൂലുകൊണ്ടുള്ള വിവിധയിനം വലകളാണ് പ്രചാരത്തിലുണ്ടായിരുന്നത്. മത്സ്യകൂട്ടങ്ങളുടെ സാന്നിദ്ധ്യം തിരിച്ചറിയുവാനുള്ള കഴിവ് മത്സ്യ തൊഴിലാളികൾക്കുണ്ടായിരുന്നു. സമുദ്രോപരിതലത്തിന്റെ പ്രത്യേകത സമുദ്രാന്തർഭാഗത്തുള്ള കുമിളകൾ എന്നിവ ശ്രദ്ധിച്ച് കടൽക്ഷോഭം, കാലാവസ്ഥയിലുണ്ടാകാവുന്ന മാറ്റവും തിരിച്ചറിയുവാനും കഴിയുന്നു. കടലിന്റെ ആഴം അളക്കുന്നതിന് മാറ് എന്ന പരമ്പരാഗത അളവാണുപയോഗിച്ചിരുന്നത്.

മത്സ്യം ലഭിക്കുന്ന വള്ളങ്ങൾ വിപണന സ്ഥലത്ത് കൂട്ടത്തോടെത്തുകയും കരക്കെയ്ത്തിക്കുന്ന മത്സ്യങ്ങൾ എണ്ണിയോ കുട്ടകളുടെ അളവനുസരിച്ചോ ഇടനിലക്കാർ മുഖേന വിപണനം നടക്കുന്നു. പ്രാദേശികമായി വിൽക്കുന്നതിനും വിദൂര സ്ഥലത്തേയ്ക്ക് കൊണ്ടുപോകുന്നതിനും എത്തുന്ന വ്യാപാരികളായിരുന്നു പ്രധാന ഇടപാടുകാർ.

മത്സ്യത്തൊഴിലാളികൾ ബഹു ഭൂരിപക്ഷവും ഓലക്കുടിലുകളിലാണ് താമസിച്ചിരുന്നത്. ദാരിദ്ര്യവും പട്ടിണിയും സ്ഥിരമായി നിലനിന്നിരുന്ന പ്രതിഭാസമാണ്.

വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിൽ സമൂഹത്തിന്റെ ഏറ്റവും താഴത്തെ തട്ടിലായിരുന്ന ഈ വിഭാഗം പലതരത്തിലുള്ള ചൂഷണങ്ങൾക്കും വിധേയമായിക്കൊണ്ടിരിക്കുന്നു. തന്മൂലം നിരവധി സാമൂഹ്യ പ്രശ്നങ്ങളും ഉടലെടുത്തിരുന്നു.

ഇന്ന് മത്സ്യബന്ധന രീതികളിലും ഉപകരണങ്ങളിലും സമൂലമായ മാറ്റം വന്നിരിക്കുന്നു. തണ്ടുവലിച്ചും പായ് കെട്ടിയും മത്സ്യബന്ധനത്തിനു പോയിരുന്ന തൊഴിലാളികൾ ഇന്ന് രണ്ടും മൂന്നും ഔട്ട് ബോർഡ് എഞ്ചിൻ ഘടിപ്പിച്ച വള്ളങ്ങളിലാണ് മത്സ്യബന്ധനത്തിനു പോകുന്നത്. കടലിന്റെ അടിത്തട്ടിലെത്തുന്ന റിംഗ് സീൻ വലകൾ, വിവിധതരം മറ്റിനം വലകൾ തുടങ്ങി ആധുനിക നൈലോൺ വലകൾ ഇന്ന് പ്രചാരത്തിലുണ്ട്. മുൻകാലങ്ങളിൽ ഉപയോഗിച്ചിരുന്ന വള്ളങ്ങളിൽ നിന്ന് വ്യത്യസ്തമായി വളരെ വലിയ വള്ളങ്ങൾ, ചെറിയ വള്ളങ്ങൾ തുടങ്ങി യന്ത്രവൽകൃത ബോട്ടുകളുടെ രീതിയിൽ രൂപകൽപന ചെയ്തിരിക്കുന്ന നാടൻ വള്ളങ്ങൾ വരെ ഇന്ന് മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്നു.

പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികൾ ആകെ 2561 ആണ്. കൂടാതെ 5000 ഓളം തൊഴിലാളികൾ അനുബന്ധ തൊഴിലുമായി ബന്ധപ്പെട്ട് ഉപജീവനം കഴിക്കുന്നു. ഈ മേഖലയിൽ പണി

യെടുക്കുന്നവരുടെ എണ്ണം ആകെ ജനസംഖ്യയുടെ 10.5% ആണ്. കഴിഞ്ഞ 2 വർഷങ്ങളിൽ മത്സ്യ തൊഴിലാളികളുടെ എണ്ണത്തിൽ ഉണ്ടായ വളർച്ചാ നിരക്ക് 7.16% കാണിക്കുന്നു. കടലിനെ ആശ്രയിച്ചു ജീവിക്കുവാൻ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ കൂടാതെ മറ്റ് വിഭാഗങ്ങളിൽ നിന്നുള്ള ആളുകളുടെ ഒഴുക്ക് ദൃശ്യമാണ്.

മത്സ്യ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളവരുടെ എണ്ണം താഴെ പട്ടികയിൽ പെടുത്തുന്നു.

സമ്പാദ്യ ആശ്വാസ പദ്ധതി 91/92 മുതൽ 95/96 വരെ

| മത്സ്യഗ്രാമം | 9192 | 9293 | 9394 | 9495 | 9596 |
|---|---|---|---|---|---|
| തോട്ടപ്പള്ളി മത്സ്യ ത്തൊഴിലാളികൾ | 570 | 631 | 712 | 810 | 868 |
| പദ്ധതിയിൽ ചേർന്നവർ | 285 | 378 | 427 | 502 | 582 |
| പുന്തല മത്സ്യ ത്തൊഴിലാളികൾ | 550 | 600 | 650 | 750 | 839 |
| പദ്ധതിയിൽ ചേർന്നവർ | 275 | 360 | 442 | 510 | 588 |
| പുറക്കാട് മത്സ്യ ത്തൊഴിലാളികൾ | 600 | 650 | 700 | 780 | 854 |
| പദ്ധതിയിൽ ചേർന്നവർ | 300 | 390 | 490 | 546 | 615 |

ആകെ മത്സ്യത്തൊഴിലാളികൾ 2561
പദ്ധതിയിൽ ചേർന്നവർ 1785

കടലിൽ നിന്നും ലഭിക്കുന്ന മത്സ്യങ്ങൾ

| മാസം | മത്സ്യം/ലഭ്യത |
|---|---|
| ജനുവരി | മത്തി, അയല |
| ഫെബ്രുവരി | നെയ്മീൻ, ചൂര, സ്രാവ്, ആവോലി, തെരണ്ടി |
| ജൂൺ, ജൂലൈ, ആഗസ്റ്റ് | പൂവാലൻ, നാരൻ, കരിക്കാടി, കോര, നെത്തോലി, ചൂട, മണങ്ങ്, കൊഴുവ |
| ഒക്ടോബർ, നവംബർ, ഡിസംബർ | മത്തി, അയല, കൊഴുവ |

പട്ടികയിൽ പെടുത്തിയിരിക്കുന്ന മത്സ്യങ്ങൾ സുലഭമായിരുന്നെങ്കിലും ഇപ്പോൾ ലഭ്യതയിൽ ഗണ്യമായ കുറവ് സംഭവിച്ചിരിക്കുന്നു. മത്തി, പൂവാലൻ, കരിക്കാടി, ആവോലി, സ്രാവ്, തെരണ്ടി, കൊഴുവ എന്നിവയുടെ ലഭ്യതയിൽ ഗണ്യമായ കുറവു വന്നിട്ടുണ്ട്. കുറിച്ചി (മുള്ളൻ) തോടി എന്നീ ഇനങ്ങളിലെ മത്സ്യങ്ങൾ പൂർണ്ണമായും അപ്രത്യക്ഷമായിരിക്കുന്നു. പരമ്പരാഗത മത്സ്യബന്ധന ഉപകരണങ്ങളുടെ ആധുനിക വൽക്കരണവും എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടും പരമ്പരാഗത മത്സ്യ തൊഴിലാളികൾക്കു ലഭിക്കുന്ന മത്സ്യത്തിന്റെ അളവിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടില്ലാത്തത് ശ്രദ്ധേയമാണ്.

മത്സ്യഫെഡും മറ്റ് ഗവൺമെന്റ് ഏജൻസികളും നൽകിയ വായ്പകളുടെ അടിസ്ഥാനത്തിൽ വള്ളം, വല തുടങ്ങിയ ഉപകരണങ്ങളുടെ ഉടമസ്ഥാവകാശത്തിൽ ഗുണകരമായ മാറ്റം സംഭവിച്ചിട്ടുണ്ട്. എങ്കിൽ തന്നെയും ഈ മേഖലയിലെ ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കുവാൻ പര്യാപ്തമായ തരത്തിൽ ഉടമാവകാശങ്ങളിൽ ഗണ്യമായ മാറ്റം വന്നു എന്നു പറയുവാൻ ആവില്ല. ഇന്നും ബഹുഭൂരിപക്ഷത്തിന് തൊഴിലെടുക്കാൻ പോകുന്നതിന് വള്ളം ഉടമകളുടെ ദയാ ദാക്ഷിണ്യത്തെ ആശ്രയിക്കേണ്ടി വരുന്നുണ്ട്.

തണ്ടുവലിച്ചും പായ കെട്ടിയും മത്സ്യബന്ധനത്തിന് പൊയ്ക്കൊണ്ടിരുന്നപ്പോൾ മത്സ്യം ലഭിച്ചില്ലെങ്കിലും അദ്ധ്വാനം മാത്രമേ നഷ്ടപ്പെടുമായിരുന്നുള്ളൂ. പക്ഷേ യന്ത്രവൽകൃത സംവിധാനത്തിൽ മത്സ്യം ലഭിക്കാതെ വന്നാൽ അദ്ധ്വാനം കൂടാതെ ഇന്ധനച്ചെലവിനാൽ സാമ്പത്തിക ബാദ്ധ്യതകൂടി ഉണ്ടാകുന്നു. പതിവായി മത്സ്യബന്ധനത്തിന് പോകുന്ന തൊഴിലാളികൾക്ക് മത്സ്യം ലഭിക്കാത്തതു മൂലം ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം നിരവധി ദിവസം ആവർത്തിക്കപ്പെടുമ്പോൾ അവർ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്കു കൂപ്പുകുത്തുന്നു. യന്ത്രവൽകരണം വ്യാപകമായതോടെ മത്സ്യ ലഭ്യതയിലും കുറവുണ്ടായിട്ടുണ്ട്. തീരത്തോടടുക്കുന്ന മത്സ്യക്കൂട്ടങ്ങളെ യന്ത്രവൽകൃത വള്ളങ്ങളും മറ്റും വളരെ ദൂരം പിൻതുടരുന്നതിനാൽ ഇവ തീരക്കടലിൽ നിന്നും വളരെ വേഗം അകന്നുമാറുന്നു. അതോടൊപ്പം വിദേശ ട്രോളറുകൾ അടക്കം ആധുനിക ഫാക്ടറി ഷിപ്പുകൾ ആഴക്കടൽ അരിച്ചുപെറുക്കുന്നതുകൊണ്ട് തീരത്തോടടുക്കുന്ന മത്സ്യക്കൂട്ടങ്ങൾ അപ്രത്യക്ഷമാകുന്നു. തീരക്കടലിൽ വൻകിട മത്സ്യങ്ങൾ ലഭിക്കുന്നില്ല. മിനി ട്രോളിംഗ് സംവിധാനവും വ്യാപകമായുണ്ട്.

പരമ്പരാഗത മത്സ്യബന്ധന രീതികളിൽ ചെറിയ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി ഉൽപാദന ചെലവ് വർദ്ധിപ്പിക്കുകയും ഉൽപാദനം കുറയുകയും ചെയ്തു. എന്നാൽ ആധുനിക സാങ്കേതിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ട്രോളറുകളും മറ്റും വമ്പിച്ച രീതിയിൽ കടലിനെ അരിച്ചുപെറുക്കുവാനുള്ള അനുവാദം നൽകിയത് പരമ്പരാഗത മത്സ്യ തൊഴിലാളികൾക്ക് കൂടുതൽ ദോഷകരമായി.

യന്ത്രവൽകൃത വള്ളങ്ങൾക്ക് ആവശ്യമായ മണ്ണെണ്ണ പെർമിറ്റ് മുഖാന്തരം നിയന്ത്രിത വിലയ്ക്ക് ലഭിക്കാറില്ല. തന്മൂലം തീരപ്രദേശങ്ങളിൽ മണ്ണെണ്ണയുടെ കരിഞ്ചന്ത വ്യാപാരം വ്യാപകമായിട്ടുണ്ട്. തൊഴിലാവശ്യത്തിലേയ്ക്ക് നിയന്ത്രിത വിലയ്ക്ക് മണ്ണെണ്ണ ലഭ്യമാക്കാൻ കൊടുക്കുന്ന പെർമിറ്റ് ഇടനിലക്കാർക്ക് ഒരു നിശ്ചിത തുക കമ്മീഷൻ വാങ്ങി വിൽക്കുന്നു. പെർമിറ്റ് പണയപ്പെടുത്തിയ മത്സ്യത്തൊഴിലാളികൾ അമിതവില നൽകി കരിഞ്ചന്തയിൽ നിന്ന് ഈ മണ്ണെണ്ണ തന്നെ വാങ്ങുന്നു.

തോട്ടപ്പള്ളി ഫിഷ് ലാന്റിംഗ് സെന്ററിന്റെ പണി രൂപകൽപന ചെയ്ത പ്രകാരം പൂർത്തീകരിച്ചിട്ടില്ല. യന്ത്രവൽകൃത ബോട്ടുകൾക്ക് തിരമാലകൾ മൂലം ഇവിടെ നങ്കൂരമിടുവാൻ കഴിയുന്നില്ല. ഇതിന് പരിഹാരമായി നിർദ്ദേശിക്കപ്പെട്ട ബ്രേക്ക് വാട്ടർ സിസ്റ്റം, രണ്ടു പുലിമുട്ടുകളിടുക തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനം നാളിതുവരെ ആരംഭിച്ചിട്ടില്ല. ഫിഷ് ലാന്റിംഗ് സെന്ററിന്റെ കെട്ടിടങ്ങൾ ജീർണ്ണിച്ച് നിലം പൊത്താറായിരിക്കുന്നു. ഇതിനു ചുറ്റുമുള്ള ഓടകൾ യഥാസമയം വൃത്തിയാക്കുകയോ മലിന ജലം ഒഴുകിപ്പോകുവാനുള്ള സാഹചര്യം സൃഷ്ടിക്കുകയോ ചെയ്തിട്ടില്ല. ലാന്റിംഗ് സെന്ററിന്റെ ഉള്ളിലേയ്ക്കുള്ള റോഡുകൾ മണ്ണുമൂടി നഷ്ടപ്പെട്ടിരിക്കുകയാണ്. ഐസ് പ്ലാന്റിന്റെ പ്രവർത്തനം നിലച്ചിരിക്കുന്നു. വൈദ്യുതി വിളക്കുകൾ സ്ഥാപിച്ചിട്ടില്ല. സ്ത്രീകളടക്കം നൂറുകണക്കിനു തൊഴിലാളികൾ എത്തിച്ചേരുന്ന ഇവിടെ പ്രാഥമികാവശ്യങ്ങൾ നിറവേറ്റാനുള്ള സൗകര്യങ്ങൾ പോലും താറുമാറായി കിടക്കുന്നു.

പഞ്ചായത്തിലാകെ 49 പീലിംഗ് ഷെഡ്ഡുകളും മുപ്പതോളം കൂടങ്ങളും മത്സ്യ സംസ്ക്കരണവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നു. ഒരു സ്ഥാപനം മാത്രമാണു നേരിട്ട് കയറ്റുമതിയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നത്. മറ്റു ചെറുകിട പീലിംഗ് ഷെഡ്ഡുകൾ പഞ്ചായത്ത് പ്രദേശത്തിനു വെളിയിലുള്ള വൻകിട കയറ്റുമതിക്കാരെ ആശ്രയിച്ചു പ്രവർത്തിക്കുന്നു. പീലിംഗ് ഷെഡ്ഡുകൾക്ക് ആവശ്യമുള്ള അസംസ്കൃത വസ്തുവായ ചെമ്മീൻ എല്ലാ സമയവും പഞ്ചായത്തു പ്രദേശത്തു ലഭിക്കുന്നില്ല. പീലിംഗ് ഷെഡ്ഡുകളിൽ പ്രവർത്തിക്കുന്നത് ബഹുഭൂരിപക്ഷവും സ്ത്രീകളാണ്. കൂടങ്ങളിൽ പരമ്പരാഗത രീതിയിൽ തന്നെ മത്സ്യം ഉണക്കി വിൽപന നടത്തുന്നു. പ്രധാനമായും നെത്തോലി ആണ് ഈ രീതിയിൽ സംസ്ക്കരിക്കുന്നത്. വ്യാവസായിക ഉപയോഗത്തിനും ഭക്ഷ്യ ഉപയോഗത്തിനും വേണ്ടി തയ്യാറാക്കപ്പെടുന്ന മത്സ്യം കൂടങ്ങളോടനുബന്ധിച്ചുള്ള കടപ്പുറത്തിട്ട് ഉണക്കിയെടുക്കുന്നു.

**നിർദ്ദേശങ്ങൾ**

(1) മത്സ്യ പ്രജനന മാസങ്ങളായ ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങൾ പൂർണ്ണമായും (വൻകിട കപ്പലുകൾ ഉൾപ്പെടെ) ട്രോളിംഗ് നിരോധനം ഏർപ്പെടുത്തണം.

(2) കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യ തൊഴിലാളികളെ രക്ഷപ്പെടുത്തുന്നതിന് മത്സ്യഭവന്റെ നേതൃത്വത്തിൽ ടഗ്ഗ് സംവിധാനം ഏർപ്പെടുത്തണം.

(3) ആധുനിക സംവിധാനങ്ങളായ സാറ്റലൈറ്റ്, റഡാർ എന്നിവ വഴി കണ്ടെത്തുന്ന മത്സ്യക്കൂട്ടങ്ങളെ സംബന്ധിച്ച വിവരങ്ങൾ യഥാസമയം മത്സ്യ തൊഴിലാളികളെ അറിയിക്കുക.

(4) നൈറ്റ് ട്രോളിംഗ് പൂർണ്ണമായും നിരോധിക്കണം.

(5) മത്സ്യ സമ്പത്തിന് വംശനാശം വരുത്തുന്ന വിദേശ ഫാക്ടറി കപ്പലുകൾക്ക് നൽകിയ ലൈസൻസ് റദ്ദു ചെയ്യണം.

(6) മത്സ്യങ്ങൾ കൂടുതലായി ലഭിക്കുന്ന സന്ദർഭങ്ങളിൽ സംഭരിക്കുന്നതിനുള്ള സംവിധാനം സഹകരണ അടിസ്ഥാനത്തിൽ ഏർപ്പെടുത്തുക.

(7) മത്സ്യബന്ധന ഉപകരണങ്ങൾ, എൻജിൻ സ്പെയർ പാർട്സ് എന്നിവ വിൽക്കുന്നതിന് മത്സ്യഭവനിൽ ഒരു വ്യാസാസ്റ്റോർ ആരംഭിക്കണം.

(8) ഫിഷ് ലാന്റിംഗ് സെന്ററിൽ ബ്രേക്ക് വാട്ടർ സിസ്റ്റം അടിയന്തിരമായി നടപ്പിലാക്കുക.

(9) മത്സ്യ തൊഴിലാളികൾക്ക് വീടു നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായപദ്ധതി ഉദാരവത്ക്കരിക്കുക.

(10) പൂന്തോപ്പു മുതൽ പായൽക്കുളങ്ങര വരെയുള്ള മത്സ്യ തൊഴിലാളി മേഖലയിലെ ശുദ്ധ ജലക്ഷാമം പരിഹരിക്കുന്നതിന് 10 കിലോമീറ്റർ പൈപ്പ് ലൈൻ വലിക്കുക.

(11) തോട്ടപ്പള്ളി നോർത്ത് പമ്പ് ഹൗസിനോടനുബന്ധിച്ച് ആർ.സി.സി. ടാങ്കും, കരൂർ വാട്ടർ സപ്ലേ സ്കീമും നടപ്പിലാക്കുക.

(12) പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി നാഷണൽ ഹൈവേയും കടപ്പുറവുമായി ബന്ധിപ്പിക്കുന്ന 6 കിലോ മീറ്ററോളം വരുന്ന റോഡ് ടാർ ചെയ്യുക.

(13) മത്സ്യഫെഡ് വഴി അർഹരായ വർക്കെല്ലാം മത്സ്യബന്ധന ഉപകരണങ്ങൾ നൽകുക.

(14) ഫിഷ് ലാന്റിംഗ് സെന്റർ കേന്ദ്രമാക്കി മിനി ലൈറ്റ് ഹൗസ് സ്ഥാപിക്കണം.

(15) തോട്ടപ്പള്ളി പൊഴിമുഖം മുതൽ വടക്കോട്ട് 2 കിലോ മീറ്റർ നീളത്തിൽ കടൽ ഭിത്തി നിർമ്മിക്കണം.

(16) മത്സ്യ തൊഴിലാളികൾക്ക് പെർമിറ്റ് വഴി അനുവദിച്ചിട്ടുള്ള മണ്ണെണ്ണ സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യുക.

(17) മത്സ്യ വള നിർമ്മാണ ഫാക്ടറി സ്ഥാപിക്കുക.

(18) മത്സ്യ തൊഴിലാളി ഭവനങ്ങൾ വൈദ്യുതീകരിക്കുക.

(19) മത്സ്യ തൊഴിലാളി കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കുവാൻ സാമ്പത്തിക സഹായം നൽകുക.

(20) പരമ്പരാഗത മത്സ്യവിപണന സ്ഥലങ്ങളിൽ മാർക്കറ്റുകൾ സ്ഥാപിക്കുക.

## ഉൾനാടൻ മത്സ്യബന്ധനം

പഞ്ചായത്ത് പ്രദേശത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള 500 ഉൾനാടൻ മത്സ്യത്തൊഴിലാളികളാണ് ഉള്ളത്. മത്സ്യരോഗവും ജലാശയങ്ങളിലെ മത്സ്യ ലഭ്യതയുടെ കുറവും ജല മലിനീകരണവും ഉൾനാടൻ മത്സ്യ തൊഴിലാളികളുടെ സ്ഥിതി വളരെ ദയനീയമാക്കി. പരമ്പരാഗത മത്സ്യബന്ധന രീതി മാത്രമേ ഉൾനാടൻ മത്സ്യ മേഖലയിൽ നിലവിലുള്ളൂ. യന്ത്രവൽക്കരണത്തിനാകട്ടെ ഈ മേഖലയിൽ യാതൊരു പ്രസക്തി ഇല്ല താനും.

ശുദ്ധജല മത്സ്യത്തിന്റെ ഒക്ടോബറിലെ വില പട്ടികയിൽപ്പെടുത്തുന്നു.

| മത്സ്യം | കിലോയ്ക്ക് |
|---|---|
| കരിമീൻ | 55 |
| വരാൽ | 35 |
| ചെറിയ ചെമ്മീൻ | 30 |
| വലിയ ചെമ്മീൻ | 210 |
| ആറ്റുവാള | 60 |
| തൂളി | 40 |
| കാരി | 25 |
| കൂരി | 40 |
| ചെങ്കടി (കോര) | 60 |
| കാളാഞ്ചി | 70/75 |
| ചേറുമീൻ | 40/45 |

ഉൾനാടൻ മത്സ്യ തൊഴിലാളികൾ വളരെയേറെ ചൂഷണ വിധേയരാണ്. പിടിച്ചെടുക്കുന്ന മത്സ്യം ഏതാനും മണിക്കൂറിനകം വിറ്റഴിക്കേണ്ടതായി വരുന്നു. അതുകൊണ്ട് ഇടത്തട്ടുകാരുടെ ബഹുമുഖ ചൂഷണത്തിന് ഇവർ വിധേയരാകുന്നു. ഈ മേഖലയിൽ സഹകരണ സംഘത്തിന്റെ അഭാവം ചൂഷണത്തിന് ആക്കം കൂട്ടുന്നു. സഹകരണ അടിസ്ഥാനത്തിലുള്ള വിപണന ശിതീകരണ സംവിധാനം ഇനിയും വളർന്നു വരേണ്ടിയിരിക്കുന്നു.

തൊഴിൽ സാദ്ധ്യതകളുമായി ബന്ധപ്പെട്ട് ഈ മേഖലയിലെ തൊഴിലാളികൾ എല്ലാം തന്നെ പാടശേഖരങ്ങളുടെ അരികിലെ ചിറകളിലോ ആറ്റുവക്കിലോ ആണ് താമസമാക്കിയിരിക്കുന്നത്. ബഹുഭൂരിപക്ഷവും ഓലക്കുടിലിൽ താമസിക്കുന്നവരും പ്രാഥമിക ജീവിത സൗകര്യങ്ങൾ പോലും ലഭ്യമായിട്ടില്ലാത്തവരുമാണ്.

വീശുവല, ഓടക്കുവല, കുത്തുവല, കോരുവല, ഒറ്റാല്, കൂട്, ചൂണ്ട തുടങ്ങിയവ മത്സ്യബന്ധനത്തിനായി ഉപയോഗിക്കുന്നു.

പല മത്സ്യ തൊഴിലാളികൾക്കും മേൽപ്പറഞ്ഞ മത്സ്യബന്ധന ഉപകരണങ്ങൾ സ്വന്തമായിട്ടില്ല. തീരദേശ മത്സ്യ തൊഴിലാളികളെ അപേക്ഷിച്ച് ഉൾനാടൻ മത്സ്യ തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുവാൻ വേണ്ട ക്ഷേമ പദ്ധതികളോ സഹായ സഹകരണങ്ങളോ ലഭിക്കുന്നില്ല. മത്സ്യബന്ധനത്തോടൊപ്പം കക്കാ വാരലും ഇവരിൽ ചിലർ ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുണ്ട്. പരമ്പരാഗതമായി ലഭിച്ചിരുന്ന പല ശുദ്ധജല മത്സ്യങ്ങളും അപ്രത്യക്ഷമാകുകയും ലഭ്യത കുറയുകയും ചെയ്തിട്ടുണ്ട്. ഇതിന് പ്രധാന കാരണമായി ചൂണ്ടിക്കാണിക്കപ്പെട്ടത് വ്യാപകമായി പടർന്നു പിടിച്ച മത്സ്യരോഗമാണ്. ഇതിനുള്ള കാരണങ്ങളെ സംബന്ധിച്ചുള്ള അന്വേഷണം എങ്ങും എത്തിയിട്ടില്ല. മത്സ്യരോഗവും മത്സ്യസമ്പത്തിന്റെ അമിതമായ ചൂഷണവും പല മത്സ്യങ്ങളുടെ വംശനാശത്തിനും ഇടയാക്കുന്നു.

ജലാശയങ്ങളിലെ മത്സ്യ അനുപാതം നിലനിർത്തുന്നതിനുള്ള നടപടികൾ കൂടിയേ തീരൂ.

(1) കുളങ്ങളിലും ചതുപ്പു പ്രദേശങ്ങളിലും മത്സ്യ കൃഷിയെ പ്രോത്സാഹിപ്പിക്കുക.

(2) മത്സ്യ കൃഷിക്കാർക്ക് ആവശ്യമുള്ള മത്സ്യക്കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കുവാൻ ഹാച്ചറി സ്ഥാപിക്കണം.

(3) മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിന് സാമ്പത്തിക സഹായം നൽകുക.

(4) ഉൾനാടൻ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണസംഘം രൂപീകരിക്കുക.

(5) ഉൾനാടൻ മത്സ്യസമ്പത്ത് സഹകരണ അടിസ്ഥാനത്തിൽ സംഭരിച്ച് തോട്ടപ്പള്ളി കേന്ദ്രമാക്കി വിപണന കേന്ദ്രം ആരംഭിക്കുക.

**അനുബന്ധം:**

മത്സ്യ തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ നടത്തുന്ന പ്രവർത്തനങ്ങൾ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പദ്ധതികളുടെ ചെറുവിവരണം ചുവടെ ചേർക്കുന്നു.

(1) ഫിഷറീസ് സബ് ഇൻസ്പെക്ടർ ഓഫീസ്

ഉൾനാടൻ മത്സ്യമേഖലയിലെ മത്സ്യ തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്ക് ലൈസൻസ് നൽകുകയും അനധികൃത മത്സ്യബന്ധന ഉപകരണങ്ങൾ ഉപയോഗിക്കുന്നത് നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്നു. കടലിൽ ദൂര പരിധി ലംഘിക്കുന്ന ബോട്ടുകളെ കസ്റ്റഡിയിലെടുക്കുക, തീരദേശ മത്സ്യ തൊഴിലാളികൾക്ക് സമ്പാദ്യ ആശ്വാസ പദ്ധതി ഏർപ്പെടുത്തുക എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ. എന്നാൽ പട്രോൾ ബോട്ട് സംവിധാനങ്ങൾ നിലവിലില്ലാത്തതിനാൽ പരിധി ലംഘിച്ചുള്ള ട്രോളിംഗ് ഫലപ്രദമായി തടയുവാൻ കഴിയുന്നില്ല. 2561 മത്സ്യ തൊഴിലാളികൾ ഉണ്ടെങ്കിലും 1785 മത്സ്യ തൊഴിലാളികൾ മാത്രമേ മത്സ്യ തൊഴിലാളി സമ്പാദ്യ ആശ്വാസ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളൂ. മുഴുവൻ മത്സ്യ തൊഴിലാളികളെയും സമ്പാദ്യ ആശ്വാസ പദ്ധതിയിൽ ചേർക്കുന്നതിനുള്ള പ്രവർത്തനം നടത്തേണ്ടതുണ്ട്.

(2) മത്സ്യ തൊഴിലാളി ക്ഷേമനിധി ഓഫീസ്

അപകടം മൂലം മരണം സംഭവിക്കുന്ന മത്സ്യ തൊഴിലാളികൾക്ക് 50,000 സാമ്പത്തിക സഹായം നൽകുക, പെൺമക്കളുടെ വിവാഹത്തിന് 1500 രൂപ ധനസഹായം നൽകുക, വാർദ്ധക്യകാല പെൻഷൻ 100 രൂപ നൽകുക, അർഹതയുള്ള മുഴുവൻ മത്സ്യ തൊഴിലാളികളെയും അംഗങ്ങളാക്കുവാൻ കഴിയേണ്ടതുണ്ട്.

**മത്സ്യഫെഡ്**

മത്സ്യബന്ധന ഉപകരണങ്ങൾ സബ്സിഡി നിരക്കിൽ നൽകുക, കക്കൂസ് നിർമ്മാണ വായ്പ നല്കുക. പ്രകൃതിക്ഷോഭത്തിന് മത്സ്യബന്ധനപകരണങ്ങൾ നൽകുക ഇവയാണ് പ്രധാന പ്രവർത്തനങ്ങൾ.

**ചാകര**



ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ലഭിക്കുന്ന തെക്കുപടിഞ്ഞാറൻ കാലവർഷവും ഒക്ടോബർ, നവംബർ മാസങ്ങളിൽ ലഭിക്കുന്ന വടക്കുകിഴക്കൻ കാലവർഷവും നമ്മുടെ മത്സ്യസമ്പത്തിനെ വളരെയധികം സ്വാധീനിക്കുന്നു. തെക്കുപടിഞ്ഞാറൻ കാലവർഷ കാലത്താണ് ചാകര എന്ന പ്രതിഭാസം കേരളത്തിന്റെ തീരങ്ങളിൽ പലയിടത്തും പ്രത്യക്ഷപ്പെടുന്നത്. കടൽത്തീരത്ത് ചെളിയടിഞ്ഞുകൂടി കടൽ ശാന്തമാകുന്നതിനെയാണ് ചാകരയെന്നു പറയുന്നത്. മറ്റുള്ള സ്ഥലങ്ങളെ അപേക്ഷിച്ച് ചാകര പ്രത്യക്ഷപ്പെടുന്ന സ്ഥലത്ത് കടൽ ശാന്തമായിരിക്കും ഈ പ്രദേശത്തേയ്ക്ക് മത്സ്യങ്ങളെ കൂട്ടത്തോടെ ആകർഷിക്കുന്നു. വർഷങ്ങളായി പുറക്കാട്ടും അതിന് അടുത്ത പ്രദേശത്തും ചാകര പ്രത്യക്ഷപ്പെടാറുണ്ട്

# മൃഗസംരക്ഷണം



പഞ്ചായത്തിൽ കന്നുകാലി വളർത്തലിനുള്ള സാദ്ധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തിയിട്ടില്ല. കാർഷിക മേഖലയുമായി ബന്ധപ്പെട്ടുകിടക്കുന്ന തൊഴിൽ വിഭാഗങ്ങളിലാണ് കന്നുകാലി വളർത്തലിനുള്ള പ്രവണത കൂടുതൽ കണ്ടുവരുന്നത്. മത്സ്യ കാർഷിക മേഖലയിലെ തൊഴിൽ അനിശ്ചിതത്വം സൃഷ്ടിക്കുന്ന സാമ്പത്തിക ഞെരുക്കം മറികടക്കുവാൻ കന്നുകാലി വളർത്തലിനുള്ള സാദ്ധ്യതകൾ ഇനിയും പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

കന്നുകാലികളിൽ ബഹുഭൂരിപക്ഷവും കൃത്രിമബീജ സങ്കലനത്തിലൂടെയുള്ള സങ്കരയിനങ്ങളാണ് അപൂർവ്വമായി നാടൻ ഇനങ്ങളെയും വളർത്തുന്നുണ്ട്. പഞ്ചായത്തു പ്രദേശത്തെ പാൽ ഉല്പാദനം പ്രതിദിനം ശരാശരി 2865 ലിറ്ററോളം വരും. ആഭ്യന്തര ഉപയോഗം കഴിഞ്ഞ് വിപണനത്തിന് എത്തിച്ചേരുന്നതാകട്ടെ 874 ലിറ്ററുമാണ്. പാൽ വിപണനത്തിനു മിക്ക കർഷകരും സഹകരണ സംഘങ്ങളെ ആശ്രയിക്കുന്നു. സഹകരണ സംഘങ്ങളിലൂടെ സംഭരിക്കുന്ന പാൽ ആകെ ഉല്പാദനത്തിന്റെ ശരാശരി 30 ശതമാനമാണ്. കർഷകരിൽ നിന്നും സംഭരിക്കപ്പെടുന്ന പാലിന് കൊഴുപ്പിന്റെയും ഗുണനിലവാരത്തിന്റെയും അടിസ്ഥാനത്തിൽ വില നലകുന്നു. പിന്നീട് മിൽക്ക് മാർക്കറ്റിംഗ് ബോർഡിന്റെ പ്ലാന്റുകളിൽവെച്ച് കൊഴുപ്പ് നീക്കം ചെയ്തതിനുശേഷം ഉയർന്ന വിലയ്ക്ക് പായ്ക്കറ്റുകളാക്കി ഉപഭോക്താവിനു നൽകുന്നു. ഉല്പാദകനു ലഭിക്കുന്ന വിലയും ഉപഭോക്താവ് നൽകുന്ന വിലയും തമ്മിൽ സാരമായ അന്തരം നിലനിൽക്കുന്നു. കർഷകർക്ക് ന്യായമായ വില ലഭ്യമാക്കണം. ഉൽപ്പാദകനും ഉപഭോക്താവിനും ഇടയിൽ മിൽമ ഈടാക്കുന്ന അമിതലാഭം നീതീകരിക്കാവുന്നതല്ല.

കാർഷിക മേഖലയിൽ നിന്നുള്ള കച്ചിയും പുല്ലുമാണ് കന്നുകാലി വളർത്തലിനുള്ള അനുകൂലഘടകങ്ങൾ. കാലിത്തീറ്റ വിലകൊടുത്തു വാങ്ങി പശുക്കൾക്ക് നൽകി വരുന്നു. കാലിതീറ്റ, പിണ്ണാക്ക് തുടങ്ങിയവയിൽ വ്യാപകമായി മായം കലർന്നാണ് ലഭിക്കുന്നത്. പുൽകൃഷി ചെയ്യാനുള്ള സാദ്ധ്യത ഏറെയുണ്ട്. സസ്യഭുക്കിന്റെ ദഹനേന്ദ്രിയ വ്യവസ്ഥയുള്ള പശുവിന് നൽകുന്ന കാലിത്തീറ്റയിൽ മത്സ്യാവശിഷ്ടം ഉൾപ്പെടെ ഉള്ള പദാർത്ഥങ്ങൾ ചേർക്കുന്നത് പശുവിന്റെ ആരോഗ്യസ്ഥിതിയെ സാരമായി ബാധിക്കുന്നു. കാലിത്തീറ്റയുടെ അമിത വിലവർദ്ധനവും പ്രധാന പ്രശ്നമാണ് ചാണകത്തിൽ നിന്നും ഗോബർ ഗ്യാസ് ഉണ്ടാക്കുന്ന പ്ലാന്റ് പഞ്ചായത്തിൽ ഇല്ല. കന്നുകാലി വളർത്തൽ ലാഭകരമാക്കുന്നതിൽ ഒരു പ്രധാനപങ്ക് ഗോബർഗ്യാസ് പ്ലാന്റിനുണ്ട്. കന്നുകാലി വളർത്തൽ പരമാവധി ലാഭകരമാക്കുന്ന

തരത്തിൽ അനുബന്ധ പ്രവർത്തന പരിപാടികൾ ആവിഷ്ക്കരിക്കണം. അതിനാവശ്യമായ ബോധവൽക്കരണം നടത്തണം.

വനിതകൾക്ക് സ്വയം വരുമാനം ഉണ്ടാക്കുന്നതിന് ആടുവളർത്തൽ സഹായകമാകും. തീറ്റപ്പുൽ കൃഷിയിൽ പരമാവധി സാദ്ധ്യതകൾ ഉപയോഗപ്പെടുത്തണം.

കോഴി, താറാവ് കൃഷിക്ക് അനുയോജ്യമായതാണ് കാർഷിക മേഖല. പാടശേഖരങ്ങളിലും സമീപ പ്രദേശങ്ങളിലും വ്യാപാരാടിസ്ഥാനത്തിൽ ഇവയെ വളർത്താൻ കഴിയുമെങ്കിലും വളരെ കുറച്ചു പേർമാത്രമേ ഇത് ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളു.

| വാർഡ് | കോഴി | താറാവ് |
|---|---|---|
| 1. | 558 | 119 |
| 2. | 157 | 519 |
| 3. | 440 | 968 |
| 4. | 149 | 252 |
| 5. | 161 | 325 |
| 6. | 210 | 269 |
| 7. | 429 | 742 |
| 8. | 322 | 413 |
| 9. | 273 | 541 |
| 10. | 240 | 193 |
| 11. | 150 | 165 |

താറാവ്, കോഴി എന്നിവയ്ക്ക് അപ്രതീക്ഷിതമായി ഉണ്ടാകുന്ന രോഗങ്ങൾ കൂട്ടമായി ഇവ ചത്തൊടുങ്ങുന്നതിന് കാരണമാകുന്നു. ഇത് ഈ രംഗത്തേയ്ക്ക് കടന്നുവരുന്നതിന് കർഷകരെ നിരുൽസാഹപ്പെടുത്തുന്നു. രോഗങ്ങൾ തടയുന്നതിന് ശുപാർശചെയ്യുന്ന പ്രതിരോധ മാർഗ്ഗങ്ങൾ ഫലപ്രദമാകുന്നില്ല.



പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയും ഒരു ഗോസംവർദ്ധന ഉപകേന്ദ്രവും പ്രവർത്തിക്കുന്നു. ആശുപത്രിയിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ല പക്ഷിമൃഗാദികളുടെ ചികിത്സയ്ക്ക് ആവശ്യമായ ഔഷധങ്ങളും ഉപകരണങ്ങളും ഇനിയും ലഭ്യമാകണം.

**ഗ്രാമസഭാ നിർദ്ദേശങ്ങൾ**

1. നല്ലയിലനം കോഴി, താറാവ് കുഞ്ഞുങ്ങളെ ലഭ്യമാക്കുക
2. കാലിത്തീറ്റ സബ്സിഡി നിരക്കിൽ നൽകുക.
3. സൊസൈറ്റി വഴി സംഭരിക്കുന്ന പാലിന് കർഷകർക്ക് ന്യായമായ വില ഉറപ്പുവരുത്തുക.
4. തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ തീറ്റപ്പുൽ കൃഷി വ്യാപകമാക്കുക
5. മൃഗസംരക്ഷണ മേഖലയിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളെപ്പറ്റി യഥാസമയം കർഷകരെ അറിയിക്കുക.
6. കന്നുകാലികൾക്ക് ഉണ്ടാകുന്ന രോഗങ്ങൾക്ക് തക്കസമയത്ത് പ്രതിരോധ കുത്തിവെയ്പുകൾ നടത്തുക
7. മുഴുവൻ കന്നുകാലികൾക്കും ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുക
8. മിൽക്ക് സൊസൈറ്റികൾ നിലവിലില്ലാത്ത പ്രദേശങ്ങളിൽ സൊസൈറ്റി സ്ഥാപിക്കുക



# വിദ്യാഭ്യാസം



പഞ്ചായത്തിൽ എട്ട് പൊതു വിദ്യാലയങ്ങളാണുള്ളത്. ഒരു ഹൈസ്കൂൾ, രണ്ട് യു.പി. സ്കൂളുകൾ, അഞ്ച് എൽ.പി. സ്കൂളുകൾ. ഇവയിൽ നാലെണ്ണം സർക്കാർ ഉടമസ്ഥതയിലും നാലെണ്ണം എയിഡഡ് മേഖലയും ആണ്. പഞ്ചായത്ത് പ്രദേശത്ത് ആദ്യമായി സ്ഥാപിതമായ ഔപചാരിക വിദ്യാലയം തോട്ടപ്പള്ളി എൽ.പി. സ്കൂൾ ആണ്. 105 ഓളം വർഷത്തെ പഴക്കമുണ്ട് ടി സ്കൂളിന്. പഞ്ചായത്തിലെ 7ാം വാർഡിലെ കുട്ടികൾക്കൊഴികെ ഒരു കിലോമീറ്ററിനുള്ളിൽ എൽ.പി. സ്കൂളും രണ്ടു കിലോമീറ്ററിനുള്ളിൽ യു.പി. സ്കൂളും ഉണ്ട്. സംസ്ഥാനത്തെ പൊതു നിലയുമായി താരതമ്യം ചെയ്താൽ ഏറെ മെച്ചപ്പെട്ട സൗകര്യമാണ് ഇത്. സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങളും താരതമ്യേന മെച്ചപ്പെട്ടവയാണ്. അദ്ധ്യാപകരാകട്ടെ ആവശ്യത്തിനുണ്ടു താനും. (പഞ്ചായത്തിൽ ഇപ്പോൾ ഒഴിഞ്ഞു കിടക്കുന്നത് മൂന്ന് അദ്ധ്യാപക തസ്തികകൾ മാത്രമാണ്) എങ്കിലും വിദ്യാഭ്യാസ നിലവാരത്തിന്റെ കാര്യത്തിൽ പഞ്ചായത്തിന്റെ നില ആശാവഹമല്ല. എസ്.എസ്.എൽ.സി. വിജയ ശതമാനം കഴിഞ്ഞ അഞ്ചുവർഷത്തേത് ശരാശരി 29% മാത്രമാണ്. സംസ്ഥാന ശരാശരിയെക്കാൾ ഏറെ താഴെയാണ് ഈ വിജയ ശതമാനം.

സ്കൂളുകളിലൂടെ

(1) എസ്.എൻ.എം. ഹൈസ്കൂൾ

1962 ൽ സ്ഥാപിതമായ ഈ സ്കൂൾ കരൂർ പുറക്കാട് 763ാം നമ്പർ ട.ച.ഉ.ജ. ശാഖാ യോഗം ഉടമസ്ഥതയിലാണ്. കളത്തി പറമ്പിൽ ശ്രീ. കരുണൻ ആയിരുന്നു ആദ്യ മാനേജർ. ഭൗതിക സൗകര്യങ്ങൾ ആവശ്യത്തിനുണ്ട്. എസ്.എസ്.എൽ.സി. വിജയ ശതമാനം ആദ്യകാലത്തെ അപേക്ഷിച്ച് മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും സംസ്ഥാന ശരാശരിയെക്കാൾ ഏറെ താഴെയാണ്. പഠന നിലവാരം താരതമ്യേന മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും സാദ്ധ്യതകൾ മുഴുവൻ പ്രയോജനപ്പെടുത്തുന്നില്ല.

(2) എസ്.വി.ഡി. യു.പി. സ്കൂൾ

1955 ൽ പുറക്കാട് പഞ്ചായത്ത് കമ്മിറ്റിയുടെ ശുപാർശ പ്രകാരം ശ്രീ. വേണുഗോപാല ദേവസ്വം ഉടമസ്ഥതയിൽ തുടങ്ങിയ സ്കൂൾ ഭൗതിക കാര്യങ്ങളിൽ മെച്ചപ്പെട്ടിരിക്കുന്നു. ആവശ്യത്തിനു കളിസ്ഥലമുള്ള പഞ്ചായത്തിലെ ഏക സ്കൂളാണിത്. 24 ഡിവിഷനുകൾ വരെ പ്രവർത്തിച്ചിരുന്ന ഈ സ്കൂളിൽ ഇപ്പോൾ 16 ഡിവിഷനുകൾ മാത്രമുള്ളത്. ആകെയുള്ള അദ്ധ്യാപകരിൽ പകുതിയിൽ കൂടുതൽ സമീപവാസികളാണ്. സ്കൂളിന്റെ പഠന നിലവാരം വളരെ താഴെയാണ്. മുൻകാലങ്ങളിൽ കലാ-കായിക രംഗങ്ങളിൽ മികച്ച നിലവാരം പുലർത്തിയിരുന്നു. ഡ്രിൽ, സംഗീതം എന്നിവയ്ക്ക് സ്പെഷ്യൽ ടീച്ചേഴ്സുള്ള സ്കൂളാണിത്.

(3) ഗവ. എൽ.പി. സ്കൂൾ കരൂർ: 1905 ലാണ് ഈ സ്കൂൾ സ്ഥാപിതമായത്. കരൂർ നായർ സമാജം കാഞ്ഞൂർമഠം ക്ഷേത്രം വക അൻപതു സെന്റു സ്ഥലം സർക്കാരിന് ലീസിനു വിട്ടുകൊടുത്തതിലാണ് സ്കൂൾ ആരംഭിച്ചത്. ആദ്യകാലത്ത് 200 ഓളം കുട്ടികൾ പഠിച്ചിരുന്ന സ്കൂളിൽ ഇപ്പോൾ 109 കുട്ടികൾ മാത്രമാണുള്ളത്. 1968 ൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി രണ്ടു വർഷക്കാലത്തോളം സ്കൂൾ തൊട്ടടുത്ത ചീനത്താപറമ്പിൽ കുടുംബം

വക കെട്ടിടത്തിൽ മാറി പ്രവർത്തിച്ചിട്ടുണ്ട്. അടുത്ത കാലത്തായി കുട്ടികളുടെ അഡ്മിഷനിൽ ഗണ്യമായ കുറവു വന്നിരിക്കുന്നു. സ്കൂളിന്റെ പഠന നിലവാരം താഴുന്നത് ഒരു കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. ഭൗതിക സൗകര്യങ്ങൾ പര്യാപ്തമല്ല. നാലു ക്ലാസ്സുകൾക്കായി രണ്ടു ബ്ലാക്ക് ബോർഡുകൾ മാത്രമാണുള്ളത്. ബഞ്ചും ആവശ്യത്തിനില്ല. മൂത്രപ്പുരയുണ്ട്. കക്കൂസുള്ളത് ഉപയോഗശൂന്യമായി കിടക്കുന്നു. ഉച്ചക്കഞ്ഞി പാകം ചെയ്യുന്നത് താൽക്കാലിക ഷെഡ്ഡിലാണ്. സ്കൂളിന് ചുറ്റുമതിൽ ഇല്ല. കളിസ്ഥലവും പര്യാപ്തമല്ല. അടുത്ത ചില വർഷങ്ങളായി അദ്ധ്യാപക തസ്തികകൾ പൂർണ്ണമായി നികത്തപ്പെടുന്നില്ല. ഇപ്പോഴും ഒരു തസ്തിക ഒഴിഞ്ഞു കിടക്കുകയാണ്. ഇതും അഡ്മിഷൻ നിരക്കു കുറയുന്നതിന് ഒരു പ്രധാന കാരണമാണ്.

(4) ഗവ. ന്യൂ എൽ.പി. സ്കൂൾ പുറക്കാട്

ആദ്യകാലത്ത് അഴിക്കകത്ത് ആണ്ടിയരയന്റെ സ്കൂൾ എന്നറിയപ്പെട്ടിരുന്ന ഈ സ്കൂളിന് 60 വർഷത്തിനുമേൽ പഴക്കമുണ്ട്. പ്രധാനകെട്ടിടം കാലപ്പഴക്കം കൊണ്ട് നിലംപതിക്കാറായ അവസ്ഥയിലാണ്. 199596 വർഷത്തിൽ പി.റ്റി.എ.യുടെ നേതൃത്വത്തിൽ സ്കൂളിൽ ഒരു പാചകപ്പുര പണിതിട്ടുണ്ട്. കുടിവെള്ളത്തിനു ബുദ്ധിമുട്ടുണ്ട്. കുട്ടികളുടെ കുറവുമൂലം ക്ലാസ്സ് മുറികൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്. മുറികൾ വേർതിരിക്കുന്നതിന് സ്ക്രീനുകൾ ഇല്ല. മൂത്രപ്പുര ഉണ്ട്. കക്കൂസ് ഇല്ല. നാഷണൽ ഹൈവേയ്ക്ക് അരികിൽ സ്ഥിതിചെയ്യുന്ന സ്കൂളിന് ചുറ്റുമതിൽ പോയിട്ട് വേലിപോലും ഇല്ലാത്തത് പല അപകടങ്ങൾക്കും വഴിതെളിക്കുന്നു. അദ്ധ്യായന നിലവാരം തൃപ്തികരമല്ല. സ്കൂളിന്റെ തൊട്ടടുത്ത വീടുകളിൽ നിന്നു പോലും കുട്ടികൾ രണ്ടു കിലോമീറ്റർ യാത്ര ചെയ്ത് പഞ്ചായത്തിലെ തന്നെ മറ്റു പ്രൈമറി സ്കൂളുകളിലേയ്ക്ക് (മലയാളം മീഡിയം) പോകുന്നുണ്ട്.

(5) എൽ.എഫ്. എൽ.പി. സ്കൂൾ

പുറക്കാട് ക്രിസ്തീയ ദേവാലയത്തോടു ചേർന്ന കന്യാസ്ത്രീ മഠവുമായി ബന്ധപ്പെട്ട് 1960 ൽ തുടങ്ങിയ സ്കൂൾ ഭൗതിക സൗകര്യങ്ങളിൽ സ്വയം പര്യാപ്തമാണ്. അക്കാദമിക നിലവാരം തുടക്കം മുതലേ മെച്ചപ്പെട്ടതാണ്. കലാ കായിക രംഗങ്ങളിൽ കുട്ടികൾക്ക് വേണ്ടത്ര പ്രോത്സാഹനം നൽകുന്നുണ്ട്. സ്കൂൾ കോമ്പൗണ്ടിൽ തന്നെ മാനേജ്മെന്റ് വക ഒരു പ്രീ പ്രൈമറി വിഭാഗം പ്രവർത്തിക്കുന്നുണ്ട്. സ്കൂളിലെ അഡ്മിഷൻ നിരക്കിൽ കുറവു കണ്ടു തുടങ്ങിയിരിക്കുന്നത് രക്ഷകർത്താക്കളുടെ ഇംഗ്ലീഷ് മീഡിയം ഭ്രമമാണെന്നു വേണം കരുതാൻ. സ്കൂളിലേയ്ക്കുള്ള വഴി മഴക്കാലത്ത് തീരെ സഞ്ചാരയോഗ്യമല്ല. കൊച്ചുകുട്ടികൾ മുട്ടോളം വെള്ളം നീന്തിയാണ് സ്കൂളിലെത്തുന്നത്.

(6) എ.എസ്.എം. എൽ.പി.എസ്.

പഞ്ചായത്തിലെ ഏറ്റവും പ്രായം കുറഞ്ഞ സ്കൂളാണിത്. ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിൽ പഞ്ചായത്തിലെ ഏറ്റവും മെച്ചപ്പെട്ട സ്കൂളാണിത്. പഠന നിലവാരം ആദ്യവർഷങ്ങളെ അപേക്ഷിച്ച് മെച്ചപ്പെടുന്നുണ്ട്. മാനേജ്മെന്റിന്റെ കീഴിൽ ഒരു സൗജന്യ പ്രീ പ്രൈമറി വിഭാഗം പ്രവർത്തിച്ചു വരുന്നു.

(7) ഗവ. എൽ.പി. സ്കൂൾ തോട്ടപ്പള്ളി

പഞ്ചായത്തിൽ ഏറ്റവും ആദ്യം തുടങ്ങിയ സ്കൂളാണിത്. സ്കൂളിന് 105 വർഷത്തെ പഴക്കമുണ്ട്. കുറച്ചുകാലം മുമ്പുവരെയും പഞ്ചായത്തിലെ മികച്ച സ്കൂളുകളിലൊന്നായിരുന്നു. എന്നാൽ ഇപ്പോഴത്തെ സ്ഥിതി ദയനീയമാണ്. വിദ്യാഭ്യാസ നിലവാരത്തിന്റെ കാര്യത്തിൽ അത്ര മതിപ്പില്ല. കുട്ടികളുടെ അഡ്മിഷൻ നിരക്കിൽ കാര്യമായ കുറവു വന്നിട്ടുള്ളതിനാൽ കെട്ടിടം ഒഴിഞ്ഞു കിടക്കുന്ന അവസ്ഥയാണുള്ളത്. നാഷണൽ ഹൈവേയ്ക്കരികിൽ സ്ഥിതി ചെയ്യുന്ന സ്കൂളിന് ചുറ്റുമതിൽ ഇല്ലാത്തത് ഏറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. സ്കൂളിൽ ആവശ്യത്തിന് ഫർണിച്ചർ ഇല്ല. പ്രാഥമിക സൗകര്യങ്ങൾ ഒന്നും തന്നെയില്ല. കുടിവെള്ളത്തിന് സമീപത്തുള്ള പൊതു ടാപ്പിനെ ആശ്രയിക്കുന്നു. ആകെയുള്ള ഏഴ് അദ്ധ്യാപകരിൽ ആറുപേരും പഞ്ചായത്തിനുള്ളിൽ തന്നെ താമസിക്കുന്നവരാണ്. അദ്ധ്യാപകരും രക്ഷകർത്താക്കളും ഒന്നിച്ചു പരിശ്രമിച്ചാൽ സ്കൂളിന് പഴയ പ്രതാപം വീണ്ടെടുക്കുവാൻ കഴിയും.

(8) ഗവ. യു.പി. സ്കൂൾ നാലുചിറ

1952 ൽ എൽ.പി. സ്കൂളായി ആരംഭിച്ചു. 1980 ൽ യു.പി. ആയി ഉയർത്തി. അത്യാവശ്യത്തിനു ഭൗതിക സൗകര്യങ്ങൾ ഉണ്ടെങ്കിലും നാലു ക്ലാസ്സു മുറികൾ ഇപ്പോഴും താൽക്കാലിക ഷെഡ്ഡിലാണ് പ്രവർത്തിക്കുന്നത്. 1984 ൽ സ്കൂൾ കോമ്പൗണ്ടിൽ വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനായി രണ്ടു കെട്ടിടങ്ങൾ നിർമ്മിക്കപ്പെട്ടു. M.P. സ്കീമിൽ പെടുത്തി

ഒരു കെട്ടിടം ഈ വർഷവും നിർമ്മിച്ചിട്ടുണ്ട്. സ്കൂളിലെ ഒന്നാം സ്റ്റാൻഡേർഡിലെ അഡ്മിഷൻ നിരക്കിൽ കഴിഞ്ഞ അഞ്ചുവർഷമായി കുറവു വന്നിട്ടില്ല. എന്നാൽ യു.പി. വിഭാഗത്തിൽ അഞ്ചാം സ്റ്റാൻഡേർഡിലെ അഡ്മിഷൻ നിരക്കിൽ ഗണ്യമായ കുറവു വന്നിട്ടുണ്ട്. പി.റ്റി.എ. സജീവമായി പ്രവർത്തിക്കുന്ന സ്കൂളാണിത്. പുതിയ കെട്ടിടം നിർമ്മിക്കുന്നതിലും മറ്റു പാഠ്യേതര പ്രവർത്തനങ്ങളിലും പി.റ്റി.എ. യുടെ ഇടപെടൽ പ്രശംസനീയമാണ്. ദേശീയ അദ്ധ്യാപക അവാർഡ് ജേതാവ് ശ്രീ. കരുവാറ്റ ചന്ദ്രൻ ഈ സ്കൂളിലെ അദ്ധ്യാപകനാണ്.

## ഉച്ചഭക്ഷണ പരിപാടി

ഹൈസ്കൂൾ ഒഴികെ മറ്റെല്ലാ സ്കൂളുകളിലും ഉച്ചഭക്ഷണ പരിപാടി നടക്കുന്നുണ്ട്. ഉച്ചഭക്ഷണത്തിന് ആവശ്യമായ അരിയും പയറും ഗവ. ൽ നിന്നും ലഭിക്കുന്നു. കൂടാതെ കുട്ടി ഒന്നിന് ദിവസം പത്തു പൈസ നിരക്കിൽ ഗ്രാന്റും ലഭിച്ചുവരുന്നു. വിറക്, പലവ്യഞ്ജനം, അരിയും മറ്റും സ്കൂളിലെത്തിക്കുന്നതിന്റെ ചിലവ്, പാചക കൂലി എന്നിങ്ങനെ ആകെ ചിലവിന്റെ ഏതാണ്ട് 25% മാത്രമാണ് ഗവൺമെന്റിൽ നിന്നും ലഭിക്കുന്നത്. ബാക്കി തുക പി.റ്റി.എ.യുടെ ആഭിമുഖ്യത്തിലും കുട്ടികളിൽ നിന്നും മാസംതോറുമുള്ള പിരിവിലൂടെയും കണ്ടെത്തുകയാണ്. ഉച്ചഭക്ഷണ പരിപാടിയിൽ ഏറ്റവും ചെലവു വരുന്നത് വിറകിനാണ്. ദക്ഷത കൂടിയ കമ്മ്യൂണിറ്റി അടുപ്പുകൾ സ്ഥാപിച്ചാൽ വിറകിന്റെ ചെലവ് പകുതി കണ്ട് കുറയ്ക്കുവാൻ കഴിയും. എസ്.വി.ഡി. യു.പി.എസ്.ൽ കമ്മ്യൂണിറ്റി അടുപ്പാണ് ഉപയോഗിക്കുന്നത്. എസ്.വി.ഡി., എ.എസ്.എം. എൽ.പി.എസ്., ന്യൂ യു.പി.എസ്. എന്നിവിടങ്ങളിൽ മാത്രമാണ് പാചകമുറിയുള്ളത്. മറ്റു സ്കൂളുകളിൽ താൽക്കാലിക ഷെഡ്ഡിൽ പാചകം നടക്കുന്നു. തോട്ടപ്പള്ളി എൽ.പി.എസ്.ൽ ആകട്ടെ സ്കൂൾ ഹാളിന്റെ ഒരു മൂലയ്ക്ക് പാചകം നടക്കുന്നു. അരിയും പയറും സൂക്ഷിക്കുന്നതിന് പ്രത്യേക മുറികൾ ഒരു സ്കൂളിലും ഇല്ല. ഓഫീസുമുറി തന്നെയാണ് മിക്കയിടങ്ങളിലും ഇതിനായി ഉപയോഗിക്കുന്നത്. എസ്.വി.ഡി.യു.പി.എസ്., ജി.എൽ.പി.എസ്. തോട്ടപ്പള്ളി എന്നിവിടങ്ങളിൽ പാചകാവശ്യത്തിനുള്ള വെള്ളം പുറത്തുനിന്നുള്ള പൊതുടാപ്പിൽ നിന്നുമാണ് എടുക്കുന്നത്. ഉച്ചഭക്ഷണ പരിപാടിയുടെ കൂടുതൽ വിശദാംശങ്ങൾ പട്ടികാ രൂപത്തിൽ ചേർക്കുന്നു. പഞ്ചായത്തിലെ പ്രൈമറി വിഭാഗം കുട്ടികളിൽ 74.4% കുട്ടികൾ ഉച്ചഭക്ഷണ പരിപാടിയിൽ പങ്കാളികളാണ്. 1995/96 ലെ കണക്കുകൾ പരിശോധിച്ചാൽ ഏതാണ്ട് 60.70% പ്രവൃത്തിദിനങ്ങളിൽ മാത്രമേ ഉച്ചഭക്ഷണ പരിപാടി നടന്നിട്ടുള്ളൂ. പരീക്ഷാദിനങ്ങൾ മറ്റു ആഘോഷദിനങ്ങൾ എന്നിവകൂടി പരിഗണിച്ചാലും 85% ദിവസങ്ങളിൽ പരിപാടി നടക്കേണ്ടതാണ്. സാമ്പത്തിക ബുദ്ധിമുട്ടാണ് പൊതുവെ ചൂണ്ടിക്കാണിക്കപ്പെടുന്ന കാരണം.

ക്രമനമ്പർ, സ്കൂളിന്റെ പേര്, ആകെ കുട്ടികൾ (96–97), ഉച്ചഭക്ഷണം അനുവദിച്ചിട്ടുള്ള കുട്ടികളുടെ എണ്ണം, പാചകപ്പുര ഉണ്ട്/ഇല്ല, ധാന്യ സംഭരണമുറി ഉണ്ട്/ഇല്ല, പാചകാവശ്യത്തിനുള്ള വെള്ളത്തിന്റെ ലഭ്യത, ഒരുദിവസത്തെ ശരാശരി ചിലവ് (രൂപ), 1995–96-ൽ ഉച്ചഭക്ഷണ പരിപാടി നടത്തിയ ദിവസങ്ങൾ, 1995–96 ൽ പ്രവൃത്തി ദിവസങ്ങൾ എന്ന ക്രമത്തിൽ പട്ടിക ചുവടെ ചേർക്കുന്നു.

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1. G.U.P.S. Tply. | 661 | 546 | x | x | ✓ | 250 | 108 | 192 |
| 2. G L.P.S. Tply. | 189 | 144 | x | x | x | 75 | 134 | 194 |
| 3. A.S.M. L.P.S | 243 | 239 | ✓ | x | ✓ | 85 | 134 | 194 |
| 4. L.F. L.P.S | 364 | 260 | x | x | ✓ | 90 | 142 | 194 |
| 5. S.V.D. U.P.S | 632 | 347 | ✓ | x | x | 60 | 132 | 194 |
| 6. G.L.P.S. Karoor | 109 | 60 | x | x | ✓ | 35 | 138 | 192 |
| 7. New G.L.P.S | 163 | 160 | ✓ | x | ✓ | 60 | 120 | 192 |

## സാമൂഹിക ഇടപെടൽ

പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും അദ്ധ്യാപക രക്ഷകർതൃസമിതികളും മാതൃസംഗമങ്ങളും നിലവിലുണ്ടെങ്കിലും പ്രവർത്തനം കുറവാണ്. കരൂർ ന്യൂ എൽ.പി. സ്കൂളിൽ 9596 ൽ അദ്ധ്യാപക രക്ഷകർതൃ സമിതിയുടെ ആഭിമുഖ്യത്തിൽ ഒരു പാചകപ്പുര നിർമ്മിച്ചിട്ടുണ്ട്. 9596 വർഷത്തിലെ സബ്ജില്ലാ കലോത്സവ നടത്തിപ്പിലും എം.പി. സ്കീമിൽ കെട്ടിടം നിർമ്മിച്ചതിലും നാലുചിറ സ്കൂളിലെ പി.റ്റി.എ.യുടെ പ്രവർത്തനം പ്രശംസനീയമാണ്. തോട്ടപ്പള്ളി എൽ.പി.എസ്.ൽ ചുറ്റുമതിൽ നിർമ്മാണത്തിന് പൊതുജന പങ്കാളിത്തത്തോടെ ശ്രമങ്ങൾ നടന്നുവരുന്നു. എൽ.എഫ്. എൽ.പി.എസ്.ൽ പാചകപ്പുര നിർമ്മിക്കുന്നതിന് പി.റ്റി.എ. നടത്തിയ ശ്രമം വിജയിച്ചിട്ടില്ല.

## പ്രവർത്തന നിലവാരം

പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരം പൊതുവെ അത്ര മെച്ചപ്പെട്ടതല്ല. പ്രൈമറി ക്ലാസ്സുകളിലെ നിരക്ഷരത വലിയയൊരു പ്രശ്നം തന്നെയാണ്. ഏതാണ്ട് മൂന്നിലൊരു ഭാഗം കുട്ടികൾ പരീക്ഷകളിൽ 30% മാർക്കു പോലും വാങ്ങുന്നില്ല. ഏക ഹൈസ്കൂളിലെ എസ്.എസ്.എൽ.സി. വിജയ ശതമാനം സംസ്ഥാന ശരാശരിക്കു ഏറെ താഴെയാണ്.

പാഠ്യാനുബന്ധ-പാഠ്യേതര പ്രവർത്തനങ്ങളിൽ പഞ്ചായത്തിലെ കുട്ടികൾക്കു വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല. സബ് ജില്ലാ- ജില്ലാ തല കലോത്സവങ്ങളിലും, കായിക ശാസ്ത്ര-ഗണിത ശാസ്ത്ര പ്രവൃത്തി പരിചയ മത്സരങ്ങളിലും മറ്റും നാലുചിറ യു.പി.എസ്., എസ്.വി.ഡി. യു.പി.എസ്., എൽ.എഫ്. എൽ.പി.എസ്. എന്നീ സ്കൂളുകളിൽ നിന്നുള്ള കുട്ടികൾ നല്ല രീതിയിൽ പങ്കെടുക്കുന്നുണ്ട്. ഹൈസ്കൂളിലാകട്ടെ ഇത്തരം പ്രവർത്തനങ്ങൾക്ക് യാതൊരു പ്രാധാന്യവും നൽകുന്നില്ല.

പ്രീ പ്രൈമറി

പഞ്ചായത്തിൽ ഒട്ടാകെ 28 അംഗനവാടികൾ പ്രവർത്തിക്കുന്നുണ്ട്. 250 കുടുംബങ്ങൾക്ക് ഒരു അംഗനവാടി എന്ന ക്രമത്തിൽ ഇപ്പോൾ നിലവിലുണ്ട്. അംഗനവാടികളിൽ ശരാശരി 1520 കുട്ടികൾ ആണുള്ളത്. സ്വന്തം കെട്ടിടമുള്ള അംഗനവാടികൾ വളരെ കുറവാണ്. എ.എസ്.എം. എൽ.പി.എസ്., എൽ.എഫ്. എൽ.പി.എസ്. എന്നീ സ്കൂളുകളിൽ മാനേജ്മെന്റിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന പ്രീ പ്രൈമറി വിഭാഗങ്ങളുണ്ട്. പഞ്ചായത്തു പ്രദേശത്തെ 150 ഓളം കുട്ടികൾ കിലോമീറ്ററുകളോളം യാത്ര ചെയ്ത് ഇംഗ്ലീഷ് മീഡിയം കിന്റർ ഗാർട്ടനുകളിൽ പോകുന്നുണ്ട്. സ്വാഭാവികമായി ഈ കുട്ടികൾ പ്രീ പ്രൈമറിക്കു ശേഷം ഇത്തരം അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിൽ തന്നെ തുടരുന്നു. പഞ്ചായത്തിലെ പ്രൈമറി സ്കൂളുകളിലെ അഡ്മിഷൻ നിരക്കു കുറയുന്നതിന് ഒരു പ്രധാന കാരണം ഇതു തന്നെയാണ്.

സമാന്തര വിദ്യാലയങ്ങൾ

പഞ്ചായത്തിൽ 6 സമാന്തര വിദ്യാലയങ്ങളുണ്ട്. അവയിൽ 5 എണ്ണത്തിൽ കോളേജ് ക്ലാസ്സുകൾകൂടി നടത്തുന്നുണ്ട്. ഒരെണ്ണത്തിൽ സ്കൂൾ ക്ലാസ്സുകൾ മാത്രമാണുള്ളത്. ശരാശരി 200 കുട്ടികൾ വീതം ഇവയിൽ പഠിക്കുന്നുണ്ട്. നൂറോളം അഭ്യസ്ത വിദ്യർ ഈ രംഗത്തു പ്രവർത്തിക്കുന്നു. എസ്.എസ്.എൽ.സി. വിജയ ശതമാനം ഉയർന്നതിൽ ഇവയുടെ പങ്കാളിത്തമുണ്ട്.

സാങ്കേതിക സ്ഥാപനങ്ങൾ

പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന 6 ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടും ഒരു നഴ്സിംഗ് സ്കൂളും ഉണ്ട്. ഈ സ്ഥാപനങ്ങളിൽ പഠിക്കുന്ന ഭൂരിഭാഗവും പെൺകുട്ടികളാണ്. തൊഴിൽ സാദ്ധ്യത കൂടുതലുള്ള കോഴ്സുകൾക്ക് പരിശീലനം നൽകുന്ന സാങ്കേതിക വിദ്യാലയങ്ങൾ ഒന്നും തന്നെയില്ല.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ സ്കൂളുകളിലെ കുട്ടികളുടെ എണ്ണം ക്രമേണ കുറയുന്നു.
2. ഏക ഹൈസ്കൂളായ എസ്.എൻ.എം. ഹൈസ്കൂളിന്റെ പഠനനിലവാരത്തിന്റെ മാന്ദ്യം.
3. ഡെസ്ക്ക്, ബഞ്ച്, ബ്ലാക്ക് ബോർഡ്, മൂത്രപ്പുര, കക്കൂസ്, സ്ക്രീൻ മുതലായ ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത.
4. അനാകർഷകങ്ങളായ അംഗനവാടികൾ.
5. പ്രീ പ്രൈമറി സ്ഥാപനങ്ങളുടെ അപര്യാപ്തത.
6. പാഠ പുസ്തക വിതരണത്തിലെ കാലതാമസം.
7. പഠനോപകരണങ്ങളുടെയും അദ്ധ്യാപക പുനഃപരിശീലനത്തിന്റെയും അഭാവത്തിൽ വിരസമാകുന്ന ക്ലാസ്സുകൾ.
8. പി.റ്റി.എ., മാതൃസംഗമം, ക്ലാസ്സ് റൂം പി.റ്റി.എ., എന്നിവയുടെ കാര്യക്ഷമതയില്ലായ്മ.
9. ലൈബ്രറി, ലബോറട്ടറി എന്നിവയുടെ അഭാവം, ഉള്ളവ വേണ്ടവിധം ഉപയോഗപ്പെടുത്താതിരിക്കൽ.
10. സ്പെഷ്യൽ ടീച്ചേഴ്സിന്റെ പോരായ്മ (ഡ്രിൽ, സംഗീതം, പ്രവൃത്തിപരിചയം, ഡ്രോയിംഗ്).
11. കളിസ്ഥലത്തിന്റെ അപര്യാപ്തത.
12. കുട്ടികളിലെ നിരക്ഷരത.
13. പാഠ്യാനുബന്ധ-പാഠ്യേതര പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകാതിരിക്കൽ.
14. ഉച്ചഭക്ഷണ പരിപാടി നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ
15. നാലു സർക്കാർ സ്കൂളുകളിലും ചുറ്റുമതിലില്ല.
16. നാലുചിറ യു.പി. സ്കൂളിലെ സ്ഥിരം കെട്ടിടത്തിന്റെ പോരായ്മ.
17. ഹൈസ്കൂൾ കുട്ടികളിലെ ഇംഗ്ലീഷ് നിലവാരമില്ലായ്മ.
18. എൻ.സി.സി. സ്കൗട്ടിംഗ്, ഗൈഡിംഗ് എന്നിവയുടെ പ്രവർത്തനം ഇല്ലായ്മ.
19. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര സൗകര്യങ്ങളില്ലായ്മ.
20. ഇല്ലിച്ചിറ വാർഡിലെ കുട്ടികൾക്ക് എൽ.പി. സ്കൂളിൽ എത്തിച്ചേരുന്നതിനുള്ള ദൂരം.
21. നാലുചിറ, തോട്ടപ്പള്ളി ഭാഗങ്ങളിലെ കുട്ടികൾക്ക് ഹൈസ്കൂളുമായുള്ള ദൂരം.

സാധ്യതകൾ - ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. സർക്കാർ-എയ്ഡഡ് സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിലൂടെ ഒരു പരിധി വരെ കുട്ടികളുടെ പ്രവേശനനിരക്കിലുണ്ടാകുന്ന കുറവ് പിടിച്ചു നിർത്താം.

2. നാലുചിറ ഗവ: യു. പി. സ്കൂൾ ഹൈസ്കൂളായി ഉയർത്തണം

3. കാർഷിക-മത്സ്യബന്ധനവുമായി ബന്ധപ്പെട്ട വോക്കേഷണൽ ഹയർ സെക്കൻണ്ടറിസ്കൂൾ ആരംഭിക്കുക.

4. എല്ലാ എൽ. പി. സ്കൂളുകളോടനുബന്ധിച്ചും പ്രീ-പ്രൈമറി വിദ്യാലയങ്ങൾ ആരംഭിക്കുക.

5. എസ്. എൻ. എം. എച്ച്. എസ്-ൽ ക്ലാസ്സ്റും പി. റ്റി. എ. രൂപീകരിക്കണം ലൈബ്രറി ലബോറട്ടറി സൗകര്യങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തണം. ഏറ്റവും കൂടുതൽ കുട്ടികൾ തോൽക്കുന്ന ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്ന അദ്ധ്യാപകർക്ക് നൂതനമായ ബോധനരീതികളിൽ പരിശീലനം നൽകണം. മറ്റു ഭാഷകളിലെന്നപോലെ ഇംഗ്ലീഷിനും അതേ വിഷയത്തിൽ ബിരുദമെടുത്തവരെ നിയമിക്കണം.

6. ഡസ്ക്, ബഞ്ച് തുടങ്ങിയ ഭൗതിക സൗകര്യങ്ങൾ ജനപങ്കാളിത്തത്തോടെ ലഭ്യമാക്കുക.

7. സ്വന്തം കെട്ടിടം ഇല്ലാത്ത അംഗനവാടികൾക്ക് കെട്ടിടം നിർമ്മിക്കുക, ആവശ്യത്തിന് കളിപ്പാട്ടങ്ങൾ ലഭ്യമാക്കുക. അംഗനവാടി അദ്ധ്യാപികമാർക്ക് പ്രത്യേക പരിശീലനം നൽകുക.

8. പഠനോപകരണങ്ങളുടെ നിർമ്മാണത്തിന് അദ്ധ്യാപകരുടെ വർക്ക്ഷോപ്പുകൾ നടത്തുക. അദ്ധ്യാപകർക്കാവശ്യമായ പുനഃപരിശീലനങ്ങൾ വെക്കേഷൻ കാലത്ത് സംഘടിപ്പിക്കുക.

9. അദ്ധ്യാപകരുടെ സ്ഥലംമാറ്റങ്ങൾ വെക്കേഷൻ കാലത്തു തന്നെ പൂർത്തിയാക്കുക. ഒഴിവുള്ള തസ്തികകൾ യഥാസമയം നികത്തുക.

10. പഞ്ചായത്തിലെ വിദ്യാഭ്യാസ പുരോഗതിക്കായി പഞ്ചായത്തു വിദ്യാഭ്യാസ സമിതി രൂപീകരിക്കുക.

11. സർക്കാർ സ്കൂളുകളിൽ ഒരു മാസത്തിൽ കൂടിയ കാലയളവിലേയ്ക്ക് തുടർച്ചയായി അദ്ധ്യാപകർ അവധിയിൽ പ്രവേശിച്ചാൽ പകരം താൽക്കാലിക നിയമനം നടത്തുവാൻ പഞ്ചായത്ത് വിദ്യാഭ്യാസ സമിതിക്കു അധികാരം നൽകണം.

12. എല്ലാ എൽ. പി. സ്കൂളുകളിലും സയൻസ് കോർണറുകളും യു. പി, എച്ച്. എസ്സ് സ്കൂളിൽ സയൻസ് ക്ലബ്ബുകളും സാഹിത്യ സമാജങ്ങളും സംഘടിപ്പിക്കുക.

13. പഞ്ചായത്തു തല കായിക മേളകളും കലോത്സവങ്ങളും സംഘടിപ്പിക്കുക.

14. എസ്. എൻ. എം. എച്ച്. എസ്സ് ലീഡിങ് സ്കൂളാക്കി സ്കൂൾ കോപ്ലക്സ് ഫലപ്രദമായി നടപ്പിലാക്കുക.

15. പ്രൈമറി തലത്തിലെ നിരക്ഷരത മാറ്റുവാൻ അക്ഷരവേദി പ്രവർത്തനം തുടങ്ങുക. ഇതിനായി പഞ്ചായത്തിലെ അദ്ധ്യാപക പരിശീലനം നേടിയ തൊഴിൽരഹിതരുടെ സേവനം പ്രയോജനപ്പെടുത്താം.

16. യു. പി. സ്കൂളുകളിൽ ലൈബ്രറി പ്രയോജനപ്പെടുത്തുകയും ലബോറട്ടറിക്ക് പ്രത്യേക മുറി ലഭ്യമാക്കുകയും ചെയ്യണം.

17. ഇപ്പോൾ പഞ്ചായത്തിൽ ലഭ്യമായ സ്പെഷൽ ടീച്ചേഴ്സിന്റെ സേവനം എല്ലാ സ്കൂളുകൾക്കും പ്രയോജനപ്പെടുത്തുക.

18. എല്ലാ സ്കൂളുകളിലും ആവശ്യത്തിനു കളിസ്ഥലം ലഭ്യമാക്കുക.

19. കുട്ടികൾക്കു യഥാർത്ഥ പങ്കാളിത്തമുള്ള പ്രവൃത്തി പരിയമേളപോലുള്ളവ പ്രോത്സാഹിപ്പിക്കുക.

20. ഇല്ലിച്ചിറയിൽ ഒരു എൽ.പി. സ്കൂൾ ആരംഭിക്കുക.

## കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

| സ്കൂളിന്റെ പേര് | കുട്ടികളുടെ എണ്ണം | SC/ST കുട്ടികളുടെ എണ്ണം | തോറ്റു പഠിക്കുന്നവർ SC/ST | മറ്റുള്ളവർ | പഠനം നിറുത്തിയവർ SC/ST | മറ്റുള്ളവർ |
|---|---|---|---|---|---|---|
| S.N.M.H.S. | 762 | 59 | 1 | 12 | 0 | 12 |
| S.V.D.U.P.S | 632 | 41 | 6 | 68 | 1 | 3 |
| G.U.P.S. | 661 | 55 | 5 | 46 | 0 | 3 |
| G.L.P.S. Tply | 225 | 18 | 3 | 3 | 0 | 7 |
| A.S.M. L.P.S | 243 | 6 | 0 | 13 | 0 | 0 |
| L.F. L.P.S | 364 | 36 | 4 | 23 | 0 | 4 |
| G.L.P.S. Karoor | 109 | 8 | 0 | 7 | 0 | 0 |
| New G.L.P.S. | 161 | 2 | 0 | 6 | 0 | 0 |
| ആകെ | 3117 | 225 | 19 | 178 | 1 | 29 |

## അദ്ധ്യാപകരെ സംബന്ധിക്കുന്ന വിവരങ്ങൾ

| സ്കൂളിന്റെ പേര് | ആകെ അദ്ധ്യാപകർ | ഭാഷാദ്ധ്യാപകർ | സ്പെഷ്യൽ ടീച്ചേഴ്സ് | പഞ്ചായത്തിൽ തന്നെ താമസിക്കുന്നവർ |
|---|---|---|---|---|
| S.N.M.H.S | 32 | 9 | 3 | 3 |
| S.V.D.U.P.S | 22 | 4 | 2 | 12 |
| G.U.P.S Tply. | 17 | 1 | 0 | 8 |
| G.L.P.S. Tply. | 7 | 0 | 1 | 6 |
| A.S.M.L.P.S | 9 | 1 | 0 | 1 |
| L.F.L.P.S | 10 | 1 | 1 | |
| G.L.P.S. Karoor | 3 | 0 | 0 | 0 |
| New G.L.P.S | 7 | 1 | 1 | 2 |
| ആകെ | 107 | 17 | 8 | 37 |

## അക്കാദമിക് സൗകര്യങ്ങൾ

| | S.N.M.H.S | S.V.D.U.P.S | G.U.P.S | G.L.P.S.Tply | A.S.M.L.P.S | L.F.L.P.S | G.L.P.S. Karoor | New L.P.S |
|---|---|---|---|---|---|---|---|---|
| ലൈബ്രറി | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| ലബോറട്ടറി | ഉണ്ട് | ഇല്ല | ഇല്ല | . | . | ഇല്ല | . | ഇല്ല |
| സയൻസ് കോർണർ | ഇല്ല | ഇല്ല | ഇല്ല | . | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| പഠനോപകരണങ്ങൾ ആവശ്യത്തിന് | ഉണ്ട് | ഉണ്ട് | ഇല്ല | . | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| റേഡിയോ | ഇല്ല | ഇല്ല | ഉണ്ട് | . | ഉണ്ട് | ഇല്ല | . | |
| ടേപ്പ് റിക്കോർഡർ | . | . | ഇല്ല | . | ഉണ്ട് | . | . | |
| TV സെറ്റ് | . | . | . | . | ഇല്ല | . | . | ഇല്ല |
| V.C.P/V.C.R | . | . | . | . | . | . | . | . |
| സിനിമാ പ്രൊജക്ടർ | . | . | . | . | . | . | . | . |
| സ്ലൈഡ് പ്രൊജക്ടർ | . | . | . | . | . | . | . | . |
| ഓവർഹെഡ് പ്രൊജക്ടർ | . | . | . | . | . | . | . | . |
| കമ്പ്യൂട്ടർ | . | . | . | . | . | . | . | . |
| ബ്ലാക്ക്ബോർഡ് ആവശ്യകത | 22 | 16 | 17 | 7 | 8 | 9 | 4 | 4 |
| ബ്ലാക്ക്ബോർഡ് ലഭ്യത | 24 | 16 | 17 | 9 | 8 | 9 | 2 | 4 |
| 95-96ൽ ലഭിച്ച അദ്ധ്യായന ദിനങ്ങൾ | 193 | 194 | 192 | 194 | 194 | 194 | 192 | 192 |
| സമരങ്ങളിലൂടെ നഷ്ടപ്പെട്ട ദിനങ്ങൾ | 3 | 2 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| പ്രത്യേക അവധിമൂലം നഷ്ടം വന്നവ | 2 | 0 | 5 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| മാതൃസംഗമം സജീവം/സജീവമല്ല | അല്ല | സജീവം | സജീവം | സജീവം | സജീവം | സജീവം | സജീവം | അല്ല |
| ക്ലാസ്സ് റൂം പി.റ്റി.എ. | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

## അക്കാദമിക് നിലവാരം

### 1996-97 വർഷത്തെ ഒന്നാം ടേം പരീക്ഷയുടെ മാർക്ക്

| സ്കൂളിന്റെ പേര് | ആകെ കുട്ടികൾ | 30%നു താഴെ | 31- 40% | 40-50% | 50-60% | 60%നുമേൽ |
|---|---|---|---|---|---|---|
| S.N.M.H.S | 750 | 150 | 400 | 100 | 75 | 25 |
| S.V.D.U.P S | 633 | 343 | 101 | 59 | 54 | 76 |
| G.U.P.S | 502 | 73 | 172 | 102 | 46 | 107 |
| G.L.P.S Tply. | *127 | 25 | 19 | 20 | 20 | 43 |
| A.S.M.L.P.S | *113 | 25 | 21 | 18 | 18 | 33 |
| L.F.L.P.S | *184 | 18 | 29 | 16 | 37 | 84 |
| G.L.P.S. Karoor | *52 | 16 | 4 | 4 | 7 | 21 |
| New L.P.S | *72 | 27 | 18 | 18 | 9 | |

*(എൽ.പി. വിഭാഗം 3,4 സ്റ്റാൻഡേർഡുകളിലെ കുട്ടികളെ മാത്രം ഉൾപ്പെടുത്തിയിരിക്കുന്നു)

### SSLC വിജയശതമാനം

| | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|
| പരീക്ഷ എഴുതിയവർ | 357 | 355 | 230 | 232 |
| വിജയശതമാനം | 28 | 28 | 30 | 32 |

### സാമ്പത്തികാനുകൂല്യം ലഭിക്കുന്ന കുട്ടികളുടെ വിവരം

സ്കൂളിന്റെ പേര്, മെറിറ്റ് സ്കോളർഷിപ്പ്, ലംസംഗ്രാന്റ്, മുസ്ലീം ഗേൾസ് സ്കോളർഷിപ്പ്, വികലാംഗ സ്കോളർഷിപ്പ്, ജവാന്മാരുടെ മക്കൾക്കുള്ള ആനുകൂല്യം, ബീഡിത്തൊഴിലാളി സ്കോളർഷിപ്പ്, മത്സ്യത്തൊഴിലാളി കുട്ടികൾക്കുള്ള സ്കോളർഷിപ്പ്, SC/ST മെറിറ്റോറിയസ് എന്ന ക്രമത്തിൽ.

| | | | | | | | | |
|---|---|---|---|---|---|---|---|---|
| S.N.M.H.S | 3 | 371 | 22 | 8 | 2 | - | 19 | 2 |
| S.V.D.U.P.S | 7 | 325 | 29 | 14 | 1 | - | 29 | 3 |
| G.U.P.S | 1 | 310 | 6 | | 2 | | 13 | |
| G.L.P.S Tply | - | 88 | - | - | | - | 6 | 13 |
| A.S.M.L.P.S * | | | | | | | | |
| L.F.L.P.S | - | 200 | - | - | - | | 9 | |
| G.L.P.S Karoor | | 8 | | | | | | |
| New G.L.P.S | - | 103 | - | | | - | 4 | 2 |

* വിവരങ്ങൾ ലഭ്യമല്ല



# പൊതുജനാരോഗ്യം
# കുടിവെള്ളം

ഒരു ജനതയുടെ ആരോഗ്യസ്ഥിതി അവരുടെ സാമ്പത്തികാവസ്ഥയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നൊരു ധാരണയുണ്ട്. എന്നാൽ സാമ്പത്തിക രംഗത്ത് കാര്യമായ വളർച്ച ഉണ്ടാകാതിരിക്കുമ്പോൾതന്നെ കേരളം ആരോഗ്യരംഗത്ത് വൻമുന്നേറ്റംതന്നെ നേടി. ഇന്ത്യ അടുത്ത നൂറ്റാണ്ടിൽ ലക്ഷ്യമിട്ടിരിക്കുന്ന പല നേട്ടങ്ങളും നാം ഇപ്പോൾതന്നെ കൈവരിച്ചിട്ടുണ്ട്. നമ്മുടെ നേട്ടങ്ങൾ നിലനിർത്തുന്നതിനും ഗുണനിലവാരം ഉയർത്തുന്നതിനും വേണ്ട പരിശ്രമങ്ങൾ ഉണ്ടായേ മതിയാകൂ. ഈ സാഹചര്യത്തിൽ നമ്മുടെ പഞ്ചായത്തിലെ ആരോഗ്യമേഖല സമഗ്രമായി വിലയിരുത്തപ്പെടേണ്ടതുണ്ട്.

പഞ്ചാ[illegible]ിൽ 2 പ്രൈമറി ഹെൽത്ത് സെന്ററുകളും ഒരു മെഡിക്കൽ കോളേജ് ഹെൽത്ത് യൂണിറ്റും പ്രവർത്തിക്കുന്നു. സ്വകാര്യമേഖലയിൽ ആറുസ്ഥാപനങ്ങൾ അലോപ്പതിചികിത്സ നടത്തുന്നു. ആയുർവേദചികിത്സാസ്ഥാപനങ്ങൾ നാലെണ്ണമുണ്ട്. ഹോമിയോചികിത്സാകേന്ദ്രങ്ങൾ രണ്ടെണ്ണമാണുള്ളത്. സ്വകാര്യ മേഖലയിൽ മൂന്നു പാരാമെഡിക്കൽ സ്ഥാപനങ്ങളും ഒരു നഴ്സിംഗ് സ്കൂളും പ്രവർത്തിക്കുന്നുണ്ട്.

1991-ലെ സെൻസസ്കണക്കുപ്രകാരം ഉണ്ടായിരുന്ന ജനസംഖ്യ 27,912-ൽ നിന്നും ഇപ്പോൾ 40,000 ആയിട്ടുണ്ടെന്നാണ് ആരോഗ്യവകുപ്പധികൃതരുടെ അനുമാനം. പഞ്ചായത്തിലെ ജനനനിരക്ക് 11.4ഉം മരണനിരക്ക് 3.25ഉം ആണ്. 1996-ൽ ഒരു ശിശുമരണമേ ഈ പഞ്ചായത്തിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. രോഗാതുരതയിൽ സ്ത്രീകൾ മുന്നിട്ടുനില്ക്കുന്നു പഞ്ചായത്തിലെ രണ്ടു പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലെത്തിയ രോഗികളുടെ കണക്ക് ശ്രദ്ധിക്കുക.

| വർഷം | ആൺ | പെൺ | ആകെ |
|---|---|---|---|
| 1991-92 | 10420 | 23050 | 33470 |
| 1992-93 | 13676 | 22559 | 36235 |
| 1993-94 | 13224 | 20160 | 33544 |
| 1994-95 | 9557 | 22479 | 32036 |
| 1995-1996 | [illegible] | 22939 | 31286 |

കണക്കുകൾ സൂചിപ്പിക്കുന്നത് പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ ചികിത്സക്കെത്തുന്നവരുടെ എണ്ണത്തിൽ ക്രമാനുഗതമായ കുറവ് സംഭവിക്കുന്നു എന്നാണ്. രോഗാതുരത വർദ്ധിക്കുകയും ജനങ്ങൾ ഗവ. ആരോഗ്യകേന്ദ്രങ്ങളേക്കാളുപരി സ്വകാര്യ ആശുപത്രികളിലേക്ക് പോകുകയും ചെയ്യുന്നു എന്നുള്ളത് വ്യക്തമാണ്. ഇതിനുള്ള കാരണങ്ങൾ എന്തുതന്നെയായാലും അത് പരിഹരിച്ചുക്കൊണ്ടേ ആരോഗ്യരംഗത്ത് നമുക്ക് ഇനിയും മുന്നേറാൻ കഴിയൂ.

**പഞ്ചായത്തിലെ ദമ്പതിമാരുടെ കണക്ക് (പ്രയടിസ്ഥാനത്തിൽ)**

[illegible]കളുടെ പ്രായക്രമം)

| | | | |
|---|---|---|---|
| 15വയസ്സുമുതൽ | | 19 വരെ | - 120 |
| 20 | ,, | 24 | 382 |
| 25 | ,, | 29 | 725 |
| 30 | ,, | 34 | 674 |
| 35 | ,, | 39 | 625 |
| 40 | ,, | 44 | 254 |

**ജീവിച്ചിരിക്കുന്ന കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അമ്മമാരുടെ എണ്ണം**

| | | |
|---|---|---|
| 1. | കുട്ടികളുള്ളവർ – | 400 |
| 2. | കുട്ടികളുള്ളവർ – | 1507 |
| | 2-ൽ കൂടുതൽ കുട്ടികൾഉള്ളവർ – | 1506 |

ഗുരുതരമായ പോഷണകുറവുള്ള 1 വയസ്സിനും 5 വയസ്സിനും ഇടയ്ക്കുള്ള കുട്ടികൾ ഇല്ലെന്നാണ് ആരോഗ്യവകുപ്പിന്റെ കണക്ക്. എന്നാൽ മിതമായപോഷണക്കുറവും ലഘുവായ പോഷണകുറവും ഉള്ള കുട്ടികളുടെ എണ്ണം കുറവല്ല.

**പ്രദേശത്തെ കുട്ടികളുടെ പോഷണ നിലവാരം**

| പ്രായം | നോർമൽ | ലഘുവായ പോഷണ ക്കുറവ് | മിതമായ പോഷണ കുറവ് | ഗുരുതരമായ പോഷണ കുറവ് |
|---|---|---|---|---|
| 1 മുതൽ 5 വയസ്സുവരെ | 166 | 105 | 10 | 0 |

സ്ഥായിയായ രോഗബാധിതരിൽ കൂടുതൽ പേരും രക്തസമർദ്ദം ബാധിച്ചിട്ടുള്ളവരാണ്. രണ്ടാം സ്ഥാനത്തു നില്ക്കുന്നരോഗം പ്രമേഹമാണ്. വാതരോഗങ്ങളുംവളരെപ്പേരെ ബാധിച്ചിട്ടുണ്ട്. ദാരിദ്ര്യജന്യരോഗങ്ങൾ പടർന്നുപിടിയ്ക്കുന്നത് സാധാരണയാണ്. പകർച്ചവ്യാധികൾക്ക് വിധേയരാകുന്നവരുടെ എണ്ണവും വളരെ കൂടുതലാണ്.

സ്ത്രീകൾക്ക് രോഗാതുരത പുരുഷന്മാരേ അപേക്ഷിച്ച് കൂടുതൽ കാണുന്നുണ്ടെങ്കിലും പുറക്കാട് ആരോഗ്യ കേന്ദ്രത്തിൽ സ്ത്രീ ചികിത്സാവിദഗ്ധയുടെ സേവനം ലഭ്യമായിട്ടില്ല. അടിസ്ഥാന സൗകര്യങ്ങളും ഈ ആരോഗ്യകേന്ദ്രത്തിൽ ഇനിയും ഉണ്ടാകേണ്ടതുണ്ട്.

കക്കൂസുകളുടെ അപര്യപ്തത പഞ്ചായത്ത് പ്രദേശത്തെ ജനങ്ങളുടെ ഒരു മുഖ്യ പ്രശ്നമാണ്. തുറസ്സായ പ്രദേശങ്ങൾ മലവിസർജ്ജനത്തിന് ഉപയോഗപ്പെടുത്തുന്നത് നിരവധി ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

പരിസരമലിനീകരണമാണ് നാം നേരിടുന്ന മറ്റൊരു വിപത്ത്. പരിസരശുചിത്വവും വ്യക്തി ശുചിത്വവും പാലിച്ചു കൊണ്ടേ നമുക്ക് ആരോഗ്യകരമായ ഒരു അന്തരീക്ഷം സൃഷ്ടിച്ചെടുക്കുവാൻ കഴിയൂ. പീലിംഗ് ഷെഡുകളിൽ നിന്നും മറ്റും ഒഴുക്കിവിടുന്ന മലിനജലം നിരവധി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. പരിസര മലിനീകരണം കൂടുതൽ കാര്യക്ഷമമായി നിയന്ത്രിയ്ക്കേണ്ടതുണ്ട്.

തോട്ടപ്പള്ളി പ്രാഥമികാരോഗ്യകേന്ദ്രം മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന മേഖലയിലാണ്. ഈ കേന്ദ്രത്തിന്റെ പ്രവർത്തനം ഇനിയും മെച്ചപ്പെടേണ്ടതുണ്ട്.

അലോപ്പതിപോലെതന്നെ പ്രാധാന്യമുള്ള ചികിത്സാ രീതിയായി ആയുർവേദം വളർന്നിട്ടുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിൽ ഒരു സർക്കാർ ആയുർവേദ ആശുപത്രി ഉണ്ടായിട്ടില്ല. ആയുർ വേദ രംഗത്തെ ചികിത്സയും പഞ്ചായത്തിൽ പ്രാധാന്യം ലഭിയ്ക്കേണ്ടതുണ്ട്.

ഹോമിയോ ചികിത്സാ രംഗത്തും ഇതേ അപാകതയുണ്ട്. പഞ്ചായത്തിൽ ഹോമിയോ ചികിത്സാ ലഭ്യമാക്കുവാൻ സർക്കാർ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല. ജില്ലയിൽ പടർന്നു പിടിച്ച പകർച്ചവ്യാധികളെ ഫലപ്രദമായി നേരിടുവാൻ ഹോമിയോ ചികിത്സയ്ക്ക് സാധിച്ചിട്ടുള്ളതാണ്. നമ്മുടെ സാഹചര്യങ്ങളിൽ ഒരു ഹോമിയോ ചികിത്സാകേന്ദ്രം അത്യന്താപേക്ഷിതമാണ്.

## കുടിവെള്ളം

നാം നേരിടുന്ന ആരോഗ്യ പ്രശ്നങ്ങൾ വലിയൊരളവുവരെ ശുദ്ധമായ കുടിവെള്ളം നല്കുന്നതുകൊണ്ടുമാത്രം പരിഹരിക്കുവാൻ കഴിയുന്നവയാണ്. ശുദ്ധജലവിതരണ പദ്ധതികൾ വഴി പഞ്ചായത്ത് പ്രദേശത്ത് 20500 ആളുകൾക്ക് ശുദ്ധജലം ലഭ്യമാകുന്നു എന്നാണ് കണക്ക്. അതായത് ഇപ്പോഴുള്ള പകുതിയോളം ജനങ്ങൾ കുടിവെള്ളത്തിന് മറ്റ് സ്രോതസ്സുകളെ ആശ്രയിയ്ക്കേണ്ടിവരുന്നു. ശുദ്ധജലക്ഷാമം മൂലം മലിനമായ തോടുകളെവരെ ആശ്രയിക്കേണ്ടിവരുന്നുണ്ട്.

പഞ്ചായത്തിൽ നാലു ശുദ്ധ ജല വിതരണ പദ്ധതികളാണുള്ളത്. ട്യൂബ് വെല്ലുകൾ വഴി ഭൂഗർഭ ജലം വിതരണം ചെയ്യുന്നു. ട്യൂബ് വെല്ലുകളും നാല് ഓവർഹെഡ് ടാങ്കും നിലവിലുണ്ട്. ഒരു ട്യൂബ് വെല്ലിന്റേയും ഓവർഹെഡ് ടാങ്കിന്റേയും പണിപൂർത്തിയായിക്കഴിഞ്ഞു. ടാങ്കുകളുടെ ആകെ കപ്പാസിറ്റി

263000 ലിറ്റർ ആണ്. ഇപ്പോൾ 8 സ്ക്വയർ കിലോമീറ്റർ പ്രദേശത്തു മാത്രമേ ശുദ്ധജലവിതരണം നടത്തുന്നുള്ളു. ഇത് പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 34.49% മാത്രമേ വരു. ആകെ 83 കിലോ മീറ്റർ നീളത്തിൽ പൈപ്പ് ലൈനുകൾ സ്ഥാപിച്ചിട്ടുണ്ട്. പഞ്ചായത്ത് പ്രദേശത്ത് ആകെ പത്തു ഷിഫ്റ്റിലായി പമ്പിംഗ് നടത്തുന്നു.

യുദ്ധകാലാടിസ്ഥാനത്തിൽ മുഴുവൻ ജനങ്ങൾക്കും ശുദ്ധജലം ലഭ്യമാക്കേണ്ടതുണ്ട്. പ്രത്യേകിച്ച് വളരെ പ്രതികൂല സാഹചര്യങ്ങളിൽ പാടശേഖരങ്ങളുടെ ചിറകളിലും മറ്റും താമസിക്കുന്നവർക്ക് ഈ സേവനം ലഭ്യമാക്കിയേ മതിയാകൂ.

ഗ്രാമസഭകളിൽ നിന്നും ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതു സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങളാണ് ഉയർന്നുവന്നത്.

1. പുറക്കാട് പ്രൈമറി ഹെൽത്ത് സെന്ററിലെ പുതിയ വാർഡ് പ്രവർത്തന ക്ഷമമാക്കുകയും ഒരു സ്ത്രീ രോഗവിദഗ്ധയെ നിയമിക്കുകയും ചെയ്യുക.
2. ആശുപത്രിക്ക് ചുറ്റുമതിൽ നിർമ്മിക്കുക.
3. രോഗനിർണ്ണയത്തിനും ചികിത്സയ്ക്കും ആധുനിക ഉപകണ ' സ്ഥാപിക്കുക.
4. ദുർബലവിഭാഗത്തിൽ പെട്ടവർക്ക് കക്കൂസുകൾ നിർമ്മിച്ചു നല്കുക.
5. സർക്കാർ തലത്തിൽ ഒരു ആയുർവ്വേദ ആശുപത്രിയും ഹോമിയോ ആശുപത്രിയും സ്ഥാപിക്കുക.
6. പരിസര മലിനീകരണം കർശനമായി നിയന്ത്രിക്കുക.
7. ശുദ്ധജലവിതരണ പരിപാടി വിപുലീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുക.
8. കരൂർ വാട്ടർ സപ്ലേ സ്കീം നടപ്പിലാക്കുന്നതിന് പായൽ കുളങ്ങരയിൽ ട്യൂബ് വെൽ സ്ഥാപിക്കുക.
9. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം പൊതുജന പങ്കാളിത്തത്തോടെ കാര്യക്ഷമമാക്കുക. പൊതു
10. പഞ്ചായത്തിന്റെ പൊതുശ്മശാനം പ്രവർത്തനക്ഷമമാക്കുക.
11. മദ്യം, മയക്കുമരുന്ന് എന്നിവ വരുത്തുന്ന വിപത്തുകളെകുറിച്ച് ബോധവല്ക്കരണം നടത്തുക.
12. അംഗൻവ[illegible]ളോടനുബന്ധിച്ച് ആരോഗ്യ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
13. പരിസരശുചിത്വം, വ്യക്തിശുചിത്വം എന്നിവയുടെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണം നടത്തുക
14. പകർച്ചവ്യാധി നിർമ്മാർജനത്തിന് സമഗ്രപരിപാടികൾ ആവിഷ്ക്കരിക്കുക.



# വ്യവസായം

വ്യവസായമേഖലയിലെ പുറക്കാടിന്റെ സ്ഥാനം വളരെയധികം പിന്നിലാണ്. പ്രാചീനകാലത്ത് ഒരു പ്രധാന തുറമുഖമായിരുന്നു പുറക്കാട് അതോടനുബന്ധിച്ച് പണ്ടകശാലകളും പരമ്പരാഗത രീതിയിലുള്ള കുടിൽ വ്യവസായങ്ങളും നിലനിന്നിരുന്ന എന്നതാണ് വ്യവസായികചരിത്രത്തിലുള്ള നമ്മുടെ സ്ഥാനം. പണ്ട്കാലം മുതൽ ഇവിടെ നിലനിന്നുരുന്ന പ്രധാന വ്യവസായമായിരുന്നു പരമ്പരാഗതരീതിയിൽ മത്സ്യങ്ങൾ ഉണക്കി സംസ്ക്കരിക്കുന്ന 'കൂടങ്ങൾ' എന്ന കുടിൽ വ്യവസായങ്ങൾ. നെല്ല് കൊപ്രാസംസ്ക്കരണവും കുടിൽവ്യവസായങ്ങളായി നിലവിലുണ്ടായിരുന്നു. കൂടാതെ തഴപ്പായ നിർമ്മാണം കുട്ടനിർമ്മാണം തുടങ്ങിയ പരമ്പരാഗത ശൈലിയിലുള്ള വ്യവസായങ്ങളും അന്നുണ്ടായിരുന്നു. കാർഷിക-മത്സ്യസംസ്ക്കരണ മേഖലയിൽ വളരെയധികം ഉത്പാദനക്ഷമത ഉണ്ടായിരുന്നെങ്കിലും അത് വ്യാവസായികമായി പ്രയോജനപ്പെടുത്തുവാൻ അന്നും നമുക്ക് കഴിഞ്ഞിരുന്നില്ല.

വ്യവസായവും കച്ചവടവും ആഗോളവൽക്കരിക്കപ്പെട്ടെങ്കിലും ഈ രംഗത്തെ നമ്മുടെ പ്രദേശത്തിന്റെ പങ്ക് വളരെ ചെറുതാണ്. മൊത്തം തൊഴിൽസേനയുടെ വളരെചെറിയൊരു ഭാഗം മാത്രമെ വ്യവസായ മേഖലയിൽ പണിചെയ്യുന്നുള്ളു. എല്ലാവരും പഞ്ചായത്തിൽ തന്നെയുള്ള വ്യവസായ യൂണിറ്റുകളിലാണ് പണിയെടുക്കുന്നത്.

ഇവിടെ നിലവിലുള്ള വ്യവസായയൂണിറ്റുകളിൽ ഭൂരിഭാഗവും പരമ്പരാഗതരീതിയിൽ നിന്ന് വളരെയൊന്നും മുന്നോട്ട് പോയിട്ടില്ല. സർക്കാർ ഉടമസ്ഥതയിലുള്ള വ്യവസായങ്ങൾ ഒന്നുംതന്നെ നിലവിലില്ല. നിലവിലുള്ള വ്യവസായങ്ങളിൽ ഭൂരിഭാഗവും മത്സ്യസംസ്ക്കരണ മേഖലയിലാണ് പ്രവർത്തിക്കുന്നത്. ഏറ്റവും അധികം തൊഴിലാളികൾ പണിയെടുക്കുന്നതും ഈ മേഖലയിലാണ്. പരമ്പരാഗത രീതിയിൽ ചെറുമത്സ്യങ്ങൾ ഉണക്കി സംസ്ക്കരിക്കുന്ന 30 'കൂടങ്ങളും' കയറ്റുമതി രംഗത്തെ ആശ്രയിച്ച് ചെമ്മീൻ സംസ്ക്കരിക്കുന്ന 49ത് പീലിംഗ് ഷെഡുകളും 12 ഐസ് ഫാക്ടറികളും ഒരു ഫ്രീസിംഗ് പ്ലാന്റും ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. അഞ്ച് വനിത യൂണിറ്റുകൾ രജി: ചെയ്തട്ടുണ്ടെങ്കിലും അവ പ്രവർത്തന പ്രതിസന്ധിയിലാണ്.

മറ്റൊരു പ്രധാന ഉത്പ്പാദന മേഖലയാണ് കാർഷിക മേഖല. എന്നാൽ പ്രധാന കാർഷിക ഉത്പ്പന്നങ്ങളായ നെല്ലും, തേങ്ങയും അസംസ്കൃതവസ്തുവായി ഉപയോഗിക്കുന്ന വ്യവസായങ്ങൾ കുറവാണ്. സഹകരണമേഖലയിൽ ഒരു വ്യവസായ യൂണിറ്റു പോലും പ്രവർത്തിക്കുന്നില്ല. നിലവിലുള്ള സഹകരണസംഘങ്ങളുടെ പ്രവർത്തനം തെരഞ്ഞെടുപ്പിൽ മാത്രമായി ഒതുങ്ങുന്നു. വനിതാ വ്യവസായയൂണിറ്റുകളും വേണ്ടത്ര നിലവിലില്ല. ഏറ്റവും അധികം തൊഴിലാളികൾ പണിചെയ്യുന്ന മത്സ്യസംസ്ക്കരണ മേഖലയിൽ ഒരൊറ്റവ്യവസായ യൂണിറ്റുകളും വനിതകളുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നില്ല.

നമ്മുടെ പഞ്ചായത്തിൽ ഖാദി മേഖലയിൽ നാല് വ്യവസായയൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രവർത്തനം നടക്കുന്നത് മൂന്ന് യൂണിറ്റുകളിൽ മാത്രമാണ്. കച്ചി അസംസ്കൃതവസ്തുവായി ഉപയോഗിച്ച് സ്ട്രാ ബോർഡ് നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ നിലവിൽ വന്ന ചാലയിൽ ഇൻഡസ്ട്രീസ് പ്രവർത്തനം തുടങ്ങി വളരെ നാൾ കഴിയും മുമ്പ്തന്നെ അടച്ചു പൂട്ടേണ്ടിവന്നു. ശരിയായ ആസൂത്രണമില്ലായ്മമൂലം പ്രവർത്തനം നിലച്ചുപോയ വളരെയധികം യൂണിറ്റുകൾ നമ്മുടെ പ്രദേശത്തുണ്ട്.

പശ്ചാത്തലസൗകര്യം വേണ്ട വിധം നമ്മുടെ പഞ്ചായത്തിലുണ്ട്. മുൻവർഷങ്ങളിൽ പഞ്ചായത്ത് ചിലവഴിച്ചുട്ടുള്ള തുകയുടെ നല്ലൊരു ശതമാനവും പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാണ് എന്നാൽ അതിനനുസൃതമായ വ്യവസായ വികസനം സാദ്ധ്യമായിട്ടില്ല. ഒരു ഫിഷിംഗ് ഹാർബറും, ചാകര പ്രദേശങ്ങളും ഉൾപ്പടെ ധാരാളമായി മത്സ്യം ലഭി

ക്കുന്ന നമ്മുടെ പ്രദേശത്തെ മത്സ്യലഭ്യതയും സംസ്ക്കരണ ശാലകളിൽ സംസ്ക്കരിക്കുന്ന മത്സ്യത്തിന്റെ അളവും തമ്മിൽ വളരെയധികം വിത്യാസമുണ്ട്. ഇത് ചുവടെ വിശദമാക്കുന്നു



പരമ്പരാഗതമായി കൂടങ്ങളിൽ ഉണക്കി സംസ്ക്കരിക്കുന്ന മത്സ്യം വളരെയധികം വ്യവസായങ്ങളുടെ അസംസ്കൃത വസ്തുവാണ്. എന്നാൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന ഒരൊറ്റ വ്യവസായം പോലും പഞ്ചായത്തിൽ നിലവിലില്ല. ഇവിടെ ഉണക്കി സംസ്ക്കരിക്കുന്ന മത്സ്യം ഇടത്തട്ടുകാരുടെ ചൂഷണത്തിന് വിധേയമായി വ്യവസായികാവിശ്യത്തിനായി അന്യസംസ്ഥാനങ്ങളിലേയ്ക്ക് കയറ്റി കൊണ്ട് പോവുകയാണ് ചെയ്യുന്നത്. അടുത്തകാലത്ത് പഞ്ചായത്തിൽ വളരെയധികം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു വ്യവസായമാണ് ചെമ്മീൻ സംസ്ക്കരണം. പ്രദേശത്ത് ലഭിക്കുന്നതും നീണ്ടകര, കൊച്ചി തുടങ്ങി യ തുറമുഖങ്ങളിൽ നിന്നും കൊണ്ടുവരുന്ന ചെമ്മീനാണ് അസംസ്കൃത വസ്തുവായിട്ട് ഉപയോഗിക്കുന്നത്. കയറ്റുമതിയെ ആശ്രയിച്ച് സംസ്ക്കരിക്കുന്ന ചെമ്മീൻ നേരിട്ടല്ല കയറ്റുമതി ചെയ്യുന്നത്. ഈ രംഗത്ത് പ്രവർത്തിക്കുന്ന ഒരു ഫ്രീസിംഗ് പ്ലാന്റ് മാത്രമെ പഞ്ചായത്തിലുള്ളു അതിനാൽ മറ്റ് പ്രദേശങ്ങളിലെ ഇടത്തട്ടുകാരുടെ ചൂഷണത്തിന് ചെറുകിട വ്യവസായികൾ വിധേയരാകുന്നു. അസംസ്കൃത വസ്തുവായ ചെമ്മീന്റെ ദൗർലഭ്യവും മറ്റ് പ്രദേശങ്ങളിൽ നിന്നുള്ള വൻകിട വ്യവസായികളുടെ ആധിപത്യവും ഈ രംഗത്തെ പലപ്പോഴും ബാധിക്കാറുണ്ട്. ചെമ്മീൻ സംസ്ക്കരണശാലകളിൽ നിന്നുള്ള മലിനജലമാണ് മറ്റൊരു പ്രധാന പ്രശ്നം. ഇതിന് തൃപ്തികരമായ പരിഹാരം കാണുന്നതിനുള്ള സാങ്കേതിക വിദ്യ ഇപ്പോഴും ലഭ്യമല്ലെന്നതാണ് അവസ്ഥ ചെലവ് താങ്ങുവാനുള്ള കഴിവും പലയൂണിറ്റുകൾക്കുമില്ല. ചെമ്മീൻ സംസ്ക്കരണശാലകളിലും മറ്റ് മത്സ്യസംസ്ക്കരണമേഖലയിലും സ്ത്രീതൊഴിലാളികളാണ് അധികവും.

അഞ്ച് വനിത വ്യവാസയ യൂണിറ്റുകൾ പ്രദേശത്ത് നിലവിലുണ്ട്. വനിതാ വ്യവസായ യൂണിറ്റുകൾ നേരിടുന്ന പ്രധാന പ്രശ്നം അസംസ്കൃത വസ്തുവിന്റെ ദൗർലഭ്യമാണ്. കയർ വ്യവസായം നടത്തുന്ന വനിതാ യൂണിറ്റുകൾ ചകിരി തമിഴ്നാട്ടിൽ നിന്നുമാണ് കൊണ്ടുവരുന്നത്. ഇതിന്റെ ഗുണനിലവാരം വളരെ കുറവായതിനാൽ ഉൽപന്നത്തിന് വിപണികണ്ടെത്തുവാൻ പ്രയാസം നേരിടുന്നു. പ്രദേശത്തെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ ഇവയ്ക്ക് കഴിഞ്ഞിട്ടില്ല. ധാരാളം വിദ്യാസമ്പന്നരായ യുവതീയുവാക്കൾ നമ്മുടെ പ്രദേശത്തുണ്ട് ഇവരെ വ്യവസായ മേഖലയിലേയ്ക്ക് ആകർഷിക്കുവാൻ കഴിയുന്നില്ല എന്നതും പ്രധാന പോരായ്മയാണ്. ആകെയുള്ള ഒരു ദേശസാത്കൃത ബാങ്ക് നമ്മുടെ പ്രദേശത്ത് നിന്ന് സമാഹരിക്കുന്ന നിക്ഷേപത്തിന്റെ ചെറിയ ഒരു ഭാഗം പോലും ഇവിടുത്തെ വ്യവസായ വികസനത്തിന് വേണ്ടി വിനിയോഗിക്കുന്നില്ല.

അടുത്തകാലത്തായി നമ്മുടെ പഞ്ചായത്തിൽ പാലുത്പ്പാദനം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട് എന്നാൽ സൊസൈറ്റികൾ വഴി സംഭരിക്കുന്ന പാലിന്റെ ശരാശരി 80.25 ശതമാനവും കേന്ദ്രഡയറിയിലേയ്ക്ക് അയയ്ക്കുകയാണ്. ഈയടുത്തകാലത്തായി ഈ മേഖലയിൽ ഒരു വനിതാ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നമ്മുടെ പ്രദേശത്ത് വിറ്റഴിക്കുന്ന പാലുത്പ്പന്നങ്ങൾ അന്യപ്രദേശത്ത് നിന്നും കൊണ്ടു വരുന്നവയാണ്.

### സാദ്ധ്യതകൾ

മത്സ്യ/കാർഷിക മേഖലയായ നമ്മുടെ പഞ്ചായത്തിൽ അവയിലധിഷ്ഠിതമായ വ്യവസായങ്ങളിലൂടെ മാത്രമെ വ്യവസായിക വികസനം സാദ്ധ്യമാകു.

പരമ്പരാഗതമായി ഉണക്കി സംസ്ക്കരിക്കുന്ന മത്സ്യങ്ങൾ അസംസ്കൃത വസ്തുവായി ഉപയോഗിക്കാവുന്ന വ്യവസായങ്ങൾക്ക് സാദ്ധ്യതയുണ്ട്. ചെമ്മീൻ സംസ്ക്കരണശാലകളെ മറ്റ് മത്സ്യങ്ങൾ സംസ്ക്കരിക്കുന്നതിന് കൂടി പര്യാപ്തമാക്കിയാൽ ചെമ്മീൻ ലഭ്യമല്ലാത്ത അവസരങ്ങളിലെ പ്രതിസന്ധി

പരിഹരിക്കുവാൻ കഴിയും. അതുപോലെ മത്സ്യസംസ്ക്കരണമേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ക്ഷേമ നടപടികൾ നടപ്പിലാക്കിയാൽ ആ രംഗത്ത് കൂടുതൽപേരെ ആകർഷിക്കുവാൻ കഴിയും. നെല്ല്, തേങ്ങ, പാൽ എന്നിവ പ്രാദേശികമായി സംസ്ക്കരിച്ച് ഉൽപ്പന്നങ്ങളാക്കി മാറ്റുക. പ്രദേശികമായി ലഭ്യമാകുന്ന അസംസ്കൃത വസ്തു ഉപയോഗിക്കുവാൻ കയർവ്യവസായ യൂണിറ്റുകളെ സഹായിക്കുക. കൂടാതെ നിലവിലുള്ള വ്യവസായ യൂണിറ്റുകൾക്കാവശ്യമായ സാങ്കേതി സഹായങ്ങളും സാമ്പത്തിക സഹായങ്ങളും നൽകുക.

ഗ്രാമസഭാ നിർദ്ദേശങ്ങൾ.

1. നെല്ല് സംസ്ക്കരണത്തിനാവശ്യമായ റൈസ്സ്മില്ലുകൾ സ്ഥാപിക്കുക.
2. കൊപ്രാ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.
3. സർക്കാർ ഉടമസ്ഥതയിൽ ഒരു ഫ്രീസിംഗ്പ്ലാന്റ് നിർമ്മിക്കുക.
4. വ്യവസായ സംരംഭകർക്ക് സാങ്കേതികസഹായവും സാമ്പത്തിക സഹായങ്ങളും നൽകുക.
5. ചെമ്മീൻ സംസ്ക്കരണശാലകളിലെ മലിനീകരണം തടയുന്നതിന് ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുക.
6. പ്രവർത്തനം നിലച്ചുപ്പോയ വ്യവസായ യൂണിറ്റുകൾ പ്രവർത്തനക്ഷമമാകുന്നതിനുള്ള ഇടപെടലുകൾ നടത്തുക.
7. തോട്ടപ്പള്ളി ചാലയിൽ ഇൻഡസ്ട്രീസ് സർക്കാർ ഏറ്റെടുത്ത് പ്രദേശത്തിനനുയോജ്യമായ വ്യവസായ സ്ഥാപനമാക്കിമാറ്റുക.
8. കൂടുതൽ വനിതാ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക.
9. കരകൗശല രംഗത്തെ വ്യവസായിക സാധ്യതകൾ പ്രയോജനപ്പെടുത്തുക.
10. ഫിഷ് മിൽ ഫാക്ടറി സ്ഥാപിക്കുക
11. വല നിർമാണശാല ആരംഭിക്കുക.
13. കയറുല്പ്പന്നങ്ങൾ വിപണനം നടത്തുന്നതിന് കയർ സൊസൈറ്റി രൂപീകരിക്കുക.





# ഗതാഗതം ഊർജ്ജം വിപണി

## ഗതാഗതം

അടിസ്ഥാനസൗകര്യങ്ങളുടെ പട്ടികയിൽ ഗതാഗതത്തിന് നിർണ്ണായക സ്ഥാനമാണുള്ളത് പഞ്ചായത്തിന്റെ ഭൂപ്രകൃതിയുടെ പ്രത്യേകതമൂലം റോഡുഗതാഗതം പോലെ ജലഗതാഗതത്തിനും തുല്യ പ്രാധാന്യമാണ് ഉണ്ടായിരുന്നത്. പിൽക്കാലത്ത് ജല ഗതാഗതം അവഗണിക്കപ്പെടുകയും റോഡ് ഗതാഗതം പ്രാമുഖ്യം നേടുകയുമുണ്ടായി. പഞ്ചായത്തിലെ പ്രധാന റോഡുകളെ സംബന്ധിച്ച പട്ടികചുവടെ ചേർക്കുന്നു

| വാർഡ് | മണ്ണ് റോഡ് | ഗ്രാവൽ റോഡ് | മെറ്റൽ റോഡ് | ടാർ റോഡ് | ആകെ |
|---|---|---|---|---|---|
| 1 | | 2.020 | | | 2.020 |
| 2 | | 2.025 | | | 2.025 |
| 3 | | 2.000 | | | 2.000 |
| 4 | | 2.250 | | 1.200 | 3.450 |
| 5 | | 1.300 | | 0.700 | 2.000 |
| 6 | | 1.620 | | 0.700 | 2.320 |
| 7 | 3.804 | 1.100 | | 0.300 | 5.204 |
| 8 | | 1.900 | | 1.200 | 3.100 |
| 9 | | 3.120 | | | 3.120 |
| 10 | | 6.000 | | | 6.000 |
| 11 | | 1.560 | | 0.200 | 1.760 |
| എൻ. എച്ച് | | | | | 9.500 |
| പി. ഡബ്ല്യു. ഡി | | | | | 2.800 |
| ആകെ | 3.804 | 24.895 | | 4.300 | 45.299 |

ടാർറോഡുകൾ പൊതുവെ ഭേദപ്പെട്ടവയാണ്. ഗ്രാവൽ റോഡുകൾക്ക് വീതികുറവും മരങ്ങളും വേലികളും വളർന്ന് കിടക്കുന്നത് മൂലമുള്ള തടസ്സങ്ങളുമുണ്ട്. റോഡുകളിൽ പലതും മഴക്കാലത്ത് മുങ്ങിപോകുന്നവയാണ് റോഡുകളോടനുബന്ധിച്ച് ജലം ഒഴികിപോകുന്നതിനുള്ള സൗകര്യമില്ലാ അതാണ് പ്രധാനകാരണം. റോഡുകളിൽ ബഹുഭൂരിപക്ഷവും ഗ്രാവൽറോഡുകളാണ്. പഞ്ചായത്തിന്റെ സാമ്പത്തിക പരാധീനതകൾകൊണ്ടാവാം, പലറോഡുകളുടേയും അറ്റകുറ്റപ്പണികൾ യഥാസമയം നടക്കാറില്ല. തന്മൂലം റോഡുനന്നാക്കുന്ന സമയങ്ങളിൽ വൻതുക ചെലവഴിക്കേണ്ടിവരുന്നു. റോഡ് മൊത്തത്തിൽ നന്നാക്കുകയല്ലാതെ, റോഡിൽ ചെറിയ കുഴികൾ ഉണ്ടാകുമ്പോൾതന്നെ അത് മൂടുവാനും റോഡുകൾ കൂടുതൽ നശിക്കാതെ സംരക്ഷിക്കുവാനും നടപടികൾ ഉണ്ടാകേണ്ടതുണ്ട്. ഗ്രാവൽ റോഡുകൾ വൻമെയ്ന്റനൻസ് ചെലവ് വരുത്തിവയ്ക്കുന്നതിനാൽ നിലവിലുള്ള ഗ്രാവൽറോഡുകൾ ടാർചെയ്യുന്ന പ്രവൃത്തികൾക്ക് മുൻഗണന ആവശ്യമാണ്.

റോഡുകളിലെ അനധികൃതകൈയ്യേറ്റങ്ങളാണ് മറ്റൊരു പ്രശ്നം. അനധികൃതകൈയ്യേറ്റങ്ങൾ യഥാസമയം ഒഴിപ്പിച്ച്മാറ്റാത്തത് കൈയ്യേറ്റക്കാർക്ക് പരോക്ഷമായ പ്രോത്സാഹനം നല്കുകയും കൂടുതൽ കൈയ്യേറ്റത്തിന് വഴിതെളിക്കുകയും ചെയ്യുന്നു. റോഡിലേയ്ക്ക് വളർന്നുകിടക്കുന്ന വേലികളും വൃക്ഷങ്ങളും അപ്പപ്പോൾ വെട്ടിമാറ്റുവാൻ സംവിധാനം ഉണ്ടാകണം. നമ്മുടെ പഞ്ചായത്തിൽ റോഡുകൾ കടന്ന്ചെല്ലാത്ത മേഖലകളുമുണ്ട്.

ഒരു പ്രധാന തുറമുഖമായിരുന്ന പുറക്കാട് ജലഗതാഗതതോടുകളുടെ ഒരു ശൃംഖലതന്നെയുണ്ടായിരുന്നു. കിഴക്കൻ പ്രദേശങ്ങളിൽ നിന്ന് ചരക്കുകൾ തുറമുഖത്തെത്തിക്കുന്നതിന് ജലഗതാഗതത്തിനുള്ള മുഴുവൻ സാധ്യതകളും പ്രയോജനപ്പെടുത്തിയിരുന്നു. നിത്യോപയോഗസാധനങ്ങളും കെട്ടിടനിർമ്മാണ സാമഗ്രികളും പഞ്ചായത്തിന്റെ ഏത് ഭാഗത്തും വലിയകേവു വള്ളത്തിൽ എത്തിച്ചിരുന്നു. മത്സ്യഉത്പ്പന്നങ്ങളും കാർഷിക വിളകളും മറ്റ് പ്രദേശങ്ങളിലേയ്ക്ക് അയയ്ക്കുവാനും ജലഗതാഗതത്തെ മാത്രമാണ് ആശ്രയിച്ചിരുന്നത്. റോഡ്ഗതാഗതവും വാഹനസൗകര്യങ്ങളും മെച്ചപ്പെട്ടതോടുകൂടി ജലഗതാഗതം അവഗണിക്കപ്പെട്ടു. പുഴയോരത്തുണ്ടായിരുന്ന വ്യാപരസ്ഥാപനങ്ങളുടെ പ്രസക്തിയും പ്രാധാന്യവും ക്രമേണ നഷ്ടമാവുകയും പുഴയോരത്തെ വ്യാപാര വികസനം വിസ്മൃതിയിലാവുകയും ചെയ്തു. ചരക്കുകളുമായി കമ്പോളത്തിലെത്തിയിരുന്ന കേവുവള്ളങ്ങൾ പരിവർത്തനം വരുത്തി വിദേശ ടൂറിസ്റ്റുകളുമായി പഞ്ചായത്ത് പ്രദേശത്ത് കൂടി കടന്ന് പോകാറുണ്ട്.

കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത (ടി. എസ്. കനാൽ) പഞ്ചായത്തിലൂടെ കടന്നുപോകുന്നു. ദേശീയജലപാതയായി ഇത് ഉപയോഗപ്പെടുത്തുന്നുണ്ടെങ്കിലും ആവശ്യമായതീരസംരക്ഷണപ്രവർത്തനങ്ങൾ നടന്നിട്ടില്ല. വൻകിടബാർജുകൾ കടന്നുപോകുന്നത് തീരപ്രദേശങ്ങൾക്ക് നാശനഷ്ടമുണ്ടാകുന്നു തോടുകളിൽ നിന്നും പായലും ചെളിയും നീക്കം ചെയ്യാത്തതുമൂലം പലതോടുകളും സഞ്ചാരയോഗ്യമല്ല. സഞ്ചാരയോഗ്യമായിരുന്ന പലതോടുകളും വേണ്ടത്രശ്രദ്ധനല്കാഞ്ഞതിനാൽ നികത്തപ്പെടുകയോ നഷ്ടപ്പെടുകയോ ചെയ്തു. ഏറ്റവും പണച്ചെലവുകുറവുള്ള ഗതാഗതരീതി എന്ന നിലയിൽ ജലഗതാഗതത്തിന് അർഹിക്കുന്ന പരിഗണന ഇനിയും ലഭിച്ചിട്ടില്ല.

സംസ്ഥാന ശരാശരിയേക്കാൾ വളരെതാഴെയാണ് പഞ്ചായത്തിലെ റോഡ് ലഭ്യത തന്മൂലം പഞ്ചായത്തിലെ മിക്കപ്രദേശങ്ങളിലും യാത്രക്ലേശം അനുഭവപ്പെടുന്നു. പഞ്ചായത്തിലെ ബസ്സ്റ്റാന്റ് നിലവിലില്ല. സ്വകാര്യബസ് സർവ്വീസുകൾ പഞ്ചായത്തിന്റെ അതിർത്തിയിൽകൂടികടന്നു പോകുന്നുണ്ടെങ്കിലും പ്രയോജനം നമ്മുടെ പ്രദേശത്ത് ലഭിക്കുന്നില്ല. ഓട്ടോറിക്ഷാസ്റ്റാന്റുകൾ നിർമ്മിച്ചിട്ടില്ലാത്തതിനാൽ വളരെ അസൗകര്യമായി തിരക്കുള്ള ജംഗ്ഷനുകളിൽ ഓട്ടോറിക്ഷകൾ പാർക്കുചെയ്യുകയും തന്മൂലം കാൽനടയാത്രക്കാർക്കും സ്കൂൾകുട്ടികൾക്കും വളരെയേറെ ബുദ്ധിമുട്ടുകൾ ഉണ്ടാകുകയും ചെയ്യുന്നു. മൂന്നു ബോട്ടുജട്ടികളുണ്ടെങ്കിലും സർവ്വീസ് ബോട്ടുകൾ അടുക്കാറില്ല ആലപ്പുഴ-കൊല്ലം സർവ്വീസ് വാട്ടർ ട്രാൻസ്പോർട്ട് നിർത്തിയതുമൂലം പഞ്ചായത്തിലൂടെ കടന്നുപോയിരുന്ന ഏകബോട്ട് സർവ്വീസും അവസാനിച്ചു.

## സാദ്ധ്യതകൾ

ജനപങ്കാളിത്തത്തോടെ അത്യാവശ്യം വേണ്ട റോഡുകൾ തിരിച്ചറിഞ്ഞ് അവപൂർത്തീകരിക്കേണ്ടതാണ് പുറക്കാട് - തകഴി റോഡിന്റെ നിർമ്മാണം ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കുകയും കന്നിട്ടക്കടവ്വരെയുള്ള ഭാഗം അടിയന്തിരമായി ടാർചെയ്യുകയും വേണം.

ജലഗതാഗതത്തിന് ഉപയോഗിച്ചുകൊണ്ടിരുന്ന തോടുകളിലെ പായൽ നീക്കം ചെയ്യുക

നിലവിലുള്ള ഗ്രാവൽ റോഡുകൾ ടാർചെയ്താൽ കാലാകാലങ്ങളിൽ ഗ്രാവൽറോഡുകൾ മെയിന്റനൻസ് ചെയ്യുന്നതിന്വേണ്ടിയുള്ള ചിലവ് കുറയ്ക്കുവാൻ കഴിയും.

റോഡുകളുടെ നിർമ്മാണത്തിലും മെയ്ന്റനൻസിലും കരാറുകാർ അമിതലാഭം തട്ടിയെടുക്കുന്നത് തടയുവാൻ പ്രവർത്തി ജനകീയ സമിതികളെ ഏല്പ്പിക്കുക.

റോഡുകളിൽ കന്നുകാലികളെ കെട്ടുന്നതിനും വൈക്കോൽ തുടങ്ങിയവ ഉണക്കുന്നതിനും ഉപയോഗിക്കുന്നത് കർശനമായി തടയണം.

റോഡുകൾ നന്നാക്കുമ്പോൾ റോളർ ഉപയോഗിച്ച് ഉറപ്പിക്കുക.

## ഗ്രാമസഭകൾ നിർദ്ദേശിച്ച പുതിയ റോഡുകൾ

വാർഡ്

1. കൃഷ്ണൻചിറ, പാണ്ഡവത്ത്തോപ്പ്, എൻ. എച്ച്. തെക്ക് ദേശീയ ജലപാതയുടെ കിഴക്കെ സൈഡ്, എൻ. എച്ച്. വടക്ക് ദേശീയപാതയുടെ കിഴക്കെ റോഡ്, ഇല്ലിച്ചിററോഡ്, ആനന്ദേശ്വരം അമ്പലത്തിന് വടക്ക് പനയ്ക്കൽ-കരിക്കൻപള്ളി.

2. അപ്പുക്കുട്ടൻ റോഡ് (പഞ്ചായത്ത്പാലം)- പര

പ്പേൽവരെ, അപ്പുക്കുട്ടൻ റോഡ്- ആനച്ചിറതെക്ക് ഭാഗത്ത് റ്റി. എസ്. കനാൽവരെ, പട്ടേരിപറമ്പ്- മഞ്ഞാണിഭാഗംവരെ, ബാലഭവന്റെ തെക്ക് വശത്ത് തുടങ്ങുന്ന പൂഴിറോഡിൽ നിന്ന് കടപ്പുറത്തേയ്ക്ക

3. പഴയചിറ, പള്ളിച്ചിറ, കാക്കനാട് കരിയിൽ, തേവർകുന്ന് ക്ഷേത്രത്തിന് വടക്ക് മുതൽ കിഴക്കോട്ട് കാക്കനാടുവരെ, മാത്തേരി മുതൽ പള്ളിച്ചിറവരെയും, കിഴക്കോട്ട് ആറ്റുകടവ് വരെ.

4. എൻ. എച്ച്. - ഹൗസിംഗ് കോളനി

5. കൊച്ചുപ്ലാപ്പള്ളി, പ്ലാവള്ളികിഴക്കതിൽ എൻ. എച്ച്. - തുണ്ടിൽ എൻ. എച്ച്. വാലുചിറ തോടിന് കിഴക്കുവശം. കല്ലംപള്ളി വടക്കുവശം മുതൽ ചങ്കേങ്കരി പുരയിടം

6. എൻ. എച്ച്. - വലിയവീട്, ലക്ഷംവീട് - ആശുപത്രിവരെ, പെട്രോൾബങ്കിന് കിഴക്കുവശം മുതൽ വെമ്പായിവരെ

7. ജെട്ടി-ശാന്തമംഗലംചിറ, പുറക്കാട് കടവ് - പള്ളിത്തറകോളനി, പീടികച്ചിറ - ചൂട്ടർക്കളം മൂട്, കന്നിട്ട കടവ് - ഇടയാടിചിറ, ചാപ്പൽ - അമ്പലപ്പുഴപഞ്ചായത്ത് റോഡ്, പഞ്ചായത്ത് റോഡ് - കന്നിട്ടക്കടവ്, കന്നിട്ടക്കടവ് - ഇല്ലിച്ചിറ.

8. വള്ളക്കടവ്-കരീക്കളം, അഴിയ്ക്കകത്ത് തോപ്പിൻ പുരയിടം- കടപ്പുറം, പടിശ്ശേരി പുരയിടം- മണ്ണാംപറമ്പ് പുരയിടം, പ്രർത്ഥനാസമാജം- കിഴക്കോട്ട് എസ്. എൻ. എം. എച്ച്. എസ്- കൊട്ടാംപള്ളി തട്ടാൻപറമ്പിൽ പുരയിടം - സംഘപത്ത് വരെ

9. പനയ്ക്കൽ-കുട്ടൻത്തറ, കൊച്ചുവീട്-കുട്ടൻതറ കൊച്ചുവീട്-അഞ്ചിൽ പാലം, ഇലഞ്ഞിക്കൽ-പുത്തൻതറചന്ദ്രന്റെ വീടുവരെ, വെളുത്തേടത്ത്-തൈയ്യിൽ ലക്ഷംവീട് തൈപറമ്പ്- മത്തേരിൽവരെ അയ്യൻകോയിക്കൽ - കളത്തിൽ സബീനതടിമിൽ - കടവീൽ സോമന്റെ വീട്, പള്ളിത്തറ- കളത്തിൽ, മാമ്പലഗിരിജിൻ കോളനി- പത്താംവാർഡ് വരെ

10. ശില്പശാരുപറമ്പ്- മായാസദനം, വളപ്പിൽ ആറുപറ- കുന്നത്തുംപറമ്പ്

11. തെക്കെ അതിർത്തി മുതൽ വടക്കെ അതിർത്തി വരെ (ബീച്ച് റോഡ് )

**ടാർ ചെയ്യേണ്ട റോഡുകൾ**

വാർഡ്

1. മേലേഴം 54ൽ ചിററോഡ് ടാർചെയ്യണം, കൊട്ടാർ വളവിൽ നിന്ന് കടത്ത് കടവിലേയ്ക്കുള്ള റോഡ്, എൻ. എച്ച്. - ഇല്ലിച്ചിറകടത്ത്

2. തോട്ടപ്പള്ളി ജംഗ്ഷൻ മുതൽ - പഞ്ചായത്ത് പാലം വരെ

3. പഴയചിററോഡ്

4. ഹാർബർ മുതൽ പൊഴിമുഖം വഴി എൻ. എച്ച്മായി ബന്ധിപ്പിക്കുന്നത്. പി. എച്ച്. സെന്റർ റോഡ്.

5. ചിറയിൽ റോഡ്, ഗുരുമന്ദിരം റോഡ്.

6. പ്രൈമറി ഹെൽത്ത് സെന്റർ റോഡ്. ജെട്ടിറോഡ് മുതൽ എൽ. എഫ്. എൽ. പി. എസ് വരെ

7. പുറക്കാട് ജംഗ്ഷൻ മുതൽ കന്നിട്ടകടവ് റോഡ് ബാക്കിഭാഗം

8. പഴയങ്ങാടിയിൽ നിന്നുകടപ്പുറത്തേയ്ക്കുള്ള റോഡ്

9. കാരയിൽനിന്ന് അപ്പാത്തിക്കരി പാടം വരെ, കരൂർ ന്യൂ എൽ. പി. എസ് - മാളിയേക്കൽ ജംഗ്ഷൻ റോഡ് കരൂർ അമ്പലപ്പുഴ റോഡ് കല്ലമ്പള്ളി ഭാഗം മുതൽ ആട്ടക്കാരു പറമ്പ്

10. പായൽകുളങ്ങര മുതൽ മായാസദനം വരെ നവരാക്കൽ താന്നി പാലം റോഡ്

11. പായൽ കുളങ്ങര ബീച്ച് റോഡിന്റെ ബാക്കിഭാഗം

**ഊർജ്ജം**

നമ്മുടെ പഞ്ചായത്തിലെ പ്രധാന ഊർജ്ജസ്രോതസ്സുകൾ വിറകും വൈദ്യുതിയുമാണ്. വിറക് പ്രധാനമായും പാചകാശ്യത്തിന് വേണ്ടിയാണ് ഉപയോഗിക്കുന്നത്. 91% കുടുംബങ്ങളും പാചകാവശ്യത്തിന് വിറകിനെ ആശ്രയിക്കുന്നു. വിറക് നമ്മുടെ പ്രദേശത്ത് സുലഭമല്ലാത്തതിനാൽ അന്യപ്രദേശങ്ങളിൽ നിന്നാണ് കൊണ്ടുവരുന്നത്. ചുരുക്കം ചില

വീടുകളിൽ മാത്രമേ ജൈവാവിശിഷ്ടങ്ങളും പറമ്പിൽനിന്ന് ലഭിക്കുന്ന വിറകും ഉപയോഗിക്കുന്നുള്ളു. പഞ്ചായത്ത് തലത്തിൽ നടത്തിയ ജനകീയ ആസൂത്രണ സർവ്വെ സൂചിപ്പിക്കുന്നുത് സാമ്പത്തികശേഷിയുള്ള വളരെകുറച്ച് കുടുംബങ്ങൾ മാത്രമെ പാചകാവശ്യത്തിനായി എൽ. പി. ജി. ഉപയോഗിക്കുന്നുള്ളു എന്നാണ്. മണ്ണെണ്ണയുടെ ലഭ്യത വളരെ കുറവായതിനാലാകാം മണ്ണെണ്ണ പാചകാവിശ്യത്തിന് വ്യാപകമായി ഉപയോഗിക്കാത്തത്. എൽ. പി. ജിയും മണ്ണെണ്ണയും ഉപോയോഗിക്കുന്ന കുടുംബങ്ങളിലും വിറക് ചെറിയ അളവിൽ ഉപയോഗിക്കുന്നുണ്ട്. ഒട്ട്ബോർഡ് എഞ്ചിനുകളിൽ മണ്ണെണ്ണ വ്യാപകമായി ഉപയോഗിക്കുന്നുണ്ട്. 200ൽ അധികം ഔട്ട്ബോർഡ് എഞ്ചിനുകൾ പഞ്ചായത്തിലെ ഫിഷറീസ് ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയ്ക്ക് പ്രതിമാസം 600 ലിറ്റർ മണ്ണെണ്ണ വീതം നിയന്ത്രിത വിലയ്ക്ക് ലഭ്യമാക്കുന്നു. പഞ്ചായത്തിലെ 6798 കുടുംബങ്ങൾ വിറകും, 324 കുടുംബങ്ങൾ എൽ. പി. ജിയും 341 കുടുംബങ്ങൾ മണ്ണെണ്ണയും പാചകവശ്യത്തിന് ഉപയോഗിക്കുന്നു.

ഒരു കുടുംബം പ്രതിമാസം ശരാശരി 250 കി:ഗ്രാം വിറക് പാചകാവശ്യത്തിനായി ഉപയോഗിക്കുന്നു. കുടുംബ വരുമാനത്തിന്റെ നല്ലൊരു ഭാഗം വിറക് വാങ്ങുവാൻ ചിലവഴിക്കുന്നു. ചുറ്റുപാടുകളിലുണ്ടായ മാറ്റവും മറ്റ് ജൈവാവശിഷ്ടങ്ങളുടെ കുറവ്മൂലവും വിലയ്ക്ക് വാങ്ങുന്ന വിറകിനെ ആശ്രയിക്കേണ്ടിവന്നു. വിറക് നമ്മുടെ പ്രദേശത്ത് വേണ്ടത്ര സുലഭമല്ല. കൂടുതൽപേരും സാധരണ വിറകടുപ്പുകളാണ് ഉപയോഗിക്കുന്നത്. ഇത് വളരെയധികം ഇന്ധനനഷ്ടമുണ്ടാക്കുന്നു എന്ന് മാത്രമല്ല ആരോഗ്യത്തെയും ബാധിക്കുന്നു. വളരെ ചുരുക്കം വീടുകളിൽ മത്രമെ ഇന്ധനക്ഷമതകൂടിയ പരിഷത്തടുപ്പുകൾ ഉപയോഗിക്കുന്നുള്ളൂ. പ്രദേശികമായി വിറകു ലഭിക്കുവാനുള്ള സാഹചര്യം വളരെ കുറവായതിനാൽ കാര്യക്ഷമമായ ഉപയോഗത്തിനുവേണം മുൻഗണന നൽകേണ്ടത്. സാധരണ അടുപ്പുകൾക്ക് പകരം ഇന്ധനക്ഷമത കൂടിയ പരിഷത്ത് അടുപ്പുകൾ പ്രചരിപ്പിക്കുകയും ബയോഗ്യാസ് പ്ലാന്റുകൾ പ്രോത്സാഹിപ്പിക്കുകയും വേണം.

ഗ്യാസ് ഏജൻസി നമ്മുടെ പ്രദേശത്ത് പ്രവർത്തിക്കുന്നില്ല അമ്പലപ്പുഴയിലെ ഗ്യാസ് ഏജൻസിക്കാണ് ഇവിടുത്തെ വിതരണവകാശം. എന്നാൽ പഞ്ചായത്തിലെ 1, 2, 3, 4 വാർഡുകളിൽ ഇവരുടെ സേവനം ലഭ്യമല്ല. ബായോഗ്യാസ് പ്ലാന്റുകൾ ഇവിടെ പ്രചാരത്തിലില്ല. മണ്ണെണ്ണ പാചകാവശ്യത്തിന് വ്യാപകമായി ഉപയോഗിക്കുന്നവരുടെ എണ്ണം ചെറിയ തോതിൽ വർദ്ധിക്കുന്നുണ്ട്.

## വൈദ്യുതി

നമ്മുടെ പഞ്ചായത്തിൽ വൈദ്യുതി വിതരണം നടത്തുന്നത് കരുവാറ്റ 66 കെ. വി. സബ്സ്റ്റേഷനിൽ നിന്നും പുന്നപ്ര 110 കെ. വി സബ്സ്റ്റേഷനിൽ നിന്നുമാണ്. ഗാർഹികമേഖലയിലാണ് പ്രധാനമായും വൈദ്യുതി ഉപയോഗിക്കുന്നത്. കാർഷിക-വ്യവസായിക മേഖലയിലെ വൈദ്യുത ഉപയോഗം തുലോം കുറവാണ്. പഞ്ചായത്തിലെ 4017 വീടുകൾ മാത്രമെ വൈദ്യുതീകരിച്ചത്. 3446 വീടുകൾ വൈദ്യുതീകരിച്ചിട്ടില്ല. തീരപ്രദേശങ്ങളിലും കാർഷിക മേഖലയിലുമാണ് വൈദ്യുതീകരിക്കപ്പെടാത്ത വീടുകൾ കൂടുതൽ ഉള്ളത്.

കാർഷിക മേഖലയിൽ ജലസേചനത്തിന് വൈദ്യുത പമ്പ്സെറ്റുകളാണ് ഉപയോഗിക്കുന്നത്. 12 ഐസ് ഫാക്ടറികളും 4 ഈർച്ചമില്ലുകളും 14 റൈസ് മില്ലുകളും വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്നു. 432 തെരുവ് വിളക്കുകൾ നിലവിലുണ്ട്. പ്രതിമാസം 10,000ൽ അധികം രൂപയാണ് പഞ്ചായത്ത് ഇല:ബോർഡിന് കറന്റ് ചാർജിനത്തിൽനൽകുന്നത്.

പഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും പ്രധാന പ്രശ്നമാണ് വോൾട്ടേജ് കുറവ്. നിലവിലുള്ള വൈദ്യുത കണക്ഷനുകളുടെ ബാഹുല്യവും ട്രാൻസ്ഫോർമറുകളുടെ ശേഷിയും തമ്മിൽ വളരെയധികം വ്യത്യാസമുണ്ട്. പല ട്രാൻസ്ഫോർമറുകളും ഇരട്ടി ശേഷിയിലാണ് പ്രവർത്തിക്കുന്നത്. കൂടാതെ പലതും ശരിയായ സ്ഥലത്തല്ല സ്ഥാപിച്ചിരിക്കുന്നത് ദക്ഷത കുറഞ്ഞ 60 വാട്ട്, 100 വാട്ട് ബൾബുകളാണ് പ്രധാനമായി വെളിച്ചത്തിന് ഉപയോഗിക്കുന്നത്. ഇലക്ട്രിക് അയൺ, ഹീറ്റർ, മിക്സി, ഗ്രൈന്റർ തുടങ്ങിയ വൈദ്യുതി ഉപഭോഗം കൂടുതലുള്ള ഉപകരണങ്ങൾ വ്യാപകമായി ഉപയോഗിക്കുന്നുണ്ട്.

വൈദ്യുതി ഉത്പ്പാദനം സാധ്യമല്ലാത്ത നമ്മുടെ പ്രദേശത്ത് ലഭ്യമായ വൈദ്യുതി ദുർവ്യയം കുറച്ച് പരമാവധി കാര്യക്ഷമമായി വിനിയോഗിക്കുകയാണ് പ്രഗോഗികമാർഗ്ഗം. ഒരോ 100 വാട്ട് ബൾബു

കൾക്കും പകരം 40 വാട്ടിന്റെ കൂടുതൽ കാര്യക്ഷമമായി പ്രകാശം നൽകുന്ന ഫ്ളൂറസെന്റ് ട്യൂബ് ലൈറ്റ് സ്ഥാപിച്ചാൽ ഇപ്പോൾ ഉപയോഗിക്കുന്നതിന്റെ 60% വൈദ്യുതി ലാഭിക്കാവുന്നതാണ്.

ജീവിതക്രമത്തിലുണ്ടാകുന്നമാറ്റവും കുടുംബങ്ങളുടെ വർദ്ധനവും വൈദ്യുതിയുടെ ഉപഭോഗത്തിൽ വളരെ വർദ്ധനവുണ്ടാക്കുന്നു. ഊർജ്ജരംഗത്ത് ക്രിയാത്മാകമായ ഇടപെടൽ നടത്തിയില്ലെങ്കിൽ നാം വലിയൊരു ഊർജ്ജ പ്രതിസന്ധിനേരിടേണ്ടി വരുമെന്നുള്ളത് തീർച്ചയാണ്.

### നിർദ്ദേശങ്ങൾ

1. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
2. ടച്ച് ക്ലിയറൻസ് സമയാസമയങ്ങളിൽ ജനപങ്കാളിത്തോടെ നടപ്പിലാക്കുക.
3. സാധാരണ ബൾബുകൾക്ക് പകരം ഫ്ളൂറസന്റ് ലാമ്പുകളും കോംപാക്ട് ഫ്ളൂറസന്റ് ലാമ്പുകളും ഉപയോഗിക്കുവാൻ ജനങ്ങളെ പ്രേരിപ്പിക്കുക.
4. വൈകുന്നേരം 4 മണിമുതൽ 10 മണിവരെ മോട്ടോർ ഉപകരണങ്ങളും ഹീറ്റർ, തേപ്പ്പെട്ടി മുതലയാവയും പ്രവർത്തിപ്പിക്കാതിരിക്കുക.
5. വൈദ്യുതി ഉപയോഗം പരമാവധി കുറയ്ക്കുന്നതിന് ബോധവല്ക്കരണം നടത്തുക.

### വിപണി

മത്സ്യ കാർഷിക മേഖലകളിലെ ഉത്പ്പന്നങ്ങൾ കേന്ദ്രീകൃതരീതിയിൽ വിപണനം ചെയ്യുന്നതിനുള്ള സംവിധാനം നമ്മുടെ പ്രദേശത്ത് നിലവിലില്ല. മത്സ്യമേഖലയിൽ ഈ അപര്യാപ്തത വളരെയധികം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. തിരക്കുള്ള പാതയോരങ്ങളും പ്രധാന ജംഗ്ഷനുകളും മത്സ്യം ഐസിടുവാനും വണ്ടികളിൽ കയറ്റുവാനും, സംഭരിച്ച് വെയ്ക്കുവാനും ഉപയോഗിക്കുന്നത് മൂലം ഗതാഗതത്തിനും കാൽനടയാത്രയ്ക്കും ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു. മത്സ്യം സംഭരിച്ച് സൗകര്യപ്രദമായി കയറ്റികൊണ്ടുപോകുവാൻ മാർക്കറ്റിന്റെ അഭാവംമൂലം ഉത്പ്പാദകരും ഉപഭോക്താക്കളും ഒരുപോലെ ചൂഷണത്തിന് വിധേയരാകേണ്ടിയും വരുന്നു.

കാർഷികമേഖലയിലെ ഉത്പ്പന്നങ്ങൾ ശരിയായരീതിയിൽ വിപണനം ചെയ്യുന്നതിന് കേന്ദ്രീകൃത സമ്പ്രദായം ഇന്ന് നിലവിലില്ല. തന്മൂലം കാർഷികോത്പാദകർ വിപണി കണ്ടെത്തുവാൻ വളരെയധികം പ്രയാസം നേരിടുന്നു. ഇത് ഉത്പ്പാദനരംഗത്തും പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

മാർക്കറ്റുകൾ സ്ഥാപിതമായാൽ അനധികൃത വ്യാപാരം തടയുവാൻ കഴിയും. ഈ രംഗത്തെ ചൂഷണം ഒഴിവാകുകയും ഉല്പാദകന്റെ വിലപേശൽ ശേഷിവർദ്ധിയ്ക്കുകയും ചെയ്യും. വ്യാപാരികൾ നേരിടുന്ന പ്രശ്നങ്ങൾക്കും ഒരു പരിധിവരെ പരിഹാരം കാണുവാൻ കഴിയുന്നതാണ്. മാർക്കറ്റുകൾ പഞ്ചായത്തിന്റെ വരുമാനത്തിലും വർദ്ധനവുണ്ടാക്കും.

### സാദ്ധ്യതകൾ

1. പുറക്കാട് ജംഗ്ഷനിൽ സർക്കാർ ഉടമവസ്ഥതയിലുള്ള സ്ഥലത്ത് ഒരു മാർക്കറ്റ് സ്ഥാപിക്കുക.
2. തോട്ടപ്പള്ളി വില്ലേജ് എക്സ്റ്റെൻഷൻ ആഫീസിനോടനുബന്ധിച്ച സ്ഥലത്ത് മാർക്കറ്റ് സ്ഥാപിക്കുക
3. കാർഷിക ഉത്പ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സഹ: അടിസ്ഥാനത്തിൽ മാർക്കറ്റുകൾ സ്ഥാപിക്കുക.
4. വിളവെടുപ്പു സമയത്ത് സഹകരണസംഘങ്ങൾ ന്യായവില ഉറപ്പുനല്കിക്കൊണ്ട് വിപണിയിൽ ഇടപെടുക.

***"Energy Saved is Energy Produced"***







# പാർപ്പിടം സാമൂഹ്യക്ഷേമം

നമ്മുടെ പഞ്ചായത്തിലെ 6.23 സ്ക്വയർ കി. മി. സ്ഥലം മാത്രമേ പാർപ്പിടനിർമ്മാണത്തിന് ഉപയുക്തമാക്കുവാൻ കഴിയൂ എന്നത് ഇവിടത്തെ പാർപ്പിട പ്രശ്നത്തിന്റെ തീവ്രത കൂട്ടുന്ന ഘടകമാണ്. വിശാലമായ പാടശേഖരങ്ങളുടെ ചിറകളിലും മറ്റും വീട് നിർമ്മിച്ച് വളരെ പ്രതികൂലപരിതസ്ഥിതികളെ അഭിമുഖീകരിയ്ക്കേണ്ടിവരുന്നവരുണ്ട്. നമ്മെ സംബന്ധിച്ചിടത്തോളം പാർപ്പിടംപോലെതന്നെ പ്രധാനമാണ് പാർപ്പിടം വയ്ക്കുവാനുള്ള ഭൂമികണ്ടെത്തുക എന്നതും.

എങ്കിൽതന്നെയും ആകെ ജനസംഖ്യയുടെ 90% പേരും സ്വന്തമായി ഭവനമുള്ളവരോ, പുറമ്പോക്കുനിവാസികളോ ആണ്. വാടകയ്ക്ക് താമസിയ്ക്കുന്നവർ വളരെ പരിമിതമാണ്. പക്ഷേ ബഹുഭൂരിപക്ഷത്തിനും വാസയോഗ്യമായ വീടുകളില്ല എന്നതാണ് അവസ്ഥ. ആകെയുള്ള 7463 വീടുകളിൽ 3312 വീടുകൾ വാസയോഗ്യമല്ലാത്ത കുടിലുകളാണ്. പുതുതായി നിർമ്മിക്കപ്പെടുന്ന വീടുകളിലും ഏതാണ്ട് പകുതിയോളം കുടിലുകൾതന്നെ 3851 വീടുകൾ ഓട് പാകിയതോ കോൺക്രീറ്റ് ചെയ്തവയോ ആണ്.

മത്സ്യകാർഷിക മേഖലകളിൽ തൊഴിലെടുക്കുന്നവരാണ് കുടിലുകളിൽ താമസിക്കുന്ന ബഹുഭൂരിപക്ഷവും. ലക്ഷംവീട് പദ്ധതിപ്രകാരം സ്ഥാപിച്ച 13 കോളനികൾ ഈ പഞ്ചായത്തിലുണ്ട്. സ്പിൽവേയ്ക്ക് സ്ഥലമെടുത്തപ്പോൾ പുനരധിവസിപ്പിക്കപ്പെട്ടവരുടെ ഒരു ഹൗസിംഗ് കോളനിയും ഇവിടെയുണ്ട്.

പാർപ്പിട നിർമ്മാണവ്യവസായം തഴച്ചുവളരുന്നതിന് ഗൾഫ് പണത്തിന്റെ ഒഴുക്ക് കാരണമായിട്ടുണ്ട്. കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം, നിർമ്മാണ തൊഴിലാളികളുടെ വേതനനിരക്കിൽ വന്ന ഉയർച്ച എന്നിവയാണ് ഇതിന്റെ അനന്തരഫലങ്ങൾ. വിദേശപണം, കള്ളപ്പണം എന്നിവ കെട്ടിട നിർമ്മാണരംഗത്തേയ്ക്ക് വന്നതോടുകൂടി താമസിയ്ക്കാനൊരുകൂര നിർമ്മിക്കുക എന്നത് പലരുടേയും സ്വപ്നം മാത്രമായി അവശേഷിക്കുന്നു. അത്രവലുതാണ് ഈ രംഗത്ത് അവർ സൃഷ്ടിക്കുന്ന കൃത്രിമ ഡിമാന്റ്.

ഭവനനിർമ്മാണ വായ്പലഭിക്കുന്നതിനുള്ള സാങ്കേതിക നടപടികൾ വളരെ സങ്കീർണ്ണമാണ്. ഇത് പാർപ്പിട വായ്പയ്ക്ക് അപേക്ഷിക്കുന്നതിൽ നിന്നും പലരേയും പിൻതിരിപ്പിക്കുന്നു. ഹൗസിംഗ് സൊസൈറ്റിയാവട്ടെ ഇവിടെ വെറുമൊരു നോക്കുകുത്തി മാത്രമാണ്. സാധാരണക്കാരന്റെ പാർപ്പിട പ്രശ്നങ്ങൾ വലിയൊരളവുവരെ പരിഹരിക്കപ്പെടുന്ന രീതിയിൽ പുതിയ പദ്ധതികൾ വിഭാവനം ചെയ്യപ്പെടേണ്ടതുണ്ട്. ഭവനനിർമ്മാണ വായ്പയുടെ പലിശയും പലപ്പോഴും താങ്ങാവുന്നതിലധികമാണ്.

പാർപ്പിടങ്ങളുടെയും ഭൂമിയുടെയും വില ക്രമതീതമായി ഉയർത്തുന്ന മറ്റൊരു ഘടകം 'റിയൽ എസ്റ്റേറ്റ്' ബിസിനസ്സുകരാണ് കൂടുതൽ മുതൽമുടക്കിടന് ശേഷിയുള്ള ഇവർ വ്യാപാരാവശ്യത്തിനു വേണ്ടി ഭൂമിക്രയവിക്രയത്തിൽ ഇടപെടുന്നത് വില ഉയരുവാൻ കാരണമാകുന്നു.

ദുർബ്ബല വിഭാഗങ്ങളുടെ സ്ഥിതി കൂടുതൽ ദയനീയമാണ്. ആശ്വാസ പദ്ധതികൾപ്രകാരം വച്ചുകൊടുക്കുന്ന വീടുകൾപോലും പൂർത്തീകരിച്ചു നൽകാറില്ല. യഥാകാലം നന്നാക്കുവാനുള്ള ശേഷികൂടി ഇല്ലാത്തവരുടെ വീടുകൾ പെട്ടെന്ന് നശിച്ചുപോകുകയും ചെയ്യുന്നു. പുറമ്പോക്കുനിവാസികൾക്കാകട്ടെ ആശ്വാസ പദ്ധതിപ്രകാരമോ വായ്പകൾ വാങ്ങിയോ വീടുവയ്ക്കുവാൻ നിർവ്വാഹമില്ല. കടൽത്തീരം കയ്യേറിതാമസിക്കുന്നവർ എപ്പോഴും കടലാക്രമണ ഭീഷണിയിലാണുതാനും. ഓരോ കടലാക്രമണത്തിലും നിരവധി കുടുംബങ്ങൾ എല്ലാം നഷ്ടപ്പെട്ട് സ്കൂൾ വരാന്തയിൽ അഭയം പ്രാപിയ്ക്കേണ്ട അവസ്ഥ സംജാതമാകുന്നു. പുറമ്പോക്കുനിവാസികളുടെ പുനരധിവാസത്തിന് യാതൊരു പരി

ഗണനയും ലഭിച്ചു കാണുന്നില്ല. പുറമ്പോക്കുകളിലെ ചേരിവല്ക്കരണം ഭാവിയിൽ ഗുരുതരമായ ചില സാമൂഹ്യപ്രശ്നങ്ങൾ ഉണ്ടാക്കിയേക്കും. ഭൂരഹിതരായ പുറമ്പോക്ക് നിവാസികൾക്ക് തങ്ങളുടെ കിടപ്പാടം പതിച്ചുനൽകുവാനുള്ള നടപടിയും ഊർജ്ജിതപ്പെടുത്തേണ്ടിയിരിക്കുന്നു. കെട്ടിട നിർമ്മാണ രംഗത്ത് അനാരോഗ്യപ്രവണതകൾ സൃഷ്ടിക്കുന്നതും കെട്ടിടനിർമ്മാണ സാമഗ്രികൾ വിലക്കയറ്റത്തിനുകാരണമാകുന്നതുമായ കൂറ്റൻ വീടുകളുടെ നിർമ്മാണം നിരുത്സാഹപ്പെടുത്തേണ്ടതുണ്ട്. വീടുകളുടെ വലിപ്പവും താമസിക്കുന്നവരുടെ എണ്ണവും ബന്ധപ്പെടുത്തി നിയന്ത്രണങ്ങൾ കൊണ്ടുവരേണ്ടതാണ്. കൂറ്റൻ കെട്ടിടങ്ങളുടെ നികുതി നിരക്കിലും വർദ്ധനവ് വരുത്തേണ്ടതുണ്ട്.

പഞ്ചായത്തിൽ ഒരു നിർമ്മിതി കേന്ദ്രം ആരംഭിച്ച് വിവിധ വിഭാഗങ്ങൾക്ക് യോജിച്ച വിവിധതരം വീടുകളുടെ മാതൃകകളും സാങ്കേതികജ്ഞാനവും പ്രചരിപ്പിക്കണം. വലിയൊരളവുവരെ കെട്ടിട നിർമ്മാണ രംഗത്തെ ദുഷ്പ്രവണതകൾക്ക് തടയിടുവാനും സാധാരണക്കാരന്റെ പാർപ്പിടാവശ്യങ്ങൾക്ക് കുറഞ്ഞ അളവിലെങ്കിലും പരിഹാരം കാണുവാനും ഇതുകൊണ്ടുകഴിയും.

കെട്ടിട നിർമ്മാണതൊഴിലാളികളുടെ കൂലിനിരക്കും ഈ വ്യവസായത്തിന്റെ വളർച്ചമൂലം ഉണ്ടായതൊഴിൽ സാദ്ധ്യതകളും മറ്റുമേഖലകളിലെ തൊഴിലാളികളെ ഈ രംഗത്തേക്ക് ആകർഷിക്കുന്നുണ്ട്. കരാർ വ്യവസ്ഥയും മറ്റും ഈ രംഗത്തേയ്ക്ക് കൂടുതൽ പടർന്നു പിടിച്ചുകഴിഞ്ഞു. ഈ രംഗത്തേയ്ക്ക് ഏതു ദുഷ്പ്രവണതകൾ കടന്നുവന്നാലും അത് മങ്ങലേല്പിക്കുക സാധാരണക്കാരന്റെ 'വീട്' എന്ന സ്വപ്നത്തെയാണ്.

**സാമൂഹ്യക്ഷേമം**

കാർഷിക മത്സ്യമേഖലയായ നമ്മുടെ പഞ്ചായത്തിന്റെ മൊത്തം ജനസംഖ്യയിൽ ഏതാണ്ട് നല്ലൊരുഭാഗവും ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരാണ്. അതിനാൽ ഒമ്പതാം പദ്ധതികാലത്ത് വളരെയേറെ ശ്രദ്ധനൽകേണ്ട ഒരു മേഖലയാണിത്. ഇപ്പോൾ നടപ്പിലാക്കികൊണ്ടിരിക്കുന്ന പ്രധാന പദ്ധതികൾ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ നടപ്പിലാക്കുന്ന ദരിദ്ര്യ നിർമ്മാർജ്ജന പരിപാടികളും തൊഴിലാളി തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ വഴിനടപ്പിലാക്കുന്ന പദ്ധതികളുമാണ്. കൂടാതെ പട്ടികജാതി പട്ടികവർഗ്ഗ വികസനകോർപ്പറേഷൻ, വനിതാ ക്ഷേമനിധി കോർപ്പഷേനും പ്രവർത്തിക്കുന്നു. എന്നാൽ ഇവയുടെ പോരായ്മകൾ വളരെ പ്രകടമാണ്. ബഡ്ജറ്റിൽ വകയിരുത്തുന്ന തുക മുഴുവനും വിനിയോഗിക്കുവാൻ കഴിയാതെ ലാപ്സായി പോകുന്നുണ്ട്. നടപ്പ് പദ്ധതികളെക്കുറിച്ച് അർഹതപ്പെട്ടവന് യഥാസമയം വിവരം ലഭിക്കാതിരിക്കുക, ഉദ്യോഗസ്ഥരുടെ പിടിവാശി, സാങ്കേതിക നൂലമാലകൾ എന്നിവയാണ് എടുത്തുപറയാവുന്ന പ്രധാന പോരായ്മകളാണ്.

നമ്മുടെ പ്രദേശത്ത് കർഷകതൊഴിലാളികളും മത്സ്യതൊഴിലാളികളുമാണ് കൂടുതലുള്ളത്. കൂടാതെ കയർ തൊഴിലാളികളും, കെട്ടിടനിർമ്മാണതൊഴിലാളികളുമുണ്ട്. തയ്യൽ, ബീഡി തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുമുണ്ട്. എന്നാൽ മുഴുവൻ മത്സ്യതൊഴിലാളികളെയും, കർഷകതൊഴിലാളികളെയും ക്ഷേമനിധിയിൽ അംഗങ്ങളാക്കുന്നതിനുള്ള ശ്രമം നടന്നിട്ടില്ല. മത്സ്യ വിപണനവും അതിനോടുനുബന്ധിച്ച മേഖലകളിലും തൊഴിൽ ചെയ്യുന്നവർ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല എന്നത് വസ്തുതയാണ്.

ദാരിദ്ര്യനിർമ്മാർജ്ജനത്തിന്റെ പ്രധാന കണ്ണിയായ തൊഴിൽ പദ്ധതികളുടെ വളർച്ച നമ്മുടെ പ്രദേശത്ത് വളരെ കുറവാണ്. ഐ. ആർ. ഡി. പി. പ്രകാരം തൊഴിൽസൗകര്യങ്ങൾ ലഭിച്ചവർ നമ്മുടെ പ്രദേശത്തുണ്ടെങ്കിലും ആസൂത്രണത്തിലെ പാകപ്പിഴകൾമൂലം പല ഗുണഭോക്താക്കൾക്കും അധിക ബാധ്യത ഉണ്ടായിട്ടുണ്ട്. പഞ്ചായത്തിൽ നിലവിൽ ഡി. ഡബ്ല്യു. സി. ആർ. എ. പ്രകാരമുള്ള യൂണിറ്റുകൾ ഉണ്ടെങ്കിലും അവ പ്രവർത്തനപ്രതിസന്ധിയിലാണ് അസംസ്കൃത വസ്തുവിന്റെ അപര്യാപ്തതയും വിപണന സൗകര്യമില്ലായ്മയും ഈ പദ്ധതി പ്രകാരമുള്ള വനിത കയർ വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനത്തെ മന്ദീഭവിപ്പിച്ചിട്ടുണ്ട്. ഇവിടത്തെ പ്രധാന പോരായ്മ നടപ്പിലാക്കുന്ന പദ്ധതികൾ ചുറ്റുപാടുകൾക്ക് യോജിച്ചവയല്ലെന്നതാണ് പ്രധാന കാരണം. ട്രൈസം പദ്ധതിപ്രകാരം പരിശീലനം നേടുന്നവർ അർഹമായ തൊഴിൽ കണ്ടെത്തുന്നില്ല. സാധ്യതയുള്ള തൊഴിൽ പദ്ധതികളിലുള്ള പരിശീലനമാണ് വേണ്ടത്. തൊഴിൽ വായ്പകൾ നൽകുന്നതിൽ ദേശസാൽകൃതബാങ്കുകളുടെ അനാസ്ഥ ചർച്ചചെയ്യപ്പെടേണ്ടതാണ്. ബദൽ സംവിധാനം ജനകീയ സഹകരണത്തോടെ ഏർപ്പെടുത്തുവാൻ സർക്കാർ മുൻകൈയ്യെടുക്കണം.

ഗ്രാമീണ വനിതാ-ശിശുവികസന പരിപാടികൾ ആലപ്പുഴ ജില്ലയിൽ ആരംഭിച്ചത് 91-92 കാലത്താണ്. ഈ പദ്ധതിപ്രകാരം ധാരാളം ക്ഷേമ പ്രവർത്തനങ്ങൾ നമ്മുടെ പ്രദേശത്ത് നടപ്പിലാക്കുന്നുണ്ട്. പഞ്ചായത്തിൽ 28 അംഗനവാടികൾ ഉണ്ട്, എന്നാൽ ഇവയിൽ ഭൂരിഭാഗത്തിനും സ്വന്തമായ കെട്ടിടങ്ങളോ മറ്റ് അടിസ്ഥാന സൗകര്യങ്ങളോ ലഭ്യമല്ല. പ്രാഥമിക സൗകര്യങ്ങളുടെ കുറവും കളിക്കോപ്പുകളുടെ അഭാവവും പരിഹരിക്കുന്നതിന് അടിയന്തിരശ്രദ്ധയുണ്ടാവണം.

സാധാരണ ജനങ്ങളുടെ ദൈനംദിന ആവശ്യങ്ങൾ നിറവേറ്റുന്നതിനു ഒരു പ്രധാന പങ്ക് പൊതുവിതരണസമ്പ്രദായത്തിനുണ്ട് റേഷൻകടകൾ പൊതുവെ എല്ലായിടത്തുമുണ്ട്. എന്നാൽ മാവേലി സ്റ്റോറുകൾക്ക് മറ്റ് കച്ചവടക്കാരോട് മത്സരിക്കുന്നതിനാവശ്യമായ സാധനങ്ങൾ ലഭ്യമല്ല. പൊതുവിതരണ സമ്പ്രദായത്തിൽ ജനകീയ ഇടപെടൽ സാദ്ധ്യമാക്കിയാൽ മാത്രമെ സാധാരണ ജനങ്ങൾക്ക് ഗുണകരമാകു.

## ഗ്രാമസഭാനിർദ്ദേശങ്ങൾ

1. അംഗനവാടികൾക്ക് സ്ഥിരമായ കെട്ടിടം, കളിക്കോപ്പുകൾ എന്നിവ ലഭ്യമാക്കുക.
2. അർഹതയുള്ള എല്ലാ തൊഴിലാളി വിഭാഗങ്ങളെയും ക്ഷേമനിധിയിൽ അംഗമാക്കുക.
3. അംഗനവാടികൾ ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയവ സ്ഥാപിക്കുക
4. പെൻഷനുകൾ യഥാസമയം വിതരണം ചെയ്യുവാൻ നടപടികൾ സ്വീകരിക്കുക.
5. ഹൗസിംഗ് സൊസൈറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.
6. ദുർബ്ബല വിഭാഗത്തിൽപെട്ടവർക്ക് സൗജന്യമായി അനുവദിക്കുന്ന വീടുകൾ നിർമ്മിതി കേന്ദ്രത്തെക്കൊണ്ട് പൂർത്തിയാക്കി നല്കുക.
7. കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിപണനത്തിന് ഒരു സഹകരണസംഘം രൂപീകരിക്കുക.
8. മാവേലി സ്റ്റോറുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക
9. പുറമ്പോക്ക് നിവാസികളെ പുനരധിവസിപ്പിക്കുക.
10. വൻ കെട്ടിടങ്ങളുടെ നികുതി നിരക്ക് വർദ്ധിപ്പിക്കുക

# സംസ്ക്കാരം



കേരളത്തിന്റെ സാംസ്ക്കാരിക ചരിത്രത്തിൽ പുറക്കാടിന് ശ്രദ്ധേയമായ സ്ഥാനമാണുള്ളത്. ഭാരതത്തിന്റെ ആദ്ധ്യാത്മിക രംഗത്ത് നവോദ്ധാനത്തിന്റെ അലകൾ ഉയർന്നപ്പോഴൊക്കെ അത് ഇവിടേയും പ്രതിഫലിച്ചിട്ടുണ്ട്. സംഘകാലം മുതൽ വളർന്നു വികസിച്ച ഒരു സാംസ്ക്കാരിക പൈതൃകം നമുക്കുണ്ട്.

വളരെ പൗരാണികമായ ഒരു സാംസ്ക്കാരിക പൈതൃകത്തിന്റെ പിൻതുടർച്ച വഹിക്കുന്ന നമ്മുടെ ഗ്രാമം മതങ്ങളുടെ മാതൃകാപരമായ സഹവർത്തിത്തത്തിലൂടെ മാനവികതയ്ക്ക് മൗലികമായ സംഭാവനകൾ നൽകിയിട്ടുണ്ട്. എല്ലാ മതങ്ങളും പരസ്പരവിശ്വാസത്തോടും ആദരവോടും കൂടി സഹവർത്തിക്കുന്ന ഇവിടം രാജ്യത്തിന്റെ മതേതരത്വത്തിന് പ്രതീകാത്മകമായ മാതൃകകൾ സൃഷ്ടിച്ചു. ഇവിടുത്തെ തോളോടുതോളുരുമ്മി നില്ക്കുന്ന ഹിന്ദു, മുസ്ലീം, ക്രൃസ്ത്യൻ ദേവാലയങ്ങൾ ചരിത്രത്തിൽ സ്ഥാനം പിടിച്ചിട്ടുള്ളതാണ്. സർവ്വമത സഹവർത്തിത്വവുമായി ബന്ധപ്പെട്ട ചരിത്രസംഭവങ്ങളും അവയെ തുടർന്നുവന്ന ആചാരങ്ങളും ഈ ഗ്രാമത്തിൽ നിരവധിയുണ്ട്. ഭാരതത്തിന്റെ ഇതര ഭാഗങ്ങളിൽ നിന്നു വ്യത്യസ്ഥമായി പുറക്കാടു ഭരിച്ച രാജാക്കന്മാർ പുലർത്തിയിരുന്ന മാനവിക വീക്ഷണത്തിന്റെ സ്വാധീനം ഇവിടുത്തെ സാംസ്ക്കാരിക പുരോഗതിയിലുടനീളം കാണാം. ഈ അടിത്തറ സ്വായത്തമാക്കിയ വികാസഭൂമികയിലൂടെയായിരുന്നു നമ്മുടെ സാംസ്ക്കാരികതയുടെയും ഗ്രാമത്തിന്റേയും വികാസം. കലാസാംസ്ക്കാരിക രംഗങ്ങളിൽ ഭരണകർത്താക്കൾ പ്രകടിപ്പിച്ച താല്പര്യം സുകുമാരകലകളുടെ വികസനത്തിനും പ്രചാരത്തിനും സഹായകരമായി. കൂത്ത്, പാഠകം, തുള്ളൽ തുടങ്ങിയ ക്ഷേത്രകലകൾക്ക് ചെമ്പകശ്ശേരി പുകൾപെറ്റിരുന്നു. മണ്ണിന്റെ ഗന്ധം ഉൾക്കൊള്ളുന്ന തനതുകലാരൂപങ്ങൾ ഇപ്പോഴും ഇവിടെ പ്രചാരത്തിലുണ്ട്. പറങ്കിപ്പാട്ട്, പുള്ളുവൻ പാട്ട്, ഞാറ്റുപാട്ട്, തേക്കുപാട്ട്, കൊയ്ത്തു പാട്ട്, കോൽ കളി, കടുവാകളി, അറവനമുട്ട്, ദഫ്മുട്ട്, തിരുവാതിരകളി, കൈകൊട്ടിക്കളി, ഒപ്പന തുടങ്ങി വിശ്വാസങ്ങളുടേയും ആചാരങ്ങളുടേയും സമഞ്ജസസമ്മേളനങ്ങളായ കലാരൂപങ്ങളുടെ പ്രചാരം വിപുലമാണ്. നിരവധി നാടൻപാട്ടുകളും പ്രചാരത്തിലുണ്ട്.

ഈ സാംസ്ക്കാരിക ചരിത്ര പശ്ചാത്തലത്തിൽ ഇന്നത്തെ നമ്മുടെ ഗ്രാമത്തിന്റെ സാംസ്ക്കാരിക രംഗം വിലയിരുത്തുമ്പോൾ കാണുന്നത് ഒട്ടും ആശാവഹമായ പ്രവണതകളല്ല. സഹവർത്തിത്വത്തിനുതന്നെ ഭീഷണമായ പ്രവണതകൾ വളർന്നുവരുന്നു. സാംസ്ക്കാരിക രംഗത്തെ ഗ്രസിച്ചുകൊണ്ടിരിയ്ക്കുന്ന മൂല്യച്യുതിയ്ക്ക് പല ഘടകങ്ങൾ സ്വാധീനം ചെലുത്തുന്നുണ്ട്. പാശ്ചാത്യസംസ്ക്കാരത്തിന്റെ സ്വാധീനം നമ്മെ നാമറിയാതെതന്നെ നമ്മുടെ വേരുകളിൽ നിന്നും അടർത്തിമാറ്റിക്കൊണ്ടിരിയ്ക്കുന്നു. ആരാധനാലയങ്ങളിലെ ഉത്സവങ്ങളും അവയെ ആശ്രയിച്ച് വളർന്ന തദ്ദേശീയമായ പലകലാരൂപങ്ങളേയും കയ്യൊഴിഞ്ഞ് പാശ്ചാത്യകലാരൂപങ്ങളെ പുണരുന്ന പ്രവണത വളരുന്നു. ഉത്സവപ്പറമ്പുകളിൽ നിന്നും ക്ഷേത്രകലകളും സുകുമാരകലകളും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്.

ആധുനിക സാങ്കേതിക വിദ്യയുടെ വളർച്ച നമ്മുടെ സംസ്ക്കാരത്തിനുതന്നെ ഭീഷണിയായിരിക്കുന്നു. ദൃശ്യ-ശ്രാവ്യ മാദ്ധ്യമങ്ങളിലെ വൈദേശികാധിപത്യം നമ്മുടെ യുവമനസ്സുകളെ കീഴ്പ്പെടുത്തിയിരിക്കുന്നു. ബഹുരാഷ്ട്രകുത്തകകളുടെ വ്യാപാരതാല്പര്യങ്ങൾമാത്രം സംരക്ഷിക്കുന്ന ഉപഭോഗസംസ്ക്കാരത്തിന്റെ നീരാളി പിടുത്തത്തിലേയ്ക്ക് പരസ്യങ്ങളിലൂടെയും മറ്റും നമ്മെ വീഴ്ത്തുന്ന മൾട്ടി ചാനലുകൾ ഗാർഹിക ജീവിതത്തിലും, എന്തിന്, വ്യക്തിബന്ധങ്ങളിൽപോലും അനഭിലഷണീയമായ സ്വാധീനം ചെലുത്തുന്നു.

സാഹിത്യാസ്വാദനത്തിൽ നമ്മുടെ അവസ്ഥ തുലോം പിന്നോക്കമാണെന്ന് ഇവിടുത്തെ ഗ്രന്ഥശാലകളുടെ അവസ്ഥസൂചിപ്പിക്കുന്നു. പ്രധാനഗ്രന്ഥശാല പഞ്ചായത്ത് സാംസ്ക്കാരിക നിലയത്തോടനുബന്ധിച്ചുള്ളതാണ്. പുസ്തകങ്ങളില്ലാത്തതിന്റേയും പരിമിതികളുടേയും നീർച്ചുഴിയിലാണ് അത്. മറ്റ് ഗ്രന്ഥശാലകൾ നാമമാത്രമായി പ്രവർത്തിക്കുന്നു. ഗ്രന്ഥശാലാ സംഘത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു ഗ്രന്ഥശാലപോലും നമ്മുടെ പഞ്ചായത്തിലില്ല.

വായനശാലകൾ മിക്കവാറും കലാസാംസ്ക്കാരിക സംഘടനകളുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്നു. പുതിയ തലമുറയുടെ വായനാശീലത്തെ പിന്നോട്ടടിക്കുന്ന ഘടകങ്ങളിൽ ടെലിവിഷന്റെ സ്വാധീനം പ്രധാനമാണ്.

സാഹിത്യരംഗത്ത് ഈ ഗ്രാമത്തിന്റെ സംഭാവന നാമമാത്രമാണ്. എങ്കിലും കേന്ദ്രസാഹിത്യ അക്കാഡമി ഫെലോഷിപ്പ് നേടിയ ശ്രീ. തോട്ടപ്പള്ളി രവീന്ദ്രനാഥും മലയാള സഹിത്യകാരനായ ശ്രീ. വി. കൃഷ്ണവാദ്ധ്യാരും പത്രപ്രവർത്തന രംഗത്ത് വ്യക്തിമുദ്രപതിപ്പിച്ച ശിവറാമും തങ്ങളുടെ മേഖലകളിൽ മൗലികമായ സംഭാവനകൾ നല്കിയിട്ടുള്ളവരാണ്.

സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് വിലപ്പെട്ട സംഭാവനകൾ നൽകിയതിന് സാക്ഷരതാ പുരസ്ക്കാരം ലഭിച്ച ദേവദത്ത് ജി. പുറക്കാട് 95-96ലെ കേരളോത്സവത്തിൽ "നാടൻ പാട്ട് മത്സരത്തിന് സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനത്തെത്തുകയും കൽക്കട്ടയിൽ വച്ച് നടന്ന ഈ ഇനത്തിലെ ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുകയും ചെയ്ത സരസ്വതീകലാനിലയത്തിന്റെ പ്രവർത്തകർ എന്നിവരും നമ്മുടെ ഗ്രാമത്തിന് അഭിമാനിക്കാവുന്ന നേട്ടങ്ങൾ ഉണ്ടാക്കിത്തന്നവരാണ്.

വനിതകളുടെ സാംസ്ക്കാരിക ഉന്നമനത്തിനായി പ്രവർത്തിക്കുന്ന സംഘടനകളൊന്നും തന്നെ ഇവിടെയില്ല. സ്ത്രീകൾക്കെതിരെയുള്ള സാംസ്ക്കാരിക ചൂഷണത്തിനെതിരെ അവബോധവും പ്രതികരണശേഷിയും സൃഷ്ടിക്കുകയും അവരിലെ സർഗ്ഗാത്മകത വളർത്തുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. വിദ്യാഭ്യാസ കാലഘട്ടത്തിൽ കലാരംഗത്ത് കഴിവുതെളിയിച്ചവർക്ക് അത് വികസിപ്പിച്ചുകൊണ്ടുവരുന്നതിനുള്ള അനുകൂലസാഹചര്യങ്ങൾ ഇനിയും ഉണ്ടാക്കേണ്ടിയിരിക്കുന്നു.

കായികരംഗത്തുള്ള കഴിവുകളുടെ വികാസനത്തിനുള്ള സാഹചര്യങ്ങൾ പരിമിതമാണ്. സ്കൂളുകളിലെ കായിക പരിശീലന സൗകര്യങ്ങളും അപര്യാപ്തമാണ്. കായിക വികസനത്തിന് ചില ക്ലബ്ബുകൾ നടത്തുന്ന മത്സരങ്ങളല്ലാതെ മറ്റ് സംഘടാനങ്ങളൊന്നുമില്ല. പഞ്ചായത്ത് നടത്തുന്ന കേരളോത്സവം ഈ രംഗത്ത് അല്പം പ്രത്യാശ നൽകുന്നു.

കായിക രംഗത്തും കലാരംഗത്തുമുള്ള പ്രതിഭകൾക്ക് വളരുവാനും, പരിശീലിക്കാനുമുള്ള സാഹചര്യം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സ്ഥാപിക്കപ്പെട്ട സാംസ്ക്കാരിക നിലയത്തിന്റെ പ്രവർത്തനം ഒരു ഗ്രന്ഥശാല നടത്തുന്നതിൽ മാത്രം ഒതുങ്ങുന്നു. സാംസ്ക്കാരികനിലയത്തിന് തെരഞ്ഞെടുക്കപ്പെട്ട ഒരു ഭരണസമിതി ഇനിയും ഉണ്ടായിട്ടില്ല. ഇവിടെ സുകുമാരകലകളും മറ്റു കലാരൂപങ്ങളും പരിശീലിപ്പിക്കുവാൻ കഴിയുന്ന തരത്തിൽ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്.

കലാ-കായിക-സാംസ്ക്കാരിക രംഗത്തെ പരിപോഷിക്കുന്നതിന് ഗ്രാമസഭകളിൽ നിന്നും താഴെ വിവരിക്കുന്ന നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്.

1. പുതിയ സാഹിത്യകാരന്മാരെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ പരിശീലന കളരികൾ, കവിയരങ്ങുകൾ എന്നിവ സംഘടിപ്പിക്കുക
2. സാംസ്ക്കാരിക നിലയത്തിന്റെ നടത്തിപ്പ് തെരഞ്ഞെടുക്കപ്പെട്ട ഒരു ഭരണസമിതിയെ ഏല്പിക്കുക.
3. കലാ-കായിക സംഘടനകളെ ഏകോപിപ്പിച്ചു പ്രവർത്തിക്കുവാൻ സഹായിക്കുകയും കേരളോത്സവംപോലുള്ള പരിപാടികളിൽ കാര്യക്ഷമമായി ഇടപെടുത്തുകയും ചെയ്യുക.
4. സാംസ്ക്കാരിക സംഘടനകളുടെ സഹകരണത്തോടെ സാംസ്ക്കാരിക നിലയത്തിലെ ഗ്രന്ഥശാലയുടെ പ്രവർത്തനം വിപുലപ്പെടുത്തുക.
5. സാംസ്ക്കാരിക നിലയം ഗ്രന്ഥശാല, ഗ്രന്ഥശാലാസംഘത്തിൽ അഫിലിയേറ്റ് ചെയ്യുക.
6. അംഗനവാടികൾ കേന്ദ്രമാക്കി സ്ത്രീകളുടെ സാംസ്ക്കാരിക സമിതികൾ രൂപീകരിക്കുക.
7. അശ്ലീലപോസ്റ്ററുകൾ പതിക്കുന്നത് തടയുക.
8. വാർഡുകൾ തോറുമുള്ള സാംസ്ക്കാരിക സംഘടനകളുടെ പൊതുവേദികൾ രൂപീകരിക്കുകയും അവയുടെ നേതൃത്വത്തിൽ ലൈബ്രറികൾ സ്ഥാപിയ്ക്കുകയും വേണം.
9. മദ്യം, മയക്കുമരുന്ന് എന്നിവയ്ക്കെതിരെ ബോധവല്ക്കരണം നടത്തുക.
10. വിദ്യാലയങ്ങളിലെ കലാ കായിക, സാംസ്ക്കാരിക പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ പരിപോഷിപ്പിക്കുക.
11. ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെ അമിതസ്വാധീനം വരുത്തുന്ന ദോഷവശങ്ങളെക്കുറിച്ച് ബോധവല്ക്കരണം നടത്തുക.
12. തനതുകലാരൂപങ്ങളേയും സുകുമാരകലകളുടേയും വികസനത്തിന് ഒരു പഠനകേന്ദ്രം സ്ഥാപിക്കുക.
13. പഞ്ചായത്തിലെ മിനി സ്റ്റേഡിയം അഭിവൃദ്ധിപ്പെടുത്തുക.



# വനിത

വികസന പ്രക്രിയയിൽ സ്ത്രീകൾ അവഗണിക്കപ്പെടുന്നത് നാം നേരിടുന്ന പ്രധാന വെല്ലുവിളയാണ്. ലിംഗപരമായവിവേചനം നിലനിൽക്കുന്നതിനാൽ വേണ്ടത്ര സാമൂഹിക പരിഗണന സത്രീകൾക്ക് ലഭിക്കുന്നില്ല. തൊഴിലിന്റെയും സാമ്പത്തിക പദവിയുടെയും കാര്യത്തിൽ മാത്രമല്ല. സാമൂഹിക രാഷ്ട്രീയ മണ്ഡലങ്ങളിലും സ്ത്രീകൾക്കെതിരായ വിവേചനം നിലനിൽക്കുന്നുണ്ട്. അധികാരസ്ഥാനങ്ങളിൽ അർഹമായ പ്രാതിനിധ്യം നേടുന്നതിനുള്ള സാധ്യതകൾ തെളിഞ്ഞിട്ടുണ്ട്. സ്ത്രീ പദവി ഉയർത്തുവാനാവശ്യമായ കർമ്മപരിപാടികൾക്ക് തുടക്കം കുറിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 27912 ആണ് ഇത് ത്രീകളുടെ എണ്ണം 14161 ആണ്. ആകെ ജനസംഖ്യയുടെ 50.73% സ്ത്രീകളാണ്.

വിദ്യാഭ്യാസ രംഗത്ത് ഏറെമുന്നോട്ട് പോകുവാൻ സ്ത്രീകൾക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ കൂടുതൽ തൊഴിൽ സാധ്യതകളുള്ള സാങ്കേതിക വിദ്യാഭ്യാസരംഗത്ത് സ്ത്രീകൾ പൊതുവെ കുറവാണ് ടൈപ്പ് റൈറ്റിംഗ് രംഗം മാത്രമാണ് ഇതിനൊരപവാദം. കോളേജ് വിദ്യാഭ്യാസത്തിൽ ആൺകുട്ടികളെക്കാൾ കൂടുതൽ പെൺകുട്ടികൾ ആണ്. എല്ലാ ഭാഗം ജനങ്ങളിലും ഈ അനുപാതം വ്യത്യാസമില്ലാതെ തുടരുന്നു. സ്കൂളുകളിലെ കൊഴിഞ്ഞുപോക്ക് പരിശോധിച്ചാൽ പെൺകുട്ടികളെക്കാൾ ആൺകുട്ടികളാണ് പഠനം നിർത്തിപോകുന്നതെന്ന് കാണാം.

| ആൺ | പെൺ | ആകെ | കൊഴിഞ്ഞ്പോക്ക് | |
|---|---|---|---|---|
| | | | ആൺ | പെൺ |
| 1628 | 1428 | 3117 | 19 | 10 |

പഞ്ചായത്തിലെ രണ്ട് പി. എച്ച് സെന്ററുകളിലെ കഴിഞ്ഞ അഞ്ച്വർഷത്തെ ഔട്ട്പേഷ്യന്റ് രജി: കണക്കുകൾ പരിശോധിച്ചാൽ രോഗതുരരായ സ്ത്രീകളുടെ എണ്ണം പുരുഷൻമാരുടെ എണ്ണത്തിന്റെ രണ്ടിരട്ടിയാണ്. ഇത് സൂചിപ്പിക്കുന്നത് സ്ത്രീകളുടെ രോഗാതുരത പുരുഷൻമാരുടേതിനേക്കാൾ വളരെ കൂടുതലാണെന്നാണ്. ശ്വാസകോശരോഗങ്ങളും രക്തസമ്മർദ്ദവും ആണ് സ്ത്രീകളെ പ്രധാനമായും ബാധിക്കുന്നത്

പ. യത്ത് പ്രദേശത്ത് സർക്കാർ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന 243പേരിൽ 156പേർ വനിതകളാണ്. വനിതകളിൽ ഭൂരിഭാഗവും വിദ്യാലയങ്ങളിൽ ലിചെയ്യുന്നവരാണ്. അംഗനവാടികളിൽ പ്രവർത്തിക്കുന്നവരുടെ വേതനനിരക്ക് വളരെകുറവാണ്. മത്സ്യസംസ്ക്കരണ മേഖലയിലും കാർഷികമേഖലയിലും സ്ത്രീതൊഴിലാളികളാണ് ഏറ്റവുമധികം തൊഴിൽ ചെയ്യുന്നത്. പുരുഷൻമാരെ അപേക്ഷിച്ച് ഈ മേഖലകളിൽ സ്ത്രീകളുടെ കൂലിനിരക്ക് കുറവാണ്.

സ്ത്രീകൾക്ക് ഗാർഹികാന്തരീക്ഷത്തിൽ ചെയ്തിരുന്ന പരമ്പരഗത കൈത്തൊഴുലുകൾ ഇന്ന് നഷ്ടമായികൊണ്ടിരിക്കുകയാണ്. ഇത് ഏറ്റവും കൂടുതൽ ബാധിക്കുന്നത് സ്ത്രീകളുടെ സാമ്പത്തിക സ്വയം പര്യാപ്തതയെയാണ്. കുട്ടനെയ്ത്ത്, പായ്നെയ്ത്ത്, ഓലമെടയൽ, കയർ പിരി എന്നീപരമ്പരാഗത തൊഴിലുകൾ പലതും നാമമാത്രമായിചുരുങ്ങി. പരമ്പരാഗത തൊഴിൽ മേഖലയിൽ നിന്ന് സ്ത്രീകൾ പൊതുവെ കുറഞ്ഞുവരുന്നതായികാണുന്നു. ചിലവുകൾക്കനുസരിച്ച് കൂലി ലഭിക്കാത്തത് ഈ രംഗത്തെ കൊഴിഞ്ഞ്പോക്കിന് കാരണമായി. മത്സ്യസംസ്ക്കരണ രംഗത്തെ തൊഴിലുമായി ബന്ധ

പ്പെട്ട് ധാരാളം സ്ത്രീകൾ അന്യപ്രദേശങ്ങളിൽ പോയിജോലിനോക്കുന്നു.

വ്യവസായം, കച്ചവടം, കൃഷി നടത്തിപ്പ് എന്നിവയിൽ സ്ത്രീകളുടെ പങ്ക് വളരെ പിന്നിലാണ്. 5 വനിതാ വ്യവസായ യൂണിറ്റ് പഞ്ചായത്തു പ്രദേശത്ത് പ്രവർത്തിക്കുന്നു. പ്രദേശത്തുള്ള 2 വനിത യൂണിറ്റുകളുടെയും പ്രവർത്തനം പ്രതിസന്ധിയിലാണ്. അസംസ്കൃത വസ്തുവിന്റെ ദൗർലഭ്യവും ഉൽപന്നങ്ങളുടെ വിപണനത്തിലുള്ള പ്രയാസവും ഈ വ്യവസായത്തെ തളർത്തുന്നു. ഏറ്റവും കൂടുതൽ സ്ത്രീകൾ തൊഴിൽ ചെയ്യുന്ന മത്സ്യസംസ്ക്കരണ മേഖലയിൽ വനിതകളുടെ ഉടമസ്ഥതയിൽ ഒറ്റൊറ്റ വ്യവസായ യൂണിറ്റുപോലും പ്രവർത്തിക്കുന്നില്ല.

സ്ത്രീകൾ നേരിടുന്ന ഒരു പ്രധാന സാമൂഹിക പ്രശ്നമാണ് മദ്യവിപത്ത്. കുടുംബനാഥൻമാരുടെ മദ്യപാനം മൂലം ഇന്നും പല കുടുംബങ്ങളിലും അരക്ഷിതാവസ്ഥസംജാതമാണ്. ഈ അവസ്ഥമാറണം. സ്ത്രീകൾക്ക്കൂടി പങ്കുള്ള മദ്യവിരുദ്ധസമിതികൾ ഉണ്ടായാൽ മദ്യവിപത്തിനെ പരാജയപ്പെടുത്തുവാൻ കഴിയും. തൈച്ചിറയിലെയും തോട്ടപ്പള്ളിയിലും സ്ത്രീകളുടെ നേതൃത്വത്തിൽ നടന്ന മദ്യവിരുദ്ധ സമരം ഇത്തരത്തിൽ ശ്രദ്ധേയമാണ്. സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്ന അശ്ലീല പോസ്റ്ററുകൾ പഞ്ചായത്തിന്റെ പലഭാഗത്തും കാണാം. ഇതിനെതിരെ നിലവിൽ നിയമമുണ്ടായിട്ടുപോലും ഫലപ്രദമായി ഇത് തടയുവാൻ കഴിയുന്നില്ല.

സ്ത്രീകളുടെ സാമൂഹിക പദവി ഉയർത്തണമെങ്കിൽ വിദ്യാഭ്യാസവും സാമ്പത്തികനിലയും ഉയരണം. സാമൂഹിക രാഷ്ട്രീയ മേഖലകളിൽ സ്വതന്ത്രമായും നിർഭയമായും ഇടപെടാൻ കഴിയുന്ന അവസ്ഥ സംജാതമാകണം. ബഹുജനരാഷ്ട്രീയ സംഘടനാകളുടെ നേതൃത്വസ്ഥാനത്തേയ്ക്ക് ഉയരുവാൻ സ്ത്രീകൾക്ക് കഴിയണം. സാംസ്ക്കാരിക സംഘടനപ്രവർത്തന രംഗത്ത് സത്രീകളുടെ പങ്കാളിത്തം കുറവാണ്. സാക്ഷരതാ പ്രവർത്തനത്തിൽ ഏറ്റവും സജീവമായി രംഗത്തുണ്ടായിരുന്നത് സ്ത്രീകളാണ്. ഇത് സൂചിപ്പിക്കുന്നത് സമൂഹിക സംസ്ക്കാരിക പ്രവർത്തനങ്ങളിൽ ഇടപെടുവാനുള്ള സ്ത്രീകളുടെ താത്പര്യത്തെയാണ്. രാഷ്ട്രീയരംഗത്ത് സ്ത്രീ പ്രതിനിധ്യം നമ്മുടെ പ്രദേശത്തുണ്ട് പഞ്ചായത്ത് ഭരണത്തിൽ പ്രസിഡന്റ് ഉൾപ്പെടെ4 വനിതകളുണ്ട്.

അധികാരം ആരുടെയും ദാനമല്ല അവകാശമാണെന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ സ്ത്രീകൾ സാമൂഹിക മുന്നേറ്റത്തിന് തയ്യാറവണം.

ഗ്രാമസഭാനിർദ്ദേശങ്ങൾ

1. എല്ലാവാർഡുകളിലും ശിശുപരിപലന കേന്ദ്രങ്ങൽ (ക്രഷ്) ആരംഭിക്കണം.
2. നിത്യോപയോഗസാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കണം.
3. സ്ത്രീകൾക്ക് മാത്രമായി ഒരു സംസ്ക്കാരിക കേന്ദ്രവും അതോടനുബന്ധിച്ച് ഗ്രന്ധശാലയും ആരംഭിക്കണം.
4. മഹിളാസമാജങ്ങൾ രൂപീകരിക്കണം.
5. സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സ്ത്രീകളെ പര്യാപ്തരാക്കണം.
6. അടുക്കളത്തോട്ടം ഉണ്ടാക്കുന്നതിനുള്ള പരിശീലനം നൽകണം
7. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളോടനുബന്ധിച്ച് പ്രസവ വാർഡ് ആരംഭിക്കണം.
8. വനിതാ വ്യവസായ യൂണിറ്റുകൾ രൂപികരിക്കണം
9. തൊഴിൽശാലകളോടനുബന്ധിച്ച് പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തണം.
10. അംഗനവാടികളിൽ ജോലിചെയ്യുന്നവരുടെ വേതനം വർദ്ധിപ്പിക്കണം.
11. ഒരേ മേഖലയിൽ തൊഴിൽ ചെയ്യുന്ന സ്ത്രീ-പുരുഷ കൂലി നിരക്ക് ഏകീകരിക്കണം.
12. ഒരു വനിത ഐ. റ്റി. ഐ. ആരംഭിക്കണം
13. സ്ത്രീകൾക്ക് കൂടുതൽ തൊഴിൽ ലഭിച്ചിരുന്ന കൃഷിഭൂമി തരിശ്കിടക്കുന്നത് കൃഷിയോഗ്യമാക്കണം.
14. സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കുക.
15. അശ്ലീല പോസ്റ്ററുകൾ പതിക്കുന്നവരെ കർശനമായി ശിക്ഷിക്കുക.

☺

# സഹകരണ സംഘങ്ങൾ

സഹകരണമേഖലയുടെ സാദ്ധ്യതകൾ വളരെയൊന്നും പ്രയോജനപ്പെടുത്തിയിട്ടില്ലാത്ത ഒരു പഞ്ചായത്താണ് നമ്മുടേത്. കൃഷി, പരമ്പരാഗത വ്യവസായങ്ങൾ എന്നിവയുടെ മന്ദീഭാവം പരിഹരിയ്ക്കുന്നതിലേയ്ക്കുപോലും ഈ മേഖലയെ നാം ആശ്രയിച്ചിട്ടില്ല. നാം നേരിടുന്ന വിഭ പരിമിതമറികടകുന്നതിന് വലിയൊരളവുവരെ സഹായിയ്ക്കത്തക്കവിധത്തിൽ സഹകരണ സംഘങ്ങളുടെ ഒരു ശൃംഖല തന്നെ വിപുലപ്പെടേണ്ടിയിരിയ്ക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ രണ്ട് സർവ്വീസ് സഹകരണ സംഘങ്ങൾ, ഒരു പട്ടികജാതി സർവ്വീസ് സൊസൈറ്റി, ഒരു ഹൗസിംഗ് സഹകരണ സംഘം, നാലു ക്ഷീരോല്പാദക സഹകരണസംഘങ്ങൾ നാല് മത്സ്യതൊഴിലാളി സഹകരണസംഘങ്ങൾ ഒരു ഉൾനാടൻ മത്സ ഴിലാളി സഹകരണസംഘം നാല് വനിതാ സഹകരണ സംഘങ്ങൾ എന്നിവ പ്രവർത്തിക്കുന്നു.

സർവ്വീസ് സഹകരണസംഘങ്ങളുടെ പ്രവർത്തനം തൃപ്തികരമാണന്നുപറയാനാവില്ല. കാർഷിക മേഖലയ്ക്ക് അവശ്യമായി വരുന്ന വായ്പ നല്കുവാനോ കാർഷിക ഉൽപന്നങ്ങളുടെ വിപണനത്തിൽ സഹായിക്കുവാനോ പര്യാപ്തമായവിധം അവ വളരേണ്ടിയിരിക്കുന്നു. സർവ്വീസ് സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഇവിടത്തെ തൊഴിൽ-വികസന മേഖലകളെയോ സാമ്പത്തിക ജീവിതത്തേയോ കാര്യമായൊന്നും സ്വാധീനിക്കുന്നില്ല എന്നതാണ് വസ്തുത.

പട്ടികജാതി സർവ്വീസ് സഹകരണ സംഘത്തിന്റേയും പ്രവർത്തനം വളരെ മെച്ചപ്പെടേണ്ടതുണ്ട്. എന്നാൽ നാലുക്ഷീരോല്പാദക സഹകരണ സംഘങ്ങളും സാമാന്യം തരക്കേടില്ലാത്ത വിധത്തിൽ പ്രവർത്തിക്കുന്നു. ചിട്ടയായ പ്രവർത്തനം വഴി ഇവയുടെ സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താവുന്നതും കന്നുകാലിവളർത്തൽ കൂടുതൽ വിപുലപ്പെടുത്തുവാൻ കഴിയുന്നതുമാണ്.

മത്സ്യതൊഴിലാളിക്ഷേമ സഹകരണ സംഘങ്ങൾ ആ മേഖലയ്ക്ക് ഒരു പുത്തൻ ഉണർവ്വ് പ്രദാനം ചെയ്തിട്ടുണ്ട്. എങ്കിൽതന്നെയും തനതു പദ്ധതികൾ ഏറ്റെടുത്ത് പ്രവർത്തികമാകുവാൻ കഴിയുംവിധം പ്രവർത്തനങ്ങൾ വിപുലപ്പെടണം. എല്ലാ മത്സ്യതൊഴിലാളികളേയും ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും വിമുക്തമാക്കുക എന്നുള്ളതുതന്നെയായിരിക്കണം ഈ സംഘങ്ങളുടെ പ്രധാന കർമ്മപരിപാടി.

പുതുതായി രൂപീകരിക്കപ്പെട്ട ഉൾനാടൻ മത്സ്യതൊഴിലാളി സഹകരണസംഘത്തിന് ആ മേഖലയിൽ വളരെയധികം കർത്തവ്യങ്ങൾ നിർവഹിക്കുവാനുണ്ട്. അവശതയനുഭവിക്കുന്ന ഉൾനാടൻ മത്സ്യതൊഴിലാളികളുടെ ജീവിത ഗുണനിലവാരം ഉയർത്തുന്നതിനുവേണ്ട പ്രവർത്തനം സംഘടിപ്പിയ്ക്കണമെന്നുമാത്രം.

വനിതാ സഹകരണസംഘങ്ങളുടെ നിലനില്പുതന്നെ പരുങ്ങലിലാണ്. കമ്പോളത്തിൽ മത്സരിക്കുവാൻ കഴിയാതെ ഈ സംഘങ്ങൾ വീർപ്പുമുട്ടുന്നു. സംഘങ്ങളുടെ ദയനീയാവസ്ഥ മനസ്സിലാക്കി കച്ചവടക്കാർ കൂടുതൽ മുതലെടുക്കുന്നു. വനിതാ സംഘങ്ങളുടെ നിലനില്പിനും വളർച്ചയ്ക്കും കൂടുതൽ പരിരക്ഷയും സഹായവും ലഭ്യമാകേണ്ടതുണ്ട്.

ഹൗസിംഗ് സഹകരണസംഘം പേരിനുപോലും പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിലെ പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിന് ഈ സംഘത്തിന്റെ

സംഭാവനകൾ ഒന്നുംതന്നെയില്ല. വിപുലപ്പെടുന്നതിന് എല്ലാ സാദ്ധ്യതകളും ഉണ്ടെങ്കിലും ഈ സംഘം തളർന്നുതന്നെ കിടക്കുന്നു.

സഹകരണസംഘങ്ങളുടെ ഇന്നത്തെ അവസ്ഥയിൽ കാര്യമായ മാറ്റം വരാതെ നമുക്ക് സമഗ്രമായ ഒരു വളർച്ച ഉണ്ടാക്കിയെടുക്കുവാൻ കഴിയുമെന്നു തോന്നുന്നില്ല. കാർഷികമേഖലയ്ക്കും മത്സ്യമേഖലയ്ക്കും താങ്ങും തണലും നൽകുവാൻ പര്യാപ്തമായ വിധത്തിൽ അവയെ ശക്തിപ്പെടുത്തേണ്ടിയിരിയ്ക്കുന്നു. സംഘങ്ങളുടെ പൊതുയോഗങ്ങൾ വെറും ചടങ്ങുകളായിമാറാതെ, വെല്ലുവിളികൾ നേരിടുവാൻ സഹായിയ്ക്കുന്ന മഹാപ്രസ്ഥാനങ്ങളായി അവയെ വളർത്തിയെടുക്കുവാനുള്ള ചർച്ചാവേദികളായി രൂപപ്പെടണം. ഗ്രാമീണ ജനതയുടെ ഒരു പരിച്ഛേദം തന്നെയാവണം സഹകരണ സംഘങ്ങളിലെ അംഗങ്ങൾ. വ്യാപാരം, വ്യവസായം തുടങ്ങി എല്ലാ മേഖലകളിലേയ്ക്കും പ്രവർത്തനം വ്യാപിപ്പിക്കത്തക്കവിധത്തിൽ. പുതിയ സംഘങ്ങൾ രൂപീകരിക്കുകയും പഴയവയെ കൂടുതൽ മെച്ചപ്പെടുത്തുകയും വേണം. നമ്മുടെ ഗ്രാമത്തിന്റെ പുരോഗതിക്ക് ഏറ്റവും കൂടുതൽ സംഭാവനകൾ നല്കുവാൻ സഹകരണ സംഘങ്ങൾക്കേകഴിയൂ.

### ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. ഗ്രൂപ്പ് ഫാമിംഗ് സഹകരണസംഘങ്ങൾ, വ്യവസായ സഹകരണസംഘങ്ങൾ, വനിതകളുടെ മത്സ്യസംസ്ക്കരണ സഹകരണസംഘങ്ങൾ, കേരോല്പന്ന-വിപണന സംഘങ്ങൾ. എല്ലാ വാർഡുകളിലും പൊതുവിതരണ സഹകരണസംഘങ്ങൾ, കയർ സഹകരണ സംഘം എന്നിവ സ്ഥാപിക്കുക.

2. തൈച്ചിറയിൽ ഒരു ക്ഷീരോല്പാദക സഹകരണ സംഘം സ്ഥാപിയ്ക്കുക.

3. പരമ്പരാഗതവ്യവസായ വികസന സഹകരണ സംഘം രൂപീകരിയ്ക്കുക.

4. പുറക്കാട് സർവ്വീസ് സഹകരണ സംഘം നമ്പർ 2999 തൈച്ചിറയിലുള്ള സ്വന്തം കെട്ടിടത്തിലേയ്ക്ക് പ്രവർത്തനം മാറ്റുക.

5. രാഷ്ട്രീയാതിപ്രസരം കുറച്ച് സംഘങ്ങളിൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തുക.



# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപെടുന്നവരുടെ ജീവിതനിലവാരം വളരെയൊന്നും ഉയർന്ന നിലയിലല്ല. പട്ടികവർഗ്ഗത്തിൽപെട്ടവരാകട്ടെ ഏറ്റവും താഴ്ന്ന നിലവാരത്തിലാണ് ജീവിയ്ക്കുന്നത്. ആകെ 341 പട്ടികജാതികുടുംബങ്ങളും 12 പട്ടികവർഗ്ഗകുടുംബങ്ങളും ഇവിടെയുണ്ട്. പട്ടികജാതി പുരുഷന്മാർ 861 പേരും സ്ത്രീകൾ 836 പേരും അടക്കം ആകെ ജനസംഖ്യ 1697 ആണ്. പട്ടികവർഗ്ഗത്തിൽപെട്ട 20 പുരുഷന്മാരും 29 സ്ത്രീകളുമായി ആകെ 49 പേരാണുള്ളത്.

പട്ടിക ജാതി കുടുംബങ്ങളിൽ ബഹുഭൂരിപക്ഷത്തിനും അടിസ്ഥാന ജീവിത സൗകര്യങ്ങൾ ലഭ്യമായിട്ടില്ല. കാർഷികമേഖലയുടെ തളർച്ച, കർഷകതൊഴിലാളികളായ ബഹുഭൂരിപക്ഷത്തിന്റേയും സാമ്പത്തിക നിലയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. കൃഷിയുടെ എണ്ണംകുറഞ്ഞതും കൃഷിച്ചെലവുകൂടിയതുമൂലം കൃഷിയോട് കർഷകർക്കുണ്ടാകുന്ന വിരക്തിയുടേയുമൊക്കെ ദുരന്തഫലം അനുഭവിക്കുന്നത് ഇവരാണ്. എല്ലാവരുംതന്നെ കുട്ടികളെ സ്കൂളുകളിൽ അയയ്ക്കാറുണ്ടെങ്കിലും സാമ്പത്തിക രംഗത്തെ അനിശ്ചിതത്വം കൊഴിഞ്ഞുപോക്കിലേയ്ക്ക് കൊണ്ടെത്തിയ്ക്കുന്നു. പട്ടികജാതി കോളനികൾ എല്ലാം സ്കൂളുകളിൽ നിന്നും വളരെ അകലെയായതിനാൽ കുട്ടികൾ കൂടുതൽ ദൂരം സഞ്ചരിക്കേണ്ടിവരുന്നു. ബഹുഭൂരിപക്ഷവും സാക്ഷരരും രാഷ്ട്രീയ സാമൂഹ്യ മേഖലകളിൽ മറ്റുള്ളവരുമായി ഇടകലർന്ന് പ്രവർത്തിക്കുന്നവരുമാണ്.

ആറുപട്ടികജാതി കോളനികളാണ് പഞ്ചായത്തിലുള്ളത്. പല കോളനികളിലേയ്ക്കും വഴി സൗകര്യംപോലുമില്ല. കുടിലുകളിലാണ് കൂടുതൽ പേരും താമസിക്കുന്നത്. മെച്ചപ്പെട്ട പാർപ്പിടം, കക്കൂസ്, വൈദ്യുതി, ശുദ്ധജലം എന്നിവ ഇനിയും കോളനികളിൽ പൂർണ്ണമായി എത്തേണ്ടിയിരിക്കുന്നു.

നിലവിലുള്ള പദ്ധതികൾക്കുവേണ്ടി ചെലവാക്കിയ തുകയും അതുമൂലം ഈ വിഭാഗത്തിനുണ്ടായ നേട്ടവും താരതമ്യം ചെയ്താൽ പാളിച്ചകൾ മാത്രമേ കാണുവാൻ കഴിയൂ. അശാസ്ത്രീയവും അപര്യാപ്തവുമായ പദ്ധതികൾ പട്ടികജാതിക്കാരുടെ ജീവിതം കൂടുതൽ ദുരിതപൂർണ്ണമാക്കി എന്നുപറയുകയാവുംശരി. വീടുകൾ, കക്കൂസുകൾ എന്നിവയ്ക്കായി അനുവദിക്കുന്ന തുക ഇവയുടെ ഒരു ഭാഗം നിർമ്മിക്കുവാൻപോലും ഉതകുന്നില്ല. തന്മൂലം നല്കുന്ന പണംപോലും ലക്ഷ്യം കാണാതെ മറ്റുവഴിയ്ക്ക് ചെലവഴിക്കപ്പെടുകയും വീണ്ടും ഇതേ ആനുകൂല്യത്തിന് തെരഞ്ഞെടുക്കപ്പെടാനുള്ള അർഹത നഷ്ടപ്പെടുകയും ചെയ്യുന്നു. ഇതേ അപര്യാപ്തത തൊഴിൽ പദ്ധതികളിലുമുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ വനിതകൾ നമ്മുടെ സമൂഹത്തിലെ ഏറ്റവും പിന്നോക്കം നില്ക്കുന്ന വിഭാഗമാണ്. തൊഴിൽ ലഭ്യതക്കുറവും മറ്റ് സാമൂഹ്യ വിപത്തുകളും ഏറ്റവും തീഷ്ണമായി അനുഭവവേദ്യമാകുന്നതും ഇവർക്കുതന്നെ. ഈ വനിതകളുടെ സമഗ്രപുരോഗതിയും സാമൂഹ്യവളർച്ചയും ലക്ഷ്യമാക്കിയുള്ള പ്രായോഗിക പദ്ധതികൾ ഉണ്ടായേ മതിയാകൂ.

ആനുകൂല്യങ്ങൾക്ക് സമാനത ഇല്ലായ്മ മറ്റൊരു പ്രശ്നമാണ്. പലതരം നിയമങ്ങൾക്കനുസരിച്ച് പലതരം ആനുകൂല്യങ്ങൾ ഒരേ കാര്യത്തിനു നല്കപ്പെടുന്നു. ഒരാൾക്ക് വീട് സൗജന്യമായി നല്കുമ്പോൾ മറ്റൊരാൾക്ക് വായ്പയായി ലഭിക്കുന്നു. ഇത് തിരിച്ചടവിനെ നിരുത്സാഹപ്പെടുത്തുകയും ഗുണഭോക്താവിനെതിരെ റവന്യൂ റിക്കവറി നടപടികളിലേയ്ക്ക് കൊണ്ടെത്തിക്കുകയും ചെയ്യുന്നു.

ഇന്നും ഈ വിഭാഗത്തിൽപെട്ടവർക്ക് പലതൊഴിൽ മേഖലകളിലേയ്ക്കും കടന്നു ചെല്ലുവാൻ കഴിഞ്ഞിട്ടില്ല. ഇവർ പരമ്പരാഗതമായി പണിയെടുത്തിരുന്നകാർഷിക-പരമ്പരാഗതവ്യവസായ മേഖലകൾ പ്രതിസന്ധിയിലുമാണ്. ഈ വിഭാഗത്തിന്റെ പ്രത്യേക കൂട്ടായ്മകളോ, സഹകരണസംഘങ്ങളോ രൂപീകരിച്ച് തങ്ങളുടെ തൊഴിൽ മേഖലയിൽ ഉറച്ചുനില്കുവാൻ കഴിയുന്ന സഹായങ്ങൾ ചെയ്തു കൊടുക്കേണ്ടതുണ്ട്.

പല ആനുകൂല്യങ്ങളെസംബന്ധിച്ചും

അവയ്ക്ക് അപേക്ഷനല്കേണ്ട രീതികളെക്കുറിച്ചും മതിയായ പ്രചാരണം നല്കാറില്ല. തന്മൂലം ഇതിനെ കുറിച്ചറിയവുന്ന വളരെ കുറച്ചുപേർമാത്രം ആനുകൂല്യങ്ങൾ കരസ്ഥമാക്കുന്നസ്ഥിതി വരുന്നു. ഇത്തരം സാഹചര്യങ്ങൾ ഇടത്തട്ടുകാരും മുതലെടുക്കാറുണ്ട്.

ചെലവഴിക്കപ്പെട്ട പണത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതികളുടെ ജയപരാജയങ്ങൾ നിർണ്ണയിക്കുന്ന അവസ്ഥ മാറേണ്ടതുണ്ട്. അടിസ്ഥാന ഘടകങ്ങൾ ഏർപ്പെടുന്നതിലേയ്ക്കുമാത്രം അല്പം സഹായം നല്കുന്നതുകൊണ്ട് ഈ വിഭാഗത്തിന്റെ പിന്നോക്കവസ്ഥമാറ്റിയെടുക്കുവാനും കഴിയില്ല. തൊഴിൽ രംഗത്ത് ഉറച്ചുനിൽകുവാനും മറ്റ് തൊഴിൽമേഖലകളിലേയ്ക്ക് ആത്മവിശ്വാസത്തോടെ കടന്നു ചെല്ലുവാനും സർവ്വോപരി വരുമാനം വർദ്ധിപ്പിക്കുവാനും ഉതകുന്ന പരിപാടികളാണ് ഈ മേഖലയ്ക്ക് ഇന്നാവശ്യം.

**ഗ്രാമസഭകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ താഴെ ക്രോഡീകരിക്കുന്നു.**

1. അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് പണം അനുവദിക്കുമ്പോൾ അവ സ്ഥാപിക്കുന്നതിന് പര്യാപ്തമായ തുക അനുവദിക്കുക.
2. ഭവന നിർമ്മാണ വായ്പകളുടെ തിരിച്ചടവ് ഇളവുചെയ്യുക.
3. തൊഴിൽ മെച്ചപ്പെടുത്തുന്നതിനും അതിൽ നിന്നും വരുമാനം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ പരിപാടികൾ ആവിഷ്ക്കരിക്കുക.
4. പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽപെട്ട വനിതകളുടെ ഉന്നമനത്തിനായി നിരവധി സഹകരണ സംഘങ്ങൾ രൂപീകരിക്കുക.
5. തൊഴിൽ വായ്പാ സൗകര്യങ്ങളിലും വൈദ്യുതിയും കുടിവെള്ളവും എത്തിയ്ക്കുക.
6. എല്ലാ പട്ടികജാതികുടുംബങ്ങളിലും വൈദ്യുതിയും കുടിവെള്ളവും എത്തിയ്ക്കുക.
7. കോളനികളിലേയ്ക്കുള്ള വഴി സൗകര്യം മെച്ചപ്പെടുത്തുക.
8. കാർഷിക മേഖലയെ സംരക്ഷിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുക.
9. പട്ടിക വർഗ്ഗകുടുംബങ്ങൾ ചേർത്ത് ഒരു കോളനി രൂപീകരിച്ച് വികസന പ്രവർത്തനങ്ങൾ നടത്തുക.
10. മണ്ണും പുറം കോളനി ഐ. എച്ച്. ഡി. പി. പദ്ധതിയിൽ ഉൾപ്പെടുത്തുക.
11. കോളനികളിൽ ഗ്രന്ഥശാല, കമ്മ്യൂണിറ്റഹാൾ, വൈദ്യസഹായം എന്നിവ ലഭ്യമാക്കുക.
12. വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ച് ബോധവല്ക്കരണം നടത്തുക.
13. കോളനികളുടെ [illegible] പുറ്റുപാടും കല്ലുകെട്ടി സംരക്ഷിക്കുക.
14. കോളനികളിൽ വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള സഹായം നല്കുക.
15. പ[illegible]ജാതിയിൽപ്പെട്ട മത്സ്യതൊഴിലാളികൾക്ക് [illegible]സഹായങ്ങളും നല്കുക.
16. ഒരു പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമവികസന സഹകരണ സംഘം രൂപീകരിക്കുക.
17. ആനുകൂല്യങ്ങളെക്കുറിച്ച് മതിയായ പ്രചാരണം നടത്തുക.

# ടൂറിസം



പഞ്ചായത്തിന്റെ ടൂറിസം വികസനത്തിന് അനന്തസാദ്ധ്യതകളാണുള്ളത്. അനുകൂല ഘടകങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തിയാൽ പഞ്ചായത്തിന്റെ വികസനത്തിൽ പ്രമുഖ പങ്ക് വഹിക്കുന്ന മേഖലയായി ഇതിനെ വളർത്തിയെടുക്കുവാൻ കഴിയും.

പഞ്ചായത്തിലെ തോട്ടപ്പള്ളിയിൽ അറബിക്കടൽ, ദേശീയ ജലപാത, ദേശീയപാത എന്നിവ സംഗമിക്കുന്നു. ഈ അപൂർവ്വത തോട്ടപ്പള്ളിക്കുമാത്രമേ അവകാശപ്പെടുവാൻ കഴിയൂ. നോക്കെത്താദൂരത്തോളം പരന്നുകിടക്കുന്ന പാടശേഖരങ്ങളും തെളിഞ്ഞ ജലാശയങ്ങൾക്കു നടുവിലെ ഒറ്റപ്പെട്ട തുരുത്തുകളും ഈ പ്രദേശത്തിന്റെ പ്രത്യേകതകളാണ്. കുട്ടനാടിന്റെ തനതും വൈവിധ്യം നിറഞ്ഞതുമായ പ്രകൃതിസൗന്ദര്യത്തിലേയ്ക്ക് കടന്നു ചെല്ലുവാൻ ഇത്രയധികം യാത്രാസൗകര്യങ്ങളുള്ള മറ്റൊരു പ്രദേശം ഇല്ലതന്നെ. ഗ്രാമീണ ജീവിത്തിന്റേയും തൊഴിൽ മേഖലകളുടേയും തനിമ ഇപ്പോഴും മാറ്റം കൂടാതെ ഇവിടെ നിലനില്ക്കുന്നു.

വിദേശികളും സ്വദേശികളുമായ വിനോദസഞ്ചാരികളെ ആകർഷിക്കുവാൻ കഴിയുന്ന മറ്റൊരു ഘടകം തോട്ടപ്പള്ളിയിലെ മത്സ്യലഭ്യതയാണ്. കടൽ മത്സ്യങ്ങളും കായൽ മത്സ്യങ്ങളും ഒരു പോലെ ഇവിടെ സുലഭം. നാടൻ മത്സ്യങ്ങളാൽ സമ്പന്നമാണ് ഇവിടം. ആറ്റുകൊഞ്ച്, കരിമീൻ, ആറ്റുവാള, കണമ്പ് തുടങ്ങിയ എല്ലായിനം ശുദ്ധജല മത്സ്യങ്ങളും; കണവ, ചെമ്മീൻ, ഞണ്ട് തുടങ്ങി എല്ലാവിധ്കടൽ മത്സ്യങ്ങളും ഇവിടെനിന്നും വിപണനം ചെയ്യപ്പെടുന്നുണ്ട്. തോട്ടപ്പള്ളിഫിഷ്ലാന്റിംഗ് സെന്റർ കേന്ദ്രമാക്കികടൽ മത്സ്യങ്ങളുടേയും വിപണനം നടക്കുന്നു. ദേശീയ പാതയിൽ യാത്ര ചെയ്യുന്ന സഞ്ചാരികളാണ് ആറ്റുമത്സ്യ വ്യാപാരികളുടെ പ്രധാനഇടപാടുകാർ എന്നതും ശ്രദ്ധേയമാണ്.

വളരെ ഹൃദ്യമായ കാലാവസ്ഥയാണ് ഇവിടെയുള്ളത്. ജലാശയങ്ങളുടെ സമൃദ്ധിയും സമുദ്രസാമീപ്യവും സമുദ്രത്തിൽ നിന്നുള്ളകാറ്റുമെല്ലാം ശീതോഷ്ണങ്ങളെ നിയന്ത്രിച്ച് ഒരു സുഖവാസകേന്ദ്രത്തിനനുയോജ്യമായ അന്തരീക്ഷം നിലനിർത്തുന്നു.

പലയിനം കൊക്കുകൾ, ചേരക്കോഴി, നീർകാക്ക തുടങ്ങിയ വിവിധയിനം ജലാശയപക്ഷികൾ ഇവിടെ ധാരാളമായി ഉണ്ട്. ദേശാടനപക്ഷികളും കൂട്ടത്തോടെ എത്തുന്നു. കടൽ പക്ഷികളും ജലാശയങ്ങളിൽ സാധാരണമാണ്.തോട്ടപ്പള്ളിയിലെ ശാന്തവും വിശാലവുമായ ജലാശയങ്ങൾ ബോട്ടിങ്ങിന് ഏറ്റവും അനുയോജ്യമാണ്.

ഈ പ്രദേശത്തിന്റെ മനോഹാരിത വിനോദസാഞ്ചാരികൾക്ക് അനുഭവിച്ചറിയുന്നതിന് ബോട്ടിംഗ് സൗകര്യം വഴിയൊരുക്കും. പ്രശസ്തതീർത്ഥാടന കേന്ദ്രങ്ങളായ അമ്പലപ്പുഴ ക്ഷേത്രം, എടത്വാ പള്ളി എന്നിവിടങ്ങളിലേയ്ക്ക് ഇവിടെനിന്നും കുറഞ്ഞസമയത്തെ യാത്രകൊണ്ട് ജലമാർഗ്ഗം എത്തിച്ചേരുവാൻ കഴിയും. 10–ാം നൂറ്റാണ്ടിനുമുൻപുള്ള ബുദ്ധവിഗ്രഹമായ 'കരുമാടി കുട്ടനും' അമ്പലപ്പുഴയിലെ മറ്റൊരു ആകർഷണീയതയാണ്. ബ്രിഡ്ജ് മ്യൂസിയം സ്ഥാപിതമാകുവാൻ പോകുന്ന മഹാകവി കുമാരനാശന്റെ സ്മാരകമായ കുമാരകോടിയിലേയ്ക്ക് ഇവിടെ

നിന്നും ജലമാർഗ്ഗം ഒന്നരകിലോമീറ്റർ ദൂരമേയുള്ളൂ. നിർദ്ദിഷ്ട 'ഗാന്ധിസ്മൃതിവനം' പൂർത്തിയായാൽ അതും ഈ പ്രദേശത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കും

അഴിമുഖത്തിന്റെ ഇരുവശത്തുമുള്ള മണൽ തിട്ടകൾ മനോഹരങ്ങളായ ഉദ്യാനങ്ങളായി വികസിപ്പിച്ചെടുക്കാവുന്നതാണ്. കനാലിന്റെ ഇരു കരകളും മോടി പിടിപ്പിക്കുവാനോ പാർക്കുകൾ സ്ഥാപിക്കുവാനോ കഴിയും വിധം വിശാലമാണ്. ഇവിടത്തെ വികസനത്തിന് കുടിയൊഴിപ്പിക്കലോ ഭൂമി ഏറ്റെടുക്കലോ വേണ്ടിവരുന്നില്ല എന്നതും പ്രാധാന്യമുള്ളതുതന്നെ.

തോട്ടപ്പള്ളിയുടെ വികസനത്തിന് ആവശ്യമായ അടിസ്ഥാനഘടകങ്ങളിൽ ഏറ്റവും പ്രധാനം ഒരു ബോട്ടുജട്ടിയുടെ നിർമ്മാണമാണ്. ആലപ്പുഴ - കൊല്ലം യാത്രയിൽ ദേശീയ ജലപാതയിൽ കൂടികടന്നുപോകുന്ന വിനോദസഞ്ചാരികൾക്ക് ജട്ടിയുടെ അഭാവംമൂലം തോട്ടപ്പള്ളിയിൽ ഇറങ്ങുവാൻ കഴിയുന്നില്ല. ഇവിടെ സൗകര്യങ്ങളുള്ള ഒരു ബോട്ടുജട്ടിയും ഒരു കെ.റ്റി.ഡി. സി. വിശ്രമകേന്ദ്രവും സ്ഥാപിയ്ക്കപ്പെട്ടാൽ ആലപ്പുഴ - കൊല്ലം റൂട്ടിൽ ദീർഘദൂര ബോട്ടുയാത്ര ചെയ്തുവരുന്ന വിനോദസഞ്ചാരികളുടെ ഇടത്താവളമായി തോട്ടപ്പള്ളി വികസിച്ചുതുടങ്ങും. അടിസ്ഥാനസൗകര്യങ്ങളുടെ വികസനം ദേശീയ പാതയിൽ കൂടികടന്നുപോകുന്ന വിനോദശഞ്ചാരികളെ ആകർഷിക്കുവാൻ പര്യാപ്തമാകും എന്നത് ഈ വികസനത്തിന് ആക്കം കൂട്ടുകയും ചെയ്യും.

ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ മാതൃകയിൽ പഞ്ചായത്ത് ഒരു സൊസൈറ്റി രൂപീകരിച്ചു പ്രവർത്തിച്ചാൽ ഇവിടെ അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും ഏർപ്പെടുത്തുവാൻ പ്രയാസം നേരിടുകയില്ല. പഞ്ചായത്തിലെ ടൂറിസം വികസനത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുവാൻ കഴിയണം. മോട്ടലുകൾ, ഉയർന്ന നിലവാരത്തിലുള്ള റസ്റ്റോറന്റുകൾ എന്നിവ സ്ഥാപിക്കുവാൻ സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പ്രേരണയും പ്രോത്സാഹനവും നല്കണം. മേജർ ഇറിഗേഷൻ വകുപ്പിനെക്കൊണ്ട് ജട്ടിയുടെ നിർമ്മാണവും കെ. റ്റി. ഡി. സിയെക്കൊണ്ട് വിശ്രമകേന്ദ്രത്തിന്റെ നിർമ്മാണവും ഏറ്റെടുപ്പിക്കുവാൻ കഴിയണം. സർക്കാർ തലത്തിലുള്ള അനുവാദവും മറ്റും ലഭ്യമാക്കേണ്ടതുമുണ്ട്. ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ സഹകരണവും സേവനവും ലഭ്യമാക്കണം.

പഞ്ചായത്തിലെ അഭ്യസ്ഥവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും പഞ്ചായത്ത് പ്രദേശത്തെ വ്യാപാരം അഭിവൃദ്ധിപ്പെടുത്തുന്നതിനും വലിയൊരളവുവരെ തോട്ടപ്പള്ളിയുടെ ടൂറിസം വികസനം പര്യാപ്തമാകും. ഇത്രയൊന്നും വികസന സാദ്ധ്യതകൾ ഇല്ലാത്ത പ്രദേശങ്ങൾപോലും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയതിനാൽ വിനോദസഞ്ചാര മേഖലയിൽ കുതിച്ചുകയറ്റം നടത്തിയിട്ടുണ്ട്. 9-ാം പദ്ധതിക്കാലം പഞ്ചായത്തിന്റെ വിനോദസഞ്ചാര വികസനകാലം കൂടിയാക്കിമാറ്റുവാൻ നമുക്ക് കഴിയണം.



# വിഭവസമാഹരണം

പുറക്കാട് താരതമ്യേന വരുമാനം കുറഞ്ഞ പഞ്ചായത്താണ്. പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം പൂർണ്ണമായി പിരിച്ചെടുത്തിട്ടും വികസന പ്രവർത്തനങ്ങൾക്ക് മുഖ്യമായും സർക്കാരിൽ നിന്നുള്ള അംശാദായങ്ങളെയും ഗ്രാന്റുകളെയും ആശ്രയിക്കേണ്ടിവരുന്നു. പഞ്ചായത്തിന്റെ 95/96 സാമ്പത്തിക വർഷത്തെ വരുമാനം ശ്രദ്ധിക്കുക.

| | |
|---|---|
| കെട്ടിടനികുതി | 274215.90 |
| തൊഴിൽ നികുതി | 88262.00 |
| പ്രദർശന നികുതി | 1754.00 |
| പ്രദർശനനികുതിയിന്മേൽ സർച്ചാർജ് | 438.50 |
| വിനോദനികുതി | 9576.00 |
| അധികവിനോദനികുതി | 5973.00 |
| **ആകെ നികുതി വരുമാനം** | **380239.40** |
| ഡി. ആന്റ്. ഒ. ലൈസൻസ് ഫീസ് | - 8654.00 |
| പി.എഫ്.എ. | 1500.00 |
| ലേലം | 7520.00 |
| പലിശ | 2355.00 |
| ലൈബ്രറി സെസ് | 13211.00 |
| ഡപ്പോസിറ്റ് | 10005.00 |
| ലൈബ്രറി വരവ് | 1028.00 |
| ലേറ്റ് ഫീ: | 1464.10 |
| സിനിമാ റഗുലേഷൻ ആക്ട് | 250.00 |
| ഫൈൻ | 1478.55 |
| എസ്.റ്റി. | 811.55 |
| എ.എസ്.റ്റി. | 471.05 |
| ഡി.എൻ.എഫ്. | 1028.00 |
| പലവക | 8061.55 |
| **തനതു വരുമാനം** | **439077.1** |
| വസ്തുകൈമാറ്റനികുതി | 49646.00 |
| എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റ് | 354635.00 |
| വി.ആർ.എം. ഗ്രാന്റ് | 11281.00 |
| എം.ഐ. ഗ്രാന്റ് | 19000.00 |
| സ്പെഷ്യൽ ഗ്രാന്റ് | 5000.00 |
| കേരളോത്സവം | 500.00 |
| അൺടൈഡ് ഫണ്ട് | 390000 |
| ജെ.ആർ.വൈ | 219125 |
| **ആകെ വരുമാനം** | **1488264.00** |

നികുതി വരുമാനത്തിന്റെ സിംഹഭാഗവും കെട്ടിട നികുതിയിൽ നിന്നാണ് ലഭിയ്ക്കുന്നത്. 4000 രൂപയ്ക്കുമേൽ നിർമ്മാണച്ചെലവുള്ള കെട്ടിടങ്ങളുടെ നിർമ്മാണച്ചെലവിന്റേയും കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റേയും മൂല്യത്തിന്റെ 6% വാർഷിക വാടകമൂല്യമായി കണക്കാക്കി അതിൽ നിന്നും 10% കിഴിവു ചെയ്ത തുകയ്ക്ക് 8% നിരക്കിൽ പഞ്ചായത്ത് കെട്ടിടനികുതി ചുമത്തുന്നു. പഞ്ചായത്ത് പ്രദേശത്തെ നിർമ്മാണങ്ങളിൽ 47.33% നികുതി ചുമത്തുവാൻ കഴിയാത്ത കുടിലുകളോ ഷെഡ്ഡുകളോ ആണ്. 52.67 കെട്ടിടങ്ങൾ മാത്രമേ നികുതി ചുമത്താവുന്ന മാനദണ്ഡങ്ങൾക്കുള്ളിൽ വരുന്നുള്ളൂ. ഇതു സംബന്ധിച്ച് വാർഡ് അടിസ്ഥാനത്തിലുള്ള പട്ടിക നോക്കുക.

**1996/97 വാർഡ് നമ്പർ, നികുതി ചുമത്താവുന്നവ, നികുതിചുമത്തുവാൻ കഴിയാത്തവ(കുടിൽ), ഓരോ വാർഡിലുമുള്ള നിർമ്മിതികൾ എന്നീ ക്രമത്തിൽ**

| | | | |
|---|---|---|---|
| 1 | 419 | 418 | 837 |
| 2 | 406 | 341 | 747 |
| 3 | 244 | 356 | 600 |
| 4 | 352 | 196 | 548 |
| 5 | 298 | 301 | 599 |
| 6 | 454 | 216 | 670 |
| 7 | 320 | 348 | 668 |
| 8 | 474 | 420 | 894 |
| 9 | 371 | 206 | 577 |
| 10 | 439 | 248 | 687 |
| 11 | 15[illegible] | 482 | 636 |
| **ആകെ** | 3931 | 3532 | 7463 |

പഞ്ചായത്തിലെ കെട്ടിടങ്ങളെ പൊതുവെ നാലായി തരംതിരിക്കാം. താമസത്തിനായി നാമമാത്രസൗകര്യങ്ങളോടെ നിർമ്മിക്കപ്പെടുന്നവ, ഇടത്തരം വീടുകൾ, വളരെയധികം പണം മുടക്കി ആർഭാടത്തോടും പ്രൗഢിയോടും കൂടി നിർമ്മിക്കുന്നവ, വ്യാപാരവശ്യങ്ങൾക്കു വേണ്ടി നിർമ്മിക്കുന്നവ എന്നിങ്ങനെ. പഞ്ചായത്ത് ചുമത്തിയിട്ടുള്ള നികുതി അടിസ്ഥാനത്തിലെ തരം തിരിവ് മറ്റൊരു ചിത്രമാണ് തരിക

| നിർമ്മാണച്ചെലവ് → കണക്കാക്കിയ തുക | 5000 മുതൽ 11500 വരെ | 12000 മുതൽ 23000 | 23000 മുകളിൽ 46000 | 46000 മുകളിൽ 81000 | 81000 മുകളിൽ 115000 | 115000 173500 | 173501 231500 | 231500 മുകളിൽ |
|---|---|---|---|---|---|---|---|---|
| നികുതി → | 21 to 50 | 51 to 100 | 101 to 200 | 201 to 350 | 351 to 500 | 501 to750 | 751 to 1000 | above 1000 |
| വർഡ് | | | | | | | | |
| 1 | 290 | 76 | 34 | 13 | 2 | 3 | 1 | ഇല്ല |
| 2 | 276 | 57 | 52 | 13 | 4 | 4 | ഇല്ല | ഇല്ല |
| 3 | 157 | 46 | 28 | 5 | 3 | 5 | ഇല്ല | ഇല്ല |
| 4 | 194 | 63 | 55 | 25 | 7 | 3 | 1 | 4 |
| 5 | 187 | 59 | 38 | 11 | 1 | 2 | ഇല്ല | ഇല്ല |
| 6 | 292 | 97 | 47 | 12 | 4 | 1 | ഇല്ല | 1 |
| 7 | 217 | 69 | 25 | 6 | 2 | 1 | ഇല്ല | ഇല്ല |
| 8 | 344 | 87 | 27 | 8 | 6 | 2 | ഇല്ല | ഇല്ല |
| 9 | 245 | 63 | 39 | 13 | 3 | 6 | 1 | 1 |
| 10 | 273 | 100 | 37 | 15 | 9 | 4 | ഇല്ല | 1 |
| 11 | 99 | 30 | 12 | 11 | 1 | ഇല്ല | 1 | ഇല്ല |
| ആകെ | 2574 | 747 | 394 | 132 | 42 | 31 | 4 | 7 |
| % | 65.48 | 19 | 10.02 | 3.37 | 1.07 | 0.79 | 0.10 | 0.17 |

ഇതിൽനിന്നും 94.5% കെട്ടിടങ്ങളും 46,000 രൂപയ്ക്കുതാഴെ നിർമ്മാണച്ചെലവ് നികുതി ചുമത്തിയിട്ടുള്ളവയാണന്നു കാണുന്നു. 46000ന് മുകളിൽ 173500വരെ നിർമ്മാണച്ചെലവ് കണക്കാക്കിയട്ടുള്ള കെട്ടിടങ്ങൾ 5.23% മാത്രമാണ്. 173500ന് മുകളിലേക്ക് ചെലവ് കണക്കാക്കിയിട്ടുള്ള കെട്ടിടങ്ങളാവട്ടെ 0.27% മാത്രം ഈ വിഭാഗത്തിൽ നികുതി ചുമത്തപ്പെട്ട കെട്ടിടങ്ങൾ ഏഴുവാർഡുകളിൽ ഒന്നുംതന്നെയില്ലതാനും. വർഷത്തിൽ കെട്ടിടനികുതി 4.2% ശരാശരിവളർച്ചാനിരക്ക് കാണിക്കുന്നു.

നികുതിവരുമാനം തനതുവരുമാനം ആകെവരുമാനം എന്നിവയിൽ കെട്ടിട നികുതിയുടെ സ്വധീനം

നികുതിവരുമാനം തനതുവരുമാനം ആകെവരുമാനം



## തൊഴിൽ നികുതി

തൊഴിൽ നികുതിയിൽ വലിയഭാഗവും ലഭിക്കുന്നത് പഞ്ചായത്ത് പ്രദേശത്ത് തൊഴിൽ ചെയ്തു ശമ്പളം വാങ്ങുന്നവരിൽ നിന്നാണ്. വ്യാപാരവ്യവസായ മേഖലകളിൽ നിന്നുള്ള തൊഴിൽ നികുതി വളരെകുറവാണ്. മത്സ്യ-കാർഷിക മേഖലകളിൽ നിന്നും ഈ ഇനത്തിൽ നികുതി ലഭിക്കുന്നതേയില്ല. തൊഴിൽ നികുതിയുടെ വിഭാഗം തിരിച്ചുള്ള കണക്ക് നോക്കുക.

തൊഴിൽ നികുതി 95/96

| വിഭാഗം | എണ്ണം | തുക | ശതമാനം | ശരാശരി നികുതി |
|---|---|---|---|---|
| 1. ശമ്പളം വാങ്ങുന്നവരിൽനിന്ന് | 350 | 74267 | 84 | 212.2 |
| 2. വ്യാപാരി/ വ്യവസായികളിൽനിന്ന് | 277 | 14015 | 16 | 50 56 |
| ആകെ | | 88282 | 100 | 262.76 |

ശരാശരിതൊഴിൽ നികുതി 263 രൂപയാണെങ്കിലും നികുതിയടക്കുന്ന ഇരു വിഭാഗങ്ങളും തമ്മിൽ വലിയ അന്തരം കാണാം. കഴിഞ്ഞ 5 വർഷങ്ങളിൽ തൊഴിൽ നികുതി ശരാശരി 8.3% വളർച്ചാ നിരക്ക് കാണിക്കുന്നു.

## പ്രദർശനനികുതി, വിനോദനികുതി.

പ്രദർശനനികുതി, വിനോദനികുതി എന്നിവ ലഭിക്കു

ന്നത് പഞ്ചായത്തിലെ ഏകസിനിമാശാലയിൽ നിന്നുമാണ്. പ്രദർശനം കാണുന്നവരിൽ നിന്നും വിനോദനികുതിയായി 20%ഉം അധികവിനോദനികുതിയായി അതിന്റെ 60%ഉം ലഭിക്കത്തക്കവിധം ടിക്കറ്റ് നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. ഒരു പ്രദർശനത്തിന് നികുതി സർച്ചാർജ്ജ് എന്നിവയായി 2 രൂപ 50 പൈസയും ലഭിക്കേണ്ടതുണ്ട്.

നികുതിനല്കിയതിന്റെ അടിസ്ഥാനത്തിലുള്ള കണക്കുപ്രകാരം കഴിഞ്ഞ 4 വർഷങ്ങളിൽ നടത്തിയ പ്രദർശനങ്ങൾ, ഓരോ ക്ലാസ്സിലും പ്രദർശനം കണ്ടവർ തുടങ്ങിയ കണക്കുകൾ താഴെ പട്ടികപ്പെടുത്തുന്നു.

വർഷം, വിനോദനികുതി, അധികവിനോദനികുതി, വർഷത്തിൽ ആകെ, ആകെ പ്രേക്ഷകർ, ആകെ പ്രദർശനങ്ങൾ, ഒരു പ്രദർശനത്തിനുള്ള ശരാശരി പ്രേക്ഷകർ, ലഭിച്ച ഇ.റ്റി. ലഭിച്ച എ. ഇ.റ്റി. എന്നിവ ക്രമപ്രകാരം താഴെ ചേർക്കുന്നു.

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 92/93 | 5587/45 | 3421/89 | 9019.34 | 6000 | 906 | 7 | 6.18 | 3.78 |
| 93/94 | 5911 | 3560 | 9471 | 5000 | 837 | 6 | 8.45 | 5.04 |
| 94/95 | 10908 | 6537 | 17445 | 9500 | 983 | 10 | 11.40 | 6.82 |
| 95/96 | 9576 | 5973 | 15549 | 10050 | 877 | 11 | 6.91 | |

സേവന നികുതി

പഞ്ചായത്ത് 96/97 സാമ്പത്തിക വർഷം മുതൽ കെട്ടിടങ്ങളുടെ വാർഷിക വാടകമൂല്യത്തിന്റെ 1% നിരക്കിൽ തെരുവുവിളക്കുകൾക്കുള്ള സേവന നികുതി ചുമത്തിയിട്ടുണ്ട്. ഇതിൽ നിന്നും പ്രതിവർഷം 37500 രൂപ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പഞ്ചായത്തിന്റെ ആകെ വരുമാനത്തിൽ നികുതി വരുമാനത്തിന്റെ സ്വാധീനം നോക്കുക.

നികുതിയേതരവരുമാനം

നികുതിയേതരവരുമാനമായി നാമമാത്രമായ തുകളാണ് ഓരോ ഇനത്തിലും പഞ്ചായത്തിനു ലഭിയ്ക്കുന്നത്. ഷോപ്പിംഗ് കോംപ്ലക്സ്, മാർക്കറ്റ് വാടക ലഭിക്കാവുന്ന കെട്ടിടങ്ങൾ തുടങ്ങിയ പ്രത്യുല്പാദനപരമായ ആസ്തികൾ ഇല്ലതന്നെ. ആകെ ചൂണ്ടിക്കാണിക്കാവുന്നത് വാടക ലഭിക്കുന്ന ഓപ്പൺ എയർ സ്റ്റേജ് മാത്രമാണ്.

ലേലം വകയിൽ വരുമാനം ലഭിക്കുന്നത് പഞ്ചായത്ത് വക കടത്തുകളിൽ നിന്നും പഞ്ചായത്തുവക ഭൂമിയിലെ വൃക്ഷങ്ങളിൽ നിന്നുള്ള മേലാദായം ലേലം ചെയ്തുനല്കുന്നതിൽ നിന്നുമാണ്. കടത്തുകൾ പലതും പഞ്ചായത്ത് സൗജന്യമാക്കിയതോടുകൂടി ഈ ഇനത്തിൽ ലഭിച്ചുകൊണ്ടിരുന്ന ചെറിയ വരുമാനത്തിലും കുറവ് വന്നിട്ടുണ്ട്. ലൈസൻസ് ഫീസ് ഇനത്തിലും വളരെ ചെറിയ ഒരു തുകയേ ലഭിക്കുന്നുള്ളൂ. മറ്റു പലവക വരുമാനങ്ങൾ ഒന്നും തന്നെ പഞ്ചായത്തിന്റെ വരുമാനത്തിൽ നിർണ്ണായകസ്വാധീനം ചെലുത്തുവാൻ പര്യാപ്തമായവയല്ല.

സർക്കാരിൽ നിന്നുള്ള ഗ്രാന്റും അംശദായങ്ങളും ഉപാധിരഹിതധനം ഒഴികെ മറ്റൊരു ഗ്രാന്റും കഴിഞ്ഞ വർഷങ്ങളിൽ ക്രമാനുഗതമായ പുരോഗതി കാണിക്കുന്നില്ല. അടിസ്ഥാന നികുതി ഗ്രാന്റ്, എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റ് എന്നിവ 95/96 സാമ്പത്തികവർഷം ലഭിച്ചിട്ടില്ല. വെഹിക്കിൾ ടാക്സ് കോമ്പൻസ്റ്റേഷൻ 93/94, 94/95 സാമ്പത്തിക വർഷങ്ങളിൽ നല്കിയിട്ടില്ല.

## പഞ്ചായത്തിന്റെ അഞ്ച് വർഷത്തെ വരുമാനം ഇനം തിരിച്ച് ചേർക്കുന്നു.

| ഇനം | 91/92 | 92/93 | 93/94 | 94/95 | 95/96 |
|---|---|---|---|---|---|
| നികുതി വരുമാനം | 187582 | 191218 | 254419 | 387036 | 380239 |
| നികുതിയേതര വരുമാനം | 16787 | 20105 | 13106 | 28313 | 58838 |
| സർക്കാർ ഗ്രാന്റും അംശാദായങ്ങളും | 821220 | 823054 | 695575 | 639119 | 1049187 |
| ആകെ | 1025589 | 1034379 | 963100 | 1054467 | 1049187 |

### സർക്കാർ ഗ്രാന്റുകളും അംശാദായങ്ങളും

| | 91/92 | 92/93 | 93/94 | 94/95 | 95/96 |
|---|---|---|---|---|---|
| വസ്തു കൈമാറ്റ നികുതി | 110909.00 | 119663.00 | 137028.00 | 98291.00 | 49646.00 |
| അടിസ്ഥാന നികുതി ഗ്രാന്റ് | 35793.00 | 33583.00 | 33190.00 | 4840.00 | |
| എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റ് | 41571.00 | 98821.00 | 110959.00 | 145978.00 | |
| വിറ്റിസി | 5611.00 | 11102.00 | | 354635.00 | |
| വില്ലേജ് റോഡ് മെയിന്റനൻസ് ഗ്രാന്റ് | 8383.00 | 8330.00 | 8750.00 | 9451.00 | 11281.00 |
| മൈനർ ഇറിഗേഷൻ ഗ്രാന്റ് | 17000.00 | 17000.00 | 17000.00 | 17000.00 | 19000.00 |
| സ്പെഷ്യൽ ഗ്രാന്റ് | 10000.00 | 50000.00 | | 5000.00 | |
| കേരളോത്സവം | 500.00 | 500.00 | 500.00 | | 500.00 |
| അൺടൈഡ്ഫണ്ട് | 197000.00 | 207000.00 | 21600 00 | 320000.00 | 39000.00 |
| ജവഹർറോസ്ഗാർ യോജന | 262800.00 | 278055.00 | 172150.00 | - | 719125.00 |
| ആകെ | 821220 | 823054 | 695575 | 635117 | 1049187 |

ചെലവുകൾ

പഞ്ചായത്തിന്റെ 4 സാമ്പത്തിക വർഷത്തെ ചെലവുകളുടെ പട്ടിക താഴെ ചേർക്കുന്നു.

| ഇനം | 92/93 | 93/94 | 94/95 | 95/96 |
|---|---|---|---|---|
| എസ്റ്റാബ്ലിഷ്മെന്റ് | 330804 | 402265 | 355342 | 483334 |
| ഇലക്ട്രിസിറ്റി ചാർജ്ജ് | 130164 | 99606 | 102826 | 147953 |
| പുതിയ ലൈനുകൾക്ക് | 1892 | 1749 | 5275 | 86565 |
| മരാമത്ത് | 258193 | 188643 | 239800 | 367160 |
| മറ്റ് വികസന ചെലവുകൾ | 3479 | 3175 | 16743 | 1500 |
| മറ്റ് സേവന ചെലവുകൾ | 41346 | 11076 | 8888 | 52662 |
| ചില്ലറ ചെലവുകൾ | 17511 | 25562 | 32021 | 28191 |
| ആകെ ചെലവുകൾ | 783191 | 732016 | 760896 | 1167364 |

പഞ്ചായത്തിന്റെ വരുമാനവർദ്ധനവിനനുസൃതമായിത്തന്നെ ചെലവുകളും വർദ്ധിച്ചിട്ടുണ്ട്. പുതിയതസ്തികകൾ സൃഷ്ടിക്കപ്പെടുന്നില്ലെങ്കിലും ക്ഷാമബത്താനിരക്കിൽ ഉണ്ടാകുന്ന വർദ്ധനവ്, പഞ്ചായത്തീരാജ് നിയമപ്രകാരം അംഗങ്ങൾക്കും മറ്റുമുള്ള അലവൻസ്, സിറ്റിംഗ് ഫീസ് എന്നിവയിൽ വന്നമാറ്റം തുടങ്ങിയവയാണ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളിൽ വർദ്ധനവ് ഉണ്ടാക്കുന്നത്.

മരാമത്ത് പണികൾക്കായി കഴിഞ്ഞവർഷങ്ങളിൽ ഗണ്യമായ ഒരു തുക ചെലവഴിച്ചിട്ടുണ്ട്. ഈ ഇനത്തിൽ കൂടുതൽ തുകയും ചെലവഴിക്കുന്നത് റോഡുകൾ നന്നാക്കുന്നതിലേക്കാണ്. താരതമ്യേന കുറഞ്ഞ തുകയാണ് ചെലവഴിക്കുന്നത്. ഏറ്റവും വലിയ സേവനച്ചെലവ് വൈദ്യുതിചാർജ് ആണ്. ഈ ഇനത്തിൽ ചെലവു ഓരോവർഷവും വർദ്ധനവ് കാണിക്കുന്നു. പൊതു ടാപ്പുകളിൽകൂടി ശുദ്ധജല വിതരണം നടത്തിയതിന് കേരളാ വാട്ടർ അതോറിട്ടിക്ക് കഴിഞ്ഞ വർഷങ്ങളിൽ ആകെ 20 ലക്ഷത്തിൽപരം രൂപ നല്കേണ്ടതുണ്ട്. ദുർബ്ബലവിഭാഗത്തിൽപ്പെട്ടവർക്കും പട്ടികജാതിക്കാർക്കും വീട് കക്കൂസുകൾ എന്നിവ നിർമ്മിച്ചുനല്കുന്നതിന് ഗണ്യമായ തുക ചെലവഴിക്കപ്പെട്ടിട്ടുണ്ട്.

പഞ്ചായത്തിലുള്ള ആകെകെട്ടിടങ്ങളിൽ നികുതി ചുമത്താവുന്ന മാനദണ്ഡങ്ങൾക്കുള്ളിൽ വരുന്നതും നികുതി ചുമത്തുവാൻ കഴിയാത്തവയും തമ്മിൽ നേരിയ അന്തരം മാത്രമേ ഉള്ളു. ഇത് പഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തിക നിലയുടെ പ്രതിഫലനമാണ് കാണിക്കുന്നത്. നികുതി ചുമത്താവുന്ന വീടുകൾ 3500-ൽ താഴെയേവരുന്നുളളു. കെട്ടിടങ്ങളുടെ വളർച്ചാനിരക്ക് പരിശോധിച്ചാലും ഈ അവസ്ഥക്ക് വലിയ മാറ്റം ഉണ്ടാകുന്നില്ലെന്നുകാണാം.

കെട്ടിട നികുതിയുടെ അവലോകനം വ്യക്തമാക്കുന്നത് ഈ ഇനത്തിൽ ലഭ്യമാക്കാവുന്ന നികുതിയിൽചോർച്ച ഉണ്ടാകുന്നു എന്നതാണ്. താരതമ്യേന ചെറിയ കെട്ടിടങ്ങൾക്ക് ഭേദപ്പെട്ട നികുതി ചുമത്തിയിട്ടുണ്ടെങ്കിലും വൻകെട്ടിടങ്ങൾക്ക് ന്യായമായ നികുതി ചുമത്തിപ്പെട്ടുകാണുന്നില്ല. കെട്ടിട നിർമ്മാണം സാമഗ്രികളുടെ വിലയിലുണ്ടായ കുതിച്ചുകയറ്റം, കെട്ടിടനിർമ്മാണത്തിൽ നിക്ഷേപിക്കപ്പെട്ട കള്ളപ്പണം, ഈ രംഗത്തേക്കുള്ള വിദേശപണത്തിന്റെ കുത്തൊഴുക്ക് എന്നിവ പഞ്ചായത്തിന്റെ കെട്ടിടനികുതി വരുമാനത്തെ ആനുപാതികമായി ഉയർത്തിയിട്ടില്ല എന്ന് വ്യക്തമാണ്. പഞ്ചായത്ത്, റവന്യു, കെട്ടിടനിർമ്മാണത്തൊഴിലാളി ക്ഷേമനിധി എന്നിവ ഒരേ കെട്ടിടത്തിന്റെ മൂല്യം സാരമായ വ്യത്യാസത്തിൽ കണക്കാക്കിയിരിക്കുന്നതുകാണാം.

തൊഴിൽ നികുതിയിനത്തിലും കൂടുതൽ വരുമാനം ലഭ്യമാക്കുവാൻ സാദ്ധ്യതയുണ്ട്. വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ആകെ തൊഴിൽ നികുതിയുടെ ചെറിയ ഒരു അംശ മാത്രമേ ആകുന്നുള്ളു.

വിനോദനികുതിയിനത്തിൽ ടിക്കറ്റ് വിലയോടൊപ്പം പൊതുജനങ്ങളിൽ നിന്നും ഈടാക്കുന്ന നികുതി പഞ്ചായത്തിൽ എത്തുന്നില്ല എന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ഈ തുക കൃത്യമായി ഈടാക്കുവാൻ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്ത് പ്രദേശത്തെ ഭൂമിയുടെ ക്രയവിക്രയം നടക്കുമ്പോൾ തുക കുറച്ച് കാണിക്കുന്നത് 'ഡ്യൂട്ടി' നഷ്ടത്തിന് ഇടവരുത്തുന്നു. വസ്തുവിന്റെ യഥാർത്ഥ വിലയ്ക്ക് തന്നെ സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കുവാൻ സംവിധാനം ഉണ്ടാകേണ്ടതാണ്.

പ്രത്യുല്പാദനപരമായ മുതൽമുടക്ക് വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ചന്തകൾ, വണ്ടിത്താവളങ്ങൾ, വ്യാപാര കേന്ദ്രങ്ങൾ, ആഫീസ് സമുച്ചയങ്ങൾ എന്നിവ സ്ഥാപിച്ച് പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന സ്ഥാപനം ഒരു ദേശസാൽകൃതബാങ്കു മാത്രമാണ്. സ്വകാര്യ മേഖലയിലും രണ്ട് പണമിടപാട് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. നിക്ഷേപത്തിന് ആനുപാദികമായി ബാങ്ക് വായ്പ നൽകുന്നില്ലെന്ന് ആക്ഷേപമുണ്ട്. ബാങ്കിന്റെ നിക്ഷേപ-വായ്പ അനു

പാതവും നല്കുന്ന വായ്പകളെക്കുറിച്ചുള്ള വിവരങ്ങളും രഹസ്യമായി സൂക്ഷിക്കുന്നു. ഉയർന്ന പലിശനിരക്കിൽ സ്വകാര്യ വ്യക്തികളുടെ പണമിടപാട് തഴച്ചുവളരുന്നു. സാങ്കേതികത്വം ഇല്ലായ്മയും ബാങ്കുകൾ വായ്പ നല്കുവാൻ മടിയ്ക്കുന്നതും കർഷകരേയും ഇതര മേഖലകളിലേ ആളുകളെയും ആകർഷിച്ചെടുക്കുവാൻ പണമിടപാടുകാർക്ക് സഹായകരമാകുന്നു.

ഗ്രാമസഭകളിലെ ചർച്ചകളിൽ താഴെ വിവരിക്കുന്ന നിർദ്ദേശങ്ങൾ ഉയർന്നുവന്നു.

1. ഇപ്പോൾ പഞ്ചായത്ത് ആഫീസ് കെട്ടിടം നില്കുന്ന കോമ്പൗണ്ടിൽ ഒരു ഓഫീസ് കോംപ്ലക്സ് സ്ഥാപിച്ച് വിവിധ സർക്കാർ ആഫീസുകൾക്ക് വാടകയ്ക്കുനല്കുക.
2. കെട്ടിടനികുതി നിർണ്ണയം കാര്യക്ഷമവും സത്യസന്ധവുമാക്കുക.
3. പരസ്യ നികുതി ഏർപ്പെടുത്തുക
4. തോട്ടപ്പള്ളി പൊഴിമുഖത്ത് ചാനലിൽ വന്നടിയുന്ന മണ്ണ് ലേലത്തിൽ നല്കുവാനുള്ള അവകാശം പഞ്ചായത്തിന് നല്കുക.
5. പാടശേഖരങ്ങൾക്കുള്ള ട്രാക്റ്ററുകൾ പഞ്ചായത്തിനെ ഏല്പ്പിക്കുകയും കാർഷികാവശ്യങ്ങൾക്കും മറ്റ് ആവശ്യങ്ങൾക്കും ഉപയോഗപ്പെടുത്തി കൂടുതൽ നേട്ടമുണ്ടാക്കാവുന്നതാണ്.
6. തോട്ടപ്പള്ളിയിൽ ഒരു ദേശസാൽകൃത ബാങ്കിന്റെ ശാഖ ആരംഭിക്കുക.
7. വികസന പ്രവർത്തനങ്ങൾ ഗ്രാമസഭകളേയോ ജനകീയ സമിതികളേയോ ഏല്പ്പിക്കുക.
8. വഴിവിളക്കുകൾ ഇല്ലാത്തിടത്ത് പൊതുജനപങ്കാളിത്തത്തോടെ സ്ഥാപിക്കുക.
9. പഞ്ചായത്തിന്റെ അധീനതയിൽ വരുന്ന മുഴുവൻ പുറമ്പോക്കുകളും ഒഴിപ്പിക്കുക.
10. റവന്യൂ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പുറമ്പോക്കുകൾ പഞ്ചായത്തിനെ ഏല്പ്പിക്കുക.
11. ചന്തകൾ, വണ്ടിത്താവളങ്ങൾ, വ്യാപാര കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുക.
12. വ്യവസായ വികസനം, സ്വയം തൊഴിൽ കണ്ടെത്തൽ എന്നിവയെ മുൻ നിർത്തി വിവിധതരം ക്രെഡിറ്റ് സൊസൈറ്റികൾ പഞ്ചായത്തിന്റെ മുൻകൈയ്യോടെ സ്ഥാപിക്കുക.
13. സന്നദ്ധ പ്രവർത്തനത്തിന് തയ്യാറുള്ളവരെ കണ്ടെത്തി വികസനപ്രവർത്തനങ്ങൾക്ക് നിയോഗിക്കുക.
14. വിനോദനികുതി ചോർച്ച തടയുക.
15. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെ കോമ്പൗണ്ട്, പുറമ്പോക്ക് എന്നിവിടങ്ങളിൽ മരങ്ങൾ വച്ച് പിടിപ്പിക്കുക.

# ഉപസംഹാരം

1997 ഏപ്രിൽ ഒന്നാം തീയതി ഭാരതം ഒമ്പതാം പഞ്ചവത്സര പദ്ധതിയിലേയ്ക്ക് പ്രവേശിക്കുകയാണ്. രാജ്യത്തു നടക്കുന്ന പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾക്കു സമാന്തരമായി കേരളത്തിൽ ജനകീയ ആസൂത്രണ പ്രക്രിയ പുരോഗമിച്ചുവരുന്നു.

റോഡുകളിലും പാലങ്ങളിലും മാത്രം ഒതുങ്ങിനിന്നിരുന്ന പഴഞ്ചൻ വികസന സങ്കൽപങ്ങളിൽ നിന്നു വ്യതിചലിച്ച് ഉൽപ്പാദന മേഖലയ്ക്ക് മുൻതൂക്കം നൽകുന്ന വികസനമാണ് 9-ാം പദ്ധതിക്കാലത്ത് നാം വിഭാവനം ചെയ്യുന്നത്. അനസ്യൂതമായ വികസന പ്രക്രിയയ്ക്ക് ആക്കം കൂട്ടുവാൻ സർക്കാർ വകകൊള്ളിക്കുന്ന പദ്ധതി വിഹിതം കൊണ്ടുമാത്രം കഴിയില്ല. ജനകീയ പങ്കാളിത്തം കൂടി വേണം.

കഴിയുന്നത്ര വസ്തുതകൾ ശേഖരിച്ചും, പഴമക്കാരുടെ **അനുഭവങ്ങൾ** അടുത്തറിഞ്ഞും ലഭ്യമായ രേഖകൾ പരിശോധിച്ചും റിപ്പോർട്ടിനെ **കുറ്റമറ്റ**താക്കുവാൻ ശ്രമിച്ചിട്ടുണ്ട്. എങ്കിലും പൂർണ്ണത അവകാശപ്പെടുന്നില്ല. ക്രി**യാത്മകമാ**യ ചർച്ചകളിലൂടെ ഇതിനെ സമ്പുഷ്ടമാക്കുവാൻ വികസന സെമിനാറിനു കഴിയട്ടെ. ആത്മാർത്ഥതയോടെയും അർപ്പണ മനോഭാവത്തോടെയും നല്ലൊരു നാളേയ്ക്കായി നമുക്കൊത്തു നീങ്ങാം.

